# വികസന രേഖ '96

## അധികാരം ജനങ്ങളിലേക്ക്

വടവുകോട്, പുത്തൻകുരിശ്
ഗ്രാമ പഞ്ചായത്ത്



"എന്റെ ജീവിതമാണ്
എന്റെ സന്ദേശം"

# വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത്



## വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത്

## ഭരണ സമിതി

| | | |
|---|---|---|
| പ്രസിഡൻറ് | : | ശ്രീ. സി.ഐ. ജോർജ്,<br>ചക്കാലമൂലയിൽ വാർഡ് 5 ബ്രഹ്മപുരം |
| വൈസ് പ്രസിഡൻറ് | : | കുമാരി നിഷാ കണ്ണൻ,<br>മനയ്ക്കൽ കരോട്ട് അമ്പലമേട് വാർഡ് 3 കുഴിക്കാട് |
| | | ശ്രീമതി. കുഞ്ഞമ്മമത്തായി,<br>വലിയ കുഴിയിൽ വാർഡ് 1 അടൂർ |
| | | ശ്രീ. റ്റി. എം. പൈലി,<br>തെനാലിൽ, വാർഡ് 2 അമ്പലമേട് |
| | | ശ്രീമതി. ദേവകി നാരായണപ്പണിയ്ക്കർ<br>വാർഡ് 4 FACT ക്വാർട്ടേഴ്സ് |
| | | ശ്രീ കെ.എൻ. ശശി,<br>കുടിലിൽ, വാർഡ് 6 കരിമുകൾ |
| | | ശ്രീ. ബെന്നി പോൾ ,<br>തുടിനാൾ വാർഡ് 7പുറ്റു മാനൂർ |
| | | ശ്രീ. പോൾ ടി. വർക്കി.<br>തേലക്കാട്ട് വാർഡ് 8 വരിക്കോലി |
| | | ശ്രീമതി. അംബികാ നന്ദനൻ,<br>ചേനക്കോട്ടിൽ വാർഡ് 9 പുത്തൻ കുരിശ് |
| | | ശ്രീ. സി. സി. പത്രോസ്,<br>വരാലുമോളത്ത് വാർഡ് 10 വടവുകോട് |
| | | ശ്രീ. കുമാരൻ നെല്ലാൻ,<br>ചൂരക്കോട്ടിൽ, വാർഡ് 11 കാണിനാട് |

### സ്റ്റാൻറിംഗ് കമ്മറ്റി അംഗങ്ങൾ

: ശ്രീ. ബെന്നി പോൾ

: ശ്രീ. സി. ഐ. ജോർജ്

: കുമാരി നിഷാ കണ്ണൻ

: ശ്രീ, കുമാരൻ നെല്ലാൻ

: ശ്രീമതി. അംബികാ നന്ദനൻ

വടവുകോട് പുത്തൻ കുരിശ് ഗ്രാമ പഞ്ചായത്ത്

## ജീവനക്കാരുടെ വിവരങ്ങൾ

| | | |
|---|---|---|
| സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി | : | പി. കെ. ശിവൻ |
| ജൂനിയർ സൂപ്രണ്ട് | : | കെ. വൈ. കുര്യാക്കോസ് |
| യൂ.ഡി. ക്ലാർക്ക് | : | വി. എൻ. ചന്ദ്രൻ |
| | | ബി. ആനന്ദകുമാരി |
| | | കെ. എസ്. രാജശേഖരൻ |
| | | വി. പി. സരോജിനി അമ്മ |
| എൽ.ഡി ക്ലാർക്ക് | : | കെ. എൻ. ഗോപാലൻ |
| | | പി. റ്റി. പൗലോസ് |
| | | ബി. അജിത |
| പ്യൂൺ | : | റ്റി. എസ്. രാധാകൃഷ്ണൻ |
| | | കെ. സി. വർഗീസ് |
| ലൈബ്രേറിയൻ | : | പി. എൻ. സഹദേവൻ |
| ജീപ്പ് ഡ്രൈവർ | : | കെ. എൻ. ഭാസ്ക്കരൻ |
| ഫുൾ ടൈം കണ്ടിൻജൻറ് സ്ററാഫ് | : | പൈങ്കിളി കുറുമ്പൻ |
| | | ചോതി കാർത്ത്യായനി |
| | | റ്റി. റ്റി. ജോർജ് |
| | | വി. എൽ. മോഹനൻ. |
| എൻജിനീയറിംഗ് വിംഗ് | | |
| അസിസ്റ്റൻറ് എൻജീനിയർ | : | അന്നമ്മാ സാമുവേൽ |
| ഓവർ സിയർ | : | ഫിലോ ഡി. വർഗീസ് |

## വടവുകോട് പുത്തൻ കുരിശ് ഗ്രാമ പഞ്ചായത്ത്

## വികസന രേഖയുടെ അണിയറ പ്രവർത്തകർ

1. ശ്രീ. ഐ. സി. ശശി, ഇല്ലയ്ക്കത്തറയിൽ, അമ്പലമുകൾ.
2. ശ്രീ. എം. കെ. സണ്ണി, മൂപ്പിലശ്ശേരിൽ, വടവുകോട്.
3. ശ്രീ. കെ. പി. ചന്ദ്രബോസ്, പമ്പാലയം, കരിമുകൾ.
4. ശ്രീ. കെ.കെ. ചാണ്ടി, കിഴക്കേടത്ത്, വടവുകോട്.
5. ശ്രീ. പി. വി. പൗലോസ്, പഴമ്പിള്ളിൽ, കാണിനാട്.
6. ശ്രീ. എം. എൻ. നാരായണൻ മുത്തേടത്ത് പറമ്പ്, ബ്രഹ്മപുരം.
   മുൻ പഞ്ചായത്തു മെമ്പർ.
7. ശ്രീ. റ്റി. ജി. കുമാരൻ, പത്മാലയം, വടവുകോട്.
8. ശ്രീ. എം. കെ. ലൂക്കോസ്, മൂക്കനോട്ടിൽ, അമ്പലമുകൾ.
9. ശ്രീ. റ്റി. പരമു, തേവരുപറമ്പിൽ, വടവുകോട്.
10. ശ്രീ. എൻ. യു. മാത്യു, നമ്മനാരിൽ, വരിക്കോലി.
11. ശ്രീ. സി. ആർ. സുകുമാരൻ, കോനാട്ട്, കരിമുകൾ.
12. ശ്രീ. കെ.കെ. ജോണി. കീരിക്കാട്ടിൽ, വടവുകോട്.
13. ശ്രീ. കെ. ആർ. കരുണൻ, കാടായത്ത് മോളത്ത്, വടവുകോട്.
14. ശ്രീ. എം. എ. സുരേഷ്, മറ്റത്തിൽ വടവുകോട്.
15. ശ്രീ. കെ. ശങ്കരൻ മൂത്തേടത്ത്, ബ്രഹ്മപുരം.
16. ശ്രീ. പി. വി. വർക്കി, പറമ്പിക്കുഴിയിൽ ബ്രഹ്മപുരം.

## ആമുഖം

സ്വതന്ത്ര ഭാരതത്തെ സ്വയം പര്യാപ്ത മാക്കണമെന്ന മഹത്തായ ലക്ഷ്യത്തോടെയാണ് രാഷട്രശിൽപിയായ പണ്ഡിറ്റ്ജവഹർലാൽനെഹ്റു പഞ്ചവത്സരപദ്ധതികൾക്ക്തുടക്കമിട്ടത് കൃഷിയും വ്യവസായത്തിനും, തൊഴിലില്ലായ്മയ്ക്കും എല്ലാം മാറി മാറി പ്രാമുഖ്യം നൽകികൊണ്ട് എട്ട് പഞ്ചവത്സരപദ്ധിതികൾ കഴിഞ്ഞുപോയി. വിവിധ മേഖലകളിൽ രാജ്യത്തിന് ഉണ്ടായ പുരോഗതിയെ ഒട്ടും കുറച്ച് കാണാതെ നിഷ്പക്ഷമായി നോക്കുമ്പോൾ പ്രശ്നങ്ങൾ ഏറെയുണ്ടായിട്ടും ശ്രീലങ്കയിലും പാക്കിസ്ഥാനിലും പോലും ഉണ്ടായ ആളോഹരി വരുമാനവർദ്ധനവ് നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടില്ല എന്നുള്ളത് നമ്മുടെ വികസനസംസ്കാരത്തിന് എന്തോ തകരാറ് സംഭവിച്ചു എന്നുള്ളതിന് തെളിവാണ്. ഇന്ത്യയുടെ മൊത്തത്തിലുള്ള സ്ഥിതിയുമായി താരമതമ്യപ്പെടുത്തുമ്പോൾ കേരളം ജീവിത നിലവാരത്തിൽ വളരെ മുൻപന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ് വിദ്യാഭ്യാസം, ആരോഗ്യം ക്ഷേമ പ്രവർത്തനങ്ങൾ എന്നീ സേവനരംഗങ്ങളിൽ നാം ഏതാണ്ട് വികസിത രാഷ്ട്രങ്ങളോടൊപ്പം എത്തും. പ്ക്ഷെ, കേരളം ആളോഹരിവരുമാനത്തിന്റെ കാര്യത്തിൽ മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് പുറകിലായിരിക്കുന്നു. കേരളം കേവലം ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ അറിയപ്പെട്ട് തുടങ്ങിയിരിക്കുന്നു. കഴിഞ്ഞ 2 ദശകങ്ങളായി കൃഷി, വ്യവസായ രംഗങ്ങളിൽ മുരടിപ്പ് അനുഭവിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഈ പശ്ചാതലത്തിലാണ് നമ്മുടെ സംസ്ഥാന ഗവൺമെൻറും പ്ലാനിംഗ് ബോർഡും ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയാ സൂത്രണത്തിലൂടെ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

ഗ്രാമസഭകളിലുടെ ജനങ്ങൾ നേരിട്ട് പറയുന്ന പ്രശ്നങ്ങൾ അതാത് പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് പദ്ധതികൾ രൂപീകരിച്ച് മുൻഗണനാക്രമത്തിൽ ജനപങ്കാളിത്തത്തോടെ പരിഹരിക്കുക എന്ന ലക്ഷ്യമാണ്. ഈ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്നത് 9-ാം പദ്ധതിയുടെ 35-40% വിഹിതം പഞ്ചായത്ത്രാജ് സംവിധാനങ്ങളിലുടെ ചെലവഴിക്കുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ ഗ്രാമസഭകളിൽ ഉന്നയിച്ചിരിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ പരിഗണിക്കുമ്പോൾ പദ്ധതി വിഹിതം കൊണ്ട് പരിഹരിക്കാവുന്നതല്ല. നാളിതുവരെയുള്ള പദ്ധതികളുടെ നടത്തിപ്പിൽ നമ്മുടെ സാധാരണജനം കാണികളായി നിസ്സാഹയരായി നോക്കിനിൽക്കറേ ഉണ്ടായിരുന്നുള്ളു. പ്രാദേശികവിഭവങ്ങൾ കൂടി ശേഖരിച്ച് ജനപങ്കളിത്തത്തോടെ ലഭ്യമായ വിഹിതം ഉപയോഗിച്ച് പരമാവധി വികസനം സാദ്ധ്യമാക്കുക എന്ന മഹത്തായ ലക്ഷ്യമാണ് ജനകീയാ സൂത്രണത്തിലൂടെ പ്രതീക്ഷിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് നമ്മുടെ ഗ്രാമപപഞ്ചായത്ത് വളരെ യധികം പ്രവർത്തനങ്ങൾ ഇതിനോടകം നടത്തികഴിഞ്ഞു.

1996 സെപ്ററംബർ 10,11,12, തീയതികളിൽ പെരുമ്പാവൂരിൽ വച്ച് നടന്ന ജില്ലാ തലപരിശീല ക്യാമ്പിൽ ഈ പഞ്ചായത്തിനെ പ്രതിനിധികരിച്ച് ശ്രീ ,സണ്ണി, ചന്ദ്രബോസ്, ഐ. സി. ശശി എന്നിവരും പ്രസിഡൻറ്, വൈസ് പ്രസിഡൻെറ്, ഉൾപ്പെടെ ഭൂരിഭാഗം, മെമ്പർ മാരും, പങ്കെടുത്തു. 21. 9.1996 ൽ പുത്തൻകുരിശ്. യൂ.പി. സ്ക്കുളിൽ വച്ച് നടത്തപ്പെട്ട പഞ്ചായത്ത്തല ഏകദിന ശില്പശാലയിൽ 162 പേർ പങ്കെടുത്തു വിവിധ ഡിപ്പാർട്ട്മെൻറിലെ ഉദ്യോഗസ്ഥൻമാരും പങ്കെടുത്ത ശില്പശാലയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. സി. ഐ. ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാപഞ്ചായത്ത് മെമ്പർ ശ്രീ. പ്രകാശ തറയിൽ നിർവ്വഹിച്ചു. ശ്രീ. എം. പി. വർക്കി (റിട്ട. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ) ശ്രീ. ചന്ദ്രബോസ്, ശ്രീ സണ്ണി എം. കെ. പ്രൊ.എൻ. പി. വർഗ്ഗീസ്

എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സ് എടുത്തു. ശ്രീ. എം. പി. വർഗ്ഗീസ് എം. എൽ. എ. ശില്പ ശാലയിൽ പങ്കെടുത്ത് സംസാരിച്ചു. ഈ പഠനക്യാമ്പിൽ പങ്കെടുത്ത മുഴുവൻ ആളുകളെയും പിന്നീടുള്ള മുഴുവൻ പ്രവർത്തനങ്ങളിലും പങ്കെടുപ്പിക്കുവാൻ സാധിച്ചില്ലെങ്കിലും പഞ്ചായത്തിലെ 11 വാർഡുകളിലെയും ഗ്രാമസഭകൾ വൻ വിജയമായി തീർക്കുന്നതിന് സാധിച്ചു. സെപ്ററംബർ 29 ഒക്ടോബർ 2,6,12,13 എന്നീ തീയതികളിലായി പഞ്ചായത്തിലെ 11 വാർഡുകളിലേയും ഗ്രാമസഭകൾ നടത്തുകയുണ്ടായി. ഗ്രാമസഭകളിൽ 1703 പുരുഷൻമാരും 453 സ്ത്രീകളും പങ്കെടുത്തു. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെട്ട 171 പുരുഷൻ മാരും 33 സ്ത്രീകളും പങ്കെടുക്കുകയുണ്ടായി. ഏതാണ്ട് എല്ലാ വാർഡുകളിലും 8 മുതൽ 12 വരെ ഗ്രൂപ്പുകളായി തിരിഞ്ഞ് ഫലപ്രദമായ ചർച്ച നടത്തുകയുണ്ടായി. ഗ്രൂപ്പ് ചർച്ചകളിൽ നിന്നും അവതരിപ്പിച്ച റിപ്പോർട്ടുകളും സാമാന്യം നല്ല നിലവാരം പുലർത്തുന്നവയായിരുന്നു. ഗ്രാമസഭകളുടെ വിജയത്തിന് വിപുലമായ സ്വാഗതസംഘങ്ങൾ, വിവരശേഖരണം, വിളംബര ജാഥകൾ, വിവിധ മത്സരങ്ങൾ സ്കാഡ് പ്രവർത്തനങ്ങൾ, എന്നിവ വളരെ ഭംഗിയായി നടന്നു. എല്ലാ ഗ്രാമസഭകളിലും ഭൂരിഭാഗം ഡിപ്പാർട്ട് മെൻറ് കളിലെയും ഉദ്യോഗസ്ഥന്മാരുടെ പ്രാതിനിധ്യം അവരുടെ പ്രത്യേകതയോഗം വിളിച്ചുകൂടി ഉറപ്പാക്കിയിരുന്നു.

ഗ്രാമസഭകളുടെ നടത്തിപ്പു കഴിഞ്ഞപ്പോൾ ദ്വിതീയ വിവരശേഖരണത്തിനുള്ള നടപടികൾ ആരംഭിച്ചു. ഇതിനായി വിവിധ ഡിപ്പാർട്ട്മെൻറുകളിലെ ഉദ്യോഗസ്ഥൻ മാരുടെയും വാർഡ് തല പ്രവർത്തകരുടെയും യോഗം 27-9-1996 ലും 19-10-1996ലും വിളിച്ചു കൂടി അവരുടെയും പഞ്ചായത്ത് ഉദ്യോഗസ്ഥൻ മാരുടെയും പഞ്ചായത്ത് തല പ്രവർത്തകരുടെയും കൂട്ടായ സഹകരണത്തോടെ ദ്വിതീയ സ്ഥിതിവിവരകണക്ക് ശേഖരിച്ചു. നവംബർ മാസം, 3,4,5 തീയതികളിൽ രണ്ടാം ഘട്ടത്തിൻെറ ജില്ലാതല പരിശീലനക്യാമ്പ് കോലഞ്ചേരി ട്രെയിനിംഗ് സ്ക്കൂളിൽ വച്ച് നടന്നു. പഞ്ചായത്തിലെ മുഴുവൻ അംഗങ്ങളും ജില്ലാ റിസോർസ് പേർസൺസും സെക്രട്ടറിയും ടി ക്യാമ്പിൽ പങ്കെടുത്തു. ഇതിനെത്തുടർന്ന് 11-11-1996 രണ്ടാം ഘട്ടത്തിൻെറ പഠന ക്യാമ്പ് പുത്തൻ കരുശിൽ വച്ച് നടത്തപ്പെട്ടു. ടി ക്യാമ്പിൽ മെമ്പർ ശ്രീ. സി. സി. പത്രോസ് , വികസന മേഖലയെ സംബന്ധിച്ചും പഞ്ചായത്തു സെക്രട്ടറി ദ്വതീയ മേഖലയെസംബന്ധിച്ചും ശ്രീ. സണ്ണി എം.കെ. സേവന മേഖലയെ സംബന്ധിച്ചും ക്ലാസ്സുകൾ എടുത്തു. ഉച്ച കഴിഞ്ഞു വീഡിയോ, പ്രദർശനവും നടത്തി.

16-11-1996 -ൽ ഉദ്യോഗസ്ഥാന്മാരുടെ യോഗം ചേർന്ന് നടപ്പു പദ്ധതിയെ സംബന്ധിച്ച് അവലോകനം നടത്തി. 18-11-1996 - പഞ്ചായത്ത് പ്രദേശത്തുള്ള കമ്പനികളിലെ മാനേജർമാരുടെ യോഗം ചേർന്ന് കമ്പനി പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് ശേഖരിച്ച് 18-11-1996 മുതൽ 29-11-1996 വരെ പഞ്ചായത്ത് തല റിസോർഴ് വ്യക്തികളും വിദഗ്ദരും പഞ്ചായത്ത് മെമ്പർ മാരും കൂടി ഇരുന്ന് ഗ്രാമ സഭാ റിപ്പോർട്ടുകൾ , പഠനപര്യടന ക്യാമ്പ് റിപ്പോർട്ട് എന്നിവ വിലയിരുത്തി ഈ റിപ്പോർട്ടിന് രൂപം നൽകി.

ഗ്രാമ സഭായോഗങ്ങൾ വളരെ ഭംഗിയായി നടത്തപ്പെട്ടു. ദ്വിതീയ വിവരശേഖരണത്തിന് വേണ്ടത്ര സമയം ലഭിക്കാതിരുന്നതുമൂലം പൂർണ്ണമായില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ റിപ്പോർട്ട് തയ്യാറാക്കേണ്ടിവന്നു. വികസന രേഖ തയ്യാറാക്കുന്നതിന് സാങ്കേതിയ വിദഗ്ദരുടെ സാന്നിധ്യം വളരെ അത്യാവശ്യമാണ്. ഇത് വേണ്ടത്ര ഉണ്ടായില്ല എന്നത് ഒരു പരിമിതിയാണ്. നടപ്പു പദ്ധതികളുടെ അവലോകനത്തിനും വേണ്ടത്ര സമയം

ചെലവഴിക്കാൻ സാധിച്ചില്ല. മേൽപ്പറഞ്ഞ പരിമിതികൾക്കുള്ളിൽ നിന്ന് തയ്യാറാക്കിയ ഈ വികസന റിപ്പോർട്ടിൽ ന്യൂനതകളും പോരായ്മകളും വളരെയേറെ ഉണ്ടാകാം. അതുകൊണ്ട് ഇത് ഒരു സമ്പൂർണ്ണ വികസന രേഖയാണെന്ന് അവകാശപ്പെടുന്നില്ല.

ഈ മഹായജ്ഞത്തിന്റെ വിജയത്തിനായി യഥാസമയം സഹായിച്ചുകൊണ്ടിരുന്ന ഗ്രാമ സഭാംഗങ്ങൾ, വിവിധ ഡിപ്പാർട്ട് മെന്റ് ഉദ്യോഗസ്ഥമാർ, സാമൂഹ്യ സന്നദ്ധരാഷ്ട്രീയ സംഘടനകൾ, വിവിധ കമ്പനികൾ, ജില്ല റിസോർസ് പേർസൺസ്, പഞ്ചായത്ത് റിസോർഡ്, പേഴ്സൺസ് വാർഡ്മെമ്പർ മാർ എന്നിവരെയും വിശിഷ്യാ ഈ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഉദ്യോഗസ്ഥരേയും ഇതിന്റെ എല്ലാ പ്രവർത്തനങ്ങളിലും സഹകരിച്ച സമസ്ത ജനങ്ങളേയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങളിൽ അവരുടെ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ട്.

സ്നേഹത്തോടെ

പുത്തൻ കുരിശ്
8-12-1996

**സി.ഐ.ജോർജ്**
പ്രസിഡന്റ്
വടവുകോട് പുത്തൻ കുരിശ് ഗ്രാമ പഞ്ചായത്ത്

# വടവുകോട് പുത്തൻ കുരിശ് ഗ്രാമ പഞ്ചായത്ത്

## പൊതു വിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : വടവുകോട് പുത്തൻ കുരിശ് |
| ഹെഡ് ക്വാർട്ടേഴ്സ് | : പുത്തൻ കുരിശ് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : പുത്തൻ കുരിശ്, വടവുകോട്. |
| ബ്ലോക്ക് പഞ്ചായത്ത് | : വടവുകോട് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : പുത്തൻ കുരിശ്, അമ്പലമേട് |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : പുത്തൻ കുരിശ് |
| അസംബ്ലി നിയോജകമണ്ഡലം | : കുന്നതത്തുനാട് |
| ലോകസഭാ നിയോജക മണ്ഡലം | : മൂവാറ്റുപുഴ |

### *അതിർത്തികൾ*

| | |
|---|---|
| വടക്ക് | : കുത്തുനാട്, ഐക്കരനാട് പഞ്ചായത്തുകൾ |
| കിഴക്ക് | : പുതൃക്ക, ഐക്കരനാട്, തിരുവാണിയൂർ പഞ്ചായത്തുകൾ |
| തെക്ക് | : തിരുവാണിയൂർ, തിരുവാങ്കുളം പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : തിരുവാങ്കുളം, കുന്നത്തുനാട് തൃക്കാക്കര പഞ്ചായത്തുകൾ |
| വിസ്തീർണ്ണം | : 36.89 552 |
| ജനസംഖ്യ | : 25506 |
| വാർഡുകളുടെ എണ്ണം | : പതിനൊന്ന് |
| വനിതാ സംവരണ വാർഡുകൾ | : 1 അടൂർ, 9 പുത്തൻ കുരിശ് 4 ഫാക്ട് ഡി വാർഡ് |
| പട്ടിക ജാതി പട്ടികവർഗ്ഗ സംവരണ വാർഡ് | : 11 കാണിനാട് |
| പട്ടിക ജാതി പട്ടിക വർഗ്ഗ സ്ത്രീ സംവരണ വാർഡ് | : 3 കുഴിക്കാട് |
| പോസ്റ്റോഫീസ് | : പുത്തൻ കുരിശ് |
| പിൻകോഡ് | : 682 308 |
| ടെലഫോൺ നമ്പർ | : 0484/730033 |
| ടെലഫോൺ എക്സ്ചേഞ്ച് | : പുത്തൻ കുരിശ് |
| റവന്യൂ ഡിസ്ട്രിക്റ്റ് | : എറണാകുളം |
| താലൂക്ക് | : കുന്നത്തുനാട് |

# ചരിത്ര പശ്ചാത്തലം

വടവുകോട് പുത്തൻ കുരിശ് ഗ്രാമ പഞ്ചായത്ത്

## ചരിത്ര പശ്ചാത്തലം

എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ പ്പെട്ട ഒരുസ്പ്യഷ്യൽ ഗ്രേഡ് പഞ്ചായത്ത് ആയ വടവുകോട് .പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത് പ്രകൃതിയാൽ അനുഗ്രഹീതമാണ്.

പഴയ കൊച്ചി രാജ്യത്തിലെ വടവുകോട് വില്ലേജും തിരുവിതാം കൂറിലെ ചെമ്മനാട് വില്ലേജും ചേർന്നുള്ളതായിരുന്നു. വടവുകോട് പുത്തൻ കുരിശ് പഞ്ചായത്ത് , ചെമ്മനാട് വില്ലേജ് പിന്നീട് വിഭജിച്ച് പുത്തൻ കുരിശ് വില്ലേജ് ഈ പഞ്ചായത്തിൽ നിലനിർത്തിയും തിരുവാണിയൂർ വില്ലേജ് ഉൾപ്പെടുത്തി തിരുവാണീയൂർ പഞ്ചായത്തും രൂപീകരിക്കപ്പെടുകയും ചെയ്തു.

പഴയ കൊച്ചി രാജ്യത്ത് ഉൾപ്പെട്ടതും തിരുവിതാംകൂറിനാൽ ചുറ്റപ്പെട്ടതുമായ 618 ഏക്കർ മാത്രംവിസ്ത്രീർണ്ണമുള്ള ഒരു ചെറിയ പഞ്ചായത്തായിരുന്നു വടവുകോട്. കൊല്ലവർഷം 1094-ൽ (ഏ.ഡി. 1918) വടവുകോട് പഞ്ചായത്ത് രൂപം കൊണ്ട് ഇന്ത്യയിൽ ആദ്യമായി പഞ്ചായത്ത് രൂപം കൊള്ളുന്നത് കൊച്ചിരാജ്യത്തായിരുന്നു. തിരുവിതാംകൂറിലെ മാർത്താണ്ഡ വർമ്മ മഹാരാജാവ് തെക്ക് നിന്ന് ഭൂമി വെട്ടിപ്പിടിച്ച് വന്നപ്പോൾ വടവുകോടിലുള്ള 618 ഏക്കർ ഭൂമി കൊച്ചി രാജ്ഞിയുടെ വകയായതുകൊണ്ട് രാജ്ഞിയുടെ അപേക്ഷയനുസരിച്ച് ഈ ഭൂമി തിരികെ കൊടുക്കുകയും ആയത് വടവുകോട് പഞ്ചായത്തായി രൂപപ്പേടുകയും ചെയ്തു. അന്ന് പഞ്ചായത്തിൽ 5 മെമ്പർമാരുണ്ടായിരുന്നു. കമ്മറ്റിയ്ക്ക് സർവ്വവിധ പ്രവർത്തനസ്വാതന്ത്രവും ഉണ്ടായിരുന്നു എന്നത് ഈ പഞ്ചായത്തിൻെറ പ്രത്യേകത ആയിരുന്നു. പഞ്ചായത്തിൻെറ പ്രവർത്തനത്തിന് ആവശ്യമായ മുഴുവൻ ഫണ്ടും ഗവൺമെൻറ് നൽകിയിരുന്നു. അന്നത്തെ കമ്മറ്റിയുടെ പ്രവർത്തനകാലം വടവുകോടിൻെറ സുവർണ്ണകാലഘട്ടമായിരുന്നു. പഞ്ചായത്ത് അതിർത്തിക്കകത്തുള്ള ചെറുകിട കേസുകൾ കേൾക്കുന്നതിനും തീർപ്പുകൽപ്പിക്കുന്നതിനും ജനകീയ ജഡ്ജിമാരുണ്ടായിരുന്നു. ''ജഡ്ജി മത്തായി'' എന്ന് അറിയപ്പെട്ടിരുന്ന തണ്ണിക്കോട് ശ്രീ മത്തായി ഇപ്രകാരമുള്ള ഒരു ജഡ്ജി ആയിരുന്നു. ഈ ജഡ്ജിക്ക് അന്ന് 50 രൂപം വരെ പിഴ ശിക്ഷിക്കുന്നതിന് അധികാരമുണ്ടായിരുന്നു. വിധിക്ക് എതിരായി കോടതിയിൽ പോകുന്നതിനുപോലും അവകാശം ഉണ്ടായിരുന്നില്ല ഈ ജനകീയ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു തണ്ണീർ പന്തൽ വഴിയാത്രക്കാർക്കും സ്ക്കൂൾ കുട്ടികൾക്കും സംഭാരം വിതരണം ചെയ്തു പോന്നിരുന്നു. മൂത്തേടത്തുകാരും ചക്കലിപ്പടിക്കൽ വീട്ടുക്കാരും ആണ്. ഈ പ്രവർത്തനം നടത്തിയിരുന്നത്. അക്കാലത്താണ് വടവുകോട്ടിലെ പ്രധാനപ്പെട്ട റോഡുകളും, കുളങ്ങളും, നിർമ്മിക്കപ്പെട്ടത്. ആക്കാലത്തുതന്നെ വടവുകോടിൽ എൽ. പി,സ്ക്കൂൾ, പോലിസ് സ്റേറഷൻ, എക്സൈസ് ആഫീസ്, വില്ലേജ് ഓഫീസ്, പഞ്ചായത്ത് ആഫീസ്, കാളച്ചന്ത എന്നിവ പ്രവർത്തിച്ചിരുന്നു. പഞ്ചായത്തിലെ ആദ്യത്തെ പ്രസിഡൻറ് തൃണാശ്ശേരി മനയ്ക്കൽ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടും രണ്ടാമത് ഞാർത്താങ്കൽ എൻ.കെ. കുര്യനും മൂന്നാമത് കാടായത്ത്, കറുത്തേടത്ത് ശ്രീ. കെ. പി.ഏ ബ്രാഹിമും നാലാമത് പുളിയേരിൽ ഡോക്ടർ വർക്കിയായിരുന്നു.

### പുത്തൻ കുരിശ് വില്ലേജ് യൂണിയൻ

ഇന്നത്തെ തിരുവാണിയൂർ വില്ലേജും പുത്തൽ കുരിശും വില്ലേജും ഉൾപ്പെട്ടതായിരുന്നു. പുത്തൻ കുരിശ് വില്ലേജ് യൂണിയൻ., ഈ യൂണിയൻ കൊല്ലവർഷം 1120-21 (ഏഡി 1944-45)

രൂപം പ്രാപിച്ചു. ഈ വില്ലേജ് യൂണിയൻ കമ്മറ്റിയുടെ അദ്ധ്യക്ഷൻ കുന്നത്തുനാട് താലൂക്ക് തഹസിൽദാർ ആയിരുന്നു. വില്ലേജ് യൂണിയൻെറ ഹെഡ്ക്വാർട്ടേഴ്സ് പുത്തൻ കുരിശ് ആയിരുന്നു.

കോലഞ്ചേരിയിലെ സെൻറ്പീറ്റേർസിലെ പള്ളിയിൽ നിന്നും ഒരു ചെറിയ കൽക്കുരിശ് ഇവിടെ സ്ഥാപിതമായതോടെ ഈ പ്രദേശത്തിന് പുത്തൻ കുരിശ് എന്ന പേരുണ്ടായി. ഈ സ്ഥലത്തിൻെറ മുൻകാല പേര് പന്നിക്കുഴി എന്നായിരുന്നു. ഇവിടെ കൊല്ലവർഷം 1070 സ്ഥാപിതമായ ഒരു ചന്തയാണ് ബാലരാമപുരം ചന്ത. ഇതാണ് ഇന്നത്തെ പുത്തൻ കുരിശ് ചന്തയായി മാറിയത്. അക്കാലത്ത് ഏറ്റവും പ്രസിദ്ധമായ ഈ ചന്തയിൽ വിദൂരത്തുനിന്നുപോലും ധാരാളം ആളുകൾ വന്നുപോയികൊണ്ടിരുന്നു. പുത്തൻ കുരിശ് വില്ലേജ്യൂണിയനിൽ 5 വാർഡും 5 മെമ്പർ മാരുമുണ്ടായിരുന്നു. ആദ്യത്തെ വില്ലേജ്യൂണിയൻ പ്രസിഡൻറ് ബ്രാഹ്മപുരത്തെ കോക്കര മനയ്ക്കൽ പരമേശ്വരൻ തുപ്പൻ നമ്പൂതിരിപ്പാടായിരുന്നു. ഈ വില്ലേജ് യൂണിയൻെറ വിസ്ത്രീർണ്ണം. 21.7- ചുത :മൈൽ ആയിരുന്നു. അവസാനത്തെ വില്ലേജ് യൂണിയൻ പ്രസിഡൻറ് തിരുവാണായൂരിലുള്ള വർഗീസുപറമ്പാനാണ്ആദ്യത്തെ വില്ലേജ്യൂണിയൻ കമ്മറ്റി മെമ്പർ ശ്രീ. പാടിയിൽ മത്തായി, ശ്രീ. അയറാൻ രാമൻ പിള്ള, ശ്രീ. പറമ്പാത്ത്യോഹന്നാൻ, ശ്രീ. ചോല്ലയിൽ പി.പി. ഗീവർഗീസ് എന്നിവരാണ്ആദ്യത്തെ ക്ലാർക്ക്തിരുവാണിയൂർ പഞ്ചായത്തിൽ വെങ്കിടകരയിലുള്ള പുത്തൻ വണ്ണത്ത് ശ്രീ പി. വി. വർക്കി ആയിരുന്നു. 1953 ആഗസ്ററ് മാസത്തിന് മുമ്പ് വില്ലേജ് യൂണിയനുകൾ മാറ്റി പഞ്ചായത്ത് ആക്കി.

1953 ആഗസ്ററ് 15ന് ഒരു സർക്കാർ ഉത്തരവ് പ്രകാരം വടവുകോട് പഞ്ചായത്തും പുത്തൻ കുരിശ്പഞ്ചായത്തും സംയോജിപ്പിച്ച്വടവുകോട്പുത്തൻ കുരിശ് പഞ്ചായത്ത്രൂപം കൊണ്ടു. വടവുകോട് പുത്തൻ കുരിശ് പഞ്ചായത്തിൻെറ പ്രഥമ പ്രസിഡൻറ ശ്രീ. വർഗീസ് പറമ്പാനും വൈസ് പ്രസിഡൻറു ശ്രീ. എൻ.കെ. കുര്യനും ആയിരുന്നു. തുടർന്ന് ഗവൺമെൻറ് ഉത്തരവ് പ്രകാരം വടവുകോട് പുത്തൻ കുരിശ് പഞ്ചായത്തിനെ വിഭജിച്ച് തീരുവാണീയൂർ പഞ്ചായത്തുണ്ടാക്കി.

1953 -ൽ നടന്ന ആദ്യത്തെ പഞ്ചായത്ത് പൊതുതെരഞ്ഞെടുപ്പിൽ ആകെ 7 വാർഡിൽ നിന്നും 7 മെമ്പർ മാരെ തെരഞ്ഞെടുത്തു 1-ാം വാർഡിൽ നിന്നും ശ്രീ. സി. എൻ. പ്രഭാകരപണിക്കരെയും 2-ാം വാർഡിൽ നിന്ന് ശ്രീ. കെ. രാമൻ നായരേയും (കണിച്ചാത്ത് കുട്ടപ്പൻ) 3-ാം വാർഡിൽ നിന്നും ശ്രീ. എം.സി. തേവനേയും, 4-ാം വാർഡിൽ നിന്നും ശ്രീ. സി. റ്റി. മാത്യുവിനേയും 5-ാം വാർഡിൽ നിന്നും ശ്രീ. പി.പി. ഗീവറുഗീസിനേയും 6-ാം വാർഡിൽ നിന്നു് ശ്രീ. കെ. പി. പോത്തനേയും 7-ാം വാർഡിൽ നിന്നും ശ്രീ. എം.കെ. മാത്യുവിനേയും, തെരഞ്ഞെടുത്തു. ഇവരിൽ ശ്രീ. കെ. പി. പോത്തൻ, ശ്രീ. സി.വി. പ്രഭാകരപണിക്കർ എന്നിവരെ യഥാക്രമം പ്രസിഡൻറും വൈസ് പ്രസിഡൻറുമായി തെരഞ്ഞെടുക്കപ്പെട്ടു. തെരഞ്ഞെടുപ്പ് കേസ്സിനെ തുടർന്ന്7-ാം വാർഡിലേക്ക്വീണ്ടും നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. എൻ. കെ. കുര്യൻ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

അന്നത്തെ കമ്മറ്റിയുടെ ശ്രമഫലമായി പുത്തൻ കുരിശ് ടൗണിൽ 460/11-ൽ 76 സെൻറ് റെവന്യു പുറമ്പോക്ക് പതിച്ച് എടുക്കകയും ടി സ്ഥലത്ത് 1958-ൽ ആഫീസ് കെട്ടിടം പണിയും ആഫീസ് പ്രവർത്തനം തുടങ്ങുകയും ചെയ്തു.

1963 ഒക്ടോബർ മാസത്തിൽ ഈ കമ്മറ്റിയുടെ കാലാവധി തീരുകയും നവംബർ മാസത്തിൽ തെരഞ്ഞെടുപ്പ് നടത്തുകയും 8 വാർഡുകളിൽ നിന്ന് മെമ്പർ മാരെ തെരഞ്ഞെടുക്കുകയും ചെയ്തു. . 1-ാം വർഡിൽ അടൂർ ശ്രീ. കെ. ജി. കൃഷ്ണൻ നായർ, 2-ാം വാർഡ് കൊടിഞ്ഞൂർ ശ്രീ. ഇ.കെ. കൃഷ്ണൻ നായർ, 3-ാം വാർഡ് കുഴിക്കാട് ശ്രീ. കെ.കെ. രാമൻ നായർ, 4-ാം വാർഡ് ബ്രഹ്മപുരം ശ്രീ. റ്റി. കെ. കുഞ്ഞൻ നായർ. 5-ാം വാർഡ് കരിമുകം ശ്രീ. എ.എ. അയ്യപ്പൻ, 6-ാം വാർഡ് പുറ്റുമാനൂർ ശ്രീ. പി.പി. ഗീവർഗീസ് 7-ാം വാർഡ് പുത്തൻകുരിശ് ശ്രീ. റ്റി. വി. പൗലോസ്, 8-ാം വാർഡ്, വടവുകോട് ശ്രീ. എ. ഡി. മാത്യു എന്നിവരെയും ശ്രീ പി.പി.ഗീവർഗീസിനെ പ്രസിഡൻറായും ശ്രീ. കെ.കെ. രാമൻ നായരെ വൈസ് പ്രസിഡൻറായും തെരഞ്ഞെടുത്തു. 1965 ശ്രീ. റ്റി.വി. പൗലോസ്, ശ്രീ. എ.ഡി. മാത്യു എന്നിവർ സർക്കാർ ജോലി ലഭിച്ചതിനെത്തുടർന്ന് ഉപതെരഞ്ഞെടുപ്പിൽ പുത്തൻ കുരിശ് വാർഡിൽ നിന്ന് ശ്രീ. കെ.വി. പൊത്തനും വടവുകോട് വാർഡിൽ നിന്ന് ശ്രീ. കെ. കെ. ചാണ്ടിയും തെരഞ്ഞെടുക്കപ്പെട്ടു.

1966-ൽ റിഫൈനറി സ്ഥലമെടുപ്പിനെത്തുടർന്ന് മെമ്പർ ആയിരുന്ന ശ്രീ. ഇ. കെ. കൃഷ്ണൻ കൊടകരയ്ക്ക് താമസം മാറ്റിയതിനാൽ മെമ്പർ സ്ഥാനം രാജിവച്ചു. 1967 ജനുവരിയിൽ സർക്കാർ ഉത്തരവ് പ്രകാരം ശ്രീമതി ഭവാനി കുഞ്ഞമ്മ വനിതാ അംഗമായി പഞ്ചായത്ത് കമ്മറ്റി നോമിനേറ്റ് ചെയ്തു. ഈ കമ്മറ്റി 18 വർഷകാലം ഭരണം നടത്തി.

1979 ആഗസ്റ്റിൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 10 വാർഡുകളിൽ നിന്ന് താഴെ പറയുന്ന മെമ്പർ മാരെ തെരഞ്ഞെടുത്തു. 1ാം വാർഡ് അടൂർ ശ്രീ. പി.വി. ഭാസ്ക്കരൻ , 2-ാം വാർഡ് അമ്പലമുകം ശ്രീ. കെ.പി. മുകുന്ദൻ നായർ,. 3-ാം വാർഡ് കുഴിക്കാട് ശ്രീ. പി.പി. പൗലോസ് , 4-ാം വാർഡ് എഫ്. എ.സി. റ്റി. (സി.ഡി) ശ്രീ. പി.വി. ഭാസ്ക്കരൻ, 5-ാം വാർഡി ബ്രഹ്മപുരം ശ്രീമതി അമ്മിണി ജോർജ്ജ്, 6-ാം വാർഡ്, കരിമുകം (സംവരണം) സി.കെ. അയ്യപ്പൻ കുട്ടി. 7-ാം വാർഡ് പുറ്റുമാനൂർ ശ്രീ, റ്റി. കെ. മത്തായി, 8-ാം വാർഡ് പുത്തൻ കുരിശ് ശ്രീ. എം. സി. ചെറിയാൻ 9-ാം വാർഡ് വടവുകോട് ശ്രീ. കെ.കെ. ചാണ്ടി. 10-ാം വാർഡ് കാണിനാട്ട് ശ്രീ. പി.വി. പൗലോസ് . ഈ കമ്മറ്റിയിൽ പ്രസിഡൻറായിര ശ്രീ. കെ.കെ. ചാണ്ടിയേയും വൈസ് പ്രസിഡൻറായി ശ്രീ.പി.പ. പൗലോസിനേയും തെരഞ്ഞെടുത്തു. ഇന്ന് നിലവിലുള്ള ആഫീസ് കെട്ടിടം പൂർത്തികരിച്ചത് ഈ കമ്മറ്റിയാണ് 1984 മുതൽ 1988 വെര പഞ്ചായത്ത് ഭരണ സമിതി ഉണ്ടായിരുന്നില്ല. ഈ കാലയളവിൽ ഉദ്യോഗസ്ഥഭരണ സംവിധാനമാണ് ഉണ്ടായിരുന്നത്.

1988 ജനുവരിയിൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിഗ 11 വാർഡുകളിഗ നിന്ന് താഴെ പ്പറയുന്ന അംഗങ്ങളെതെരഞ്ഞെടുത്തു. 1-ാം വാർഡ് അടൂർ ശ്രീ. പി. എ. ശശിധരൻ, 2 -ാം വാർഡ് അമ്പലമുകം ശ്രീ. കെ.ജി. നാരായണൻ നായർ, 3-ാം വാർഡ് കുഴിക്കാട് ശ്രീ. പി.പി. പൗലോസ്, 4-ാം വാർഡ് എഫ്. എ. സി. റ്റി. (അമ്പലമേട്) ശ്രീ. കെ. എൻ നാരായണൻ നായർ, 5-ാം വാർഡ് ബ്രഹ്മപുരം വെസ്ററ് (വനിത) ശ്രീമതി പങ്കജാക്ഷി അമ്മ, 6-ാം വാർഡ് ബ്രഹ്മപുരം ഈസ്റ്റ് ശ്രീ . എം. എൻ. നാരായണൻ മാസ്ററർ, 7-ാം വാർഡ് കരിമുകം ശ്രീ. സി.കെ. അയ്യപ്പൻകുട്ടി, 8-ാം വാർഡ് പുറ്റുമാനൂർ ശ്രീ, ബഞ്ചമിൻ പോാം, 9-ാം വാർഡ് പുത്തൻകുരിശ് ശ്രീ. പോാം റ്റി വർക്കി. 10-ാം വാർഡ് വടവുകോട് (വനിത) മോളിവർഗ്ഗീസ്,11-ാം വാർഡ് കാണിനാട് ശ്രീ. പി.വി. പൗലോസ് പ്രസിഡൻറായി ശ്രീ. പി.വി. പൗലോസിനേയും വൈസ് പ്രസിഡൻറായി ശ്രീ. പോാം ടി വർക്കിയെയും തെരഞ്ഞെടുത്തു. ഈ കമ്മറ്റി ഏഴ് വർഷത്തോളം ഭരണം നടത്തുക ഉണ്ടായി.

1995 സെപ്ററംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ 11 വാർഡുകളിൽ നിന്ന് താഴെ പറയുന്ന അംഗങ്ങളെ തെരഞ്ഞെടുത്തു. 1-ാം വാർഡ് ശ്രീമതി. കുഞ്ഞമ്മ മത്തായി, 2-ാം വാർഡ് ശ്രീ. റ്റി. എം. പൈലി, 3-ാം വാർഡ് കുമാരി നിഷാ കണ്ണൻ, 4-ാം വാർഡ് ശ്രീമതി. ദേവകി നാരായണപണിക്കർ, 5-ാം വാർഡ് ശ്രീ. സി. ഐ. ജോർജ് , 6-ാം വാർഡ്, ശ്രീ. കെ. എൻ. ശ ശിധരൻ, 7-ാം വാർഡു ശ്രീ ബെന്നി പോൾ, 8-ാം വാർഡു ശ്രീ. പോൾ റ്റി. വർക്കി. 9-ാം വാർഡ് ശ്രീമതി. അംബീകാ നന്ദനൻ, 10-ാം വാർഡ് ശ്രീ. സി.സി. പത്രോസ്, 11-ാം വാർഡ് ശ്രീ. കെ.എൻ. കുമാരൻ ഇവരിൽ പ്രസിഡൻറായി ശ്രീ. സി.ഐ. ജോർജ്ജിനേയും വൈസ് പ്രസിഡൻറായി കുമാരി നിഷാകണ്ണനെയും തെരഞ്ഞെടുത്തു. സ്ററാൻറിംഗ് കമ്മറ്റി ചെയർമാനായി ശ്രീ. ബെന്നി പോളിനെയും തെരഞ്ഞെടുത്ത് ഇന്ന് ഭരണം നടത്തുന്നു.

പുരാതന കാലം മുതൽ സാംസ്കാരികമായി വളരെ മുൻപന്തിയിൽ നിന്നിട്ടുള്ള ഒരു പഞ്ചായത്താണ് ഇത് അടിമ ഉടമ വ്യവസ്ഥ നിലനിന്ന കാലം മുതൽ ഈ പഞ്ചായത്തിൽ ഗ്രന്ഥശാലകളും കാലകായിക സംഘടനകളും ഉണ്ടായിരുന്നു. പഴയകാലത്തെ നാടൻ പന്തുകളിയും കോൽകളിലും പരിശമുട്ടുകളിയും പുള്ളുവൻ പാടും, സർപ്പം തുള്ളലും ഇതിന് മകുടോദാഹരണങ്ങളാണ്. നവോത്ഥാന പ്രസ്ഥാനത്തിൻെറ സമരങ്ങൽ കാര്യമായി ഈ പാഞ്ചയത്തിൽ നടന്നില്ല എങ്കിലും ഈ താലൂക്കിൽ നടന്ന സമരങ്ങൾക്ക് നേതൃത്വം വഹിച്ച ഹരിഹരൻ മാസ്ററർ ഈ പഞ്ചായത്തിൽ താമസിച്ചിരുന്നു. അദ്ദേഹം വേളാർ സൊസൈറ്റി സ്ഥാപിക്കുകയും അതിൻെറ പ്രസിഡൻറായി തുടരുകയും ചെയ്തു. ഇന്ത്യൻ സ്വാതന്ത്ര സമരത്തിലും വൈക്കം സത്യാഗ്രഹത്തിലും ഗാന്ധിജിയോടൊപ്പം പങ്കെടുത്ത സ്വാതന്ത്രസമരസേനാനി ആയിരുന്നു. പഴയ കൊല്ലിമുട്ടം കരയിൽ തുരുത്തി വീട്ടിൽ ശ്രീ. റ്റി. ശങ്കരപ്പിള്ള കൃഷ്ണൻ നായർ ബ്രിട്ടിഷ് കാരുടെ കണ്ണിലെ കരടായിരുന്നു. അദ്ദേഹം നിരവധി തവണ ജയിൽ വാസം അനുഭവിക്കുകയും കൊടിയ മർദ്ദനങ്ങൾക്ക് വിധേയനാവുകയും ചെയ്തിട്ടുണ്ട്. വെള്ളക്കാരുടെ പട്ടാളം അദ്ദേഹത്തിൻെറ കൈകാലുകൾ ബന്ധിച്ച് ഹിൽ പാലസിലെ കുതിരാലയത്തിൽ ഇട്ട് കുതിരയെ കൊണ്ട് ചവിട്ടിച്ചെന്ന് കേൾക്കുന്നത് പഞ്ചായത്തിലെ ജനങ്ങൾക്ക് ആവേശം പകരുന്നതാണ്. ജാതിവ്യവസ്ഥയ്ക്ക് എതിരായി പ്രവർത്തിച്ച അദ്ദേഹത്തെ അക്കാലത്ത് ഹരിജനങ്ങളുടെ കൂടെ ഇരുന്ന് കാപ്പികുടിച്ചൂയെന്ന് പറഞ്ഞ് വീട്ടിൽ നിന്ന് ഇറക്കി വിട്ടു.

പണ്ടുമുതൽ ജന്മികുടിയാൻ വ്യവസ്ഥനിലനിന്നിരുന്നതും സവർണ്ണ ജാതി മേധാവിത്വം നിലനിന്നിരുന്നതുമായ ഒരു പഞ്ചായത്താണിത്. ഇവിടത്തെ ഭൂരിഭാഗം സ്ഥലങ്ങളും കോമന മന, ഐലുറ് മന, കോക്കരമന, തൃണാശേശി മന, തൃപ്പൂണിത്തുറ ദേവസ്വം വക, അമ്മ തമ്പുരാൻ വക പുന്നോർക്കോട് മന കുഴിക്കാട് മന മാങ്കുഴിമന, നെല്ലൂർ മന, എന്നിവരുടെ കിഴിലായിരുന്നു.ഈ മനകൾക്ക് എല്ലാം ''പുരവയത്ത്'' പിരിവുകൾ എന്നപേരിൽ പിരിവുകൾ നടത്തിയിരുന്നു. ഓണകുല, ഓണക്കാഴ്ച, കൊച്ചചക്ക, തുടങ്ങി ഭൂമിയിൽ കൃഷിചെയ്യുന്ന കൃഷിയുടെ ആദ്യഫലം നിർബന്ധമായും ഈ മനകളിൽ കൊണ്ടുപോയികൊടുക്കണമായിരുന്നു. ഇതിന് ആരെങ്കിലും വീഴ്ച വരുത്തിയാൽ കൃഷിയിടത്തിൽ നിന്ന് അവരെ തല്ലി ഇറക്കുമായിരുന്നു. കൂടാതെ നെൽകൃഷിക്കാർ ഒരു പറ വിത്ത് വിതച്ചാൽ 10 പറനെല്ല് മനയ്ക്കൽ പാട്ടംകൊടുക്കണമായിരുന്നു. 1953-1954 കാലഘട്ടമായപ്പേഴേയ്ക്കും ദാരിദ്രത്തിൽ മുഴുകിയ കൃഷിക്കാർ സംഘടിക്കാൻ തുടങ്ങി. രാത്രികാലങ്ങളിൽ അവർ ഒരിടത്ത് കൂടിയിരുന്ന്. പാട്ടവും വാരവും വെട്ടികുറയ്ക്കണമെന്നും കൃഷി ഭൂമികൃഷിക്കാരന് ലഭിക്കണമെന്നും മുദ്രവാക്യം വിളിക്കാൻ തുടങ്ങി. ''പരുവയത്ത്'' പിരിവുകൾ അവസാനിപ്പിക്കുക

എന്നതായിരുന്നു. പ്രദാന മുദ്രവാക്യം 1954 മധ്യത്തോടുകൂടി ഒരിക്കൽ കർഷക സംഘം എന്നപേരിൽ ഒരു സംഘടന രൂപം കൊണ്ടു. ഈ സംഘടനയ്ക്ക് നേതൃത്വം നൽകിയത് ചക്കാലയ്ക്കൽ ശ്രീ. സി. എ. വർഗീസും കുടുക്കപറമ്പിൽ നാരായണപിള്ളയും ആയിരുന്നു.

ഇവരെ കൂടാതെ താലൂക്ക് കർഷക സംഘത്തിൻെറ നേതാക്കളായിരുന്ന പൊല്ലയിൽ ശ്രീ. പി.പി. വർഗീസും ആലപ്പാട്ട് നാരായണൻ നായരും, കൊളത്താട്ട് നാരായണൻ നായരും കൂട്ടേപ്പറമ്പിൽ പരമേശ്വരൻ നായരും കണിച്ചേത്ത് കുട്ടപ്പൻ നായരും ഈ സംഘടനയുടെ ചുക്കാൻ പിടിച്ചിരുന്നു. ഹരിഹരൻ മാസ്റ്ററുടെ സേവനവും സ്തുത്യർഹമാണ് ഇവർ കൃഷിക്കാരെ സംഘടിപ്പിച്ച് ജാതിമതരാഷ്ട്രീയ ഭേദ്രമെന്യെ സംഘത്തിൻെറ കൊടിയുമായി കോമനയിലേയ്ക്ക് ജാഥ നടത്തിയത് ചരിത്രത്തിൽ തങ്കലിപികളിൽ ലിഖിതമാണ്. കോമനമനയിലെ അന്നത്തെ കാരണവരായിരുന്ന ശങ്കര നമ്പൂതിരി പ്പാടും സംഘടന നേതൃത്വവും കൂടി പരസ്പരചർച്ച നടത്തി നാലിൽ ഒന്ന് പാട്ടം വെട്ടിക്കുറച്ചു. ഈ ഒത്തുതീർപ്പിൽ ആവേശം ഉംക്കൊണ്ട കൃഷിക്കാർ കൂടുതൽ സംഘടിച്ചതിൻെറ ഫലമായി 1955 അവസാനത്തോടുകൂടി ഉണ്ടാക്കിയ ഒത്തുതീർപ്പിൽ പാട്ടം പറ മാറ്റി മുദ്ര പറ ആക്കുകയും " പുരവയത്ത് " പിരിവുകം ലഘൂകരിക്കുകയും പാട്ടം പകുതിയാക്കി ലഘൂകരിക്കുകയും 1957-ൽ ശ്രീ മാൻ ഇ. എം. എസ്. ൻെറ ഗവൺമെൻറ് നടപ്പിലാക്കി ഭുപരിഷ്ക്കരണത്തിൻെറ ഫലമായി കൃഷിഭൂമ കൈവശക്കാരന് സ്വന്തമാകുകയും ചെയ്തു.

ഭൂപരിഷ്ക്കരണനിയമം വന്നതോടുകൂടി ജന്മികുടിയാൻ ബന്ധം അവസാനിക്കുകയും ഭൂമിയുടെ ഉടമസ്ഥാവകാശം സാധാരണ ജനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ഭൂമി സ്വന്തമായ തോടുകൂടി കാർഷിക ഉദ്പാദത്തിൽ വർദ്ധനവ് അനുഭവപ്പെട്ടു. ഭൂരിഭാഗം ഭൂവുടമസ്ഥരും തങ്ങംക്ക് ലഭ്യമായ ഭൂമിയിൽ നെൽകൃഷിയും ഹൃസ്വകാലവിളകളും നടത്തി ഭൂമിപരമാവധി പ്രയോജനപ്പെടുത്തി. ഈ പ്രക്രിയയ്ക്ക് പെരിയാർ വാലി കനാലിൻെറ വരവും ആക്കം കൂട്ടി. എന്നാൽ ഭൂപരിഷ്ക്കരണത്തിൻെറ ഫലമായി ഉണ്ടായ ഭൂമിയുടെ തുണ്ടവൽക്കരണം കൃഷിയെ പെട്ടെന്ന് പുറകോട്ട് വലിക്കുന്നതിന് ഒരു കാരണമായി. ഇന്നത്തെ ഭുവുടമസ്ഥരിൽ 2039 പേർ 1സെൻറിനും 10 സെൻറിനും ഇടയ്ക്കും 2261 പേർ 10 സെൻറിനും 25 സെൻറിനും ഇടയ്ക്ക് ഭൂമിയുള്ളവരും 1721 പേർ സെൻറിനും 50 സെൻറിനും ഇടയ്ക്ക് ഭൂമിയുള്ളവരും 1173 പേർ 50 സെൻറിനും 1 ഏക്കറിനും ഇടയ്ക്ക് ഭൂമിയുള്ളവരും 772 പേർ ഒരു ഏക്കറിനും 2 ഏക്കറിന ും ഇടയ്ക്ക് ഭൂമിയിലുള്ളവരും 364 പേർ 2 ഏക്കറിനും 5 ഏക്കറിനും ഇടയ്ക്ക് ഭൂമിയിലുള്ളവരും 62 പേർ 5 എക്കറിന് മേൽ ഭൂമിയുള്ളവരുമാണ്

നെൽകൃഷി ലാഭകരമല്ലാതായതോട് കൂടി കർഷകർ തെങ്ങ് കൃഷിയ്ക്ക് പ്രാധാന്യം നൽകി. പുരയിടകൃഷികം പലഭാഗത്തും ഇല്ലാതായി. കാലക്രമേണ തെങ്ങ് കൃഷിയും അവസാനിപ്പിച്ച് റബ്ബർ കൃഷിയിലേക്ക് ജനങ്ങളുടെ ശ്രദ്ധതിരിഞ്ഞു. മേൽപ്പറഞ്ഞ വിളമാറ്റങ്ങംക്കിടയിൽ ഹൃസ്വകാലവിളകളായിരുന്ന പയറ്,എള്ള്, മറ്റ് പച്ചക്കറി കൃഷികം എന്നിവ പഞ്ചായത്തിൽ ഏതാണ്ട് നാമാവശേഷമായി. ഈ വിളമാറ്റത്തിൽ സംഭവിച്ച മറ്റൊരു ആഘാതമാണ് ജനങ്ങളുംട ഒരു പ്രധാന ആഹാരമായിരുന്ന മരച്ചീനിയുടെ കൃഷി ഏതാണ്ട് പൂർണ്ണമായി ഇല്ലാതായത്. നെൽകൃഷി ലാഭകരമല്ലാതായത്. ഇക്കാലത്ത് തേങ്ങയ്ക്കുണ്ടായ വില ഇടിവ്, വേണ്ടത്ര കർഷകതൊഴിലാളികളെ കിട്ടാതെ വന്നത് ഇവയെല്ലാം മേൽപ്പറഞ്ഞ മാറ്റങ്ങംക്ക് കാരണമാണ്.

1964 - ൽ സ്ഥാപിതമായ കൊച്ചിൻ റിഫൈനറികമ്പനി പഞ്ചായത്തിൻെറ കാർഷിക സ്വഭാവത്തെ മാറ്റുന്നതിന് തുടക്കമിട്ടു. അതിനോടനുബന്ധിച്ച് സ്ഥാപിക്കപ്പെട്ട എഫ്. എ.

സി.റ്റി.യും ഹിന്ദുസ്ഥാനൻ ഓർഗാനിക് കെമിക്കത്സും, കൊച്ചിൻ റിഫൈനറി ബാമർ ആൻറ് ലാറി ലിമിറ്റഡും കാർബൺ ആൻറ് കെമിക്കത്സും ബ്രാഹ്മപുരം തെൽമെൽ പ്ലാൻറും പഞ്ചായത്തിനെ ഏതാണ്ട് ഒരു വ്യവസായ മേഖലയാക്കിമാറ്റി. കമ്പനികളിൽ നിന്നുള്ള മലിനീകരണം മൂലം നല്ലൊരു ഭാഗം പാടശേഖരങ്ങൾ കൃഷിയോഗ്യമല്ലാതായി. കമ്പനികളുടെ സമീപ പ്രദേശങ്ങളിൽ 50 കളിലും 60 കളിലും ഒരു പ്രധാനപ്പെട്ട കൃഷി ആയിരുന്നു വെറ്റില കൃഷി ഇല്ലാതായി.

ഈ വൻകിട കമ്പനികളുടെ വരവ് സാധാരണ ഗതിയിൽ വളരെ യധികം മറ്റ് ഉപവ്യവസായങ്ങൾക്ക് കളമൊരുക്കേണ്ടതായിരുന്നു. എന്നാൽ ഈ പഞ്ചായത്തിൽ അത്തരം ഉപവ്യവസായങ്ങൾ കാര്യമായി യാതൊന്നു ഉണ്ടായിട്ടില്ല. മേൽപ്പറഞ്ഞ കമ്പനികൾ എല്ലാം രാസവ്യവസായങ്ങളുമായി ബന്ധപ്പെട്ടതാവാം ഇതിന് കാരണം. തികച്ചും അവികസിതവും കാർഷികപ്രാധാന്യമായിരുന്ന പഞ്ചായത്തിൽ അഭ്യസ്തവിദ്യർ വളരെ കുറവായിരുന്നു. അതുകൊണ്ടു തന്നെ മേൽപറഞ്ഞ കമ്പനികളിൽ ഈ നാട്ടിലെ ജനങ്ങൾക്ക് കാര്യമായ തൊഴിൽ സാധ്യത ഉണ്ടായില്ല. കൺസ്ട്രക്ഷൻ മേഖല ആദ്യകാലത്ത് നല്ലൊരുഭാഗം ജനങ്ങൾക്ക് തൊഴിൽ നല്കി. ഇതിൻെറ ഫലമായി കാർഷികരംഗത്ത് പണിയ്ക്കു തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെട്ടു. ഇന്ന് കൺസ്ട്രക്ഷൻ മേഖലയിലും സ്ഥിരമായി പണി ഇല്ല. അതുകൊണ്ട് വ്യവസായമേഖലയാണെങ്കിലും തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം മറ്റ് പഞ്ചായത്തുകളിൽ നിന്നും ഒട്ടും കുറവല്ല.

സാമൂഹ്യ രാഷ്ട്രീയരംഗങ്ങളിൽ സ്ത്രീകളുടെ പ്രവർത്തനം തീരെ ഇല്ലായിരുന്ന പഞ്ചായത്താണ് ഇത്. പഞ്ചായത്തിൻെറ വിവധ ഭാഗങ്ങളിൽ 1960 കളിൽ തന്നെ മഹിളാ സമാജങ്ങൾ പ്രവർത്തിച്ചിരുന്നു. എങ്കിലും അവരവരുടെ ഗ്രാമം വിട്ടുള്ള പ്രവർത്തനം ഉണ്ടായിരുന്നില്ല. കേവലം കുടുംബിനികളായി ഒതുങ്ങികൂടിയിരുന്ന സ്ത്രീകൾ ജനാധിപത്യസ്ഥാപനങ്ങളിലെ പുതിയ സംവരണവ്യവസ്ഥകളും മറ്റും വന്നപ്പോൾ അവരുടെ പ്രവർത്തനം പൊതുരംഗത്ത് ഉണ്ടായിതുടങ്ങിയിട്ടുണ്ട്.

പഞ്ചായത്തിൻെറ വിസ്തീർണ്ണം 3689 ഹെക്ടർ ആണ് ( 36.89 ച.കി.മി) കൊച്ചിൻ റിഫൈനറിയ്ക്കും, കാർബൺ കെമിക്കൽസ് എന്നീ കമ്പനികൾക്കായി 1025 ഹെക്ടർ ഭൂമി അക്വയർ ചെയ്തു കമ്പനികളുടെ കൈവശമാണ്.

ഈ പഞ്ചായത്തിലെ ജനസംഖ്യ 1991 കാനേഷ് കുമാരി കണക്ക് അനുസരിച്ച് 25506 ആണ്. ഇതിൽ പുരുഷൻമാർ 13118 ഉം സ്ത്രീകൾ 12388 ഉം ആണ്. ഇതിൽ 10934 പുരുഷൻമാരും 9589 സ്ത്രീകളും അടിസ്ഥാനവിദ്യാഭ്യാസം ഉള്ളവരാണ്. മൊത്തം ജനസംഖ്യയിൽ 2363 പുരുഷൻമാരും 2332 സ്ത്രീകളും പട്ടികജാതിയിൽ പെട്ടവരാണ്. പട്ടികവർഗത്തിൽ 34 പുരുഷൻമാരും 28 സ്ത്രീകളുമാണ് ഉള്ളത്. ഈ പഞ്ചായത്തിൽ മൊത്തം വീടുകൾ 5850 ആണ്.

1984 പണി പൂർത്തിയായി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ പഞ്ചയത്തിൻെറ പ്രധാനവരുമാനമാർഗ്ഗങ്ങൾ വീട്ടുകരം തൊഴിൽ നികുതി, കെട്ടിടവാടക, വിനോദ നികുതി, ലൈസൻസ്ഫീസ്, മാർക്കറ്റിൽ നിന്നുള്ള വരുമാനം എന്നിവയാണ്. പുരാതന കാലം മുതൽക്ക് വടവുകോട് കാളച്ചന്ത വളരെ പ്രശസ്തമാണ് എന്നാൽ ഇന്ന് ടി ചന്ത പേരിന് വേണ്ടി മാത്രമെ നടക്കുന്നുള്ളു.

മതസൗഹാർദ്ദത്തിന് ഒരു മകുടോദാഹരണമാണ് ഈ പഞ്ചായത്ത്. ഈ പഞ്ചായത്തിൽ,

ക്യസ്ത്യൻ, നായർ, ഈഴവ, ബ്രാഹ്മണർ, വിശ്വകർമ്മ, പട്ടിക ജാതി, പട്ടിക വർഗ്ഗം , സാംബാവ
മുസ്ലീം തുടങ്ങിയ സമുദായത്തിൽ പ്പെട്ടയാളുകളാണ് താമസിക്കുന്നത്. വിവിധ ജാതിയിൽ
പ്പെട്ടവർ ഏകോദരസഹോദരങ്ങളെപോലെ ഇവിടെ കഴിയുന്നു. ഈ പഞ്ചായത്തിലെ പുത്തൻ
കുരിശ്, വടവുകോട്, കരിമുകൾ, വേളൂർ, ചെറുത്തോട്കുന്നോൽ, കുറ്റ, വരിക്കോലി, അമ്പല
മുകൾ, കരിമുകൾ എന്നീ പള്ളികളിലെ പെരുന്നാളിനും പുത്തൻകാവ് പന്നിക്കുഴി, അയ്യൻകുഴി
കാണിനാട്ഭഗവതി ക്ഷേത്രം അമ്പലമേട് മഹാദേവക്ഷേത്രം എന്നീ ക്ഷേത്രോത്സവത്തിനു
ബ്രഹ്മപുരം, കരിമുകൾ എന്നീ മുസ്ലീം പള്ളി പെരുന്നാളിനും ജാതി മതഭേദമെന്യെ ജനങ്ങൾ
പങ്കെടുക്കുന്നു.

1960 കളിൽ ചുരുങ്ങിയ ഗതാഗതസൗകര്യവും പോലുമില്ലാതിരുന്ന പഞ്ചായത്ത് വിക
സനത്തിൻെറ പാതയിൽ വളരെ ദൂരം സഞ്ചരിച്ച് പഞ്ചായത്തിന് മൊത്തമായി ഒരു നാഗരിക
സ്വഭാവം ഇന്ന് കൈവന്നിരിക്കുന്നു. ഈ വളർച്ചയ്ക്കിടയിലും പഞ്ചായത്തിനെ അലട്ടുന്ന
ഗുരുതരങ്ങളായ പുതിയ പ്രശ്നങ്ങൾ ഉണ്ടായിരിക്കുന്നു. അവയിൽ ചിലത് മാത്രമാണ്. താഴെ
കൊടുത്തിരിക്കുന്നത്.

1. വ്യവസായ ശാലകളിൽ നിന്ന് ഉണ്ടായിരിക്കുന്ന വായു, ജല മലനീകരണം.

2. പട്ടിക ജാതി/പട്ടികവർഗ്ഗവിഭാഗങ്ങൾക്കിടയിൽ ഇന്നും നിലനിൽക്കുന്ന പിന്നോക്കാ
വസ്ഥ.

3. കാർഷിക രംഗത്ത് ഉണ്ടായിട്ടുള്ള ഉൽപ്പാദനമാന്ദ്യവും കൃഷിയോട് പൊതുവെ ഉണ്ടായി
ട്ടുള്ള വിരക്തിയും.

4. വൈദ്യുതി ജലവിതരണരംഗത്തെ കാര്യക്ഷമത ഇല്ലായ്മ.

5. നിലവിലുള്ള സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ചും ജനപങ്കാളിത്തത്തോടെ
പ്രശ്നങ്ങൾ കൈകാര്യം ചെയ്തും പ്രശ്നരഹിതമായ ഒരു പഞ്ചായത്തിനുവേണ്ടി ശ്രമിക്കാം.

കാർഷീക പ്രാധാന്യമായിട്ടുള്ള വടവുകോട് – പുത്തൻ കുരിശ് പഞ്ചായത്ത് കൃഷിയോടനുബന്ധമായി മൃഗപരിപാലനവും നടത്തി പോന്ന പഞ്ചായത്തായിരുന്നു. എന്നാൽ ഇന്ന് മൃഗപരിപാലനം കുറഞ്ഞു കൊണ്ടിരിക്കുകയാണ് കാലി വളർത്തലിനുള്ള ഉൽപാദന ചിലവ് കൂടുന്നതും ജൈവവിളകുറഞ്ഞതും കാർഷിക വൃദ്ധിക്ക് കന്നുകാലികളെ ഉപയോഗിക്കാത്തതും ഇതിനു പ്രധാനകാരണമാണ്. വ്യവസായ അടിസ്ഥാനത്തിൽ അല്ലെങ്കിൽ പോലും 60% കുടുംബങ്ങളിലും മൃഗപരിപാലനം ഉണ്ട്. പശു, എരുമ, ആട്, കോഴി, താറാവ്, എന്നിവയാണ് പ്രധാനമായും ഇന്നുള്ളത്. ലഭ്യമായ കണക്കുപ്രകാരമുള്ള മൃഗങ്ങളുടെ വിവരം പട്ടികതീരിച്ചു കൊടുക്കുന്നു. (1 പട്ടിക) വീടുകളിൽ വളർത്തുന്നതും അലഞ്ഞു തിരിഞ്ഞു നടക്കുന്നതുമായ ധാരാളം നായക്കൾ ഉണ്ട് . കൂടാതെ പന്നിവളർത്തൽ, മുയൽ വളർത്തൽ എന്നിവയും ചിലയിടങ്ങളിൽ ഉണ്ട്. വർഷങ്ങൾക്കു മുമ്പ്, പുത്തൻ കുരിശുപഞ്ചായത്തിന്റെ വിവിധ കാടുകളിൽ കുരങ്ങ്, കുറുക്കൻ, മരപ്പട്ടി, വെരുക്, മുള്ളൻ പന്നി, ഉടുമ്പ്, കീരി, അണ്ണാൻ, വിവിധതരം പക്ഷികൾ മുതലായവ ധാരാളമുണ്ടായിരുന്നു. ഇന്ന് ഇത്തരം മൃഗങ്ങളും പക്ഷികളും ഇല്ല. എന്നാൽ സൈബീരിയൻ ദേശാടന പക്ഷികളുടെ താവളമായി അമ്പലമേട് തടാകം മാറിയിട്ടുണ്ട്. പശു, ആട്, എരുമ എന്നിവയെ പാൽ ആവശ്യത്തിനും കാള, പോത്ത് എന്നിവയെ നിലം ഉഴുവുന്നതിനും ഇറച്ചിക്കും ഉപയോഗിക്കുന്നു. കോഴി, താറാവ് എന്നിവയെ മുട്ടയ്ക്കും,

| വാർഡ് | 1992സെൻസസ്സ് പ്രകാരം വടവുകോട് പുത്തൻ കുരിശ് പഞ്ചായത്തിലുള്ള മൃഗങ്ങളുടെ വിവരം | എണ്ണം |
|---|---|---|
| 1. | നാടൻ പശുക്കൾ | 2018 |
| 2. | കാളകൾ | 307 |
| 3. | സങ്കരയിനം പശുക്കൾ | 1887 |
| 4. | സങ്കരയിനം കാളക്കൾ | 208 |
| 5. | എരുമ | 209 |
| 6. | പോത്ത് | 79 |
| 7. | നാടൻ മുട്ടൻ ആട് | 382 |
| 8. | നാടൻ പെണ്ണാട് | 1350 |
| 9. | പന്നികൾ | 109 |
| 10. | പട്ടികൾ | 1450 |
| 11. | നാടൻ കോഴി | 1452 |
| 12. | സങ്കരയിനം കോഴികൾ | 1356 |
| 13. | താറാവ് | 192 |

അലംബം : മൃഗആസ്പത്രി പുത്തൻ കുരിശ്

ഇറച്ചിക്കും ഉപയോഗിക്കുന്നു. നായ്ക്കളെ കാവൽ മൃഗമായിട്ടാണ് അന്നും ഇന്നും ഉപയോഗിച്ചിരുന്നത്. പശു, ആട്, എരുമ മുതലായവയുടെ പ്രത്യുല്പാദനത്തിന് ആ വർഗത്തിൽ പെട്ട വിത്തുകാള ,മുട്ടനാട്,വിത്തുപോത്ത് എന്നിവയെയാണ് ഉപയോഗപ്പെടുത്തിയിരുന്നത്.

എന്നാൽ ഇന്ന് കൃത്രിമ ബീജസംങ്കലനമാണ് ഈ മേഖലയിൽ ഉപയോഗിപ്പെടുത്തുന്നത്. കന്നുകാലികളെ കാർഷികആവശ്യത്തിനും വീട്ടാവശ്യത്തിനും വാങ്ങി ഉപയോഗിക്കുന്നതിന് ചില പുരാതന മായ ഒരു വിപണന കേന്ദ്രം വടവുകോട്ടിൽ എകദേശം 3 ഏക്കർ സ്ഥലത്ത് ഉണ്ട്. വളരെ പ്രശസ്തമായിട്ടുള്ള ഈ കാളച്ചന്ത ഇന്ന് ഉപയോഗശൂന്യമായിക്കൊണ്ടിരിക്കയാണ് ബ്രഹ്മപുരം ചെല്ലിപ്പാടം പ്രദേശത്ത് വ്യാപാരാടിസ്ഥാനത്തിൽ ഇന്നും കന്നുകാലികളെ വളർത്തി ഉപജീവനം നടത്തുന്ന കുടുംബങ്ങളുണ്ട്. ബ്രഹ്മപുരം ക്ഷീരോൽപാദക സഹകരണ സംഘം പുറ്റമാന്നൂർ ക്ഷീരോൽ പാദക സഹകരണം സംഘം പുത്തൻ കുരിശ് ക്ഷീരോൽപാദക സഹകരണ സംഘം കൂടാതെ പഴന്തോട്ടം ക്ഷീരോൽ പാദക സംഘങ്ങളിൽ കൂടി പാൽ വിറ്റ് ഉപജീവനം നടത്തുന്ന കുടുംബങ്ങൾ ഉണ്ട്.

എത്ര ലീറ്റർ പാൽ ക്ഷീര സംഘങ്ങൾ വഴി കെടുക്കുന്നുണ്ടെന്നുള്ള വിവരം ലഭ്യമല്ല. കൃത്രിമ ബീജ സംങ്കലനം വഴി ഗർഭധാരണം നടത്തിയ വളർത്തുമൃഗങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

| വളർത്തു മൃഗം ഇനം | ആകെ . എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണ ബീജ സങ്കലനം |
|---|---|---|---|
| പശു | 597 | 597 | 65 |
| കിടാരി | 214 | 214 | 59 |
| എരുമ | 19 | 19 | 3 |
| ആകെ | 830 | 830 | 127 |

കൃത്രിമ ബീജ സംങ്കലനം അത്യുൽപാദന ശേഷിയും ഉൽപാദന ക്ഷമതയും വർദ്ധിച്ചിട്ടുണ്ടെങ്കിലും കൃത്യമായ കണക്കുകൾ ലഭിച്ചിട്ടില്ല.

തീറ്റപുൽ കൃഷി വ്യാപകമായി കൃഷി ചെയ്യാത്തത് ഉൽ പാദന ക്ഷമത ഗണ്യമായി വർദ്ധിയ്ക്കുന്നതിന് തടസം നിൽക്കുന്നു.

സങ്കര ഇനങ്ങളായ സനാൽ, ജെംഹരി, തുടങ്ങിയ ആടുകളെ വിതരണം ചെയ്യുകയും. Meat Product of India യുടെ ഒരു ശാഖ പഞ്ചായത്തിൽ തുടങ്ങുകയും വേണം.

ബ്രോയിലർ കോഴികുഞ്ഞുങ്ങളെ വളർത്തി വ്യാപാരാടിസ്ഥാനത്തിൽ വിൽക്കുന്ന ഒരു യൂണിറ്റ് പുറ്റുമനൂർ വാർഡിൽ നിലവിൽ ഉണ്ട് കാലിതീററ, കോഴി തീററ എന്നിവ സ്വകാര്യവ്യാപാരസ്ഥാപനങ്ങൾ വഴിയാണ് വിററഴിക്കുന്നത്. ഇത് തീററകൾക്ക് വിലവർദ്ധനവിന് ഇടയാക്കുന്നുണ്ട്. മുൻപറഞ്ഞ ക്ഷിരോൽപാദക സഹകരണ സംഘങ്ങൾ

വഴിയും സംഘാംഗങ്ങൾക്ക് കാലിതീററ വിതരണം നടത്തുന്നുണ്ട്. മൃഗപരിപാലനത്തിൽ വേണ്ടത്ര വൈദഗ്ദ്യകം കിട്ടുന്നില്ലാത്തത് മൃഗപരിപാലനത്തേ പിന്നോട്ട് അടിപ്പിക്കുന്നു. വിപണന സൗകര്യങ്ങൾ പരിമിതമായ തോതിലെ ഈ പഞ്ചായത്തിലുള്ളു. പുത്തൻ കുരിശ്, കരിമുകൾ, അമ്പലമുകൾ എന്നിവിടങ്ങളിൽ പന്നിവളർത്തൽ വ്യാപാരടിസ്ഥാനത്തിൽ നടത്തിവരുന്നു.

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിനിലവിൽ ഉണ്ട്. മൃഗാശുപത്രിയുടെ പ്രവർത്തനം കർഷകരിലേക്ക് വേണ്ടത്ര എത്തുന്നില്ലായെന്നുള്ള പരാതിയുണ്ട്. ഈ ആശുപത്രിയിൽ ഒരു ഡോക്ടറും മൂന്ന് ജീവനക്കാരുമുണ്ട് ഈ സ്ഥാപനം 2 മണിവരെ പ്രവർത്തിക്കുന്നുള്ളു. ഇത് വൈകിട്ട് 5 മണിവരെ പ്രവൃത്തിക്കുവാൻ കഴിയാത്തതുകൊണ്ട് മൃഗപരിപാലനത്തിന് ദോഷം സംഭവിക്കുന്നുണ്ട്. ലബോറട്ടറി സൗകര്യങ്ങൾ കുറവാണ്. ആവശ്യമായ മരുന്നുകളും ലഭ്യമല്ല. നമ്മുടെപഞ്ചയാത്തിൽ മൃഗാശുപത്രി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി ഒരു ഓഫീസ് വേണം.

## നടപ്പു പദ്ധതികളുടെ അവലോകനം

കഴിഞ്ഞ സാമ്പത്തിക വർഷം മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കിയ സ്ക്കീമുകൾ കോഴികളേയും, ആടുകളേയും, വരിക്കോലി, കുററ, ചോയ്ക്കരമുകൾ, മുപ്പാട്ട് മുകൾ എന്നീ ഹരിജൻ കോളനികളിൽ കൊടുത്തിട്ടുണ്ട്. അതിൻെറ വിവരം പട്ടിക തിരിച്ച് താഴെ കൊടുക്കുന്നു.

പട്ടിക 3

| ക്രമ നമ്പർ | വർഷം | കോളനിയുടെ പേര് | ഗുണ ഭോക്താക്കളുടെ എണ്ണം | ആട് എണ്ണം | കോഴി എണ്ണം | ആകെ |
|---|---|---|---|---|---|---|
| 1. | 1992 | വരിക്കോലി ഹരിജൻ കോളനി | 10 | 3 | - | 30 |
| 2. | 1992 | കുറ്റ ഹരിജൻ കോളനി | 33 | 2 | - | 30 |
| 3. | 1995 | ചോയിക്കര മുകൾ ഹരിജൻ കോളനി | 16 | - | 10 | 160 |
| 4. | 1995 | മുപ്പാട്ട് കോളനി | 35 | - | 10 | 350 |
| ആകെ | | | 94 | 5 | 20 | 606 |

1993 സാമ്പത്തിക വർഷത്തിൽ സ്ക്കൂൾ കുട്ടികൾക്കായി കോഴി കുഞ്ഞുങ്ങളെ നൽകുകയുണ്ടായി. ഗവ: ഹൈസ്ക്കൂൾ അമ്പലമുകൾ, ആർ. എം. എച്ച്. എസ്. വടവുകോട്, എം. ജി. എം. ഹൈസ്ക്കുൾ പുത്തൻ കുരിശ് എന്നി സ്ക്കുളുകളിലാണ് നൽകിയത്. വിശദ വിവരം പട്ടിക തിരിച്ചു താഴെ കൊടുക്കുന്നു.

| ക്രമ: നമ്പർ | സ്ക്കൂളിൻെറ പേര് | കുട്ടികളുടെ എണ്ണം | കോഴികളുടെ എണ്ണം |
|---|---|---|---|
| 1. | ഗവ: ഹൈസ്ക്കൂം അമ്പലമുകം | 30 | 30 x 3= 90 |
| 2. | ആർ. എം. എച്ച്. എസ്., വടവുകോട് | 30 | 30 x 3 90 |
| 3. | എം. ജി. എം. ഹൈസ്ക്കൂം, പുത്തൻ കുരിശ് | 30 | 30=90 |
| | ആകെ | 90 | 270 |

1994 ൽ എം. ജി. എം. ഹൈസ്ക്കൂം, പുത്തൻ കുരിശ് 30 കുട്ടികംക്കായി 90 കോഴി കുഞ്ഞുങ്ങളെ നൽകുകയുണ്ടായി പന്നി കുഞ്ഞുങ്ങളെ 1994 50 % സബ്സിഡി നിരക്കിൽ 50 പേർക്ക് 2 എണ്ണം വച്ച് നൽകുകയാണ്ടായി. 1996-ൽ 4 പേർക്ക് 2 പന്നികുഞ്ഞുളെ വീതം നൽകി. 333 പേർക്ക് ഈ പഞ്ചായത്തിൽ 50% സബ്സിഡി നിരക്കിൽ 3 കോഴികുഞ്ഞുങ്ങളെ വീതം കൊടുക്കുകയുണ്ടായി പേ വിഷബാധയുടെ പ്രതിരോധകുത്തിവയ്പ്പ് 118 നായ്ക്കംക്ക് നൽകുകയുണ്ടായി.

കഴിഞ്ഞ വർഷങ്ങളിൽ കൊടുത്തിട്ടുള്ള കോഴി, ആട്, പന്നി എന്നിവയെ വളർത്തിയെടുക്കുന്നതിന് സമയാസമയങ്ങളിൽ മരുന്നുകം ലഭ്യമല്ലായെന്നുള്ളത് ഈ രംഗത്തെ പോരായ്മയാണ്. ഹരിജൻ കോളനിയിലെ കുടുംബങ്ങളിലെ വളർത്തു മൃഗങ്ങംക്ക് വേണ്ടവിധത്തിൽ മരുന്നുകം നൽകുന്നില്ലായെന്നുള്ള പരാതിയുണ്ട്.

## രോഗവിവരം

ഈ പഞ്ചായത്തിലെ മൃഗങ്ങളുടെ പ്രാധന രോഗങ്ങം ദഹന സംബന്ധമായതും ശ്വാസകോശസംബന്ധമായതും, ഉപായസംബന്ദമായതുമാണ്. കൂടാതെ, ത്വക്ക് രോഗങ്ങം, വൃതരോഗങ്ങം, വന്ധ്യത, അകിട് വീക്കം, മുടന്തൻ പനി എന്നിവയും ഉണ്ട് ധാതു ലവണങ്ങളും അഭാവം മൂലം ഉള്ള രോഗങ്ങളും, പ്രത്യുൽപാദ വ്യവസ്ഥയുമായി ബന്ധപ്പെട്ട രോഗങ്ങളും കണ്ടുവരുന്നുണ്ട്. ഓരോ മൃഗങ്ങളിലും കാണപ്പെട്ട രോഗവിവരങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

| ക്രമ:ന | രോഗങ്ങം | പശു | എരുമ | ആട് | പന്നി | പട്ടി | താറാവ് | പൂച്ച | ആന | കോഴി |
|---|---|---|---|---|---|---|---|---|---|---|
| 1. | ദഹന സംബന്ധമായ | 857 | 16 | 614 | 39 | | | | | |
| 2. | ശ്വാസകോശ സംബന്ധമായ | 132 | - | 36 | 7 | | | | | |
| 3. | ഉപാപചയ സംബന്ധം | 118 | - | 51 | | | | | | |
| 4. | ത്വക് രോഗങ്ങം | 143 | - | 12 | | | | | | |
| 5. | ധാതു ലവണങ്ങളുടെ അഭാവം | 8 | - | 3 | | | | | | |
| 6. | പരാദരോഗങ്ങം | 966 | - | 297 | | | | | | |
| 7. | പ്രത്യുത്പനാദ വ്യവസ്ഥമായ | 179 | - | 48 | 3 | | | | | |
| 8. | വന്ധ്യത | 32 | - | - | | | | | | |
| 9. | അകടി വീക്കം | 84 | - | 29 | | | | | | |
| 10.. | മുടന്തൻ പനി. | 107 | - | - | - | | | | | |

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ, എല്ലാ വാർഡുകളിലും ഉണ്ട്. ഇത് പൊതുജനങ്ങൾക്ക് ഏറെ ശല്ല്യമാണ്. എഫ്. എ. സി.റ്റി. കോമ്പൗണ്ടിലുള്ള കാടുകളിൽ പശു, എരുമ, പോത്ത്, കാള തുടങ്ങിയ മൃഗങ്ങൾ ധാരളമായി ഉണ്ട്. ഇതിൻെറ എണ്ണം തിട്ടപ്പെടുത്താൻ ആവുകയില്ല. കന്നുകാലി വളർത്തുന്ന വീടുകളിൽ ബയോഗ്യാസ് പ്ലാൻറുകൾ അമ്പതുശതമാനത്തോളം കുടുംബങ്ങളിൽ ഉണ്ട്.

പരിഹാര മാർഗ്ഗങ്ങളും സാദ്ധ്യതകളും

1. ഒരു വാർഡിൽ നൂറ് പേർക്ക് എങ്കിലും നല്ലയിനം കന്നുകാലികളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. ആട്, കോഴി, താറാവ്, മുയൽ, എന്നിവയുടെ ഒരു ഫാം വീതം ഓരോവാർഡിലെയ്ക്ക് നൽകുകയും ഇവിടെ നിന്നും ഉണ്ടാകുനന ഉൽപന്നങ്ങൾ ആ വാർഡിൽത്തന്നെയുള്ള ഉപഭോക്താക്കൾക്ക് കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക ഇതിന് ആവശ്യമായിട്ടുള്ള വിപണന കേന്ദ്രം ഒരോവാർഡുകളിലും സ്ഥാപിക്കുക.

2. ഹരിജൻ കോളനികളിൽ ഇന്നു കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ കോളനികളിലെ മുഴുവൻ കുടുംബങ്ങൾക്ക് നൽകുന്നതിനോടൊപ്പം നാല് സെൻറ് കോളനി, ലക്ഷം വീടുകൾ, സെറ്റിൽമെൻറ് കോളനി, എന്നിവകൾക്കും ഇതേ ഇനത്തിലുള്ള ആനുകൂല്യങ്ങൾ നൽകുക.

3. കന്നുകാലികൾ ഉള്ള വീടുകളിൽ തീറ്റപുൽകൃഷി നിർബന്ധിതമാക്കുകയും, വിത്തും വളവും കീടനാശിനികളും വിതണം ചെയ്യുകയും ചെയ്യുക.

4. പ്രതിരോധ കുത്തിവയ്പ്പ് സമയാസമയങ്ങളിൽ നടത്തുകയും മൊബെയിൽ ലാബോറട്ടറി സംവിധാനം ഏർപ്പെടുത്തി ഗൃഹ സന്ദർശനം മാസത്തിൽ ഒരിക്കൽ നടത്തുക.

5. കാണിനാട്, വടവുകോട് വാർഡുകളെ തമ്മിൽ ബന്ധപ്പെടുത്തുന്ന കൊല്ലപ്പടിയിലും കുഴിക്കാട് പുളിയാമ്പിള്ളി മുകളിലും, ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

6. സഹകരണ മേഘലകളിൽ കാലിതീററയും മറ്റും കൊടുക്കുവാനുള്ള വിപണനകേന്ദ്രം അമ്പലമുകൾ, കരിമുകൾ, ബ്രഹ്മപുരം പുററുമാനൂർ, വരിക്കോലി, പുത്തൻ കുരിശ്, വടവുകോട്, കാണിനാട് എന്നിവിടങ്ങളിൽ സ്ഥാപിക്കുക.

7. മൃഗങ്ങളെ പരിപാലിക്കുന്നതിനുള്ള സാങ്കേതിക വിജ്ഞാനം നൽകുക. വീടുകളിൽ, വളർത്തുന്ന കന്നുകാലികൾക്കും ആട്, കോഴി , താറാവ്, എന്നിവയ്ക്കും ഇൻഷുറൻസ് സംവിധാനം ഏർപ്പെടുത്തുക.

8. രണ്ടു കന്നുകാലികളുള്ള എല്ലാ കുടുംബങ്ങളിലും ബയോഗ്യാസ്സ് നൽകുവാനുള്ള സാമ്പത്തികവും സാങ്കേതികവുമായ സഹായം ചെയ്യുക.

9. രണ്ടു കന്നുകാലികളുള്ള എല്ലാ കുടുംബങ്ങൾക്കും തൊഴുത്ത് നിർമ്മിക്കുവാനുള്ള ധന സഹായം നൽക്കുക.

10. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുവാനുള്ള സ്ഥിരസംവിധാനം ഉണ്ടാക്കുക.

11. മൃഗാശുപത്രിയുടെ പ്രവൃത്തനം മെച്ചപ്പെടുത്തുകയും ലബോറട്ടറി സംവിധാനം കാര്യക്ഷമമാക്കുകയും ചെയ്യുക. കുഴിക്കാട് കാണിനാട്, പുററുമാന്നൂർ എന്നിവിടങ്ങളിൽ മൃഗസംരക്ഷണ ഉപകേന്ദ്രം സ്ഥാപിക്കുക.

വടവുകോട് പുത്തൻ കുരിശ് പഞ്ചായത്തിൽ പരമ്പരാഗത മത്സ്യബന്ധനം കുറവുള്ള പ്രദേശമാണ് പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലകളായ ബ്രഹ്മപുരം, അടൂർ വാർഡുകളുമായി ബന്ധപ്പെട്ടുപോകുന്ന ചിത്രപ്പുഴയോരങ്ങളിൽ പരമ്പരാഗതമായി മത്സ്യം പിടിച്ചു ജീവിയ്ക്കുന്ന കുടുംബങ്ങൾ ഉണ്ടായിരുന്നു. ഫാക്ടറികളിൽ നിന്നുള്ള മലിനീകരണം നിമിത്തം മൽസ്യ സമ്പത്തിൻെറ വംശനാശം സംഭവിച്ചതുകൊണ്ട് ഇന്ന് ഒരു തൊഴിലായി മത്സ്യബന്ധനം ഇല്ല. ചൂണ്ട, വീശുവല, തണ്ടാടി വല, വട്ടവല, പിടിയ്ക്കന്നിലേയ്ക്കായി ഇവിടെ ഉപയോഗിച്ചു വരുന്നത്. കൂടാതെ കാലവർഷത്തിന് തൊട്ടു മുൻപ് കുളങ്ങൾ വറ്റിച്ച് മത്സ്യം പിടിയ്ക്കുന്ന രീതിയും പതിവുണ്ട്പുതുമഴയോടനുബന്ധിച്ച് കുളങ്ങളും, തോടുകളും കവിഞ്ഞൊഴുകുമ്പോൾ അതോടൊപ്പം വരുന്ന മൽസ്യങ്ങളെ ''ഊത്ത'' വെട്ടിപിടിയ്ക്ക ഈ കാലങ്ങളിൽ സർവ്വ സാധാരണമാണ്.

ജലാശയങ്ങൾ ചിറകളും കുളങ്ങളും പ്രധാന തോടുകളും കൂടാതെ ചിത്രപുഴയും ആണ് ജലാശയങ്ങളായി ഈ പഞ്ചായത്തിലുള്ളത്. പിന്നെ പാറപ്പൊട്ടിച്ചും മണ്ണെടുത്തും ഉണ്ടായിട്ടുള്ള കൃത്രിമ ജലാശയങ്ങളും ബ്രഹ്മപുരം കരിമുകൾ, അടൂർ എന്നിവടങ്ങളിലുണ്ട്.

ഈ പഞ്ചായത്തിൻൽ 23 പൊതു ചിറകളും 7 പൊതുകുളങ്ങളും ഉണ്ട്.

പഞ്ചായത്തിലുള്ള പൊതു ജലാശയങ്ങളും തോടുകളും സ്വകാര്യവ്യക്തികളുടെ കുളങ്ങളും വെള്ളം കെട്ടിനില്ക്കുന്ന ബ്രഹ്മപുരം, അടൂർ, വടവുകോട് പാടശേഖരങ്ങളിലും മത്സ്യകൃഷി വ്യവസായ അടിസ്ഥാനത്തിൽ ഉത്പാദിപ്പിയ്ക്കാവുന്നതാണ് ചിത്രപുഴയിലേയ്ക്കുള്ള മലിന ജലം ഒഴുക്കുന്നത് തടഞ്ഞാൽ മത്സ്യകൃഷിയ്ക്ക് വിപുലമായ സാധ്യതയുണ്ട്.

ഒരോ ഗ്രാമത്തിലേയ്ക്കും ആവശ്യമുള്ള മത്സ്യം അതതു ഗ്രാമത്തിൽ നിന്നുതന്നെ ഉൽപാദിപ്പിക്കുന്നതിനുള്ള പരിപാടി മത്സ്യവിപണനം പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പാക്കണം.

വളരെ കാലങ്ങളായി മത്സ്യവിപണനവുമായി ബന്ധപ്പെട്ട് പഞ്ചായത്തു വക ഒരു മത്സ്യമാർക്കറ്റ്പുത്തൻ കുരിശിൽ സജീവമായി പ്രവർത്തിയ്ക്കുന്നുണ്ട്ഇവിടെ പ്രധാനമായും വീറ്റഴയുന്നത്. കായൽ മൽസ്യങ്ങളാണ് എന്നാൽ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മത്സ്യം വിററഴിയുന്ന സ്ഥലം കരിമുകളാണ്. ഇവിടെ ഒരു മാർക്കറ്റിനുള്ള സാധ്യതയുണ്ട്. അരയത്തിമാർ വഴിയും. ഇരു ചക്രവാഹനങ്ങൾ ഉപയോഗിച്ചും മത്സ്യവിപണം നടന്നുവരുന്നു.

ഓരോ പ്രദേശത്തെയും ജലാശയങ്ങളുടെ പ്രത്യേകത അനുസരിച്ച് ,ശാസ്ത്രീയമായ സാങ്കേതികവും, സാമ്പത്തീകവുമായ സഹായം കിട്ടുന്നില്ല എന്നുള്ളത് ഈ രംഗത്തെ പോരായ്മയാണ്. മത്സ്യതൊഴിലാളിക്ഷേമ നിധി ബോർഡിൽ അംഗങ്ങളായ 12 തൊഴിലാളികൾ ബ്രഹ്മപുരം പ്രദേശത്ത് ഇവർ മത്സ്യബന്ധനം നടത്തി ജീവിതം പുലർത്തുന്നവരാണ്.

## പരിഹാരമാർഗങ്ങളും സാധ്യതയും

1. ചിത്രപുഴയിലേയ്ക്കുള്ള വിഷജലത്തിന്റെ ഒഴുക്ക് തടയുക.

2. മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

3. മത്സ്യകൃഷിക്ക് സാമ്പത്തീക സഹായം നൽകുക.

4. ശാസ്ത്രീയമായ മത്സ്യ കൃഷിയെക്കുറിച്ച് കൃഷിക്കാർക്ക് വിദഗ്ദരുടെ സേവനം ലഭ്യമാക്കുക.

5. മത്സ്യതൊഴിലാളിക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ അംഗങ്ങളായിട്ടുള്ള ആളുകൽക്ക് അനുവദിക്കുക.

6. പഞ്ചായത്തിൽ മത്സ്യതൊഴിലാളി സഹകരണ സംഘം രൂപവൽകരിക്കുക.

7. ബ്രഹ്മപുരം കോഴിച്ചിറ ബണ്ട് കെട്ടി ഓരു വെള്ളം കയറുന്നത് തടയുക.

8. ഓരോ വാർഡിനും നിശ്ചിത പൊതുജലാശയങ്ങൾ തിരഞ്ഞെടുത്ത് സ്വകാര്യ കുള ഉടമകളെ തിരഞ്ഞെടുത്ത് മത്സ്യകൃഷി നടത്തുന്നതിന് പ്രേരിപ്പിക്കുക.

9. ചിത്രപുഴ, ചെല്ലിപ്പാടം എന്നീ പ്രദേശങ്ങളിൽ പ്രധാനമായും, ചെമ്മീൻ കെട്ട് നടത്താവുന്നതാണ് കരിമീൻ, കണമ്പ്, പൂമീൻ, നരിമീൻ, കൊഞ്ച് എന്നിവയെ പൊതുജലാശയങ്ങൾ തിരഞ്ഞെടുത്ത് താല്പര്യമുള്ള വ്യക്തികൾക്കോ, സമിതികൾക്കോ, കൃഷിചെയ്യുന്നതിന് കൊടുക്കാവുന്നതാണ്. സ്വകാര്യ വ്യക്തികളുടെ കുളങ്ങൾ ഉടമസ്ഥരെ കൊണ്ടു തന്നെ മത്സ്യകൃഷിക്ക് ഉപയുക്തമാക്കാം ഇവയ്ക്കുവേണ്ട സാങ്കേതിക സാമ്പത്തീക സഹായങ്ങൾ പഞ്ചായത്ത് മുൻ കൈയ്യെടുത്ത് ചെയ്യേണ്ടതാണ് തോടുകളിൽ പ്രധാനമായും ഞണ്ട് കൃഷി ചെയ്യാവുന്നതാണ് ബയോഗ്യാസ് പ്ലാൻറുകൾ ഉള്ള വീടുകളിൽ പ്ലാൻറിൽ നിന്നും ലഭിയ്ക്കുന്ന അവശിഷ്ടം മൽസ്യകൃഷിക്ക് തീറ്റയായി ഉപയോഗിക്കാം.

10. കരിമുകളിൽ ഒരു മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.

## ഭൂപ്രകൃതിയും വിഭവങ്ങളും

### ഭൂപ്രകൃതി

ഉയർന്ന കുന്നുകൾ, ചെരുവുകൾ, താഴ്‌വാരങ്ങൾ സമതലങ്ങൾ, ചതുപ്പുകൾ എന്നിവ അടങ്ങിയഈ പഞ്ചായത്തിന്റെ കിടപ്പ് കിഴക്ക് നിന്ന് പടിഞ്ഞാറ് ആണ്.

പുത്തൻ കുരിശ് വാർഡിൽ കൊട്ടോട്ടിമലയുടെ ചരിവ് പുത്തൻകരിശ് ടൗണിന്റെ അടുത്തുവരെയും, പന്നികുഴിപാടത്തിനടുത്തേക്കും ചെരിഞ്ഞ് കിടക്കുന്നു. വടയംബാത്തുമല, പള്ളത്തുമാരി പാടശേഖരത്തിലേക്കും കൊങ്ങിണി മല പന്നിക്കുഴി പാടശേഖരത്തിലേക്കും, എള്ളുമലമൂലേകുഴി പാടശേഖരത്തിലേക്കും, പടിഞ്ഞാറ്, പീച്ചിങ്ങചിറ താഴേക്കും കരിമുകൾ കോളനിയുടെ വേളൂർ പാടത്തേക്ക് ചാഞ്ഞ് കിടക്കുന്നു.

## വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്




| | | | | | |
|---|---|---|---|---|---|
| | ചതുപ്പ് പ്രദേശം | 230 Hecter | 6.25 % | കരി | FACT. CRL എന്നിവടങ്ങളിൽ നിന്നുള്ള മലിനജലപ്രശനം |
| | താഴ്‌വര | 486 Hecter | 14.96 % | മണൽ കലർന്ന പശിമരാശി മണ്ണ | HOC, CRL, CACIL എന്നിവടങ്ങളിൽ നിന്നുള്ള മലിന ജലപ്രശ്നം |
| | ചരിഞ്ഞ പ്രദേശം | 1494 Hecter | 39.4 % | ചെങ്കൽ മണ്ണ് കളിമണ്ണ് | മണ്ണെടുപ്പ് മണ്ണൊലിപ്പ്, FACT, CRL, HOC, CACILഎന്നിവിട ങ്ങളിൽ നിന്നുള്ള വായു, ശബ്ദ മലിനീകരണം |
| | ഉയർന്ന ലാക്ടറേറ് സമതലം | 498 Hecter | 13.5 % | ചെങ്കൽ മണ്ണ് | ഫാക്ടറികളിൽ നിന്നുള്ള വായു ശബ്ദ മലിനീ കരണം ക്വാറി മണ്ണെടു പ്പുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങരം |
| | വ്യാവ സായിക പ്രദേശം | 1290 Hecter | 35 % | ജലാശയം | വായു, ജല ഭൂമലിനീകരണം |
| | ഫാക്ട് ഡാം | 37.86 Hecter | 1.02 % | | മണ്ണൊലിപ്പ് |

വരിക്കോലി വാർഡിൽ പെരുന്താറ മുകൾ പുത്തൻകുരിശ് മൂവാറ്റുപുഴ എൻ. എച്ച് റോഡ് വരെ ചരിഞ്ഞു കിടക്കുന്നു. വരിക്കോലി നിർമ്മൽ ഭാഗം വരിക്കോലി പാടശേഖരത്തിലേക്ക് ചാഞ്ഞു കിടക്കുന്നു. പുത്തൻ കുരിശ് കത്തോലിക്ക പള്ളിയിരിക്കുന്ന ഉയർന്ന ഭാഗം പുത്തൻ കുരിശ് ടൗണിലേയ്ക്കും മത്തോക്കിത്താഴം റോഡിലേയ്ക്കും മാണ ് ചെരിവ്. പുററുമാനൂർ പണിക്കോട്ടുമുകൾ പണിക്കോട്ട് പാടേശഖലത്തിലേക്കു ചരിഞ്ഞു കിടക്കുന്നു. വേളൂർ പള്ളി യിരിക്കുന്ന ഉയർന്ന ഭാഗം വേളൂർ പാടശേഖരത്തിലേക്കാണ് ചരിഞ്ഞിരിക്കുന്നത് ബ്രഹ്മപുരം വാർഡിലെ പള്ളിമുകൾ മേച്ചിറപ്പാട്ട് പാടശേഖരത്തിലേക്കും തോലശ്ശേരി പാടശേഖരത്തിലേക്ക് ചെരിഞ്ഞു കിടക്കുന്നു. കൊച്ചിൻ കടലാസ് ഇരിക്കുന്ന ബ്രഹ്മപുരത്തെ ഉയർന്ന പ്രദേശം ചെല്ലിപ്പാടത്തേയ്ക്കും കടമ്പ്ര പുഴ ഭാഗത്തേക്കും ചെരിഞ്ഞു കിടക്കുന്നു. വടവുകോട് ചോയ്ക്കരമുകൾ വടവുകോട് വയലിലേക്കും ആലുവ പുത്തൻ കുരിശ് റോഡിലേയ്ക്കു ചെരിഞ്ഞു കിടക്കുന്നു. വടവുകോട് ചൊവ്വാട്ടു മുകൾ ചക്കിളിചിറ ഭാഗത്തേക്ക് കുര്യൻസ് റോഡിൻെറ തുടക്കഭാഗത്തേകും ചെരിഞ്ഞു കിടക്കുന്നു. കിഴക്കേ കുററമററപ്പള്ളി പാടശേഖരത്തിലേക്ക് ചെരിഞ്ഞു കിടക്കുന്നു. വടവുകോട് പള്ളി ഇരിക്കുന്ന ഉയർന്ന പ്രദേശം വടവുകോട് കവലയിലേക്കും പൂച്ചകുഴി പാടശേഖരത്തിലേക്കും ചെരിഞ്ഞു കിടക്കുന്നു. കുററ കോളനി വാട്ടർ ടാങ്ക് ഇരിക്കുന്ന ഉയർന്ന പ്രദേശം കുററ പാടശേഖരത്തിലേക്കും ചരിഞ്ഞു കിടക്കുന്നു.

താഴ്‌വരകളായി പന്നിക്കുഴി, പീച്ചിങ്ങച്ചിറ ഭാഗം , മൂലേക്കുഴി, പെരുമ്പിള്ളി മൂല, കടമ്പേത്തു മൂല, എന്നിവയാണ് ഈ പഞ്ചയാത്തിലെ പ്രധാന താഴ് വരകൾ, മറ്റു പ്രദേശങ്ങൾ തിരസമതലത്തിൽപ്പെട്ട സ്ഥലങ്ങളാണ്. ബ്രഹ്മപുരം ചെല്ലിപ്പാടം, അടൂർ ഏറ്റിക്കര ചിത്രപ്പുഴ ഭാഗം, ബ്രഹ്മപുരം വടക്കൻ കരി പ്രദേശം, ബ്രഹ്മപുരം മൂലേതുളി, വടവുകോട് പൂച്ചക്കുഴി പാടം, ഏലോത്തിത്താഴം, ചക്കിള്ളി ച്ചിറ പാടശേഖരം കാണിനാട് വാർഡിൽ ഏളാക്കാട്ട് മൂല, ഒലിച്ചുറത്തു താഴം, കുററ പാടശേഖലം, ചാത്തനിങ്ങാട് എന്നി പ്രദേശങ്ങളാണ് ചതുപ്പായി അറിയപ്പെടുന്നത് വാർഡ് 1.2.3,4.5, 6. എന്നിഇവിടങ്ങളിൽ പൂർണ്ണമായും അന്തരീക്ഷ മലീനികരണം നിലനിൽക്കുന്നതു കൊണ്ട് ചില സമയങ്ങളിൽ ഏറേ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. കൃഷി പൂർണ്ണമായി ചിലയിടങ്ങളിൽ ചെയ്യാതെ ഇരിക്കുകയോ കൃഷി ചെയ്താൽ നശിക്കുന്ന സ്ഥിതിയുമുണ്ട്. വിവിധ തരത്തിലുള്ള കൃഷികളാണ് സസ്യാവരണമായിട്ടുള്ളത്.

ബ്രഹ്മപുരം മുതൽ അടൂർ വരെയുള്ള ചിത്രപ്പുഴ കുററ മുതൽ വടവുകോട് കാണിനാട് പുററുമാന്നൂർ പുത്തൻ കുരിശ് അമ്പലമുകൾ എഫ്. എ.സി.റ്റി. എന്നി വാർഡുകളിൽ കൂടി കടന്ന് പോകുന്നില്ലെങ്കിലും പെരിയാർ വാലികനാലിൽ നിന്നുള്ള ജലം ലഭ്യമാണ് എല്ലാ വാർഡുകളിലുമുള്ള ചിറകളും, കുളങ്ങളും, തോടുകളും, ജലലഭ്യമായിട്ടുള്ളതാണ്. ചുണ്ടിവാട്ടർ അതോറിറ്റിയുടെ കീഴിൽ പഞ്ചായത്തിൽ വിതരണം നടത്തുന്ന കുടിവെള്ളവും, കുററ കരിമുകൾ കോളനി എന്നിയിവിടങ്ങളിലെ ലിഫ്ററ് ഇറിഗേഷൻ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള പതിനേഴ് കുഴൽ കിണറുകളും ജലലഭ്യതയുടെ ഉറവിടങ്ങളാണ്. ഭൂപ്രകൃതി സംബന്ധിച്ചിട്ടുള്ള പഠന പര്യടനത്തിൽനിന്നും ലഭിച്ചിട്ടുള്ള ഭൂപടങ്ങളും വിവരണങ്ങളും (ട്രാൻസെക്ടി)താഴെ കൊടുക്കുന്നു.

നമ്മുടെ പഞ്ചായത്തിൻെറ ഭൂവിനിയോഗവും ഭൂപ്രകൃതിയും കണക്കിലെടുത്ത് ഭൂമേഖലയെ ആറുവിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

*1. ചതുപ്പു പ്രദേശം*

ബ്രഹ്മ പുരം പാടശേഖരത്തിലെ വടക്കൻ കരി, കോഴിച്ചിറ ബമണ്ടുമുതൽ തെക്കോട്ട് അടൂർ പാടശേഖരം വരെ 230 ഹെക്ടർ പ്രദേശം ചതുപ്പ് ആണ്. മുൻകാലങ്ങളിൽ നെൽകൃഷി ചെയ്തിരുന്ന ഈ പ്രദേശം ഇന്ന് എഫ്. എ.സി.റ്റി. സി. ആർ. എൽ. എന്നീ ഫാക്ടറികളിൽ നിന്നുള്ള ജല മലിനീകരണം മൂലം കൃഷി യോഗ്യമല്ലാതായിരിക്കയാണ് ചിത്രപുഴയുടെ തീരമായ ഈ പ്രദേശം നമ്മുടെ പഞ്ചായത്തിൻെറ പടിഞ്ഞാറേ അതിരുകൂടിയാണ്.

*2. താഴ്വാരം*

കാണിനാട് പാടം, രാമല്ലൂർപാടം, വടവുകോട് പാടം, വരിക്കോലി പാടം, പുറ്റുമാനൂർ പാടം, പുത്തൻ കുരിശ് പാടം, കുററപാടം, കുഴിക്കാട് പാടം എന്നിവയാണ് പഞ്ചായത്തിലെ മുഖ്യ താഴ്വാര പ്രദശേങ്ങൾ. ഏറെ വീതിയില്ലാതെ കിഴക്കുനിന്നും പടിഞ്ഞാറേക്ക് ചാഞ്ഞു കിട്ക്കുന്ന ഈ പ്രദേശം നമ്മുടെ നെല്ലറകൂടിയാണ് മണൽ കലർന്ന പശിമരാശി മണ്ണാണിവിടെയുള്ളത്. പഞ്ചായത്തിൻെറ വിസ്തൃതിയുടെ 13% ഈ താഴ്വര ആണ്.

*3. ചരിഞ്ഞ പ്രദേശം*

പഞ്ചായത്തിൻെറ ഭൂവിസ്തൃതിയുടെ 39.4% ത്തോളം ചരിഞ്ഞ പ്രദേശമാമ്ഇതികുത്തനെ ചരിഞ്ഞ പ്രദേശമാണ്. കൂടതലും. ചെങ്കൽ മണ്ണാണ് ഈപ്രദേശംമുഴുവനും, നീർമേൽ, വടയമ്പാത്തുമാല, പുത്തൻകുരിശ്പൈങ്ങാലിപീടികഎന്നീപ്രദശേങ്ങളിൽ കനത്ത തോതിൽ മണ്ണെടുപ്പ് നടക്കുന്നുണ്ട്. ഭാവിയിൽ നീർവാർച്ചക്കും മറ്റും ഭീഷണിയായി ഈ പ്രക്രിയ മാറാവുന്നതാണ്.

*4. ഉയർന്ന ലാക്റേറ്റ് സമതലം*

കോടിയാട്ടു മല, വടവുകോട് , കൊട്ടോടിമല മുതൽ പടിഞ്ഞാറുഭാഗത്തേക്ക് നീണ്ട് അമ്പലമുകൽ വരെ എത്തുന്ന ഭൂ ഭാഗവും, പന്നിക്കോട്, പുലിയാമ്പിള്ളിമുകൾ, പള്ളിമുകൾ, മുതൽ ബ്രഹ്മപുരം വരെ നീണ്ടു കിടക്കുന്ന ഭൂവിഭാഗവും ചേർന്നതാണ് ഈ പ്രദേശം. മൊത്തം വിസ്തൃതിയുടെ 13.5% മാത്രമാണിത്. ഇവിടത്തെ മണ്ണ് ചെങ്കൽ ഇനത്തിൽ പെട്ടതാണ്.

*5. വ്യവസായ വൽകൃത പ്രദേശം*

FACT, കൊച്ചിൻ റിഫൈനറി ഒ. സി., സി. ആർ. ബി. എൽ., ഭാരത് പെട്രോളിയം, ബി. ഡി. പി. പി., സി. എ. സി. ഐ. എൽ. എന്നീ വൻ വ്യവസായശാലകൾ നമ്മുടെ പഞ്ചായത്തിൻെറ 35% ത്തോളം ഭൂമി കൈയ്യടിക്കിയിട്ടുണ്ട്. അതാതു ഫാക്ടറികൾക്കനുയോജ്യമായ മാറ്റങ്ങൾ ഈ പ്രദേശത്ത് അവർ നടത്തുന്നുണ്ട് ഗ്രാമ പഞ്ചായത്തിന് ഈ ഭൂവിഭാഗത്ത് നേരിട്ടൊരിടപെടൽ സാധ്യമല്ല.

പഞ്ചായത്തിലെ ഏറ്റവും വലിയ ജലാശയം എഫ്. എ. സി. റ്റി. ഡാം ആണ്. പെരിയാർ വാലി കനാലാണ് ഈ ജലാശത്തിൻെറ മൂല്യ സ്രോതസ്സ്.

പഞ്ചായത്തിലെ മണ്ണിൻെറ ഘടന നീർവാഴ്ച്ചയുള്ളതും, മണ്ണിൻെറ സ്വഭാവത്തിൽ അമ്ലാശം കൂടുതലുള്ളതും ജൈവാംശം കുറഞ്ഞതുമാണ്. പാക്യജനകം, ഭാവക, ക്ഷാരം ഇവ സാമാന്യം ഉണ്ട്.

## കാലാവസ്ഥ

ജൂൺ, ജൂലൈ, ആഗസ്ററ്, മാസങ്ങളിൽ കൂടുതൽ മൺസൂൺ മഴലഭിക്കുന്നത്.. കൂടാതെ ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവാർഷവും, ഏപ്രിൽ മെയ് മാസങ്ങളിൽ ഇടമഴയും കിട്ടുന്നുണ്ട്. മഞ്ഞുകാലം ആരംഭിക്കുന്നത് ഡിസംബർ ജനുവരി, മാസങ്ങളിലാണ്,ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മെയ് മാസങ്ങളിൽ ഉഷ്ണകാലവുമാണ്. കാലവർഷത്തിലാണ് കൂടുതൽ മഴലഭിക്കുന്നത്.

## ഭൂവിനിയോഗം

നെൽകൃഷി, റബ്ബർ, നാണ്യവിളകൾ എന്നിവയ്ക്കായിട്ടാണ് കൂടുതലും, ഭൂവിനിയോഗം ചെയ്യുന്നത്. രണ്ടു വില്ലേജ് കളിലായിട്ടാണ് പഞ്ചായത്തിൻെറ ഭൂമികിടക്കുന്നത് വടവുകോട് വില്ലേജ് നിലം 30.6806 ഹെക്ടർ പുത്തൻ കുരിശ് വില്ലേജ് നിലം 455 ഹെക്ടർ, പുരയിടം, വടവുകോട് വില്ലേജിൽ 202.8908 ഹെക്ടർ പുത്തൻ കുരിശ് വില്ലേജിൽ 2182 പുരയിടവുമാണ് ഉള്ളത്.

പുറമ്പോക്കുഭൂമി വടവുകോട് വില്ലേജിൽ 17-6249 ഹെക്ടറും പുത്തൻ കുരിശ് വില്ലേജിൽ 355 ഹെക്ടർ ഉണ്ട് പുറമ്പോക്കു ഭൂമിയിൽ റോഡു പുറമ്പോക്ക്, കുളങ്ങൾ ചിറ തോടുകൾ, മൈതാനങ്ങളും കാള ചന്ത, സസ്യമത്സ്യ മാർക്കറ്റുകളും എന്നിവ ഉൾപ്പെടുന്നു.

## ജൈവസമ്പത്ത്

സസ്യ സമ്പത്താണ് ഈ പഞ്ചായത്തിൽ കൂടുതലായിട്ടുള്ളത് മൃഗസംമ്പത്തിനെകുറിച്ചുള്ള വിവരങ്ങൾ മൃഗസംരക്ഷണ അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട് നമ്മുടെ ഇവിടെ കണ്ടുവരുന്ന പക്ഷി സമ്പത്തായി കാക്ക,കൊക്ക് , മൈന, പ്രാവ്, അടയ്ക്ക പക്ഷി, എന്നിയാണ് കൂടുതലുള്ളത്, വന്യമൃഗങ്ങളോ അപൂർവ്വ സസ്യങ്ങളോ ഇപ്പോൾ പഞ്ചായത്തിൽ ഇല്ല. എന്നാൽ എഫ്.എ. സി.റ്റി കോമ്പൗണ്ടിലുള്ള വനങ്ങളിൽ നിരവതി പോത്ത്, കാള പശു എന്നിവയുണ്ട്. ഈ കാടുകളിൽ തന്നെ മലപാമ്പുകളും വിവിധ തരം പക്ഷികളും ധാരാളം ഉണ്ട്.

## കൃഷിയും ജലസേചനവും

പൂർണ്ണമായും കർഷക മേഖലയായിരുന്ന പഞ്ചായത്തിലെ 2500 ഏക്കറോളം കൃഷി ഭൂമിവിവിധ കാലഘട്ടങ്ങളിലായി വ്യവസായ സ്ഥാപനങ്ങൾക്കായി അകവയർ ചെയ്യപ്പെട്ടു. ഭൂപരിഷ്ക്കരണത്തിൻെറ ഫലമായി ചെറുകിടകർഷകരുടെ എണ്ണം വർദ്ധിക്കുകയും വൻകിടകർഷകർ പരിമിതപ്പെടുകകും ചെയ്തു. പ്രധാന മായും നെല്ല് , തെങ്ങ്, കവുങ്ങ്,റബ്ബർ വാഴ, കുരുമുളക്, പയർ, പച്ചക്കറികൽ വെറ്റില ക്കൊടി, ഇഞ്ചി, മഞ്ഞൾ, ചേന മുതലായവ ആയിരുന്നു. തൃപ്പൂണിത്തുറ പുത്തൻ കുരിശ് എന്നീ ചന്തകളെ കേന്ദ്രീകരിച്ചാണ് ഉൽപന്നങ്ങൾ വിറ്റഴിക്കപ്പെട്ടിരുന്നത്. കന്നുകാലികളെ ഉപയോഗിച്ച് നെൽകൃഷിയിടങ്ങൾ ഉഴുത് വിത്തിടുന്നത് പതിവായിരുന്നു. ഇന്ന് ഉഴവ് നടത്തുന്നതിന് കന്നുകാലികളെ ഉപയോഗിക്കാറില്ല. പകരം ട്രാക്ടർ ടില്ലർ എന്നിവ ഉപയോഗിക്കപ്പെടുന്നു. വളരെ പ്രശസ്തമായി എല്ലാ മലയാളമാസവും ഒന്നാം തീയതിയും 16-ാം തീയതിയും വടവ്കോട്ടിൽ നടന്ന് വന്നിരുന്ന കാളചന്ത ഇന്ന് ഏതാണ്ട് ഇല്ലാതായി.



വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത്
വിളകളുടെ പട്ടിക
P - നെല്ല്
R - റബ്ബർ
T·K - തെങ്ങ്, കവുങ്ങ്
N
W
E
S
ഐക്കരനാട് പഞ്ചായത്ത്
കുന്നത്തുനാട് പഞ്ചായത്ത്
ചതുപ്പ്
BDPP
IV
FACT
BLANK
CRL
HOC
V
R
P
VI
T·K
II
T
K
VII
XI
X
1
III
VIII
IX
NH·49
ചതുപ്പ്
പൂത്രിക്ക പഞ്ചായത്ത്
തിരുവാങ്കുളം പഞ്ചായത്ത്
തിരുവാണിയൂർ പഞ്ചായത്ത്

മഴയെ ആശ്രയിച്ചാണ് പ്രധാനമായും കൃഷി ഇന്നും നിലനില്ക്കുന്നത് കരിമുകം, കുററ എന്നിവടങ്ങളിൽ രണ്ട് ലിഫ്ററ് ഇറിഗേഷൻ, പദ്ധതികൾ ഉണ്ട്. പ്രകൃതി ദത്തമായ നീർച്ചാലുകൾ ഇല്ല. നിരവധി കുളങ്ങളിലും ചിറകളിൽ നിന്നും വരുന്ന ജലവും 1970 -കളിൽ നിർമ്മിക്കപ്പെട്ട പെരിയാർ വാലി കനാലിൽ നിന്നുള്ള ജലവും നിരവധി ചെറുതും വലുതുമായ തോടുകളിൽ കൂടി കൃഷിയിടങ്ങളിൽ എത്തുന്നു. ഭൂമിയുടെ വിവരങ്ങൾസംബന്ധിക്കുന്ന പട്ടിക കൊടുക്കുന്നു.

| ക്രമ: നമ്പർ | ഇനം | വിസ്ത്രീർണ്ണം വടവുകോട് | പുത്തൻ കുരിശ് |
|---|---|---|---|
| 1. | നിലം | 31.000 | 455 ഹെ: |
| 2. | പുരയിടം | 202.000 | 1338 |
| 3. | പുറമ്പോക്ക് | 18.000 | 355 |
| 4. | കൃഷി യോഗ്യത തരിശ് | | |
| 5. | കൃഷി യോഗ്യമല്ലാത്ത തരിശ് | | |
| ആകെ | | 251.00 | 3438 |
| പഞ്ചായത്തിലെ ആകെ വിസ്ത്രീർണ്ണം | | 3243.1963 | |

## വിളചേരുവയും ഉൽപാദന ക്ഷമതയും

വടവുകോട്പുത്തൻകുരിശ്പഞ്ചായത്തിൽനെല്ല്, റബ്ബർ, തെങ്ങ്, കവുങ്ങ്, എന്നിവയാണ് മുഖ്യവിളകൽ, നെല്ല് ഒന്നാം വിള സമയ്ത് 750 ഹെക്ടറിലും, 2-ാം വിളയായി 850 ഹെക്ടറിലും 3-ാം വിളയായി 500 ഹെക്ടറിലും കൃഷിചെയ്യുന്നു. തെങ്ങ് 800 ഹെക്ടറിലും, കവുങ്ങ്, 110.40 ഹെക്ടറിലും കൃഷിചെയ്യുന്നു. വിളകളെ സംബന്ധിച്ച വിവരവും ഉൽപാദന ക്ഷമതയും പട്ടിക തിരിച്ച് കൊടുക്കുന്നു.

| ക്ര:മ | വിള | വിസ്ത്രീർണ്ണം | മൊത്തമം ഉൽപാദനം ഹെക്ടർ സ്ഥലത്ത് |
|---|---|---|---|
| 1. | നെല്ല് ഒന്നാം വിള | 750 | 1950 Kg. |
| 2. | നെല്ല് രണ്ടാം വിള | 850 | 2100 Kg. |
| 3. | നെല്ല് (മൂന്നാം വിള | 500 | 1800 Kg. |
| 4. | പയർ | 15 | 1900 Kg. |
| 5. | എള്ള് | 2 | 2500 Kg. |
| 6. | പച്ചകറികൾ | 65 | 50 MT |
| 7. | തെങ്ങ് | 800 | 20 MT |
| 8. | വാഴ | 200 | 473 T |
| 9. | മരിച്ചീനി | 10 | 6250 Kg. |
| 10. | കുരുമുളക്ക് | 165 | 5000 Kg. |
| 11. | കശുമാവ് | 14 | 10 Kg. |
| 12. | മാവ് | 85 | 150 Kg. |
| 13. | റബ്ബർ | 1200 | 15 Kg. |
| 14. | കാവുങ്ങ് | 110.40 | 250 Kg. |
| 15. | പൈനാപ്പിൾ | 60 | 300 Kg. |
| 16. | വെറ്റില ക്കൊടി | 4 | 150 T |

വിള ചേരുവകളുടെ പൊതുസ്വഭാവം റബ്ബർ കൃഷി വ്യാപകമാക്കുന്നു. നെൽപാടങ്ങൾ നികത്തി പൈനാപ്പിൽ കൃഷി ചെയ്യുന്ന ഇടവും ഏറിവരികയാണ്. പച്ചക്കറി,. കൃഷി വ്യാപാര അടിസ്ഥാനത്തിൽ നടത്തപ്പെടുന്നില്ല. 800 ഹെക്ടറിലായി കൃഷിചെയ്യുന്ന തെങ്ങുകളെ സംബന്ധിച്ച വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

തെങ്ങ് കൃഷിയെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ: | തെങ്ങ് എണ്ണം | | | | | രോഗം ബാധിച്ച തെങ്ങ് | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽട്ട് | ലീഫ് റോട്ട് | ബഡു റോട്ടു | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| I | 140 | 2000 | 1500 | 3500 | 500 | 1000 | 750 | 5 | 500 | 2755 |
| II | 25 | 500 | 1500 | 2000 | 250 | 1000 | 200 | - | 500 | 1950 |
| III | 60 | 1200 | 1600 | 2800 | 300 | 1500 | 500 | 4 | 750 | 4054 |
| IV | 15 | 500 | 750 | 1250 | - | 800 | 400 | - | 300 | 1700 |
| V | 20 | 700 | 1400 | 2100 | 800 | 450 | 320 | - | 50 | 2070 |
| VI | 15 | 600 | 900 | 1500 | 300 | 600 | 550 | - | 250 | 1700 |
| VII | 160 | 7000 | 5800 | 12800 | 600 | 1000 | 500 | - | 750 | 250 |
| VIII | 105 | 4500 | 4100 | 8600 | 3200 | 570 | 300 | - | 1050 | 28500 |
| IX | 90 | 3200 | 4100 | 8600 | 3200 | 570 | 300 | - | 1050 | 5120 |
| X | 120 | 5000 | 5100 | 10100 | 600 | 1100 | 750 | - | 600 | 3700 |
| XI | 150 | 7000 | 6300 | 13300 | 400 | 1500 | 850 | - | 700 | 3450 |

## ജലസേചന സൗകര്യങ്ങൾ

കാർഷിക അഭിവൃദ്ധിക്കാ വശ്യമായ ജലസേചനസൗകര്യം വേണ്ടത്ര ലഭ്യമല്ലാത്ത പഞ്ചായത്ത് ആണ്. ഇത്നിലവിലുള്ള ജലസേചന സൗകര്യങ്ങൾ അശാസ്ത്രിയമായിവിഭാവനം ചെയ്തതുകൊണ്ടും. സമയാസമയങ്ങളിൽ അറ്റകുററ പണി ചെയ്യാത്തതുകൊണ്ടും വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. തോടും, ചിറകളും, കുളങ്ങളും കെട്ടി സംരക്ഷിക്കാത്തതുമൂലം ജലസേചന ആവശ്യത്തിനായി പൂർണ്ണായി ഉപയോഗപെടുത്താൻ ആകുന്നില്ല. പ്രധാനമായി മഴയെ ആശ്രയിച്ചുള്ള കാർഷിക വ്യവസ്ഥയാണ് ഈ പഞ്ചായത്തിൽ ഉള്ളത്. കാലവർഷത്തിൽ ആണ് ഏറ്റവും കൂടുതൽ മഴലഭിക്കുന്നത്. തുലാവർഷത്തിലും മഴ ലഭ്യമാണ്. ഇതിനിടയിൽ ഇടമഴ മൂന്നുപ്രാവശ്യം മെങ്കിലും ലഭിക്കാറുണ്ട്. ഇടമഴ ലഭിച്ചു കഴിഞ്ഞാൽ പച്ചക്കറി വിത്തുകളും കാച്ചിൽ, ചേന, ചേമ്പ്, ,തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും കപ്പയും മറ്റും

നടുന്നു. ഈ ഇട മഴ പലപ്പോഴും മാവ്, നെല്ല്, എന്നിവ പൂക്കുന്ന സമയത്ത് ദോഷവും ചെയ്യാറുണ്ട്.

പരിസ്ഥിതി പ്രശ്നങ്ങൾ നിമിത്തം കാലാകാലങ്ങളിൽ മഴവേണ്ട സമയത്ത് ചെയ്യുന്നതിൽ 10 വർഷങ്ങൾക്കുള്ളിൽ മാററം വന്നിട്ടുണ്ട്. ചിത്രപുഴ, അമ്പലമേട്, കുഴിക്കാട് ബ്രഹ്മപുരവുമായി ബന്ധപ്പെട്ടു ചിത്രപുഴ ഒഴുകുന്നുണ്ടെങ്കിലും പഞ്ചായത്തിൻെറ കാർഷിക മേഖലയ്ക്ക് ഉപകരിക്കുന്നില്ല. വർഷകാലങ്ങളിൽ ഈ പുഴിയിലെ വെള്ളം കാർഷിക മേഖലയ്ക്ക് ദോഷവും ചെയ്യുന്നുണ്ട്.

ഉപരിതല ശ്രോതസ്സുകൾ കുളങ്ങൾ, ചിറകൾ, തോടുകൾ എന്നിവയാണ്.

25 ഹെക്ടർ 15 ആർ 142 ചതുരശ്രമീറ്റർ തോടും

6 ഹെക്ടർ 26 ആർ കിണറും

3 ഹെക്ടർ 66 ആർ 74 ചുതരശ്ര മീറ്റർ കുളവും

3 ഹെക്ടർ ചിറയും

44 ആർ 45 ചതുരശ്ര മീറ്റർ ചാലും

80 ഏക്കർ വരുന്ന പുഴയും ഈ പഞ്ചായത്തിൽ ഉണ്ട് പ്രധാനപ്പെട്ട കുളങ്ങളുടെ ചിറകളുടെയും വിവരങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്.

വ്യവസായിക കാർഷിക ആവശ്യത്തിലേക്കായി ഈ പഞ്ചായത്തിലൂടെ 32 ഹെക്ടർ 46 ആർ 127 ചതുരശ്രമീറ്റർ കനാഗ നിർമ്മിച്ചിട്ടുണ്ട് 7 കിലോ മീറ്ററോളം പെരിയാർ വാലി മെയിൽ കനാൽ നിർമ്മിച്ചിട്ടുണ്ട്, വടവുകോട്, പുത്തൻ കുരിശ്, എന്നീവാർഡുകളിലൂടെ കടുന്നുപോകുന്നു, കൊല്ലപ്പടി എം. ഡി. സമ്പ് കനാൽ, കരിമുകൾ വാർഡിൽ നിന്ന് ആരംഭിച്ച് പുറ്റുമാനൂർ, വരിക്കോലി വാർഡുകളിൽ എത്തുന്ന മാമല എം.ഡി. കനാലിൽ നിന്നും പുറ്റുമാനൂർ പന്നിക്കോട്ടു സ്ഥലത്തുനിന്നാരംഭിച്ച് ചാലിക്കരയ്ക്കു പോകുന്ന പുറ്റുമാനൂർ എഫ്. എസ്. കനാലും. ജലസേചന സൗകര്യത്തിനായി ഉപയോഗപെടുത്തുന്നുണ്ട്. ടി കനാലുകളിൽ കൂടി കാർഷിക അഭിവൃദ്ധിയ്ക്കാവശ്യമായ ജലം സമയാസമയങ്ങളിൽ ലഭ്യമല്ല. കൊല്ലപ്പടി എം. ഡി. കനാൽ കരകവിഞ്ഞ് ഒഴുകുന്നതുകൊണ്ട് വടവുകോട് ഏലോത്തിതാഴം പാടശേഖരം കൃഷി ചെയ്യാൻ സാധിക്കുന്നില്ല.

കുറ്റഹരിജൻ കോളനിയിൽ 40 ഹെക്ടർ സ്ഥലത്ത് ജലം എത്തിക്കുന്നതിനുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും, കരിമുകൾ ഹരിജൻ കോളനിയിൽ 50 ഏക്കർ സ്ഥലത്ത് ജലം എത്തിക്കുന്നതിനുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും ഈ പഞ്ചായത്തിൽ ഉണ്ട്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ രണ്ടും പ്രവർത്തന രഹിതമാണ്

17 കുഴൽ കിണറുകൾ ഉണ്ടെങ്കിലും കൃഷി ആവശ്യത്തിന് ഉപയുക്തമല്ല. കാർഷിക വികസനം ലക്ഷ്യമാക്കി കൃഷിക്കാരന് സബ്സിഡി കൊടുത്തു കൊണ്ട് കൃഷി ഭവൻ മുഖേന കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 450 പമ്പ് സെറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.

കാണിനാട് വാർഡിൽ തൊടുവയിൽ നിന്നും ഒലിപ്പുറത്തു താഴം വരെയുള്ള തോട് പുതിയ റോഡ്വന്നതുമൂലം മൂടിപ്പോയി. നിലവിലുള്ള തോടുകൾ പലതും ആഴവും വീതിയും കുറഞ്ഞ് സസ്യലതാദികൾ വളർ ന്ന് ജലസേചനത്തിന് അസൗകര്യമായി മൂടപ്പെട്ടു കിടക്കുന്ന സ്ഥിതിയിലാണ് . പറമ്പ് ജലസേചനം പഴയ കാലത്ത് വ്യാപകമായ രുന്നുവെങ്കിലും ഇന്ന്

കൂടുതൽ ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നില്ല. പാഴായി പോകുന്ന മഴവെള്ളം ഉപയോഗപെടുത്തുന്നതിനുള്ള യാതൊരുസംവിധാനവും ഇന്ന് നിലവിൽ ഇല്ല. നീർമറി അടിസ്ഥാനമാക്കിയിട്ടുള്ള മണ്ണ് സംരക്ഷണവും, ജലസംരക്ഷണവും ആവശ്യാനുസരണം നടത്താൻ കഴിഞ്ഞിട്ടില്ല. ഡ്രിപ്പ്, സംപ്രിം ഗ്ളർ തുടങ്ങിയ ജലസേചന സൗകര്യങ്ങാം പരിമിത മായേ പഞ്ചായത്തിൽ ഉള്ളൂ.

## ഉൽപന്നങ്ങളുടെ വിലയും വിപണനവും

കാർഷിക ഉൽപന്നങ്ങളുടെ വിപണനം പ്രധാനമായും സ്വകാര്യകമ്പോളത്തെയാണ് ആശ്രിയിക്കുന്നത്യ. സഹകരണ മേഖലയിലൊ, സർക്കാർ മേഖലയിലൊ വടവുകോട്പുത്തൻ കുരിശ് പഞ്ചായത്തിൽ വിപണന കേന്ദ്രങ്ങാം ഇല്ല. കാർഷിക ഉൽപന്നങ്ങാം കൂടുതലും ഇടത്തട്ടുകാർ ആണ് വാങ്ങിക്കുന്നത്. പൊതുവായ വിപനകേന്ദ്രത്തിൻെറും, സംഭരണകേന്ദ്രത്തിൻേറയും അഭാവം മൂലം ഉൽപാദന ചിലവ് അനുസരിച്ചുള്ള വില കാർഷിക ഉൽപന്നങ്ങാംക്ക് കൃഷിക്കാരന് ലഭിക്കാറില്ല. ഇത് കൃഷി നടത്തുന്നതിന് വിമുഖ മനോഭാവം ഉണ്ടാക്കുന്നതിന് കാരണമാകുന്നു. അതി പുരാതന മായിട്ടുള്ള പഞ്ചായത്ത്‌വക മാർക്കറ്റ് പുത്തൻ കുരിശിൽ പ്രവർത്തിച്ചുവരുന്നു. ഏതാനും വർഷങ്ങാംക്കുമുമ്പു കൊടുക്കൽ വാങ്ങലിനുള്ള കാർഷിക ഉൽപന്നങ്ങാം ഈ പഞ്ചായത്തിലും പരിസര പ്രദേശത്തും ഉൽപാദിപ്പിക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് പുറം നാടുകളിൽ നിന്നുള്ള ഉൽപന്നങ്ങാം കൊണ്ടുവന്നാണ് ഇവിടെ വിറ്റഴിക്കുന്നത്. ഇത് ഈ പ്രദേശത്തെ കാർഷിക ഉൽപാദനരംഗത്ത് മുരടിപ്പ് അനുഭവപ്പെട്ടിരിക്കുന്നു എന്നാണ് കാണിക്കുന്നത് കൃഷിക്കാരൻ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ വില വിവര പട്ടിക താഴെ കൊടുക്കുന്നു.

| ക്രമ: | | വില |
|---|---|---|
| 1. | അടയ്ക്ക (കിൻെറൽ ) | 5300.00 |
| 2. | തേങ്ങ (100 എണ്ണം) | 600.00 |
| 3. | കുരുമുളക്(ക്വിൻെറൽ) | 8200.00 |
| 4. | റബ്ബർ (ക്വിൻെറൽ) | 4200.00 |
| 5. | ചുക്ക് (ക്വിൻെറൽ) | 4500.00 |
| 6. | മഞ്ഞാം (ക്വിൻെറൽ) | 2500.00 |
| 7. | കച്ചോലം (ക്വിൻെറൽ) | 3000.00 |

## കാർഷിക ബന്ധങ്ങളും വിളക്രമവും

കാർഷിക നിയമം വരുന്നതിനുമുമ്പും അതിനു ശേഷവും പാട്ടവും, വാരവുമായിരുന്നു കാർഷിക ബന്ധങ്ങളുടെ സ്വഭാവം. സ്വയം പണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണം കുറഞ്ഞു കൊണ്ടിരിക്കുന്നു. 20 വർഷം മുമ്പുണ്ടായിരുന്ന ഇടത്തരം കർഷകർ കർഷകതൊഴിലാളി എന്ന നിലയിലേക്കും, മറ്റു തൊഴിൽ മേഖലയിലേക്കും മാറിയിട്ടുണ്ട്. കർഷക തൊഴിലാളികളുടെ എണ്ണം 65%ത്തോളം വരുന്നു. ഭൂമി തുണ്ടമായത് കാർഷിക മേഖലയുടെ വികസനത്തെ

സാരമായി ബാധിച്ചിട്ടുണ്ട്. കൃഷി ലാഭമായിരിക്കാത്തതിൻെറ ഒരു പ്രധാന കാരണം ഇതാണെന്നു പറയാം. ഇതിനുള്ള പരിഹാരം കർഷകരുടെ കൂട്ടായ്മയിലൂടെ കണ്ടെത്തേണ്ടതുണ്ട്. ടി പഞ്ചായത്തിലെ വടവുകോട്, പുത്തൻ കുരിശ് വില്ലേജുകളിലായി രേഖപെടുത്തപ്പെട്ട ഭൂമിയുടെ വിവരം താഴെ കൊടുക്കുന്നു.

| ഭൂമി സംബന്ധിച്ച വിവരങ്ങം ഭൂമിയുടെ വിസ്ത്രീർണ്ണം (ഏക്കറിൽ) | | | | | | ഉമടസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വില്ലേജിൻെറ പേര് | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1-10 സെൻറ് | 10-25 സെൻറ് | 25-50 സെൻറ് | 50-100 സെൻറ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിനുമേൽ |
| വടവുകോട് | 501 | 76 | 44 | | 621 | 178 | 165 | 161 | 114 | 100 | 64 | 4 |
| പുത്തൻ കുരിശ് | 2182.64 | 455.13 | 355.90 | | | 1861 | 2096 | 1560 | 1059 | 672 | 300 | 58 |
| ആകെ | 2683/64 | 531/13 | 399/90 | | 621 | 2039 | 2261 | 1721 | 1173 | 772 | 364 | 62 |

## പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങം

അവലംബം പുറമ്പോക്ക് രജിസ്റ്ററിൽ നിന്ന് (വിസ്ത്രീർണ്ണം ഏക്കറിൽ)

| | റോഡ് | തോട് | കുളം | കാളവയൽ | റവന്യൂ | കനാൽ | പബ്ലിക്ക് | വായന ശാല | പബ്ലിക്ക് ഹൗസ് | പുഴ ചാൽ |
|---|---|---|---|---|---|---|---|---|---|---|
| വടവുകോട് | 11.0528 | 1.1749 | 0.9069 | 0.8700 | 0.9547 | 2.5893 | 0.0563 | 0.0200 | . | . |
| പുത്തൻ കുരിശ് | 78.22 | 19.98 | 2.7605 | . | . | 29 | . | . | . | |
| | | | | | | | | | 0.0031 | 44.45 |

അവലംബം വടവുകോട് പുത്തൻ കുരിശ് വില്ലേജ് ആഫീസ്

ഈ പഞ്ചായത്തിലെ പ്രകൃതിദത്തമായ മല നിരകളിൽ നിന്ന് മണ്ണ് നീക്കം ചെയ്ത് നിരപ്പാക്കുന്നതുകൊണ്ട് കാർഷിക കാലാവസ്ഥയിലും നീർവാർച്ചക്കും അപകടകരമായ ഭീഷണി നേരിട്ടു കൊണ്ടിരിക്കുകയാണ്. വരിക്കോലി , പുത്തൻ കുരിശ് പുറ്റുമാനൂർ, കാണിനാട് എന്നീവാർഡുകളിൽ ആണ് മണ്ണെടുപ്പ് വ്യാപകമായിട്ടുള്ളത് ഭൂവുടമളേയും, കൃഷിക്കാരേയും ബോധവാൻ മാരാക്കികൊണ്ട്ഇത്തരം പ്രവണതകം ഇല്ലാതാക്കേണ്ടത് ആണ്. നെൽ കൃഷി ചെയ്തു കൊണ്ടിരുന്ന പാടശേഖരങ്ങളും മറ്റും മണ്ണിട്ട് നികത്തി മറ്റ് ആവശ്യങ്ങംക്കുവേണ്ടി വിനിയോഗിക്കുന്നത് നിരുൽസാഹപ്പെടുത്തുന്നതോടൊപ്പം ഭൂവിനിയോഗ ചട്ടപ്രകാരം നടപടിഎടുക്കേണ്ടതും ആണ്. ഇങ്ങനെ ചെയ്തില്ലെങ്കിൽ നെൽകൃഷി പാടെ ഇല്ലാതാകുന്ന സ്ഥിതിയിലേക്ക് എത്തപ്പെടും. കൃഷിഭൂമി തരിശിടുന്ന പ്രക്രിയ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 1,2,3,4, വാർഡുകളിൽ ചിത്രപുഴ മുതൽ കുഴിക്കാട് വരെയുള്ള പാടശേഖരവും, ബ്രഹ്മപുരം ചെല്ലിപ്പാട പ്രദേശവും എച്ച്, ഒ. സി. , സി.ആർ. എൽ, എഫ്, എ. സി.റ്റി. എന്നീവൻകിട കമ്പനികളിൽ നിന്നുള്ള അന്തരീക്ഷമലിനീകരണവും, ജല മലിനീകരണവും മൂലം കൃഷി ചെയ്യാതെ തരിശായികിടക്കുന്നു കാർബൺ ആൻെറ് കെമിക്കൽസ് കമ്പനിയിൽ നിന്നുള്ള മലിനീകരണം നിമിത്തം മേച്ചിറപ്പാട്ട് താഴം മുതൽ കുഴിയാഞ്ഞാൽ പാടം വരെയുള്ള പാടശേഖരത്തിലെ കൃഷി മുരടിച്ചു കൊണ്ടിരിക്കുകയാണ് വടവുകോട് വാർഡിലെ ചക്കിചിറപാടശേഖരം, എലോത്തിതാഴം , പുതുശ്ശേരി താഴം എന്നീ പാടശേഖരങ്ങളിൽ ചില കൃഷിക്കാർ തങ്ങളുടെ ഭൂമി തരിശ്ശിട്ടിരിക്കുകയാണ്. കൃഷിക്കാവശ്യമായ ജലം ആവശ്യത്തിനുള്ള പാടശേഖമാണിത്, എന്നിട്ടും കൃഷി ഭൂമിതരിശ്ശിടാനുള്ള കാരണം കൃഷിലാഭകരമല്ലാത്തതുകൊണ്ടും കൃഷിപ്പണിക്കാവശ്യമായ ജോലിക്കാരെ ലഭിക്കാത്തതുക്കൊണ്ടുമാണ്.

ഈ പഞ്ചായത്തിലെ വരിക്കോലി പാടശേഖരമൊഴിച്ച് എല്ലായിടത്തും 3 പൂ കൃഷിയാണ്. കനാൽ വെള്ളം കിട്ടുന്നതിനുള്ള സൗകര്യം യഥാസമയം ഉണ്ടാക്കിയാൽ ഈ പാടശേഖരത്തിലും മൂന്ന് പൂകൃഷിചെയ്യാൻ കഴിയും. നിലവിൽ ഇരുപ്പൂകൃഷിക്ക് ഇടയ്ക്ക് ഈ പാടശേഖരത്ത് മാതൃകാപരമായി പച്ചക്കറി കൃഷി നടത്തുന്നുണ്ട്.

വിളക്രമങ്ങളുടെ വിവരം പരിശോധിക്കുമ്പോൾ പൊതുവിൽ റബ്ബർ, നെല്ല്, തെങ്ങ്, കവുങ്ങ്, എന്നിവയാണ് പ്രധാനമായും കൃഷിചെയ്യപെടുന്നത്. ഇതിൽ റബ്ബർ , നെല്ല് ഒഴിച്ച് മറ്റ് വ്വിളകളുടെ ഇടയിൽ ഇടവിളയായി കൊക്കോ, ജാതി എന്നിവ കൃഷി ചെയ്യുന്നു. വാഴപ്രധാനമായും കൃഷിചെയ്യുന്നത് കുഴിക്കാട്, അമ്പലമുകൾ, പുറ്റുമാനൂർ, വരിക്കോലി, കാണിനാട്, വടവുകോട്, പുത്തൻ കുരിശ് എന്നീ വാർഡുകളിൽ ആണ് അമ്പലമേട് വ്യാവസ മേഖല ഒഴിച്ചുള്ള പ്രദേശത്ത് കുരുമുളക് കൃഷി വ്യാപകമായി കൊണ്ടിരിക്കുകയാണ്. കുഴിക്കാട്, വരിക്കോലി, വടവുകോട്, കാണിനാട്, പുറ്റുമാനൂർ എന്നിവിടങ്ങളിൽ വെറ്റില കൃഷി നാമമാത്രമായി നടത്തിവരുന്നു. അടൂർ വാർഡിൽ വ്യാപകമായ തോതിൽ വെറ്റില കൃഷി നടത്തി വ്യാപാരം ചെയ്തു കൊണ്ടിരുന്നതാണ്. മലിനീകരണം നിമിത്തം ഇന്ന് കൃഷിക്കാരൻ ആ ഭാഗങ്ങളിലെ വെറ്റില കൃഷി ഉപേക്ഷിച്ചിരിക്കുകയാണ്.

വരിക്കോലി വാർഡിൽ പച്ചക്കറികൃഷി വ്യാപാര അടിസ്ഥാനത്തിൽ ചെയതു വരുന്നു (നെൽപാടത്ത് ഇടവിളയായി) ഒരുകുടുംബത്തിൻെറ സ്വന്തം ആവശ്യത്തിനുപോലും പച്ചക്കറി ഉൽപാദിപ്പിക്കാൻ ആരും തയ്യാറല്ല. നല്ലവിത്തിനങ്ങൾ കിട്ടാത്തതും, വിദഗ്ദോ പദേശം ലഭിക്കാത്തതും പച്ചക്കറി കൃഷിയുടെ അഭാവത്തിന് കാരണമായിട്ടുണ്ട്.

എല്ലാ വാർഡിലും വ്യാപകമായി കൊണ്ടിരിക്കുന്ന പൈനാപ്പിൾ കൃഷിയും പഞ്ചായത്തിൽ ഉണ്ട് ഈ കൃഷിയുടെ പരക്കെയുള്ള സ്വഭാവം ഭൂമി പാട്ടത്തിനെടുത്ത് കൃഷിയിറക്കുകയാണ് . 15 വർഷങ്ങൾക്കുമുമ്പ് 90% വീടുകളിലും സ്വന്തം ആവശ്യത്തിനും, വ്യാപാരആവശ്യത്തിനും കൃഷിചെയ്തുകൊണ്ടിരുന്ന വിളയാണ് മരച്ചീനി. ഇത് ഇന്ന് കൃഷി യിടങ്ങളിൽ നിന്നും മാറ്റപെട്ടുകൊണ്ടിരിക്കുകയാണ് തൽസ്ഥാനത്ത് റബ്ബർ മുതലായ നാണ്യവിളകൾ കയ്യടക്കികൊണ്ടിരിക്കുകയാണ്.

## കൂലിസേവന വ്യവസ്ഥകൾ

കാർഷികമേഖലയിലെ ജോലിസമയം 95% ഭാഗത്തും 8മണിക്കൂർ ആണ്. കാണിനാട് വാർഡിൽ കുറ്റപ്രദേശത്ത് ഉച്ചവരെയാണ് കൃഷിപണി. കാർഷിക മേഖലയിൽ ജോലി സാധ്യത കുറഞ്ഞുവരികയാണ്. മുഖ്യമായും റബ്ബർ കൃഷിയെ ആശ്രയിച്ചുള്ള ജോലിയാണ് പഞ്ചായത്തിൽ തെങ്ങ് തോട്ടങ്ങളും, കവുങ്ങിൻ തോട്ടങ്ങളും കിളച്ച് നന്നാക്കി കൊണ്ടിരിക്കുന്ന നാളുകൾ ഇന്നു ഇല്ലാതായികൊണ്ടിരിക്കുന്നു. കാർഷിക ഉൽപന്നങ്ങളുടെ വിലയും ഉൽപാദന ചിലവിൻെറ ഭാഗവമായ കൂലിയും പൊരുത്തപെട്ടുപോകാത്തത് ആണ് ഒരു കാരണം. ആവശ്യത്തിന് കർഷകതൊഴിലാളികളെ ജോലി ചെയ്യുന്നതിന് കിട്ടാതെ വരുന്നു. ഉഴവ്, ഞാറ് നടീൽ എന്നിവ ഇന്ന് അപൂർവ്വ സ്ഥലങ്ങളിലേയുള്ളു. ഈ രംഗത്തെ ഗൗരവപരമായ സംഗതി കൊയ്ത്ത്, മെതി, തേങ്ങയിടൽ എന്നീ ജോലികൾക്ക് ജോലിക്കാരെ കിട്ടാതെ വരുന്നു. എന്നതാണ് കാർഷിക രംഗത്ത് ജോലിയെടുക്കുന്ന കർഷകതൊഴിലാളികൾ ഇത്തരം ജോലിചെയ്യാൻ വിമുഖത കാണിക്കുന്നതിൻെറ പ്രധാന കാരണം തങ്ങളുടെ അദ്ധ്വാനത്തിനും, സമയത്തിനും അനുസരിച്ചുള്ള കൂലി ലഭ്യമല്ല എന്നതുകൊണ്ടാണ് നെൽ കൃഷിക്കാരനെ സംബന്ധിച്ച് ഇന്നത്തെ സ്ഥിതിയിൽ മേൽ പറഞ്ഞ ജോലിക്ക്, ഇന്നത്തേക്കാൾ കൂടുതൽ കൂലി കൊടുക്കുവാൻ സാധിക്കുകയില്ല. കൊയ്ത്ത്, മെതി , തുടങ്ങിയ ജോലികൾക്ക് ഇന്നുള്ള കൂലി വ്യവസ്ഥയ്ക്ക് മാറ്റം വരുത്തിയാൽ മാത്രമേ ഇതിന് പരിഹാരമാവൂ. ഇതിന് കൃഷിക്കാരന് സഹായ പദ്ധതികൾ ആവിഷ്കരിച്ച് ഗവൺമെൻറോ, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളോ,നടപ്പിലാക്കണം, കാർഷികരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് വ്യവസ്ഥാപിതമായ മിനിമം കൂലിയേക്കാൾ കൂടുതൽ ആണ്. ഇന്ന് ഈ പഞ്ചായത്തിലെ കൂലിനിരക്ക് റബ്ബർ കൃഷിക്കാരനും റബ്ബർ കൃഷിമേഖലയ്ക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തെറ്റായ പ്രവണതകൾ പലയിടത്തും നിലനിൽക്കുന്നു. ഉദാഹരണത്തിന് ഒരു ദിവസം തന്നെ പല റബ്ബർ കൃഷിമേഖലയ്കക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തെറ്റായ പ്രവണതകൾ പലയിടത്തും നിലനിൽക്കുന്നു. ഉദാഹരണത്തിതന് ഒരു ദിവസം തന്നെ പല റബ്ബർ തോട്ടങ്ങളിലായി തൊഴിലാളികൾ തങ്ങളുടെ തൊഴിവുകൾ ഏറ്റെടുത്ത് നടത്തികൊണ്ട് പോകുന്നത് റബ്ബർ കൃഷിക്കാരന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

ഇത്തരം സാഹചര്യം മൂലം റബ്ബർ കൃഷിക്കാരൻെറ നിത്യേനയുള്ള വരുമാനത്തിന് കോട്ടം സംഭവിക്കുന്നുണ്ട് ഈ പഞ്ചായത്തിൽ വളരെ പെട്ടെന്ന് വ്യാപകമായതും ലാഭകരവുമായി നടത്തുന്ന റബ്ബർ കൃഷി ഭാവിയിൽ നെൽകൃഷിപോലെ തന്നെ നഷ്ടമായി തീരുവാൻ സാധ്യതയുണ്ട്. കാരണം കൃഷിക്കാരന് ഉൽപന്നത്തിൻെറ വില ഉയരുന്നില്ല. ഉൽപാദനചിലവ് അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുന്നതിന് അനുസരിച്ച് ഉൽപ്പന്നങ്ങളുടെ വില വർധിക്കാത്തതാണ് ഇതിന് കാരണം.

## രോഗങ്ങളും വള ഉപഭോഗവും

അമ്പലമുകൾ, കുഴിക്കാട്പുററുമാനൂർ എന്നീ വാർഡുകളിൽ തെങ്ങിന് കാറ്റു വീഴ്ചയും അന്തരീക്ഷ മലിനീകരണം സംബന്ധമായ രോഗങ്ങളും കണ്ടുവരുന്നു. നെല്ലിന് കുലവാട്ടം, പോളചീയൽ, എന്നിവയും , റബ്ബറിന് പട്ടമരവിപ്പും ദൃശ്യമാണ്. കരിമുകൾ,ബ്രഹ്മപുരം പ്രദേശത്ത് തെങ്ങിന് മുൻപറഞ്ഞ രോഗങ്ങളും, കുരുമുളകിന് ദ്രുതവാട്ടവും , വാഴയ്ക്ക് കൂമ്പടപ്പ് രോഗവും കണ്ടു വരുന്നു. പുത്തൻകുരിശ് കാണിനാട്, വടവുകോട് വാർഡിൽ തെങ്ങിന് ഓലവാട്ടം, മണ്ടചീയൽ എന്നിവ കണ്ടുവരുന്നു.

കാർഷിക വിളകൾക്കുണ്ടാകുന്ന രോഗങ്ങൾക്കും കീടബാധകൾക്കും കീടനാശിനികളും കുമിൾ നാശിനികളും ഉപയോഗിച്ചുവരുന്നു. രാസവളങ്ങളുടെ അമിത ഉപയോഗമുലവും ഉൽപാദന ചെലവ് വർദ്ധിക്കുകയും മണ്ണിൻെറ അമ്ലത്തം കൂടി ഉൽപാദനക്ഷമത കുറയുകയും ചെയ്യുന്നു. ഈ രാസവളങ്ങളുടെ ഉപയോഗത്തിന് അനുപാതികമായി ജൈവവളം ഉപയോഗിച്ചാൽ മാത്രമേ പ്രശ്നത്തിന് പരിഹാരമാകൂ. ആയതിന് കൃഷിക്കാരനെ പ്രേരിപ്പിക്കുകയും സാമ്പത്തിക സഹായം നൽക്കുകയും വേണം.

## നടപ്പു പദ്ധതികളുടെ അവലോകനം

8-ാം പഞ്ചവൽസര പദ്ധതിയ്ക്കു കീഴിൽ വടവുകോട്- പുത്തൻ കുരിശ് പഞ്ചായത്തിലെ കാർഷീക അഭിവൃദ്ധിയ്ക്കുവേണ്ടി വിവിധ വകുപ്പുകൾ വഴി വിവിധ സ്കീമുകൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ലഭ്യമായ വിവരങ്ങൽ താഴെ കൊടുക്കുന്നു.

## JRY ആക്ഷൻ പ്ലാൻ

കുളം, ചിറ, ജലസേചനപദ്ധതി എന്നിവയിലേക്കായി 632095 രൂപ ചെലവഴിച്ചു. തോട് കെട്ടി സംരക്ഷിക്കുന്നതിനായി 778295 രൂപ ജനറൽ സെക്ടർ ഇനത്തിലും പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിലേക്കായി 45000 രൂപയും ചെലവഴിച്ചു. 1993- 94 വർഷത്തിൽ കാണിനാട് വാർഡിൽ കുറ്റഭാഗത്ത് ലിഫ്റ്റ് ഇറിഗേഷൻ ടാങ്കിൻെറ അത്യാവശ്യഅറ്റകുറ്റപണിക്കൾക്കായി 1100569 രൂപയും ചെലവഴിക്കുകയും ഉണ്ടായി. ഈ പദ്ധതിപ്രകാരം 40 ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യം ഉണ്ടാവാൻ സാധിച്ചിട്ടുണ്ട്. ചുറ്റുമാനൂർ തോട്. വീതികൂട്ടി സൈഡ് കെട്ടുന്നതിലേക്കായി 1995-96 വർഷത്തേക്ക് 167563 തുകയും ചെലവഴിച്ചു. പെരിയാർ വാലി ജലസേചന പദ്ധതി പുത്തൻകുരിശ്വടവുകോട്പഞ്ചായത്തിൽ നടത്തിയിരിക്കുന്ന പണികളെ കുറിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

## വടവുകോട് ബ്രാഞ്ചു കനാൽ

വടവുകോട് ബ്രാഞ്ചിൽ 3 കാഡ സമിതികൾ രൂപീകരിച്ച് 2 സമിതിയുടെ ജോലികൾ തീർത്തിട്ടുള്ളതാണ്.

| | | |
|---|---|---|
| 1) | F.C. from spout No. 1 to 3 and 1to 5 of Vadavucode m.n. 1st reach. | Rs. 1,00,000/- പണിതീർന്നു. |
| 2) | F.C. from spout No. 1 to 3 of Vadavucode 3 rd reach. | Rs. 1,00,000/- പണിതീർന്നു. |
| 3) | F.C. from spout No. 1 to 4 and of Vadavucode 4 th reach. | Rs. 1,00,000/- പണി |

## എഫ്.എ.സി.റ്റി. ഫീഡർ കനാൽ

ഫീഡർ കനാലിൽ 4 കാഡ സമിതികൾ രൂപീകരിച്ചിട്ടുണ്ട് പണികൾ തടുങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) F.C. from spout No. 1 of feeder canal 1st reach. — Rs. 1,29,000/-

2) F.C. from spout No. 1 of feeder canal 2nd reach. — Rs. 1,94,000/-

3) F.C. from spout No. 1and 2 of feeder canal 3rd reach. — Rs. 2,28,000/-

4) F.C. from spout No. 3 of feeder canal 3rd reach. — Rs. 1,70,000/-

## പുത്തൻ കുരിശ് ബ്രാഞ്ച് കനാൽ

പുത്തൻ കുരിശ് ബ്രാഞ്ച് കനാലിൽ 5 സമിതികൾ രൂപീകരിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 8200 - ൽ ഇടിഞ്ഞുപോയ ഭാഗത്ത് കോൺക്രീറ്റ് ചെയ്ത് ജലസേചനം ലഭ്യമാക്കുന്നതിനുവേണ്ടി 1,50,000/- രൂപയുടെ പണി ടെണ്ടർ ചെയ്ത് എഗ്രിമെൻറ് വച്ചിട്ടുള്ളതാണ്. പണിനടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) F.C. from spout No. 1 to 7 of Puthencruz M.D. 1st reach. — Rs. 2,17,000/-

2) F.C. from spout No. 8 to 10 of Puthencruz M.D. 1st reach. — Rs. 1,83,000/-

3) F.C. from spout No. 11 of Puthencruz M.D. 1st reach. — Rs. 2,23,000/-

4) F.C. from spout No.1 of Puthencruz M.D. 2nd reach. — Rs. 2,36,000/-

5) F.C. from spout No. 2 to 4 of Puthencruz M.D. 2nd reach. — Rs. 72,,000/-

## പിണർ മുണ്ട ബ്രാഞ്ച് കനാൽ

പിണർ മുണ്ട ബ്രാഞ്ച് കനാലിൽ ഒരു കാഡസമിതി ഉണ്ടാക്കുകയും ജോലി പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്,

1) F.C. from spout No. 1 to 5 of Pinermunda M.D. — Rs. 1,28,000/- പണിതീർന്നു.

കൂടാതെ 2 സമിതികൾ ഉണ്ടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) F.C. from spout No. 1 to 5 of Pinermunda M.D. — Rs. 2,00,000/-

2) F.C. from spout No. 12 to 17 of Pinermunda M.D. — Rs. 1,80,000/-

## മാമല ബ്രാഞ്ച് കനാൽ

മാമല ബ്രാഞ്ച് കനാലിൽ രണ്ട് കാഡസമിതികൾ ഉണ്ടാക്കുകയും ഒന്നിൻെറ പണിപൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. മാമാല ബ്രാഞ്ചിൽ നിന്നും തിരിയുന്ന വേളൂർ എഫ് സി. യുടെ 2 സമിതികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മാമാല ബ്രാഞ്ചിൽ നിന്നും തിരിയുന്ന പുറ്റുമാനൂർ എഫ്.സി.യുടെ 2 സമിതികൾ രൂപീകരിക്കുകയും

ഒരു സമിതിയുടെ ജോലികൾ തീർന്നിട്ടുള്ളതും ആണ്.

| | | |
|---|---|---|
| 1) | F.C. from spout No. 1 to 4 of Mamala M.D. | Rs. 1,50,000/- |
| 2) | F.C. from spout No. 1 to 5 of Puttumanoor M.D. | Rs. 1,34,000/- പണിതീർന്നു. |
| 3) | F.C. from spout No. 5 to 7 of Mamala M.D. | Rs. 1,28,000/- പണിതീർന്നു. |
| 4) | F.C. from spout No. 6 to 11 of Puttumanoor M.D. | Rs. 1,80,000/- പണിതീർന്നു. |

മാമാല ബ്രാഞ്ചിൽ 2 സമിതികൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് കൂടാതെ 1450 മീറ്റർ വരുന്ന ഭാഗത്ത് 150 മീറ്റർ നീളത്തിൽ കനാൽ ലൈനിങ്ങ് നടത്തി 85,000/- രൂപ ചിലവിൽ പണി പൂർത്തിയാക്കി യിട്ടുണ്ട്. കൂടാതെ മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാകനാലുകളുടെയും അറ്റാക്കുറ്റപണിക്കൾക്കായി 1,00,000/- രൂപയുടെ എസ്റ്റിമേറ്റ് നൽകിയിട്ടുള്ളതാണ്. ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 4,88,000/- ചിലവിൽ ഫാം റോഡ് പദ്ധതിയിൽ പെടുത്തി മാമല ഫീഡർ കനാൽ ബണ്ടുകൾ ബന്ധപെടുത്തിറോഡ് പണിപൂർത്തികരിച്ചിട്ടുള്ളതാണ്.

കൃഷി ഭവൻ മുഖേനേ വരംച്ച 500 ഹെക്ടർ എന്നീ ഇനത്തിൽ 347 പേർക്കായി 74040 രൂപ ചിലവഴിച്ചു. 1995-96 -ൽ വെള്ളപൊക്കം 300 ഹെക്ടർ വരംച്ച 500 ഹെക്ടർ കൊടുങ്കാറ്റ് 700 ഈ ഇനങ്ങളിൽ 135 പേർക്കായ് 76670 തുക ചെലവഴിക്കുകയുണ്ടായി.

# കാർഷിക ഉപകരണങ്ങൾ

കാർഷിക ഉപകരണങ്ങൾകൊടുത്തതിൻെറ പട്ടിക താഴെ കൊടുക്കുന്നു.

| വാർഡ് | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പെയർ | മറ്റുള്ളവ | നാപ്സാക്ക് സ്പ്രെയർ | മെതിയന്ത്രം | തെങ്ങു കയറ്റയന്ത്രം | ഷോർട്ടഫിംസ പമ്പു സെറ്റ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| I | - | - | 5 | 4 | 9 | - | - | - | 1 |
| II | - | - | 3 | 2 | 5 | - | - | - | 1 |
| III | - | - | - | 2 | 5 | - | - | - | - |
| IV | - | - | - | 5 | 8 | - | - | - | - |
| V | - | - | - | 4 | 5 | - | - | - | - |
| VI | - | - | - | 1 | 2 | - | - | - | 1 |
| VII | - | - | - | 6 | 10 | - | - | - | 4 |
| VIII | - | - | - | 5 | - | - | - | - | - |
| IX | - | - | - | 5 | 9 | - | - | - | 2 |
| X | - | - | - | 4 | 5 | - | - | - | 1 |
| XI | - | - | - | 5 | 8 | - | - | - | 3 |

അവലംബം : കൃഷിഭവൻ

കഴിഞ്ഞ മൂന്ന് വർഷത്തിലെ നടീൽ വസ്തുവിതരണത്തിൻെറ പട്ടിക താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 1,000 No's | 1,000 No's | 1,100 No's |
| കശുമാവ് | Nil | Nil | Nil |
| കുരുമുളക് | 10,000 No's | 10,000 No's | 7,500 No's |
| കവുങ്ങ് | 500 No's | 500 No's | 750 No's |
| ജാതി | 150 No's | 100 No's | 100 No's |
| ഗ്രാമ്പൂ | 150 No's | 150 No's | 150 No's |
| കൊക്കോ | 1,500 No's | 1,500 No's | 1,750 No's |

അവലംബം : കൃഷിഭവൻ

പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും കാർഷിക മേഖലയിൽ 60 603345 രൂപ ചെലവഴിച്ചു.

ബയോഗ്യാസ് നിർമ്മിക്കുന്നതിലേക്കായി 36500 രൂപയും ഗ്രൂപ്പ് ഫാമിംഗ് ഇനത്തി ൽ 9868 കയും, സമഗ്ര തെങ്ങ് വികസന പദ്ധതിയുടെ കീഴിൽ , കിണർ പമ്പ് സെററ് സ്പെയർ, വളംകിറ്റ് എന്നിവ കൊടുക്കുക വഴി 15,50,000 രൂപ ചിലവഴിക്കുകയുണ്ടായി . ഡിർപ്പ് ഇറിഗേഷ നുവേണ്ടി 9 പേർക്ക് 7.7 ഹെക്ടർ കൃഷി ഭൂമിയിൽ ജലസേചനം എത്തിക്കുന്നതിന് 116020 രൂപ ചെലവഴിക്കുകയുണ്ടായി (സബ്സിഡി ഒരു ഹെക്ടറിന് രൂപ 10,000/-) പട്ടിക ജാതി, പട്ടിക വർഗ്ഗത്തിൽ പെട്ട 845 കുടുംബങ്ങൾക്ക് കയ്യാലകെട്ടുന്നതിനായി 196822 രൂപ ചിലവായി. ജ നറൽ വിഭാഗത്തിന് 12 കുടുംബത്തിനായി 31520 ചിലവഴിച്ചു. കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി 17000 രൂപ ചിലവഴിച്ചു. കാർഷിക വിളകൾക്ക് സബ്സിഡിയായി 57 5000 രൂപ ചെലവഴിച്ചു.

മേൽ വിവരിച്ചതു കൂടാതെ വിവിധ ദേശസാൽകൃതബാങ്കുകൾ സഹകരണ സംഘങ്ങൾ വഴി കാർഷിക മേഖലയിൽ വൻ തുകകൾ ലോണുകൾ നല്കിട്ടുണ്ട്. വടവുകോട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് മാത്രം ഈ പഞ്ചായത്തിൽ ഏകദേശം 25,00,000 രൂപ ഈ മേഖ ലയിൽ വായ്പയായി നൽകിയിട്ടുണ്ട്.

വടയമ്പാടി വാട്ടർ ഷെഡ് പദ്ധതിക്കുകീഴിൽ ഈ പഞ്ചായത്തിലെ 5 വാർഡുകൾ ഉൾ പ്പടുത്തി കുറച്ച് പ്രവർത്തികൾ കാർഷിക രംഗത്ത് ചെയ്തിട്ടുണ്ടെങ്കിലും വിവരം ലഭ്യമല്ല.

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ______________________________

1. മൈനർ ഇറിഗേഷൻ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ജലസേചനപദ്ധതികൽ കാണിനാട് വാർഡിൽ കുറ്റഭാഗത്ത് 40 ഹെക്ടർ നെൽകൃഷിയിടത്തിൽ ജല സേചനം എത്തിക്കുന്നതിനുള്ള 1,50,000 തുകയുടെ ജലസേചന പദ്ധതി

2. കരിമുകൾ സി. ആർ. ഹരിജൻ കോളനിയിൽ 31 ഹെക്ടർ സ്ഥലത്ത് ജലസേചനം എത്തിക്കുന്നതിനുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.

3. അത്യാവശ അറ്റകുറ്റ പണികൾക്കായി കുറ്റ ഹരിജൻ കോളനിയിൽ (എൽ. എസ്.) സ്കീം പ്രകാരം രൂപ 5,000/- ചെലവഴിക്കാൻ തീരുമാനിച്ചു.

4. പുറ്റുമാനൂർ വാർഡിൽ രാജർഷി കവലയ്ക്കു സമീപം എള്ളുമല പ്രദേശത്ത് 40 ഹെക് ടഹ സ്ഥലത്തു ജലസേചനം സൗകര്യത്തിന് വാട്ടർ ടാങ്കുകളും പൈപ്പ് ലൈനും ഫീഡർ ചാനലു ം പണിതീർത്തിട്ടുണ്ട് എന്നാൽ ഇതുവരെ പ്രവർത്തന ഫലമായിട്ടില്ല.

5. കാണിനാട് വാർഡിലെ മൂപ്പാട്ടി കോളനിയിലുള്ള ചൂരക്കോട്ട് ചിറയിൽ പമ്പ് സെറ്റ് സ്ഥാപിച്ച്, കൊട്ടോട്ടിമുകളിൽ സ്ഥാപിച്ച്, മൂപ്പാട്ടി കോളനിയിലും ലിഫ്ററ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക വഴി ഇതുമൂലം കുടി വെള്ളം ക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാൻ സാധി ക്കും. കുററ സ്ക്കൂളിൻെറ താഴത്തു സ്ഥിതിചെയ്യുന്ന കുറ്റ പാടശേഖരത്തിലെ 35 ഏക്കറോളം സ്ഥലത്തു തോട് കെട്ടി ചീർപ്പ് നിർമ്മിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിൽ ഒരു കേരവികസനസമിതിയും, 10 നെല്ലൂൽ പാദക സമിതിയും പ്രവർത്തിക്കുന്നുണ്ട്. അവ താഴെ പറയുന്നവയാണ്

1. ബ്രഹ്മപുരം നെല്ലൂൽ പാദക സമിതി
2. കുഴിക്കാട് നെല്ലൂൽ പാദക സമിതി
3. കാണിനാട് നെല്ലൂൽ പാദക സമിതി
4. പുറ്റുമാനൂർ നെല്ലൂൽ പാദക സമിതി
5. വടവുകോട് നെല്ലൂൽ പാദക സമിതി
6. പുത്തൻ കുരിശ് നെല്ലൂൽ പാദക സമിതി
7. വരിക്കോലി നെല്ലൂൽ പാദക സമിതി
8. വേളൂർ നെല്ലൂൽ പാദക സമിതി
9. കുറ്റ നെല്ലൂൽ പാദക സമിതി
10. കാണിനാട് നെല്ലൂൽ പാദക സമിതി

കേരവികസന സമിതി മുഖേന സബ് സിഡി നിരക്കിൽ 450 കിണർ പഞ്ചായത്തിൽ കൊടുത്തിട്ടുണ്ട്. കേടുവന്ന തെങ്ങുകൾ വെട്ടി മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി 95-96 വർഷത്തിൽ 520 എണ്ണത്തിൽ 200 രൂപ വച്ച് നൽകുകയും, 15 രൂപ വിലയുള്ള ഒരു തെങ്ങിൻ തൈ പത്ത് രൂപയും നൽകുകയും ചെയ്തു. കിണർ, പമ്പ്സെററ്, വളംകിറ്റ് മുതലായ വയും സബ്സിഡി നിരക്കിൽ സമിതി മുഖേന കൃഷി ഭവനിഗ നിന്ന് വിതരണം ചെയ്തിട്ടുണ്ട്.

നെല്ലൂൽ പാദക സമിതികൾ വഴി നെൽകൃഷി ഉൽപാദക ബോണസ്സ്, കബോസ്ററ് കുഴി, ട്രില്ലർ, സ്പ്രെയറർ, കീടനാശിനി, കുമ്മായം എന്നിവ നൽകി വരുന്നു. പ്രത്യേകതൊഴിൽ ദാന പദ്ധതിയനുസരിച്ച് 215 കിണറുകളും 21 കുളങ്ങളും ഈ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്. Registered seed Growers programmes അനുസരിച്ച് വിത്തുല്പാദിപ്പിച്ച് കൃഷിക്ക് വിതരണം ചെയ്യുന്നതിന് സാമ്പത്തിക സഹായം കൃഷിഭവൻ മുഖേന നൽകിവരുന്നു. ഓരോ വാർഡിലും ഓരോ പാടശേഖരം കേന്ദ്രീകരിച്ച് നെല്ലൂൽപാദക സമിതികൾ രൂപീകരിക്കേണ്ടത് ആണ്. റബ്ബർ കൃഷി ഉൽപാദക സമിതികൾ പഞ്ചായത്തിൽ നിലവിൽ ഇല്ല. പുതിയ സംഘങ്ങൾ രൂപീകരിക്കണം.

## സാധ്യതകൾ, പരിഹാരങ്ങൾ

**A)** *ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ :*

നിലവിലുള്ള ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, പുതിയ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, പ്രകൃതിദത്തമായി കാലാകാലങ്ങളിൽ കിട്ടുന്ന ജലവിഭവങ്ങൾ നിലനിർത്തിയും കാർഷിക അഭിവൃദ്ധിയ്ക്ക് തടസ്സം നിൽക്കുന്ന ജലക്ഷാമത്തിന് പരിഹാരം കാണാൻ കഴിയും. അതിനുവേണ്ടി ഈ പഞ്ചായത്തിൽ നടത്താൻ കഴിയുന്ന പ്രവർത്തനങ്ങളെ പറ്റി വാർഡ് തിരിച്ച് താഴെ പറയുന്നു.

*വാർഡ് 1*

അടൂർ ഒന്നാം വാർഡിൽ വരാപ്പിള്ളി താഴം തുടങ്ങി ചിത്രപ്പുഴയിൽ അവസാനിക്കുന്ന വലിയ തോടിന്റെ 3 കിലോ മീറ്ററോളം വരുന്ന ഭാഗം ഇരുവശവും കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷണ ബണ്ട് തീർക്കുക. പുലയത്ത് താഴം, മാച്ചേരിത്താഴം എന്നിവിടങ്ങളിൽ റാമ്പുകൾ സ്ഥാപിക്കുക.

*വാർഡ് 2, 3,*

അത്യാട്ടുതാഴത്ത് നിന്ന് ആരംഭിച്ച്, ഏറ്റിക്കര താഴം വരെ യെത്തുന്ന രണ്ടും, മൂന്നും, വാർഡിൽ ഉൾപ്പെട്ട വേളൂർ പാടശേഖരത്തിലെ 6 കി. മീറ്റർ നീളം വരുന്നതോടിന്റെ ഇരുവശവും കരിങ്കൽ കൊണ്ട് കെട്ടിസംരക്ഷിക്കുക. തോടിന്റെ വിവിധ ഭാഗങ്ങളിലായി 4 പുതിയ ചീപ്പ് നിർമ്മിക്കുക. അനുബന്ധമായി കൃഷിയിടങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിന് ഓവുചാലുകൾ നിർമ്മിക്കുക അരിക്കനായത്ത് താഴം തോടിൽ ചീപ്പിടുക. പുലിയാമ്പിള്ളിമുകൾ , അത്യാട്ടുതാഴം എന്നിവിടങ്ങളീൽ പുതിയ റാമ്പ് സ്ഥാപിക്കുക. 3 -ാം വാർഡിലെ മാച്ചേരി താഴം റോഡിൽ നിന്ന് ഒഴുകി വരുന്ന വെള്ളം മാച്ചേരി പാടത്തേയ്ക്ക് ഒഴുകുന്നത് തടയുന്നതിന് മച്ചേരി താഴം റോഡിന്റെ പടിഞ്ഞാറുവശവും ഡ്രൈവനേജ് നിർമ്മിക്കുക. അത്യാട്ടു താഴം റോഡിൽ നിന്നും പാടത്തേയ്ക്കും പരത പാടത്തും റാമ്പ് നിർമ്മിക്കുക

*വാർഡ് 4*

കോഴിച്ചിറിയിൽ ചീപ്പ് പുനർനിർമ്മാണം നടത്തുക, ചിത്രപ്പുഴയും , ചെല്ലിപാടവുമായി ബന്ധിപ്പിക്കുന്ന കോഴിച്ചിറ ബണ്ട് പുനർ നിർമ്മിക്കുക എഫ് എ. സി.റ്റി. യിൽ നിന്നും പുറത്തുകളയുന്ന ജിപ്സം ബ്രഹ്മപുരം ചെല്ലിപാടത്തേയ്ക്ക് വരാതിരിക്കുന്നതിന് സംരക്ഷിണ മതിൽ കെട്ടുക.എഫ് എ. സി.റ്റി. യുടെ 10 ഏക്കറിൽ നിന്നും വരുന്ന മാലിന്യങ്ങൾ കൃഷി ഭൂമിയിലേക്ക് വരാതെ തടയുന്നതിന് മൺചിറകൾ കെട്ടി. വെള്ളം ശുദ്ധീകരിച്ചു വിടുക ബ്രഹ്മപുരം വെട്ടുചാലിൽ തടയണ സ്ഥാപിക്കുക. മുലേത്തൊളി ചിറ താഴ്ത്തി ജലസേചന സൗകര്യമുണ്ടാക്കുക. നെൽ കൃഷിക്ക് ഉപയുക്തമല്ലാത്ത പ്രദേശം നികത്തി മറ്റു കൃഷിക്ക് അനുയോജ്യമാക്കുക.

*വാർഡ് 5*

ബ്രഹ്മപുരം മേച്ചിറപ്പാട് പാടശേഖരം മുതൽ ചെറുതോട്ടിൽ പാടം വരെ വെള്ളം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഉണ്ടാക്കുക. മേച്ചിറപ്പാട് താഴം മുതൽ കട ബ്രയർ ഭാഗം വരെ തോടിന്റെ ഇരുവശവും കെട്ടുക. പാടത്തിക്കര ഭാഗത്ത് ചിത്രപുഴയോട് ചേർന്ന് ബണ്ട് കെട്ടുക. കടമ്പേത്തു മുലതോട് ആഴം കൂട്ടി രണ്ട് വശവും കെട്ടുക.

*വാർഡ് 6*

പീച്ചിങ്ങാച്ചിറ വേളൂർ പാടം തോട് 1.കി. മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി കെട്ടുക. കടമ്പേത്തു മൂലകാടായി തോടിനു സംരക്ഷണഭിത്തി കെട്ടുക.

*വാർഡ് 7*

ചക്യാട്ടുതാഴം മുതൽ വരിക്കോലി താഴം വരെയുള്ള തോടിന്റെ ഇരുവശവും കെട്ടുക, ഇടശ്ശേരി താഴത്ത് ചീർപ്പ് സ്ഥാപിക്കുക. (കൃഷി ഭൂമി നികത്തുന്നതുമൂലം പാടശേഖരങ്ങളിലേക്ക് ട്രാക്ടർ, ട്രില്ലർ മുതലായവ ഇറക്കുന്നതിനുള്ള സൗകര്യം കുറയുന്നു. അതുകൊണ്ട് പഞ്ചായത്തിന്റെ അനുമതിയോട് കൂടി മാത്രമേ കൃഷി ഭൂമി നികത്താവൂ.

തായ്ക്കാട്ട് ചിറയിൽ നിന്നും ആരംഭിക്കുന്ന വേളൂർ പാടം തോടിന്റെ സൈഡ് കെട്ടി നിർത്തിയിരിക്കുന്ന ഭാഗത്തിന്റെ ബാക്കി ഏകദേശം 1.5 കിലോമീറ്റർ ദൂരം സൈഡ് കോൺക്രീറ്റ് ചെയ്ത് സംരക്ഷിക്കുക. ഏകദേശം 100 ഹെക്ടർ സ്ഥലത്തെ നെൽകൃഷിക്ക് പ്രയോജനം കിട്ടുക. കൂടാതെ താന്നിയക്കര പാടം തോട്, കാവനാ താഴം തോട്, എന്നിവ കെട്ടി സംരക്ഷിയ്ക്കേണ്ടതാണ്. പേണാട്ട്ചിറയിൽ ലിഫ്റ്റ്ഇറിഗേഷൻ പദ്ധതി നടപ്പിലാക്കി പോത്തനാട്ട് മലഭാഗത്ത് 50 ഏക്കർ സ്ഥലത്ത് ജലസേചന സൗകര്യം സാധ്യമാക്കുക.

*വാർഡ് 8*

ചക്യാട്ടി താഴം മുതൽ വരിക്കോലിസ്കൂൾ താഴം വരെയുള്ള തോടിന്റെ ഇരുവശവും കെട്ടുക. ഊപ്പിള്ളിച്ചിറ മൊതാലച്ചിറ എന്നിവ നന്നാക്കി ജലസേചനസൗകര്യം വർദ്ധിപ്പിക്കുക. ഇടശ്ശേരി താഴത്ത് ചീർപ്പ് ഉണ്ടാക്കുക.

*വാർഡ് 9*

പന്നിക്കുഴിച്ചിറ മുതൽ മുക്കോട്ട് വരെയുള്ള പന്നിക്കുഴിപ്പാടം തോടിന്റെ ഇരുവശവും കെട്ടുക. പന്നിക്കുഴി കനാലിന്റെ അക്വഡേറ്റിന്റെ പടിഞ്ഞാറുഭാഗത്തേക്ക് പുതിയ കൈത്തോട് വെട്ടുക. പന്നിക്കുഴിച്ചിറ നാലുവശവും കരിങ്കൽ ഭിത്തി കെട്ടി അവിടെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക. അങ്ങിനെയെങ്കിൽ അടുത്തുള്ള പ്രദേശങ്ങളിൽ ജലസേചനവും കൂടി വെള്ളവും ലഭ്യമാകുന്നതാണ്.

*വാർഡ് 10*

ചക്കി ച്ചിറ മുതൽ ആലപ്പാടു താഴം വരെ യെത്തുന്ന ചെറിയതോടിന്റെ ഇരുവശവും കെട്ടി സംരക്ഷിക്കുക. ഏലോത്തിതാഴം മുതൽ അലപ്പാട്ട് ത്ഴം വരെയുള്ള വലിയ തോടിന്റെ ഇരുവശവും കെട്ടുക. വാളോത്തി താഴം മുതൽ ഏലോത്തി താഴം വരെയുള്ള ചെറിയ തോടിന്റെ ഇരുവശവും കെട്ടുക. കിഴക്കേ കുററ ചേമ്പിയത്തിൽ പാടശേഖരത്തെ തോടിന്റെ ഇരുവശവും കെട്ടുക ആലപ്പാട്ടു താഴത്തുനിന്ന് ബെലിമോളം താഴം വരെയുള്ള തോടിന്റെ ഇരുവശവും കെട്ടുക. ഐനിച്ചിറ മുതൽ മുക്കോട് വരെയുള്ള തോട് കെട്ടുക. വടയമ്പാത്തു മലതാഴ്വാരത്തുനിന്ന് വാളോത്തി താഴം വരെയുള്ള തോടുകെട്ടുക. വാളോത്തി താഴത്ത് ചീർപ്പ് കെട്ടുക. കൊല്ലപ്പടി എം. ഡി കനാലിന്റെ കിഴക്കേ ബണ്ട് വളോത്തി കവല വരെ കോൺക്രീററുകൊണ്ട് സംരക്ഷണഭിത്തി കെട്ടുക.

*വാർഡ് 11*

കുററപാടശേഖരത്തിൽ കാവി ചിറമുതൽ കണ്ടം ചിറവരെയുള്ള 500 മീററർ തോടിന്റെയിരുവശവും കെട്ടുക. കാണിനാട് പാടശേഖരത്തിലെ നടുത്തോട് മണ്ണെടുത്ത് വീതികൂട്ടി ജലസേചന സൗകര്യം വർദ്ധിപ്പിക്കുക. രാമല്ലൂർ പാടശേഖരത്തിലെ തോട് വീതി കൂട്ടി ചീർപ്പ്

സ്ഥാപിച്ച് 60 ഏക്കറോളം സ്ഥലത്ത് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

**B)** പീച്ചിങ്ങച്ചിറയിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിരിക്കുന്ന പമ്പ് സെറ്റ് പ്രവർത്തന രഹിതമായിരിക്കുകയാണ്. ഈ പമ്പ് സെറ്റ് ഉടനടി പ്രവർത്തിപ്പിച്ച് എള്ളുമല ഭാഗത്ത് 40 ഹെക്ടർ സ്ഥലത്ത് ജലസേചനം സാദ്ധ്യമാക്കുക. 8-ാം വാർഡിലെ ലിഫ്റ്റ് ഇറി ഗേഷനു പറ്റിയ ചിറകൾ 2 എണ്ണം ഉണ്ട്. ഒന്ന് - മുതാലചിറ അവിടെ ലിഫിറ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയാൽ ഈ പഞ്ചായത്തിലെ 7 8 വാർഡുകളിൽ ഏക്കറോളം സ്ഥലത്ത് കൃഷിചെയ്യുകയും ആ പ്രദേശത്തെ വെള്ളക്ഷാമം പരിഹരിക്കുകയും ചെയ്യാം. രണ്ട് - ഊപ്പീങ്ങ ചിറയിൽ പഞ്ചായത്തു വക 25 സെൻെറിൽ വ്യാപിച്ചുകിടക്കുന്ന ഈ ചിറയിൽ ലിഫ്ററ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയാൽ ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ പെരിന്താമുകളിലെ വെള്ളക്ഷാമം പരിഹരിക്കാം. 10-ാം വാർഡിലെ ഐതിച്ചിറിയിൽ നിന്ന് ചോക്കിരിമോളിൽ ലിഫിറ്റ് ഇറിഗേഷൻ സ്ഥാപിച്ച് 50 ഏക്കർ സ്ഥലം കൃഷിക്കനുയോജ്യമാക്കാം. 9-ാം വാർഡിൽ പന്നിക്കുഴി ചിറയിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുക. 9-ാം വാർഡിലെ ലിഫ്റ്റ് ഇറിഗേഷൻ ടാങ്കിൻെറ ചോർച്ച തടഞ്ഞ് പ്രവർത്തന ക്ഷമമാക്കുക .

**C)** എഫ് എ. സി.റ്റി. യിലേക്ക് പോകുന്ന പെരിയാർ വാലികനാലും അനുബന്ധകനാലും കാലാകാലങ്ങളിൽ നന്നാക്കുക. മണ്ണ് വന്ന് നികന്നുകൊണ്ടിരിക്കുന്ന കൊല്ലപടിയിൽ നിന്ന് ആരംഭിച്ച് തിരുവാണിയൂകർ പഞ്ചായത്തിലേക്ക് പോകുന്ന കനാലും മണ്ണ് നീക്കം ചെയ്ത് ജലസേചന സൗകര്യം ഉണ്ടാക്കുക. ഈ കനാൽ വരിക്കോലി വരെ ദീർഘിപ്പിയ്ക്കുക.

**D)** തരിശു ഭൂമി കൃഷിയോഗ്യമാക്കാൻ അടൂർ, ഏറ്റിക്കര, ചിത്രപ്പുഴ പാടശേഖരത്തെ വെളളക്കെട്ട് തടയണം ടി പാടശേഖരത്തിലേക്ക് വരുന്ന എച്ച്. ഒ,സി , സി.ആർ,.ആൽ. Balmera Lawrie എന്നീ കമ്പനികളിൽ നിന്നു വരുന്ന വിഷ ജലവും, അന്തരീക്ഷ മലിനീകരണവും തടയാനുള്ള സംവിധാനം ഉണ്ടാക്കണം. എഫ് എ. സി.റ്റി. യിൽ നിന്നുവരുന്ന മലിനജലവും, ജിപ്സവും, പുറത്തേയ്ക്കു ഒഴുകുന്നതു തടയാൻ സംരക്ഷണ ഭിത്തികെട്ടണം. ബ്രഹ്മപുരം മേച്ചിറപ്പാട് പാടത്തേയ്ക്ക് കാർബണിൽ നിന്നും ഒഴുകുന്ന മലിന വസ്തുക്കൾ തടയാൻ സംവിധാനം ഉണ്ടാക്കണം. ആന്തരീക്ഷ ജലമലിനീകരണം മൂലം തരിശായി ഇട്ടിരിക്കുന്ന കൃഷി ഭൂമിക്ക് നഷ്ടപരിഹാരമെന്നനിലിയൽ മലിനീകരണത്തിന് ഇടയായ കമ്പനികളിൽ നിന്ന് കാലകാലം കർഷകർ കൃഷിചെയ്യാതിരിക്കുന്നതു മൂലമുണ്ടാക്കുന്ന നഷ്ടത്തിന് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയുണ്ടാക്കണം

**E)** ജലസേചനത്തിനായി കുളം, പമ്പുസെറ്റ് എന്നിവയ്ക്ക് 50% സബ്സിഡിനൽകണം നെൽകൃഷിക്കായുള്ള ഉല്പാദന ബോണസ്സ് ഇന്നുള്ളതിനേക്കാൾ വർദ്ധിപ്പിക്കുകയും വിത്ത്, വളം, കുമ്മായംഎന്നിവ നൽകണം. കീടരോഗ ബാധകൾ കഴിയുന്നതും കുറയ്ക്കുന്നതിനായി കൂട്ടായ കൃഷിരീതികൾ നടപ്പാക്കുന്നതിന് കൃഷിക്കാരനെ പ്രേരിപ്പിച്ച് ആവശ്യമായ പരിശീലനം നൽകണം. പാടങ്ങളുടെ വരമ്പ് കെട്ടി കോൺക്രീറ്റിടുന്നതിന് സാമ്പത്തിക സഹായം നൽകണം.

**F)** തെങ്ങു കൃഷിക്ക് ജലസേചനത്തിനുള്ള പമ്പു സെറ്റിന് വൈദ്യുതി സൗജന്യമാക്കുക. തെങ്ങു കൃഷി വ്യാപിപ്പിക്കുന്നതിനായി വർഷത്തിൽ രണ്ടു പ്രാവശ്യം മരുന്നു തളിക്കുന്നതിനുള്ള കീടനാശിനികൾ കൃഷിക്കാർക്ക് നൽകുകയും സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ മരുന്നു തളി നടത്തികൊടുക്കുകയും ചെയ്യുക. തെങ്ങു കയറ്റതൊഴിലാളികളുടെ

ദൗർലഭ്യം നികത്തുന്നതിനായി കാർഷിക മേഖലയിൽ തൊഴിൽ പരിശീലനം നൽകണം. നെൽ കൃഷിക്കാർക്ക് എന്നതു പോലെ തെങ്ങു കൃഷിക്കാർക്കും ഉല്പാനദബോണസ്സ് ഏർപ്പെടുത്തുന്നത് തെങ്ങു കൃഷിവ്യാപിക്കുന്നതിന് സഹായകമാണ് . തെങ്ങു കൃഷിക്കാർക്ക് പമ്പു. സെറ്റുകൾ സ്ഥാപിക്കുന്നതിനും കിണർ കുഴിക്കുന്നതിനുമുള്ള പദ്ധതികൾ വേണ്ട വിധത്തിൽ പ്രയോജന പ്പെടുത്തുന്നതിന് കർഷകർക്ക് സാധിക്കുന്നില്ല. അതിനു പരിഹാരമായി വായ്പ യെടുത്തല്ലാതെ സ്വന്തം പണം ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കിയാൽ സബ്സിഡി കൊടുക്കുന്നതിതനുള്ള സംവിധാനം ഉണ്ടാകണം. കേടുവന്നതെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുന്നതിന് കുറഞ്ഞത് 500 രൂപയെങ്കിലും ധന സഹായം നൽകണം.

**G)** മണ്ണിൻെറ ഫലഭൂവിഷ്ഠത മണ്ണൊലിപ്പുമൂലം നഷ്ടപ്പെടുകയും പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്നതിന് കാരണമാവുകയും ചെയ്യുന്നു. ഇതിനു പരിഹാരമായി എല്ലാ വിഭാഗം കർഷകർക്കു കയ്യാലകൾ നിർമ്മിക്കുന്നതിന് ചിലവാകുന്ന തുകയുടെ 50% സബ്സിഡി നൽകേണ്ടതാണ്. കൃഷി നാശം സംഭവിക്കുന്ന കർഷകർക്ക് ഉപാധികളില്ലാതെ നഷ്ട പരിഹാരം ഒരാഴ്ചക്കുള്ളിൽ നൽകേണ്ടതാണ്.

**H)** ഇപ്പോൾ നിലവിലുള്ള പുതു കൃഷിക്കുള്ള ധനസഹായം ഉയർത്തുക. തോട്ടങ്ങളിൽ ഇടക്കയ്യാലകൽ നിർമ്മിക്കുന്നതിന് സബ്സിഡി ഏർപ്പെടുത്തുക. ഗുണനിലവാരമുള്ള റബർ ഷീറ്റുകൽ ഉല്പാദിപ്പിക്കുന്നതിന് പുകപ്പുരകൾ നിർമ്മിക്കുന്നതിന് 50% സബ്സിഡി ഏർപ്പെടുത്തുക. റബ്ബർ കർഷകർക്കു റബർ തൈകൾ സൗജന്യമായി നൽകുക. വളത്തിനുള്ള സബ്സിഡി നിരക്ക് ഉയർത്തുക.

**I)** കവുങ്ങു കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് കൃഷികർക്ക് സാമ്പത്തിക സഹായം നൽകുക. രോഗങ്ങൾ ക്കെതിരെ മരുന്നു തളിനടത്തുന്നതിന് 50% സബ്സിഡി നൽകുക. മേൽത്തരം വിത്തുകളും വളങ്ങളും സമയാസമയത്ത് കൃഷിക്കാർക്ക് ലഭ്യമാക്കണം.

**J)** കാർഷിക മേഖലയ്ക്കാവശ്യമായ തൊഴിലാളികളെ കിട്ടാതെ തരിശിട്ടിരിക്കുന്ന കൃഷി ഭൂമി കൃഷി ചെയ്യുന്നതിന് കൃഷിക്കാരുടെ കൃഷിവികസനസമിതിയുണ്ടാക്കി അതുവഴി കൊയ്ത്ത് യന്ത്രം, മെതിയന്ത്രം , നടീൽ യന്ത്രം, എന്നിവ കൊടുത്തു് കൃഷിചെയ്യാൻ പ്രേരിപ്പിയ്ക്കുക വ്യക്തികൾക്ക് ഇത്തരം യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 50 %ൻ സബ്സിഡി തുക അനുവദിക്കുക.

**K)** ഒരോ പാടശേഖരത്തും കൂട്ടു കൃഷി സംവിധാനം നടപ്പിലാക്കുകയും പരിപോക്ഷിപ്പിക്കുകയും ചെയ്യുക. നല്ലയിനം വിത്തുകൾ കൃഷിക്കാരനു നൽകുകയും അത് ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക സഹായ ങ്ങൾ നൽകുകയും ചെയ്യുക. വിത്തും, വളവും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും കുഴിക്കാട്, പുററുമാനൂർ, വരിക്കോലി എന്നി വിടങ്ങളിൽ വളം ഡിപ്പോകൾ തുടങ്ങുക.

**L)** ഒരോ വിള ചെയ്യുന്നതിനുമുൻപായി ശാസ്ത്രീയ കൃഷി രീതികളെ സംബന്ധിച്ച് കൃഷി സമിതികൾ വഴി പരിശീലനം കൊടുക്കുക.

**M)** കേടുവന്നതും കാലഹരണ പെട്ടതുമതായ വൃക്ഷങ്ങൾ വെട്ടി മാറ്റി പകരം വൃക്ഷങ്ങൾ നടുന്നതിന് സൗജന്യനിരക്കിൽ വൃക്ഷതൈകൾ വിതരണം ചെയ്യുക. വ്യവസായിക അടിസ്ഥാനത്തിൽ മണ്ണെടുത്തുകൊണ്ട് പോകുന്നത് കർശനമായി നിരോധിക്കണം. നെൽപാടങ്ങളും മറ്റും മണ്ണ് ഇട്ട് നികത്തുന്നത് പഞ്ചായത്തിൻെറ അനുമതിയോടെയായിരിക്കണം എന്നുള്ളത് കർ

ശനമാക്കണം. അത്യാവശ്യമായ സന്ദർഭങ്ങളിൽ അല്ലാതെ കൃഷി ഭൂമി മറ്റാവശ്യത്തിന് വിനിയോഗിക്കുന്നതിന് അനുമതി നൽകുകയുള്ളൂ എന്ന് ഉറപ്പു വരുത്തണം.

**N)** മണ്ണ് പരിശോധന സമയാസമയങ്ങളിൽ നടത്തുന്ന സംവിധാനം ഉണ്ടാക്കുക. കാർഷിക രംഗത്തെ വിവിധ സമിതികളുടെ പ്രവർത്തനം ജനാധിപത്യ പരമാക്കുകയും, കാര്യക്ഷമമാക്കുകയും ചെയ്യുക. കാർഷിക ഉൽപന്നങ്ങൾ കൃഷിക്കാരിൽ നിന്നു ഏറ്റുവാങ്ങുന്നതിനും ന്യായ വില ലഭ്യമാക്കുന്നതിനും, ഉപഭോക്താവിന് ന്യായവിലയ്ക്ക് ഉൽപന്നങ്ങൾ ലഭിക്കുന്നതിനും കുഴിക്കാട് കരിമുകൾ ചുറ്റുമാനൂർ, വരിക്കോലി പുത്തൻ കുരിശ് വടവുകോട് കാണിനാട് എന്നിവിടങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ വിപണനകേന്ദ്രം ആരംഭിക്കുക. രാസവളത്തിൻെറ ഉപയോഗം കുറച്ച് ജൈവവളം ഉപയോഗിക്കുന്നതിനുവേണ്ടി കൃഷിക്കാരെ ബോധവൽക്കരിക്കുക. ജൈവവളത്തിനാവശ്യമായ ശീമ കൊന്ന, ചണമ്പ്, എന്നിവ നട്ടുവളർത്താൻ കൃഷിക്കാരനെ പ്രേരിപ്പിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

**O)** പാടശേഖരങ്ങൾക്ക് സമീപം കടന്നുപോകുന്ന തോടിൻെറ യോരത്തും, റോഡ് സൈഡിലും പുറമ്പോക്കു ഭൂമികളിലും ജൈവവളപ്രധാന ചെടികൾ നട്ടുവളർത്തുക. ചപ്പു ചവറുകൾ, വേസ്ററ് എന്നിവ പഞ്ചായത്തിൻെറ സൗകര്യപ്രദമായ പ്രദേശത്ത് നിക്ഷേപിച്ച് കമ്പോസ്ററാക്കി സൗജന്യമായി വിതരണം ചെയ്യുക.

**P)** പച്ചക്കറി കൃഷി

ഒരു വീട്ടിൽ ഒരു അടുക്കളതോട്ടം എന്നത് പ്രാവർത്തികമാക്കാൻ പഞ്ചായത്തും കൃഷിഭവനും സംയുക്തമായി കൃഷിക്കാരന് വിത്തും, വളവും സൗജന്യമായി നൽകിക്കൊണ്ടും. ബോധവൽക്കരണം നടത്തിക്കൊണ്ടും സഹായിക്കുക. ഒരു വാർഡിൽ ചുരുങ്ങിയത് 50 കൃഷിക്കാരനെ തെരെഞ്ഞെടുത്ത് ഓരോരുത്തരുടേയും ഭൂമിയുടെയും വിള ചേരുവ മനസ്സിലാക്കി പച്ചക്കറി കൃഷി നടത്തുക. അതിനാവശ്യമായ വിത്തും വളവും നൽകുക,

പഞ്ചായത്തിലും പൊതുവായികിടക്കുന്ന ചില സ്ഥലങ്ങളിലും കൃഷിഭവനും, പഞ്ചായത്തും സംയുക്തമായി പച്ചക്കറി കൃഷി നടത്തുകയും അങ്ങനെ പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ പച്ചക്കറി ഉൽപാദിപ്പിക്കുകയും ചെയ്യാം. ഇതിനുള്ള സ്ഥലം പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ ഉണ്ട്.

വടവുകോട് വില്ലേജ് ഓഫീസ് പരിസരം, എഫ് എ. സി.റ്റി. കോമ്പണ്ടിൽ മുമ്പ് പച്ചക്കറി കൃഷി ചെയ്തിരുന്ന സ്ഥലം പിച്ചിങ്ങച്ചിറയുടെ സൈഡിലെ പുറമ്പോക്ക് ഭൂമി എന്നിവ എടുത്തു പറയാവുന്ന സ്ഥലങ്ങളാണ്.

ഓരോ വാർഡിലെയും നിശ്ചിത എണ്ണം കോൺക്രീറ്റ് വീടുകൾ തീരഞ്ഞെടുത്ത് ടെറസ്സുകളിൽ പച്ചക്കറി കൃഷി നടത്താവുന്നതാണ്. ഇതിനാവശ്യമായ വിത്ത്, വളം സാമ്പത്തിക സഹായം, സാങ്കേതിക അറിവ് എന്നിവ സംരഭകർക്ക് കൊടുക്കേണ്ടതുമാണ്.

**Q)** പഴവർഗ്ഗ കൃഷി

ഒരു വാർഡിൽ ചുരുങ്ങിയത് 100 വീട്ടുകാരെ തെരഞ്ഞെടുത്ത് പഴവർഗ്ഗങ്ങൾ ഉൽപാദിപ്പിക്കുവാൻ വിത്ത്, വളം എന്നിവ നൽകുക. ഒരോ വാർഡിലും ഉൽപാദിപ്പിക്കുന്ന പഴങ്ങൾ അതാതു വാർഡിലെ വിപണന കേന്ദ്രത്തിൽ കൊടുക്കുകയും, വാർഡിലെ ആവശ്യം കഴിഞ്ഞതിനുശേഷം പുറത്തു കൊടുക്കാൻ പാടുള്ളൂ എന്നും തീരുമാനങ്ങൾ എടുക്കുക.

**R) പൂ കൃഷി**

ഒരു വീട്ടിൽ ഒരു പൂന്തോട്ടം, ഒരു വാർഡിൽ 50 പൂ കൃഷിക്കാരെ തിരഞ്ഞെടുത്ത് പൂകൃഷി നടത്തുക

**S) പുൽ കൃഷി**

കന്നുകാലികൾ ഉള്ള എല്ലാവീട്ടിലും നിർബന്ധിത പുൽകൃഷി നടത്തുക. ഇതിനാവശ്യമായ വിത്ത് ലഭ്യമാക്കുക. ഒരു വാർഡിൽ 10 ഏക്കർ എങ്കിലും പുൽ കൃഷി നടത്തുമെന്ന് ഉറപ്പാക്കുക.

**T) ഔഷധ കൃഷി**

പുറ്റുമാനൂർ, വടവുകോട് ഗ്രാമങ്ങൾ പ്രത്യേകമായി തിരഞ്ഞെടുത്ത് ഔഷധ സസ്യകൃഷിക്ക് ആവശ്യമായ സഹായം നൽകുക.

**U) കൂൺ കൃഷി + തേനീച്ച കൃഷി**

കൂൺ കൃഷിയും തേനീച്ചവളർത്തലും എല്ലാ വാർഡിലും നിശ്ചിത കുടുംബങ്ങളെ തെരെഞ്ഞെടുത്ത് നടത്തേണ്ടത് ആണ്.

**V) ഫലവൃക്ഷങ്ങൾ തണൽ വൃക്ഷങ്ങൾ**

വടവുകോട് കാളച്ചന്ത, പഞ്ചായത്തു വക പുറമ്പോക്കു ഭൂമികൾ, റോഡുകളുടെ ഇരു വശങ്ങളിലും ഫല വൃക്ഷങ്ങളും, തണൽ വൃക്ഷങ്ങളും വച്ചുപിടിപ്പിക്കുന്ന പരിപാടികൾ സമയബന്ധിതമായി നടപ്പിൽ വരുത്തണം.

## വായ്പ സൗകര്യങ്ങൾ

കാർഷിക രംഗത്ത് വായ്പാ സൗകര്യം കൂടുതലും ഉണ്ടാകുന്നത് വടവുകോട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് മുഖേനയാണ്. കഴിഞ്ഞ വർഷങ്ങളിൽ 21/2 കോടിയോളം രൂപ കാർഷിക ആവശ്യത്തിനായി മാത്രം ബാങ്ക് വായ്പ നൽകിയിട്ടുണ്ട്. മറ്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും കൃഷിക്കാർക്ക് വായ്പ കൊടുത്തിട്ടുണ്ട്. കാർഷിക ആവശ്യത്തിനാണ്. വായ്പ നൽകിയതെങ്കിലും എടുത്ത വായ്പയുടെ 75 % കാർഷിക ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കപ്പെടുന്നില്ല. എന്നുള്ളത് വലിയൊരു പോരായ്മയാണെന്നു മാത്രമല്ല. കിട്ടുന്ന സൗകര്യം ദുരുപയോഗം ചെയ്യുക കൂടിയാണ് . ഈ സ്ഥിതി മാറ്റിയെടുക്കേണ്ടത് ആണ്. കൃഷിഭവൻ മുഖേന സർക്കാരിന്റെ വിവിധ പരിപാടികൾ വഴി സബ്സിഡി ഇനത്തിലും മറ്റും ധന സഹായം കൊടുത്തുവരുന്നുണ്ട്. ഇത്തരം സഹായങ്ങൾ സമയത്ത് കിട്ടുന്നില്ല എന്നുള്ള കുറവും ഉണ്ട്.

# ഗ്രാമസഭ/ വാർഡ് കൺവെൻഷൻ അവലോകനം
## വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത്

| വാർഡ് | പങ്കെടുത്തവർ | | | പട്ടികജാതി പട്ടികവർഗ്ഗം | | | കുടുംബങ്ങളുടെ എണ്ണം | ഉദ്യോഗസ്ഥർ | ഗ്രൂപ്പ് ചർച്ചകളുടെ എണ്ണം | വാർഡുതല സ്വാഗതസംഘങ്ങൾ രൂപീകരിച്ചുവോ | കലാപരിപാടികൾ ഉണ്ടായിരുന്നുവോ | പഞ്ചായത്തുതല പരിശീലനത്തിൽ പങ്കെടുത്തവർ |
|---|---|---|---|---|---|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീകൾ | ആകെ | പുരുഷൻ | സ്ത്രീകൾ | ആകെ | | | | | | |
| 1 | 106 | 24 | 130 | 6 | 4 | 10 | 91 | 6 | 6 | ഉവ്വ് | ഇല്ല | 13 |
| 2 | 157 | 27 | 184 | 6 | - | 6 | 128 | 8 | 12 | ഉവ്വ് | ഇല്ല | 11 |
| 3 | 128 | 27 | 155 | 9 | 4 | 13 | 108 | 10 | 9 | ഉവ്വ് | ഇല്ല | 7 |
| 4 | 75 | 19 | 94 | 3 | 1 | 4 | 55 | 6 | 11 | ഉവ്വ് | ഇല്ല | 12 |
| 5 | 269 | 91 | 360 | 22 | 3 | 25 | 250 | 8 | 6 | ഉവ്വ് | ഇല്ല | 7 |
| 6 | 246 | 98 | 344 | 52 | 6 | 58 | 241 | 10 | 8 | ഉവ്വ് | ഇല്ല | 18 |
| 7 | 116 | 20 | 136 | 18 | 7 | 25 | 95 | 15 | 8 | ഉവ്വ് | ഇല്ല | 7 |
| 8 | 52 | 10 | 62 | 2 | - | 2 | 43 | 8 | 12 | ഉവ്വ് | ഇല്ല | 8 |
| 9 | 120 | 47 | 167 | 9 | 3 | 12 | 115 | 16 | 12 | ഉവ്വ് | ഇല്ല | 14 |
| 10 | 277 | 66 | 343 | 27 | 4 | 31 | 240 | 7 | 12 | ഉവ്വ് | ഇല്ല | 14 |
| 11 | 157 | 24 | 181 | 17 | 1 | 18 | 126 | 6 | 8 | ഉവ്വ് | ഉവ്വ് | 18 |
| TOTAL | **1703** | **453** | **2156** | **171** | **33** | **204** | **1492** | **100** | - | - | - | |

# വിദ്യാഭ്യാസം

സമൂഹത്തിൻെറ സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടി ഭാവിയിലേക്കുള്ള കരുത്തുറ്റ നിക്ഷേപമാണ് വിദ്യാഭ്യാസം. നാളിതുവരെ മാനവസമൂഹം ആർജ്ജിച്ച അറിവിനെ സ്വാംശീകരിച്ചുകൊണ്ട് സാമൂഹികാവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്ന വിധത്തിൽ പ്രയോഗിക്കുന്നതിന് ശേഷിയുള്ള ഒരു പുതിയ തലമുറയുടെ സൃഷ്ടിയാണ് വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമാക്കുന്നത്. ഒരു വ്യക്തി ആർജ്ജിക്കുന്ന അറിവും സമൂഹത്തിൻെറ നേർക്കുള്ള അവൻെറ പ്രതികരണവും പരസ്പരബന്ധിതമാണ്. ശാസ്ത്രീയമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കേണ്ട ഉത്തരവാദിത്തം സമൂഹത്തിൻേറതാണെന്ന് ഊന്നിപ്പറയേണ്ടിയിരിക്കുന്നു. അതുകൊണ്ട് തന്നെ വിദ്യാഭ്യാസം ഒരു സാമൂഹിക പ്രതിഭയാണ്. വെറും വിജ്ഞാന സമ്പ്രദായത്തിനപ്പുറം ഒരു മാനവീകരണപ്രക്രിയയുമാണത്. നൈതികമൂല്യങ്ങളെ ആദരിക്കുന്ന, ധാർമ്മികതയുടെ കരുത്തുള്ള ഒരു പുതുലോകമാണ് ഭാവിലോകത്തിന് പ്രത്യാശ നൽകുക. ഈയൊരു കാഴ്ചപ്പാടിൻെറയടിസ്ഥാനത്തിൽ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തെ അവലോകനം ചെയ്യുകയും സാദ്ധ്യതകൾ ചർച്ചചെയ്യുകയുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

പഴയ കൊച്ചി രാജ്യത്തിൻെറ ഭാഗമായിരുന്ന വടവുകോടും തിരുവിതാംകൂറിൻെറ ഭാഗമായിരുന്ന പുത്തൻകുരിശ് പ്രദേശവും സംയോജിപ്പിച്ച് വടവുകോട്-പുത്തൻകുരിശ് പഞ്ചായത്ത് രൂപീകൃതമായത് 1953-ലാണ്. വിദ്യാഭ്യാസപരമായി സമീപസ്ഥ പ്രദേശങ്ങളെയപേക്ഷിച്ച് മുന്നേറ്റം പ്രകടമാക്കിയിരുന്ന പ്രദേശമാണിവിടം. എന്നാൽ ദേശീയ പ്രസ്ഥാനത്തിൻെറയോ ശ്രീനാരായണപ്രസ്ഥാനത്തിൻെറയോ സ്വാധീനം കേരളത്തിൽ പൊതുവെ വിദ്യാഭ്യാസ കാര്യങ്ങളിൽ മുന്നേറ്റം സൃഷ്ടിച്ചപോലെ ഈ പ്രദേശത്ത് ഒരു പ്രത്യേക സ്വാധീനശക്തിയായി വർത്തിച്ചിട്ടില്ല. വിദ്യാഭ്യാസ രംഗത്തെ വളർച്ചയുടെ പ്രാധാന്യം. മുൻകൂട്ടിക്കണ്ട ചില വ്യക്തികൾ മുൻകൈ എടുത്ത് സ്ഥാപിച്ച വിദ്യാലയങ്ങളാണ് ഈ പ്രദേശത്തെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ദേശീയ പ്രസ്ഥാനവും മിഷണറീ പ്രവർത്തനങ്ങളും ഉണർത്തിയ അവബോധം അവരെ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്വാധീനിച്ചിരിക്കാം.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളായ സ്ക്കൂളുകൾ വ്യാപകമാവുന്നതിനു മുൻപ് ആശാൻ കളരികളായിരുന്നു ഈ പ്രദേശത്തെ പ്രധാന വിദ്യാഭ്യാസകേന്ദ്രങ്ങൾ. ആധുനിക വിദ്യാഭ്യാസ രീതിയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് ഏറെ

അശാസ്ത്രീയതകൾ നിറഞ്ഞതാണെന്ന് പറയാമെങ്കിലും മൗലികമായ ഒരു പ്രത്യേകത ഇതിനുള്ളത് പഞ്ചേന്ദ്രിയങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു വിദ്യാഭ്യാസമായിരുന്നു ഇവിടെ നടന്നിരുന്നത് എന്നുള്ളതാണ്.

പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയങ്ങളാണ് വടവുകോട് പ്രൈമറി സ്ക്കൂൾ, കുഴിക്കാട് സ്ക്കൂൾ, പുത്തൻകുരിശ് മലയാളം സ്ക്കൂൾ കുറ്റ. ജെ.ബി.എസ്. എന്നിവ. 1905-ൽ വടവുകോട് പഞ്ചായത്ത് പ്രസിഡൻറായിരുന്ന ശ്രീ. എൻ.കെ. കുര്യൻ മുൻകൈ എടുത്താണ് വടവുകോട് സ്ക്കൂൾ സ്ഥാപിച്ചത്. മേൽപ്പറഞ്ഞ മൂന്ന് വിദ്യാലയങ്ങളും കെട്ടിപ്പടുക്കുന്നതിന് നാട്ടുകാരുടെ സന്നദ്ധസേവനമാണ് പ്രയോജനപ്പെടുത്തിയത്. സ്വാതന്ത്ര്യസമ്പാദനത്തിനു മുൻപ് പഞ്ചായത്തിലുണ്ടായിരുന്ന ഏക ഹൈസ്ക്കൂൾ വടവുകോട് രാജർഷി മെമ്മോറിയൽ ഹൈസ്ക്കൂളാണ്. സാമൂഹ്യപ്രവർത്തകനായിരുന്ന ശ്രീ. കെ.പി. എബ്രാഹാം ആണ് അതിൻെറ സ്ഥാപകൻ. 1947 നു മുൻപ് സ്ഥാപിതമായ മറ്റ് വിദ്യാലയങ്ങൾ ബ്രഹ്മപുരം എൽ.പി.സ്ക്കൂൾ, പുറ്റുമാനൂർ എൽ.പി. സ്ക്കൂൾ, വരിക്കോലി എൽ.പി. സ്ക്കൂൾ, കുറ്റ എൽ.പി. സ്ക്കൂൾ എന്നിവയാണ്. ഇരുപതാം നൂറ്റാണ്ടിൻെറ തുടക്കത്തിൽ പുണ്യശ്ലോകനായ കൊച്ചുപറമ്പിൽ പൗലൂസ് റമ്പാൻ (മാർ കൂറീലോസ് തിരുമേനി) കുറ്റയിൽ സ്ഥാപിച്ച കുടിപള്ളിക്കുടം പിൽക്കാലത്ത് സ്ക്കൂളായി മാറുകയും കുറ്റ, കാണിനാട് പ്രദേശങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് കാരണമായി ത്തീരുകയും ചെയ്തു. നാനാജാതിമതസ്ഥരുടെ അഭയകേന്ദ്രവും മതസൗഹാർദ്ദത്തിൻെറ പ്രതീകവുമായി നിലകൊള്ളുന്ന കുറ്റ സെൻറ് ജോർജ് ദേവാലയത്തിൻെറ ഉത്ഭവവും കുടിപള്ളിക്കുടത്തിൽ നിന്നുമാണ്. ആതുര ശുശ്രൂഷാ രംഗത്തും സാമൂഹിക, സാംസ്ക്കാരിക, വിദ്യാഭ്യാസപരമായ രംഗങ്ങളിലും സ്തുത്യർഹമായ സേവനം നടത്തുന്ന കുറ്റയിലെ മാർ ഗ്രിഗോറിയോസ് യൂത്ത് അസോസിയേഷൻ ദേശീയതലത്തിൽ മികച്ച് യുവജനപ്രസ്ഥാനത്തിനുള്ള പുരസ്കാരം നേടിയിട്ടുണ്ട്.

വിദ്യാഭ്യാസ മുന്നേറ്റത്തിൻെറ കാര്യത്തിൽ പ്രദേശത്തുള്ളവർ ഈ വിദ്യാലയങ്ങളോട് കടപ്പെട്ടിരിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം സ്ഥാപിതമായ വടവുകോട് ഗ്രാമീണ വായനശാല, പുറ്റുമാനൂരുള്ള വള്ളത്തോൾ സ്മാരക വായനശാല, ബ്രഹ്മപുരം ഗ്രാമീണ വായനശാല മുതലായവ ഈ പ്രദേശത്തെ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് സ്വാധീനശക്തിയായി നിലനിന്നുപോന്ന സ്ഥാപനങ്ങളാണ്.

വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ താഴെ പറയുന്നവയാണ്

1. ജെ.ബി. സ്കൂൾ, ബ്രഹ്മപുരം

2. യു.പി. സ്കൂൾ, ബ്രഹ്മപുരം

3. ഗവഃ ഹൈസ്കൂൾ, അമ്പലമുകൾ

4. ഫാക്ട് ഹൈസ്കൂൾ, അമ്പലമേട്

5. കൊച്ചിൻ റിഫൈനറീസ് സ്കൂൾ, അമ്പലമുകൾ

6. എം.ജി.എം. ഹൈസ്കൂൾ, പുത്തൻകുരിശ്

7. ഗവഃ യു.പി. സ്കൂൾ, പുത്തൻകുരിശ്

8. ഗവഃ എൽ.പി. സ്കൂൾ, വടവുകോട്

9. ആർ.എം.എച്ച്.എസ്., വടവുകോട്

10. ജെ.ബി. സ്കൂൾ, വരിക്കോലി

11. ഗവഃ യു.പി. സ്കൂൾ, പുറ്റുമാനൂർ

12. ജെ.ബി. സ്കൂൾ കുറ്റ,

13. സെൻറ് ജൂഡ്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, അമ്പലമേട്

ഇവയിൽ ഫാക്ട് സ്കൂളും, റിഫൈനറി സ്കൂളും യഥാക്രമം ഫാക്ട് കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡും നടത്തുന്നതാണ്. അതത് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുട്ടികൾക്കുവേണ്ടിമാത്രം നടത്തുന്ന വിദ്യാലയങ്ങളാണവ. സെൻറ് ജൂഡ് സ്കൂൾ അംഗീകാരമില്ലാത്ത വിദ്യാലയമാണ്.

സ്കൂളുകളുടെ വിശദാംശങ്ങൾ പട്ടിക കൊടുക്കുന്നു.

# വടവുകോടു പുത്തൻകുരിശു ഗ്രാമപഞ്ചായത്ത് - വിദ്യാലയ വിവരങ്ങൾ

## പട്ടിക 1

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ് മെൻറ് | കുട്ടികളുടെ എണ്ണം 95-96 | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|
| | | | | M. | F. | Total |
| 1. | ഗവ.യു.പി. എസ്സ് പുത്തൻകുരിശ് | സർക്കാർ | 623 | 3 | 17 | 20 |
| 2. | ഗവ. യു.പി.എസ് പുറ്റുമാനൂർ | സർക്കാർ | 197 | 5 | 5 | 10 |
| 3. | യു.പി.എസ്. ബ്രഹ്മപുരം | എയ്ഡഡ് | 189 | 1 | 8 | 9 |
| 4. | ഗവ. ജെ.പി.എസ് ബ്രഹ്മപുരം | സർക്കാർ | 127 | 2 | 4 | 6 |
| 5. | ഗവ. എൽ.പി.എസ്. വടവുകോട് | സർക്കാർ | 562 | 3 | 13 | 16 |
| 6. | ജെ.ബി.എസ് കുറ്റ | സർക്കാർ | 108 | - | 5 | 5 |
| 7. | ജെ.ബി.എസ് വരിക്കോലി | സർക്കാർ | 54 | 1 | 3 | 4 |
| 8. | എച്ച്.എസ്. അമ്പലമുകൾ (FACT) | അൺഐയ്ഡഡ് | 1231 | 26 | 34 | 60 |
| 9. | എം.ജി.എം.എച്ച്.എസ് പുത്തൻകുരിശ് | ഐയ്ഡഡ് | 530 | 12 | 17 | 29 |
| 10. | വി.എച്ച്.എസ്. എച്ച്.എസ് അമ്പലമുകൾ | സർക്കാർ | | 7 | 30 | 37 |
| 11 | ആർ.എം. എച്ച്.എസ് വടവുകോട് | എയ്ഡഡ് | 2015 | 20 | 58 | 78 |
| 12. | സി.ആർ.എൽ. (C.B.S.E) അമ്പലമുകൾ | അൺഐയ്ഡഡ് | 917 | 20 | 37 | 57 |
| | | | | 100 | 231 | |
| | ആകെ | | 6553 | | | 331 |

## പ്രീപ്രൈമറി തലം

അഞ്ച് വയസ്സിനു താഴെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം എങ്ങനെയായിരിക്കണം എന്നതിനെപ്പറ്റി വിദ്യാഭ്യാസ ചിന്തകരും ശിശുമനഃശാസ്ത്രജ്ഞരും ആശയരൂപീകരണം നടത്തിയിട്ടുള്ളതാണ്. ഫ്രോബലിനെയും മറിയാമോണ്ടിസ്സോറിയേയും പോലുള്ളവർ ശാസ്ത്രീയ പഠനമാതൃകകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതനുസരിച്ച് കുട്ടികളെ സ്കൂൾ പഠനത്തിനുവേണ്ടി ബുദ്ധിപരമായും ശാരീരികമായും വൈകാരികമായും പക്വതയുള്ളവരാക്കിയിരിക്കുകയാണ്. പ്രീപ്രൈമറി വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. കുട്ടികളിൽ ശുചിത്വബോധത്തിൻെറയും സ്വാശ്രയശീലത്തിൻെറയും വിത്തുപാകുന്ന അവസരമാകണം പ്രീപ്രൈമറിഘട്ടം. സ്നേഹ പൂർണ്ണമായ ഇടപെടലിലൂടെ കുട്ടികളെ സാമൂഹ്യബോധമുള്ളവരും മറ്റുള്ളവരെ അംഗീകരിക്കാൻ കഴിവുള്ളവരുമാക്കുകയാണ് വേണ്ടത്. പരസ്പര സഹകരണത്തിൻെറ ആദ്യപാഠങ്ങൾ കുട്ടികൾ അഭ്യസിക്കേണ്ടത് ഇവിടെ നിന്നാണ്. കുട്ടികളിൽ വൈകാരിക സംഘർഷമുണ്ടാകുന്ന വിധത്തിൽ നിർബ്ബന്ധിത പഠനമോ ശിക്ഷയോ പാടില്ല. എഴുത്തും വായനയും ഈ ഘട്ടത്തിൽ ഉദ്ദേശിക്കുന്നില്ല. കളികൾ, പാട്ട്, അഭിനയം, പ്രകൃതി നിരീക്ഷണം, ലഘുവിനോദയാത്രകൾ മുതലായ മാർഗ്ഗങ്ങളവലംബിക്കാം. വിദ്യാഭ്യാസത്തിലെ സുപ്രധാനമായ ഈ ഘട്ടം അവധാനതയോടെയാണോ കൈകാര്യം ചെയ്യപ്പെടുന്നതെന്ന് വിലയിരുത്തേണ്ടതാണ്.

പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി പഞ്ചായത്തിൽ 23 അംഗൻവാടികളും 4 ബാലവാടികളും 3 നഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. അംഗൻവാടികളിൽ സ്വന്തമായി കെട്ടിടമില്ലാത്ത 5 എണ്ണം ഉണ്ട്. മൂന്ന് നഴ്സറി വിദ്യാലയങ്ങളും അൺ-എയിഡഡ് ഇംഗ്ലീഷ്മീഡിയം സ്ഥാപനങ്ങളാണ്. അമ്പലമേട് പ്രദേശത്തുള്ള സെൻറ് ജൂഡ്സ്, അമ്പലമുകളിലെ സെൻറ്ജോസഫ്സ്, ഫാക്ട് സ്കൂളിനോടനുബന്ധിച്ചുള്ള നേഴ്സറി എന്നിവയാണ് അവ.

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽനിന്നാണ് അംഗൻവാടി കുട്ടികൾ അധികവും വരുന്നത്. ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ കീഴിൽ വരുന്നവയാണ് പഞ്ചായത്തിലെ അംഗൻവാടികൾ എല്ലാം. മാസംതോറും അംഗൻവാടി പ്രവർത്തകരുടെ യോഗം വിളിച്ചു ചേർക്കാറുണ്ട്. പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും പഠനരീതി വിശദീകരിക്കുന്നതിനും മറ്റുമായാണ് ഇത്തരം ഒത്തുചേരലുകൾ. അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം നിർവ്വഹിക്കുന്നതിന് ആവശ്യമായ പരിശീലനം ഇത്തരത്തിൽ ലഭ്യമല്ല എന്നാണ്, പ്രവർത്തകരിൽനിന്ന് അറിയാൻ കഴിഞ്ഞത് അംഗൻവാടി പ്രവർത്തനങ്ങളെപ്പറ്റി ധാരാളം വിമർശനങ്ങൾ ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയാണ് ഒരു പ്രധാന പ്രശ്നം. സൗകര്യമുള്ള കെട്ടിടങ്ങൾ ഇല്ലാത്തതും പഠനോപകരണങ്ങളുടെ ദൗർലഭ്യവും പൊതുവെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. പാചകാവശ്യത്തിനും മറ്റുമുള്ള ശുദ്ധജലത്തിന്റെ ദൗർലഭ്യം പല അംഗൻവാടികളുടെയും പ്രശ്നമാണ്. പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ലാത്ത പല അംഗൻവാടികളുണ്ട്.

അംഗൻവാടികളിലെ പഠനരീതി ശാസ്ത്രീയമല്ല എന്ന വിമർശനമുണ്ട്. പലയിടങ്ങളിലും അക്ഷരങ്ങളും അക്കങ്ങളും സ്കൂളുകളിലെപ്പോലെ പഠിപ്പിക്കുന്നരീതിയാണ് തുടരുന്നത്. ചിലയിടങ്ങളിൽ ഇംഗ്ലീഷ് അക്ഷരങ്ങൾവരെ പഠിപ്പിക്കുന്നതായി പറയുന്നു. രക്ഷകർത്താക്കളുടെ നിർബ്ബന്ധത്തിനു വഴങ്ങിയാണ് അദ്ധ്യാപകർ ഇത് ചെയ്യുന്നത്. അംഗൻവാടി പ്രവർത്തകരുടെ വേതനം വളരെ അപര്യാപ്തമാണെന്നുള്ള അഭിപ്രായം തൊതുവെ ഉയരുകയുണ്ടായി. അത്യധികം ജോലിഭാരവും ഇവർ വഹിക്കേണ്ടി വരുന്നു. വികലാംഗ സർവ്വേ ജനനമരണ കണക്കുകൾ, നിക്ഷേപ സമാഹരണപരിപാടി ഇങ്ങനെ ഒട്ടേറെ അധിക ചുമതലകൾ ഈ പ്രവർത്തകർക്കു വരുന്നതുകൊണ്ട് അംഗൻവാടികളുടെ പ്രവർത്തനങ്ങൾ ചിട്ടയായി കൊണ്ടുപോകുന്നതിന് വൈഷമ്യം നേരിടാറുണ്ട്.

പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള രീതികൾക്ക് തികച്ചും വിരുദ്ധമായ പഠന സമ്പ്രദായമാണ് പഞ്ചായത്തിലെ നഴ്സറി സ്കൂളുകൾ പിൻതുടരുന്നത്. ഇംഗ്ലീഷ് ഭാഷ, ഗണിതം മുതലായവയൊക്കെ കുട്ടികളെ അടിച്ചേൽപ്പിക്കുന്നു. കളികൾക്കും മാനസികോല്ലാസ പ്രവർത്തനങ്ങൾക്കും പകരം പാഠപുസ്തക പ്രധാനമായ ബോധനമാണിവിടെ നടക്കുന്നത്. താരതമ്യേന മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ള രക്ഷാകർത്താക്കളാണ് കുട്ടികളെ ഇവിടെ അയയ്ക്കുന്നത്.

ഇംഗ്ലീഷ് മാധ്യമഭ്രമം സൃഷ്ടിക്കുന്ന തെറ്റിദ്ധാരണകൾ ഇത്തരം സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നതിന് ഇടയാക്കുന്നു.

## പ്രശ്നങ്ങൾ

1. പഴയ അംഗൻവാടി കെട്ടിടങ്ങളുടെ ശോച്യാവസ്ഥ, കക്കൂസ്, സൗകര്യങ്ങൾ കുറവ്, കളിക്കോപ്പുകളുടെ ദൗർലഭ്യം, ശുദ്ധജല ദൗർലഭ്യം, പാചകത്തിനുള്ള പാത്രങ്ങൾ ആവശ്യത്തിനില്ലാത്ത അവസ്ഥ.

2. ഫണ്ടിൻെറ അഭാവം.

3. പ്രവർത്തകരുടെ കുറഞ്ഞ വേതനം, വർദ്ധിച്ച ജോലിഭാരം

4. പരിശീലനം വേണ്ടത്ര ലഭിക്കാത്ത അധ്യാപകരാണ് സുപ്രധാനമായ ഈ ഘട്ടം കൈകാര്യം ചെയ്യുന്നത്.

5. അംഗൻവാടികളിൽ കുട്ടികൾ കുറയുന്നു. പ്രവർത്തന നിലവാരം മോശമായതും കുട്ടികൾ ഇംഗ്ലീഷ് മീഡിയം സ്ഥാപനം തേടിപ്പോകുന്നതും ഇതിനു കാരണമാണ്.

6. ബോധനരീതിയെ സംബന്ധിച്ചുള്ള രക്ഷിതാക്കളുടെ തെറ്റിദ്ധാരണകൾ മൂലം അശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കാൻ പ്രവർത്തകർ നിർബ്ബന്ധിതരാകുന്നു.

## നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

1. വാർഡുതലത്തിൽ അംഗൻവാടി സൗഹൃദസമിതി രൂപീകരിക്കുക. ഇതിൽ സന്നദ്ധ സംഘടനകൾ, രക്ഷിതാക്കൾ, പ്രീപ്രൈമറി രംഗത്ത് വൈദഗ്ദ്യമുള്ളവർ, ജനപ്രതിനിധി എന്നിവർ ഉണ്ടാകണം.

2. പഞ്ചായത്തു തലത്തിൽ അവലോകന സമിതിരൂപീകരിക്കുക. ജനപ്രതിനിധികൾ, ഡോക്ടർ, സന്നദ്ധസംഘടനാ പ്രവർത്തകർ,

ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥർ, അംഗൻവാടി അദ്ധ്യാപക പ്രതിനിധികൾ എന്നിവരുണ്ടാകണം.

3. ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഫണ്ട് അനുവദിക്കണം.

4. അംഗൻവാടി പ്രവർത്തകരുടെഅധിക ചുമതലകൾ ഒഴിവാക്കുകയും വേതനം വർദ്ധിപ്പിക്കുകയും ചെയ്യുക.

5. പ്രീപ്രൈമറി തലത്തിൽ അക്ഷര അക്ക പഠനം അനുവദിക്കരുത്.

6. സ്ഥലസൗകര്യമുള്ള സ്കൂളുകളോട് ചേർന്ന് പ്രീപ്രൈമറി സ്കൂളുകൾ തുടങ്ങണം. കെട്ടിടസൗകര്യം വളരെ മോശമായ അംഗൻവാടികളും സ്കൂളുകളിലേക്ക് മാറ്റാം.

7. അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം നഴ്സറികൾ നിർത്തലാക്കുക.

8. പ്രീപ്രൈമറി കലോത്സവം സംഘടിപ്പിക്കുക.

9. കക്കൂസ്, കുടിവെള്ളം, കളിക്കോപ്പുകൾ എന്നിവ എല്ലായിടത്തും ലഭ്യമാക്കുക.

10. ബ്രഹ്മപുരം ജെ.ബി. സ്കൂൾ, കുറ്റ ജെ.ബി. സ്കൂൾ എന്നിവിടങ്ങളിൽ നഴ്സറി സ്കൂൾ അനുവദിക്കുക.

## സ്കൂൾ തലം

സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും പഠന നിലവാരത്തിൻെറ മോശമായ സ്ഥിതിയുമാണ് ഗ്രാമസഭകളിൽ പ്രധാനമായും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്. ഭൗതിക സാഹചര്യങ്ങൾ അളവിൻെറ കാര്യത്തിൽ ഉണ്ടെങ്കിലും ഗുണപരമായി വിലയിരുത്തുമ്പോൾ അപര്യാപ്തമാണെന്നു കാണാം. എല്ലാ സ്കൂളുകളും സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവയാണ്. കിണർ, കക്കൂസ്, വൈദ്യുതി, അടുക്കള എന്നിവയും മിക്ക വിദ്യാലയങ്ങൾക്കുമുണ്ട്. എന്നിരുന്നാലും പല വിദ്യാലയ കെട്ടിടങ്ങളും ജീർണ്ണാവസ്ഥയിലാണ്. സർക്കാർ സ്കൂളുകളിൽ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സാധിക്കാറില്ല. ലോവർ

പ്രൈമറി സ്കൂളുകളിൽ 4 എണ്ണം സർക്കാർ വകയാണ്. ബ്രഹ്മപുരം ജെ.ബി. സ്കൂൾ, വരിക്കോലി ജെ.ബി. സ്കൂൾ, കുറ്റ, ജെ.ബി. സ്കൂൾ എന്നിവ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടവയാണ്. വരിക്കോലി സ്കൂളിൽ നിരപ്പുള്ള കളിസ്ഥലമോ ചുറ്റുമതിലോ ഇല്ല. പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂളാണ് അമ്പലമുകൾ ജി.എച്ച്.എസ്. ആവശ്യത്തിന് സ്ഥലവും കെട്ടിടവും ചുറ്റുമതിലും ഉള്ള വിദ്യാലയമാണിത്.

### സ്ക്കൂളുകളിലേയ്ക്കുള്ള യാത്രാദൂരം

പട്ടിക 2

| സ്കൂളിൻെറ ഇനം | ശരാശരി ദൂരം | പരമാവധി ദൂരം |
|---|---|---|
| ലോവർ പ്രൈമറി സ്ക്കൂൾ | 1 കി.മീ. | 3. കി.മീ. |
| അപ്പർ പ്രൈമറി സ്ക്കൂൾ | 2 കി.മീ. | 3.5 കി.മീ. |
| ഹൈസ്ക്കൂൾ | 2.5 കി.മീ. | 5 കി.മീ. |

പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലായി 5593 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇതിൽ 3039 ആൺകുട്ടികളും 2554 പെൺകുട്ടികളും ഉൾപ്പെടുന്നു. മൊത്തം അദ്ധ്യാപകരുടെ എണ്ണം 267 ആണ്. ഇതിൽ ഭൂരിഭാഗവും അദ്ധ്യാപികമാരായത്. സ്കൂളുകളിലെ പാഠ്യേതര പ്രവർത്തനങ്ങൾ ശുഷ്കിച്ചു വരുന്നതിന് ഒരു കാരണമായി പറയപ്പെടുന്നു.

പഞ്ചായത്തിന് പുറത്തുള്ള വിദ്യാലയങ്ങളിലേക്ക് ഇവിടെ നിന്നും കുട്ടികൾ പോകുന്നതായി കാണുന്നു. തിരുവാണിയൂർ പഞ്ചായത്തിലെ MAMEMHS, കുന്നത്തുനാട് പഞ്ചായത്തിലെ മോറക്കാല സെൻറ് മേരീസ് ഹൈസ്കൂൾ, കടയിരുപ്പ് EMHS, എന്നീ വിദ്യാലയങ്ങളിൽ ഇവിടെ നിന്നും കുട്ടികൾ പോയി പഠിക്കുന്നുണ്ട്. ചില വിദ്യാലയങ്ങൾ പഞ്ചായത്ത് അതിർത്തിയിലായതുകൊണ്ട് ഇത് സ്വാഭാവികമാണ്. ഇംഗ്ലീഷ് മീഡിയം സ്കൂൾ തേടി പോകുന്ന പ്രവണതയുടെ ഫലമായും ഇങ്ങനെ സംഭവിക്കുന്നുണ്ട്.

എൽ.പി. വിഭാഗം സ്കൂളിലേക്കുള്ള പരമാവധി ദൂരം 3 കി.മീ.റ്ററാണ്. യു.പി. സ്കൂളിലേക്കുള്ള ദൂരം 3.5 കി.മീറ്ററും ഹൈസ്ക്കൂളിലേക്കുള്ള പരമാവധി ദൂരം 5 കി.മീ. യുമാണ്. എന്നാൽ ഈ ദൂരം താണ്ടി വരേണ്ടവർ തുലോം കുറവാണ്. കരിമുകൾ പ്രദേശം വളരെയധികം ജനസാന്ദ്രതയുള്ളതാണ്. ഇവിടെയുള്ള കുട്ടികൾ വടവുകോട്, കുഴിക്കാട്, ബ്രഹ്മപുരം എന്നിവിടങ്ങളിലേക്കാണ് പോകുന്നത്. ഈ പ്രദേശത്ത് ഒരു എൽ.പി. സ്കൂളിന്റെ അഭാവം പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തിലെ സ്കൂളുകളിലെ എസ്.എസ്.എൽ.സി. വിജയശതമാനം പരിശോധിക്കുമ്പോൾ സംസ്ഥാന ശരാശരിയേക്കാൾ വളരെ ഉയർന്നു നിൽക്കുന്നു എന്നു കാണാം. നാല് ഹൈസ്കൂളുകളുള്ളതിനാൽ മൂന്നിലും വളരെ ഉയർന്ന വിജയശതമാനമാണുള്ളത്. ഇതിൽ ഫാക്ട് ഹൈസ്കൂൾ 100% വിജയം തുടർച്ചയായി നിലനിർത്തുന്നു. നാനൂറോളം കുട്ടികൾ പരീക്ഷയെഴുതുന്ന വടവുകോട് ആർ.എം.എച്ച്.എസ്. ൽ വിജയശതമാനം 99 നു മുകളിലാണ്. പുത്തൻകുരിശിലെ എം.ജി.എം. ഹൈസ്കൂളും ഇക്കാര്യത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നുണ്ട്. അമ്പലമുകൾ ഗവ: ഹൈസ്കൂളിൽ 50% നു മുകളിൽ കുട്ടികൾ എസ്.എസ്.എൽ.സി. വിജയിക്കുന്നു. പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ എണ്ണം താരതമ്യേന കൂടുതലുള്ള ഹൈസ്കൂളാണ് അമ്പലമേട് ജി.എച്ച്.എസ്.

## എസ്.എസ്.എൽ.സി. വിജയശതമാനം

പട്ടിക 3

| ക്രമ നം. | സ്ക്കൂളിന്റെ പേര് | വിജയശതമാനം | | | | |
|---|---|---|---|---|---|---|
| | | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 1. | R.M.H.S. വടവുകോട് | 100 | 98.5 | 98.5 | 100 | 99.2 |
| 2. | F.A.C.T.HS. അമ്പലമേട് | 100 | 100 | 100 | 100 | 100 |
| 3. | M.G.M.HS. പുത്തൻകുരിശ് | 73 | 72 | 75 | 74 | 70 |
| 4. | G.HS. അമ്പലമുകൾ | - | 52 | 48 | 44 | 55 |

പഞ്ചായത്തിലെ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം പൊതുവെ കുറഞ്ഞു വരുന്നതായി കാണുന്നു. ഈ പ്രശ്നം രൂക്ഷമായിട്ടുള്ള സ്കൂളുകൾ ബ്രഹ്മപുരം ജെ.ബി.എസ്. ബ്രഹ്മപുരം, യു.പി.എസ്. അമ്പലമുകൾ ജി.എച്ച്.എസ്., വരിക്കോലി ജെ.ബി.എസ്. എന്നിവയാണ്. വരിക്കോലി ജെ.ബി.എസ്. ആദായകരമല്ലാത്ത വിദ്യാലയമായി പ്രഖ്യാപിക്കുന്നതിന് നീക്കമുണ്ടായിരുന്നു. കുട്ടികളുടെ എണ്ണത്തിൽവരുന്ന കുറവ് ഒരു പൊതുപ്രശ്നമാണെങ്കിലും ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ചില പ്രത്യേക കാരണങ്ങൾകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. അമ്പലമുകൾ, ബ്രഹ്മപുരം പ്രദേശങ്ങളിലെ സ്ഥമെടുപ്പിനോടനുബന്ധിച്ച് ആളുകൾ മറ്റു സ്ഥലങ്ങളിലേക്ക് മാറിപ്പോയപ്പോൾ സ്വാഭാവികമായും ആ പ്രദേശത്തെ സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവുവന്നു. ഇതുകൂടാതെ ജനസംഖ്യാവർദ്ധനയുടെ നിരക്കിൽ വന്ന കുറവും ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ തേടിയുള്ള പോക്കും മറ്റു കാരണങ്ങളായി വിലയിരുത്തപ്പെടുന്നുണ്ട്.

സ്കൂളുകളിലെ പഠനബോധന നിലവാരത്തെക്കുറിച്ച് ഒരു വിലയിരുത്തൽ അനിവാര്യമാണ്. നിലവിലുള്ള സങ്കല്പമനുസരിച്ച് പാഠഭാഗങ്ങൾ പരമാവധി ഹൃദിസ്ഥമാക്കുകയും അതുവഴി ഉയർന്ന മാർക്കു വാങ്ങുകയും ചെയ്യുകയാണ് പഠനനിലവാരത്തിൻെറ മാനദണ്ഡം. പഠനം വെറും വിജ്ഞാന സമ്പാദനവും പരീക്ഷ ഓർമ്മശക്തി പരിശോധന മാത്രവുമാകുന്നു. ഇത്തരം സമ്പ്രദായത്തിൽ കുട്ടിയുടെ പങ്ക് ഒരു തപാൽപ്പെട്ടിയുടേതിനു സമാനമാണെന്ന പൗലോ ഫ്രെയറിൻെറ അഭിപ്രായം ശ്രദ്ധേയമാണ്.

നിത്യജീവിതവുമായി ബന്ധമില്ലാത്ത വിജ്ഞാന സമ്പാദനം മൂലം അറിവ് സ്വാംശീകരിക്കപ്പെടാതെ പോവുന്നു. ഫലമോ, സമൂഹത്തിൽനിന്നും അത് ആർജ്ജിച്ച വിജ്ഞാനത്തിൽ നിന്നുമുള്ള അന്യവൽക്കരണവും. ഇതുമൂലം പഠനം ഒരു യാന്ത്രികമായ പ്രക്രിയയായി മാറുന്നു. വിരസമായ ബോധന മാർഗ്ഗങ്ങളാണ് പൊതുവെ നാം പിൻതുടരുന്നത്. കുട്ടികളുടെ സർഗ്ഗശേഷിയെ കണ്ടെത്തുകയും പോഷിപ്പിക്കുകയും ചെയ്യേണ്ടതായ വിദ്യാഭ്യാസം ഫലത്തിൽ അവയെ മുരടിപ്പിക്കുകയാണു ചെയ്യുന്നത്. മറിച്ച് അറിവു നേടുക ആനന്ദകരമായ ഒരനുഭവമായി മാറുകയാണു വേണ്ടത്. ഇതിനു പക്ഷേ ഇന്നത്തെ അദ്ധ്യാപക കേന്ദ്രീകൃതമായ വിദ്യാഭ്യാസരീതി മാറ്റിയേ പറ്റൂ. പഠനം വിദ്യാർത്ഥി കേന്ദ്രീകൃതവും സംവാദപരവുമാകണം സിലബസ് പഠനത്തോടൊപ്പം പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്കും പാഠ്യേതരപ്രവർത്തനങ്ങൾക്കും പ്രാധാന്യം കൊടുക്കണം. ഒപ്പം പരീക്ഷാരീതിയും മൗലികമായി മാറ്റേണ്ടതുണ്ട്. ശാസ്ത്രസാഹിത്യപരിഷത്ത്

സംഘടിപ്പിക്കുന്ന വിജ്ഞാനോത്സവംപോലുള്ള സമഗ്രമായ മൂല്യനിർണ്ണയരീതികൾ പരീക്ഷിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ പഞ്ചായത്തിലെ വിദ്യാഭ്യാസത്തിൻെറ യഥാർത്ഥ അവസ്ഥ എന്താണ്? അക്ഷരമറിയാത്ത കുട്ടികൾ ഹൈസ്കൂൾതലംവരെ ഗണനീയമായ തോതിൽ ഉണ്ട് എന്നതാണ് അനൗപചാരിക ബന്ധപ്പെടലിലൂടെ ബോദ്ധ്യമാവുന്നത്. മിക്ക വിദ്യാലയങ്ങളിലും പാഠപുസ്തകങ്ങൾ ഹൃദിസ്ഥമാക്കുന്നതു മാത്രമാണ് പ്രോത്സാഹിപ്പിക്കുന്നത്. ശാസ്ത്ര പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിനു സഹായകമായ സൗകര്യങ്ങൾ മിക്ക സ്ക്കൂളുകളിലും ഉണ്ടെങ്കിലും അവയുടെ ഉപയോഗം അപൂർവ്വമാണ്. അതിനുള്ള സന്നദ്ധതയോ കഴിവോ പല അദ്ധ്യാപകരും പ്രകടിപ്പിക്കുന്നില്ല. പഠനപ്രവർത്തനങ്ങൾ ചെയ്യുന്നതിനു കുട്ടികൾക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല. പല വിദ്യാലയങ്ങളിലും ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്നില്ല. സ്പോർട്സ് ഉപകരങ്ങൾ വേണ്ടത്രയില്ലെങ്കിലും ഉള്ളവ പല വിദ്യാലയങ്ങളിലും പ്രയോജനപ്പെടുത്തുന്നില്ല. കുട്ടികളുടെ കലാപരമായ ശേഷി വികസിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. പല വിദ്യാലയങ്ങളിലും സാഹിത്യ സമാജങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. കളികൾ നിരുത്സാഹപ്പെടുത്തുകയും പാഠപുസ്തക പഠനത്തിനായി കർശന നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുന്ന അവസ്ഥയാണ് പൊതുവെ വിദ്യാലയങ്ങളിലും വീടുകളിലും കാണുന്നത്. കടുത്ത മത്സരബോധവും വൈകാരികമായി വലിഞ്ഞുമുറുകിയ മാനസികകാസ്ഥയുമുള്ള പുതിയ തലമുറയാണ് നമ്മുടെ വിദ്യാലയങ്ങളിൽ നിന്നും പുറത്തുവരുന്നത്. സാമൂഹികാസ്വാസ്ഥ്യങ്ങൾക്കും മാനവിക മൂല്യങ്ങളുടെ തിരസ്കാരത്തിനും കാരണം തേടേണ്ടത് വിദ്യാഭ്യാസ പദ്ധതിയിലാണ് എന്നതുകൊണ്ട് ഇത് അടിയന്തിരപ്രാധാന്യം അർഹിക്കുന്നു.

പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക-രക്ഷാകർത്തൃസമിതികൾ നിലിവിലുണ്ട്. തൃപ്തികരമായ പ്രവർത്തനങ്ങൾ അവനടത്തുന്നു എന്നു പറയാൻ വയ്യ. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു ചില സഹായങ്ങൾ ചെയ്യുന്നതിനുമപ്പുറം അക്കാഡമിക രംഗത്ത് ഇടപെടാൻ കഴിയുന്ന രക്ഷാകർത്തൃസമിതികൾ പഞ്ചായത്തിലില്ല.

അവശ്യ പഠനനിലവാര പദ്ധതി ഉൾപ്പെടുന്ന ചില വിദ്യാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പുത്തൻകുരിശു ഗവ. യു.പി. സ്കൂൾ വടവുകോട് ഗവ. എൽ.പി.

സ്കൂൾ എന്നിവയാണ് അത്തരത്തിലുള്ളവ. പഠനം കൂടുതൽ രസകരമാക്കുന്നതിനുള്ള ധാരാളം പഠനോപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വിദ്യാഭ്യാസരീതിയാണിത്. പക്ഷെ വേണ്ടത്ര അദ്ധ്യാപക പരിശീലന സൗകര്യമോ പഠനോപകരണങ്ങളോ ലഭ്യമല്ലാത്തതുകൊണ്ട് ഇതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായി നിറവേറ്റപ്പെടുന്നില്ല. ഒരു ജനകീയതലത്തിൻെറ അഭാവം ഈ പദ്ധതിയുടെ വിജയത്തിന് തടസ്സമാവുന്നു എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

ഗവൺമെൻറിൽനിന്നും വിദ്യാലയങ്ങൾക്കു ലഭിക്കുന്ന സാമ്പത്തിക സഹായം പരിമിതമാണ്. ഗവ. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ സർക്കാർ നേരിട്ടുതന്നെ നടത്തുന്നു. എന്നാൽ മുടങ്ങാതെ ഇതു നടത്തുന്നതിൽ വീഴ്ച വരുന്നുണ്ട്. സർക്കാർ സ്കൂളുകൾക്ക് ആവശ്യമായ ഫർണീച്ചർ ഗവൺമെൻറു കൊടുക്കുന്നു. എന്നാൽ ഇവയുടെ കേടുപാടുകൾ തീർക്കുന്നതിനുള്ള സംവിധാനം ഇപ്പോഴില്ല. ഗവ. എൽ.പി. വിദ്യാലയങ്ങൾക്കുള്ള പഠനോപകരണങ്ങൾ ഗവൺമെൻറിൽ നിന്നും ലഭിക്കുന്നു. യു.പി. ഹൈസ്കൂൾ വിഭാഗങ്ങൾ ഇതിനുള്ള തുക സ്പെഷ്യൽ ഫീസിൽ നിന്നുമാണ് കണ്ടെത്തുന്നത്. എയിഡഡ് സ്കൂളുകൾക്ക് മെയിൻറനൻസ് ഗ്രാൻറു വർഷംതോറും സർക്കാരിൽനിന്നും ലഭിക്കുന്നുണ്ട്. ഗവൺമെൻറിൽനിന്നും ലഭിക്കുന്ന സഹായങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികൾക്കും മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കുമുള്ള ലംപ്സം ഗ്രാൻറും ഉൾപ്പെടുന്നു. ജവഹർ തൊഴിൽ ദാനപദ്ധതി വഴി ഗവ.സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു ധനസഹായം ലഭിക്കാറുണ്ട്.

പ്രശ്നങ്ങൾ

1. സ്കൂളുകളിലെ മോശമായ പഠനനിലവാരം
2. സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യപ്തത
3. കലാകായികരംഗതെ പ്രോത്സാഹനത്തിനു പ്രത്യേകം അദ്ധ്യാപകരില്ലാത്തതിനാൽ അവ അവഗണിക്കപ്പെടുന്നു.
4. സ്കൂളുകളിൽ പഠനോപകരണങ്ങളുടെ കുറവ് ഉള്ളവ കാര്യമായ ഉപയോഗിക്കപ്പെടുന്നില്ല.

5. സ്കൂളുകളിൽ ലൈബ്രറി ലാബറട്ടറി സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

6. ഉച്ചഭക്ഷണപരിപാടിക്കുള്ള ഫണ്ട് അപര്യാപ്തമാണ്.

7. മിക്കവിദ്യാലയങ്ങളിലും പി.ടി.എ. സജീവമല്ല

8. വരിക്കോലി ജെ.ബി.എസ്., ബ്രഹ്മപുരം ജെ.ബി.എസ്., ബ്രഹ്മപുരം. യു.പി. എസ്. ജി.എച്ച്.എസ്. അമ്പലമുകൾ, പുറ്റുമാനൂർ യു.പി.എസ്. എന്നിവിടങ്ങളിൽ കുട്ടികളുടെ എണ്ണം കാര്യമായി കുറയുന്നു

9. അമ്പലമുകൾ ജി.എച്ച്.എസ്. ലെ എസ്.എസ്.എൽ.സി. വിജയശതമാനം കുറവാണ്.

10. കുട്ടികളുടെ യാത്രാസൗകര്യങ്ങൾ പരിമിതമാണ്.

11. ചിലപ്രദേശങ്ങളിൽ നിന്നും സ്കൂളുകളിലേക്കുള്ള ദൂരക്കൂടുതൽ.

## നിർദ്ദേശങ്ങൾ സാദ്ധ്യതകൾ.

1. പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളെയും ഉൾപ്പെടുത്തി പഞ്ചായത്തുതലസ്കൂൾ കോംപ്ലക്സ് ജനകീയമായി നടപ്പാക്കുക. ജനപ്രതിനിധികളും സന്നദ്ധസംഘടനാപ്രതിനിധികളും അക്കാദമിക് വിദഗ്ദ്ധരും ഉൾപ്പെടുന്ന പഞ്ചായത്തുതല സമിതിയും ഓരോ സ്കൂളിനും വേണ്ടി വാർഡുതല സമിതിയും രൂപീകരിക്കണം. അക്കാദമിക് സമിതിയുടെ നേതൃത്വത്തിൽ എൽ.പി. വിഭാഗം കുട്ടികൾക്ക് പ്രീടെസ്റ്റു നടത്തി പരിഹാരബോധനക്ലാസ് പ്ലാൻ ചെയ്യേണ്ടതുണ്ട്. അദ്ധ്യാപക വർക്കുഷോപ്പുസംഘടിപ്പിച്ച് പാഠഭാഗങ്ങളെ പ്രവർത്തനകേന്ദ്രീകൃതമായി പുനരാവിഷ്കരിക്കുകയും അദ്ധ്യാപകർക്കും പുനഃപ്പരിശീലനം നൽകുകയും വേണം. ദേശീയ ദിനാചരണങ്ങൾ, സാഹിത്യസമാജം, വിനോദയാത്രകൾ തുടങ്ങിയ പാഠ്യേതരപ്രവർത്തനങ്ങൾ തുടർച്ചയായി സംഘടിപ്പിക്കണം. മുഴുവൻ വിദ്യാർത്ഥികളേയും 50%-ൽ കുറയാത്ത മാർക്കു നേടുന്നതിന് പ്രാപ്തരാക്കുകയാണ്. ലക്ഷ്യം.

2. പ്രൈമറിതലം വരെ മാതൃഭാഷയിൽകൂടി മാത്രമുള്ള പഠനം നിർബന്ധമാക്കണം.

3. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 എന്ന അനുപാതത്തിൽ കവിയരുത്.

4. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു പഞ്ചായത്തു ഫണ്ടും പ്രദേശത്തെ മനുഷ്യവിഭവശേഷിയും പ്രയോജനപ്പെടുത്തുക.

5. ഉച്ചഭക്ഷണ പരിപാടിക്കു വേണ്ടി വരുന്ന ചെലവ് പഞ്ചായത്തുവഹിക്കുക.

6. കരിമുകൾ പ്രദേശത്ത് ഒരു ഗവ.എൽ.പി. സ്കൂൾ സ്ഥാപിക്കുക.

7. വടവുകോട് ആർ.എം.എച്ച്.എസ്., എഫ്. എ. സി.ടി. എച്ച്.എസ്., അമ്പലമേട് പുത്തൻകുരിശ് എം.ജി.എച്ച്.എസ്. എന്നിവിടങ്ങളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുക.

8. പുറ്റുമാനൂർ യു.പി.സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുക.

9. സ്കൂളുകളിൽ സ്പെഷ്യൽ അദ്ധ്യാപകരെ ആവശ്യത്തിനു നിയമിക്കുക. പാഠ്യേതരപ്രവർത്തനങ്ങളുടെ പ്രോത്സാഹനത്തിന് ഇതാവശ്യമാണ്.

10. നിശ്ചിതനിലവാരത്തിനു താഴെയുള്ള കുട്ടികൾക്ക് പ്രമോഷൻ കൊടുക്കരുത്.

11. കരിമുകൾ, ബ്രഹ്മപുരം, പുറ്റുമാനൂർ, വടവുകോട് പ്രദേശങ്ങളിൽ കുട്ടികളുടെ യാത്രാക്ലേശം അതിരൂക്ഷമാണ്. ഇതു പരിഹരിക്കുന്നതിനു സത്വരനടപടി എടുക്കുക.

12. സ്കൂളുകളിൽ കുട്ടികൾക്കായി ആരോഗ്യക്ഷേമപദ്ധതി ആവിഷ്കരിക്കുക. വൈദ്യപരിശോധനയിലൂടെ വൈകല്യങ്ങൾ കണ്ടെത്തി സൗജന്യ ചികിത്സ ലഭ്യമാക്കുക.

13. സ്ക്കൂളുകളിൽ ഉപയോഗിക്കന്ന ഗ്ലോബ്, ഭൂപടം തുടങ്ങിയ പഠനോപകരണങ്ങൾ ഭൂപരമായ അതൃത്തി മാറ്റങ്ങൾ ഉൾകൊള്ളുന്നവിധം കാലികമായിരിയ്ക്കണം

ഈ പഞ്ചായത്തിൽനിന്നുള്ളവർ കോളേജു വിദ്യാഭ്യാസത്തിനു പ്രധാനമായി ആശ്രയിക്കന്നത് കോലഞ്ചേരി സെൻറ് പീറ്റേഴ്സ് കോലേജിനെയാണ്. ശരാശരി 8 കി.മീ. അകലെയാണീ സ്ഥാപനം. തൃപ്പുണിത്തുറ, എറണാകുളം, ആലുവ, പെരുമ്പാവൂർ എന്നീ പ്രദേശങ്ങളിലെ വിവിധ കോളേജുകളിൽ ഈ പഞ്ചായത്തിൽ നിന്നുള്ള കുട്ടികൾ പഠിക്കുന്നുണ്ട്. കോളേജിൽ പഠിക്കുന്ന പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ എണ്ണത്തിൽ കൂടുതലാണം. വരിക്കോലി പള്ളിയോടു ചേർന്ന് ഒരു B.Ed കോളേജ് ഈ വർഷം ആരംഭിച്ചിട്ടുണ്ട്. ഇത് ഒരു അൺ എയിഡഡ് സ്ഥാപനമാണ്.

## സാങ്കേതിക വിദ്യാഭ്യാസം

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യാവസായിക മേഖലകളിൽ ഒനനാണ് ഈ പഞ്ചായത്തിലുൾപ്പെടുന്ന അമ്പലമുകൾ പ്രദേശം. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ധാരാളം പേർക്ക് സ്ഥിരമായും താല്ക്കാലികമായും തൊഴിൽ നൽകാൻ സാദ്ധ്യതയുള്ള വ്യവസായ ശാലകളാണ് ഇവിടെയുള്ളത്. ഈ സ്ഥാപനങ്ങളിലേയ്ക്കുള്ള വിദഗ്ദ്ധ തൊഴിലാളികളിൽ നല്ലൊരു ഭാഗത്തെ സംഭാവന ചെയ്യാൻ ഈ പ്രദേശത്തിനു കഴിയേണ്ടതാണ്. ഇവയുടെ അനുബന്ധ വ്യവസായ യൂണിറ്റുകൾ വികസിപ്പിച്ചുകൊണ്ടുവരുന്നതിന് തക്ക വൈദഗ്ദ്ധ്യം സൃഷ്ടിച്ചെടുക്കുന്നതിനുള്ള ആസൂത്രണം കൂടിയേ തീരു. സാങ്കേതി വിദ്യാഭ്യാസത്തിനായി അകലെയുള്ള സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥ ഇവിടെ നിലനില്ക്കുന്നു. കളമശ്ശേരി I.T.I പോളി ടെക്നിക് എന്നിവയാണ് ഏറ്റവും അടുത്തുള്ള സർക്കാർ സാങ്കേതിക സ്ഥാപനങ്ങൾ. ഇതാവട്ടെ 25. കി.മീ. അകലെയും. കളമശ്ശേരി, ഏറ്റുമാന്നൂർ എന്നിവിടങ്ങളിൽ പഠിക്കുന്ന കുട്ടികൾ ഈ പഞ്ചായത്തിലുണ്ട്. അകലെയുള്ള സ്വകാര്യ I.T.C. കളേയും ഇവിടെയുള്ളവർ ആശ്രയിയ്ക്കുന്നു.

F.A.C.T., CRL., HOC എന്നീ വൻകിട പൊതു മേഖലാ സ്ഥാപനങ്ങളോടനുബന്ധിച്ച് സാങ്കേതി പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മറ്റൊരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമാണ് പുത്തൻകുരിശിലെ 'ലിസ്യു നഗർ I.T.C ഇവിടെ ഓട്ടോ മൊബൈയിൽ ഇലക്ട്രോണിക്സ് ട്രെയിഡുകളിൽ പരിശീലനം കൊടുക്കുന്നു. അമ്പലമുകൾ ഗവ:ഹൈസ്ക്കൂളിൽ വൊക്കേഷണൽ ഹയർ സെക്കൻററി പ്രവർത്തിക്കുന്നുണ്ട്. കൊമേഴ്സ് വിഷയങ്ങളാണ് ഇവിടെ പരിശീലിപ്പിക്കുന്നത്. അദ്ധ്യാപകർ താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരാണ്. പുത്തൻകുരിശിൽ വികലാംഗർക്കുവേണ്ടി "Faith India" എന്ന

പേരിൽ ഒരു സാങ്കേതിക പരിശീലന സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. വികലാംഗർക്കുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന വർക്കു ഷോപ്പിനു പുറമേ കംപ്യൂട്ടർ പരിശീലനം ടൈപ്പ്റൈറ്റിംഗ് പരിശീലനം എന്നിവയും നടത്തുന്നു.

പഞ്ചായത്തിൽ മൂന്നു കംപ്യൂട്ടർ പരിശീലന കേന്ദ്രങ്ങളും നാലു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും പ്രവർത്തിക്കുന്നു. ഇവയെല്ലാംതന്നെ സ്വകാര്യ വ്യക്തികൾ നടത്തുന്നവയാണ്. ഈ സ്ഥാപനങ്ങളിൽ ബഹുഭൂരിപക്ഷവും പെൺകുട്ടികളാണു പരിശീലനത്തിനെത്തുന്നത്. F.A.C.T. യുടെ അമ്പലമേട് ഹൗസ് വാടകയ്ക്കെടുത്ത് ബിസിനസ് മാനേജുമെൻറിൽ ഉന്നത പരിശീലന കോഴ്സ് നടത്തിവരുന്നു. I.I.S. എന്ന പേരിലറിയപ്പെടുന്ന ഈ സ്വകാര്യസ്ഥാപനം അന്തർദ്ദേശീയ നിലവാരം പുലർത്തുന്നു.

പ്രശ്നങ്ങൾ

1. സർക്കാർ മേഖലയിൽ സാങ്കേതിക പരിശീലന കേന്ദ്രങ്ങളില്ല.
2. സ്വകാര്യ സ്ഥാപനങ്ങളിലെ ഉയർന്ന ഫീസ് നിരക്ക് സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കു താങ്ങാനാവുന്നില്ല.
3. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സാങ്കേതിക പരിശീലനം നേടുന്നതിനുള്ള അവസരം തുലോം കുറവാണ്.
4. സ്വകാര്യസ്ഥാപനങ്ങളിലെ സൗകര്യങ്ങളെയും നിലവാരത്തെയും കുറിച്ച് ശാസ്ത്രീയമായ വിലയിരുത്തൽ സംവിധാനങ്ങളില്ല.
5. സാങ്കേതിക വിദ്യാഭ്യാസം നേടിയവരുടെ തൊഴിലില്ലായ്മ.

## നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

1. കരിമുകൾ പ്രദേശത്ത് ഒരു സർക്കാർ I.T.I. സ്ഥാപിയ്ക്കുക, തൊഴിൽ സാദ്ധ്യത കൂടുതലുള്ള ട്രേഡുകൾ ഇവിടെ തുടങ്ങണം.
2. പഞ്ചായത്തിലെ സാങ്കേതിക വിദ്യാഭ്യാസം നേടിയവരെയും വ്യാവസായിക അധികൃതരേയും വിളിച്ചുചേർത്ത് പ്രാദേശിക തൊഴിൽ സാദ്ധ്യതകൾ

വിലയിരുത്തി സ്വയംതൊഴിൽ പദ്ധതിയ്ക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉരുത്തിരിച്ചെടുക്കുക.

3. ഹൈസ്ക്കൂളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നിർബന്ധിതമാക്കുക.

4. തൊഴിലിൻെറ മഹത്വം ഉൾക്കൊള്ളുന്ന പാഠഭാഗങ്ങൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തണം.

## സമാന്തര വിദ്യാലയങ്ങൾ

പഞ്ചായത്തിലെ സ്ക്കൂളുകളിൽ S.S.L.C. യ്ക്കു പരാജയപ്പെടുന്ന കുട്ടികളിൽ നല്ല വിഭാഗം സമാന്തര വിദ്യാലയങ്ങളുടെ സൗകര്യം ഉപയോഗപ്പെടുത്തുന്നവരാണ് കോലഞ്ചേരി, തൃപ്പൂണിത്തുറ എന്നീ പ്രദേശങ്ങളിലുള്ള സ്ഥാപനങ്ങളിൽ ഇവിടെനിന്നും കുട്ടികൾ പോയി പഠിക്കുന്നുണ്ട്. പഞ്ചായത്തിൽ മൊത്തം 6 സമാന്തര വിദ്യാഭ്യാസസ്ഥാപനങ്ങളാണുള്ളത്. ഇവയിൽ പലതിലും റ്റ്യൂഷൻ മാത്രമേ നടക്കുന്നുള്ളൂ. ഇവിടങ്ങളിലെ അദ്ധ്യാപന രീതികൾ ശാസ്ത്രീയമാണെന്നു പറയാൻ വയ്യ. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് താല്ക്കാലിക തൊഴിൽ സൗകര്യം ലഭ്യമാക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് ഗുണനിലവാരത്തിൻെറ അടിസ്ഥാനത്തിൽ നിയന്ത്രണങ്ങൾ ആവശ്യമാണ്.

## സാക്ഷരതാ പ്രവർത്തനം

സാക്ഷരതാ യജ്ഞത്തിലൂടെ പഞ്ചായത്ത് സമ്പൂർണ്ണ സാക്ഷരത കൈവരിച്ചു എന്നു പറയുന്നുണ്ടെങ്കിലും ആ അവസ്ഥയ്ക്കു, മാറ്റം വന്നിട്ടുണ്ടെന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ നല്കുന്ന സൂചന. നിരക്ഷരതയിലേക്കു തിരിഞ്ഞുപോയ വിഭാഗക്കാരിൽ ഏറ്റവും കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ് കരിമുകൾ-കാണിനാടു പ്രദേശങ്ങളിലെ കോളനികളിൽ നിരക്ഷരർ ധാരാളമുണ്ട്. നിലവിൽ പഞ്ചായത്തിലൊരിടത്തും സാക്ഷരതാ കേന്ദ്രങ്ങൾ പ്രവർത്തിയ്ക്കുന്നില്ല. പഞ്ചായത്തു ജനശിക്ഷണനിലയത്തിൻെറ നേതൃത്വത്തിൽ കോളനികൾ കേന്ദ്രീകരിച്ച് സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമായി പുനരാരംഭിക്കേണ്ടത് അത്യാവശ്യമാണ്.

# സംസ്കാരം

ഒരു പ്രദേശത്തെ ജനതയുടെ ജീവിതഗുണത വിലയിരുത്തുന്നതിനുള്ള ശാസ്ത്രീയ മാനദണ്ഡങ്ങൾ ആഗോളതലത്തിൽത്തന്നെ ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്. ഇതനുസരിച്ച് സമൂഹത്തിന്റെ ഭൗതിക ജീവിതഗുണതയും ആത്മീയജീവിതഗുണതയും മൊത്തം ജീവിതനിലവാരത്തിൽ തുല്യപ്രാധാന്യത്തോടെ പരിഗണിക്കേണ്ടതാണ്. ജനനനിരക്ക്, മരണനിരക്ക് പ്രതീക്ഷിത ആയുസ്സ്, ശിശു മരണനിരക്ക് ആശുപത്രികളുടെ എണ്ണം, പാർപ്പിട സൗകര്യം പോഷണ ലഭ്യത മുതലായവയുടെ അടിസ്ഥാനത്തിലാണ് ഭൗതിക ജീവിതഗുണത വിലിയിരുത്തുന്നത്. മേല്പറഞ്ഞ സൗകര്യങ്ങൾ പരമാവധി ഉണ്ടെങ്കിലും അത് ഒരു ആരോഗ്യമുള്ള സമൂഹസൃഷ്ടിക്കു കാരണമാകണമെന്നില്ല. അതിനു ഭൗതിക സാഹചര്യങ്ങളോടൊപ്പം മറ്റുചില സൂചികകൾ കൂടി പരിഗണിക്കേണ്ടതുണ്ട്. സാക്ഷരത, വിദ്യാഭ്യാസ കലാസാംസ്കാരിക സ്ഥിതി, സാമൂഹിക സമത്വം, സമൂഹത്തിൽ സ്ത്രീകളുടെ പങ്ക് മുതലായവ അത്തരത്തിലുള്ളവയാണ്. ആത്മീയ ജീവിതഗുണതകൊണ്ടുദ്ദേശിക്കുന്നത് മേല്പറഞ്ഞ കാര്യങ്ങളിലുള്ള സമൂഹത്തിന്റെ സ്ഥിതിയാണ്.

സമ്പന്നമായ സാംസ്കാരിക പാരമ്പര്യമുള്ള നാടാണ് നമ്മുടേത്. രാജഭരണ കാലഘട്ടത്തിൽ വലിയ ഒരു വിഭാഗം ജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റി നിർത്തിയിരുന്നെങ്കിലും കലകളേയും സാംസ്കാരികപ്രവർത്തനങ്ങളേയും പ്രോത്സാഹിപ്പിക്കുന്ന അവസ്ഥ നിലനിന്നിരുന്നു. കലാകരാന്മാരും രാജകൊട്ടാരത്തിലെ ആശ്രിതരായി കഴിഞ്ഞിരുന്നു. കലകളുടേയും വാസ്തുവിദ്യയുടേയും വികാസത്തിനു രാജാക്കന്മാർ മുന്തിയ പരിഗണന കൊടുത്തിരുന്നു. ചില രാജാക്കന്മാരാകട്ടെ ഉന്നത കലാകാരന്മാരുമായിരുന്നു. സമൂഹത്തിൽ മേധാവിത്വം പുലർത്തിയിരുന വർഗ്ഗത്തിന്റെ സംസ്കാരമായിരുന്നു മൊത്തം സമൂഹത്തിൽ സംസ്കാരം. ഇതേസമയം അദ്ധ്വാനിക്കുന്ന വിഭാഗങ്ങളുടെ ഇടയിൽ ഉറവയെടുത്ത സംസ്കാരത്തിന്റെ തെളിനീർ കാണപ്പെടാതെപോയി. അദ്ധ്വാനവുമായി ബന്ധപ്പെട്ട് ഒട്ടേറെ കലാരൂപങ്ങൾ പിറവിയെടുത്തിട്ടുണ്ട്. ഞാറ്റുവേലപ്പാട്ടും തേക്കുപാട്ടും ചില ഉദാഹരണങ്ങൾ മാത്രം.

## സാമൂഹ്യ സ്ഥിതി

മാർത്താണ്ഡ വർമ്മയുടെ നേതൃത്വത്തിൽ തിരവിതാംകൂർ ഒരു രാഷ്ട്രീയശക്തിയായി മാറിയെതിനു ശേഷമാണ് ഇവിടത്തെ സാമൂഹ്യഘടനയിൽ കാര്യമായ മാറ്റം വന്നത്. പൂജാദികളിൽ ശ്രദ്ധയൂന്നിയിരുന്ന ബ്രാഹ്മണർ അതിനുശേഷം ഭൂജന്മിമാരായി. ഈ സംവിധാനത്തിൽ ഭൂമി ജന്മിയുടെ ഉടമസ്ഥതയിലായിത്തീർന്നു. കുടിയാന്മാർ ആവശ്യാനുസരണം സ്ഥലവും നിലവും പാടത്തിനേല്ക്കുകയും ആദായവിഹിതം പാട്ടമായി നല്കുകയും ചെയ്തുവന്നു. വിളവ് മോശമായാലും പാട്ട വ്യവസ്ഥകൾ കുടിയാന്മാർ പാലിച്ചെ പറ്റൂ. ചില പ്രദേശങ്ങളിൽ കാണം സംബ്രദായം നിലനിന്നിരുന്നു. ഇതനുസരിച്ച് കുടിയാനിൽ നിന്ന് ജന്മി ഒരു തുക മുൻകൂട്ടി വാങ്ങുന്നു. പാട്ടം കൊടുക്കുമ്പോൾ "കാണ"ത്തിൻെറ പലിശയും പരിഗണിച്ചിരുന്നു. അടിസ്ഥാനവർഗ്ഗത്തിലെ കർഷകത്തൊഴി ലാളികളുടേയും മറ്റു തൊഴിലെടുക്കുന്നവരുടേയും സ്ഥിതി ഇതിനേക്കാളേറെ കഷ്ടതരമാണ്. അവരെ മനുഷ്യരായിപ്പോലും ഗണിച്ചിരുന്നില്ല.

വടവുകോടു പുത്തൻകുരിശ് പഞ്ചായത്തിന് ഒരു വലിയ പ്രത്യേകതയാണുള്ളത്, ഇതിലുൾപ്പെടുന്ന വടവുകോടുപ്രദേശം കൊച്ചി രാജ്യത്തിൻെറ ഭാഗവും ബാക്കി പ്രദേശങ്ങൾ തിരുവിതാംകൂർ രാജ്യത്തിൻെറ ഭാഗവുമായിരുന്നു എന്നതാണ്. ഇവ യോജിപ്പിച്ച് നിലവിലുള്ള പഞ്ചായത്താക്കിയ് ജനകീയ ഭരണ വന്നതിനുശേഷമാണ്- **1953** -ൽ പണ്ടത്തെ അതൃത്തി പ്രദേശങ്ങളിൽ "കൊ-തി" എന്ന് രേഖപ്പെടുത്തിയ വലിയകല്ലുകൾ സ്ഥാപിച്ചിരുന്നത്. മാർത്താണ്ഡവർമ്മ രാജ്യം വികസിപ്പിച്ചു വന്നപ്പോൾ കൊച്ചി മഹാറാണിയുടെ അപേക്ഷപ്രകാരം വടവുകോടു പ്രദേശം കൊച്ചിയുടെ ഭാഗമായി നിലനിർത്തി. വടവുകോടു പ്രദേശത്തിൻെറ ഭരണം തൃണാശ്ശേരി മനയെ ഏല്പിച്ചു.

## ജാതി-മത ഘടന

നാനാജാതിമതസ്ഥർ സൗഹാർദ്ദത്തോടെ ജീവിക്കുന്ന പ്രദേശമാണിവിടം. ഇവിടത്തെ പ്രധാന മതവിഭാഗമാണ് ഹിന്ദു, ക്രിസ്ത്യൻ, ഇസ്ലാം എന്നിവയാണ്. ഓരോ വിഭാഗത്തിലും ഉള്ള പല ഉപവിഭാഗങ്ങൾ ഇവയിലുണ്ട്. ഹിന്ദുക്കളിൽ, ഈഴവർ, നായന്മാർ, പുലയർ, എന്നിവരാണ് പ്രാധാനമായുള്ളത്. ജനസംഖ്യയിൽ 50 ശതമാനം ഹിന്ദുക്കളാണ്. 40 ശതമാനത്തിനുമേൽ ക്രിസ്ത്യാനികളുണ്ട്. ഇവരിൽ

സിറിയൻ യോക്കാബായ, ഓർത്തഡോക്സ്, റോമൻ കത്തോലിക്കർ, സാൽവേഷൻ ആർമി, പൊന്തക്കോസ്ത് എന്നീ വിഭാഗങ്ങൾ ഉൾപ്പെടുന്നു. 10 ശതമാനത്തിൽ താഴെയുള്ള മുസ്ലീംങ്ങൾ പഞ്ചായത്തിലെ 4,5,6 വാർഡുകളിലാണ് പ്രധാനമായുള്ളത്.

സ്വാതന്ത്ര്യലബ്ധി വരെ ജാതിപരമായ അസമത്വങ്ങൾ രൂക്ഷമായി നിലനിന്നിരുന്ന പ്രദേശമാണിവിടം ഓരോ ജാതിയും തങ്ങളെക്കാൾ താഴ്ന്നതെന്നു പറയപ്പെടുന്ന ജാതിക്കാരോടു തീണ്ടൽ , തൊടീൽ മുതലായ കൃത്യമായി പാലിച്ചിരുന്നു. പട്ടികജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണ് ഈ സമ്പ്രദായത്തിൻെറ പ്രധാന ഇരകൾ. ക്രിസ്ത്യൻ മുസ്ലീം വിഭാഗക്കാരോട് ഇത്തരത്തിലുള്ള നിയമങ്ങൾ അത്രതന്നെ പ്രയോഗിച്ചിരുന്നില്ല. ഈ നൂറ്റാണ്ടിൻെറ ആദ്യപകുതിയിൽ ഹിന്ദുക്കളിൽ നിന്നുള്ള മതപരിവർത്തനങ്ങൾ കാര്യമായി നടന്നിട്ടുണ്ട്. പുലയസമുദായത്തിൽ നിന്ന് രക്ഷാസൈന്യം എന്ന ക്രിസ്ത്യൻ വിഭാഗത്തിലേക്കുള്ള മതപരിവർത്തനമാണ് പ്രധാനമായുള്ളത്. പറയ സമുദായത്തിൽ നിന്നും യാക്കോബായ സമുദായത്തിലേക്കും മതംമാറ്റമുണ്ടായിട്ടുണ്ട്. ഇസ്ലാമിലേയ്ക്കുള്ള മതപരിവർത്തനം നടന്നിട്ടുണ്ടെങ്കിലും അതു നാമമാത്രമായിരുന്നു.

മതപരിവർത്തനത്തിനു കാരണം തേടുമ്പോൾ കാണുക സാമൂഹ്യസുരക്ഷിതത്വത്തിനു വേണ്ടിയായിരുന്നു പ്രധാനമായും ഇങ്ങനെ സംഭവിച്ചത് എന്നാണ്. ഹിന്ദുമതത്തിൻെറ ഭാഗമായിരിക്കുമ്പോൾ തന്നെ ജാതിപരമായ ഉച്ചനീചത്വങ്ങൾ മൂലം യാതന അനുഭവിയ്ക്കേണ്ടി വന്നവരാണ് താല്കാലികാശ്വാസം തേടി മറ്റു മതങ്ങളിലേയ്ക്ക് പോയിട്ടുള്ളവരിൽ അധികവും. ജന്മിമാരിൽനിന്നുള്ള പീഡനത്തെ ചെറുക്കുന്നതിന് വെള്ളക്കാരൻെറ മതത്തിൽ അഭയം തേടുക എന്ന ലളിതയുക്തിയാണ് ഇവിടെ പ്രയോഗിക്കപ്പെട്ടത്. രക്ഷാസൈന്യത്തിലേയ്ക്കുള്ള മതം മാറ്റം കൊണ്ട് അവരുടെ സാമൂഹ്യസ്ഥിതിയിൽ അനുഗുണമായ മാറ്റങ്ങളുണ്ടായി. വിദ്യാഭ്യാസകാര്യങ്ങളിലെ പുരോഗതി ഗണ്യമായിരുന്നു. ചിലർക്കു സർക്കാർ ജോലികളിൽ പ്രവേശിക്കാൻ കഴിഞ്ഞു. ശക്തമായ സംഘടനാ ചട്ടക്കൂടിൻെറ ഭാഗമായതുകൊണ്ട് കൂടിയാണ് ഇത്തരത്തിലുള്ള മാറ്റങ്ങളുണ്ടായത്. വരിക്കോലി പ്രദേശത്ത് രക്ഷാസൈന്യത്തിൻെറ ആഭിമുഖ്യത്തിൽ കുഷ്ഠരോഗാശുപത്രി സ്ഥാപിക്കപ്പെട്ടതിനു ശേഷമാണ് മേല്പറഞ്ഞ മതപരിവർത്തനം നടന്നിട്ടുള്ളത്. മത സ്പദ്ധയോ അനുബന്ധ പ്രശ്നങ്ങളോ ഈ പ്രദേശത്ത് ഉണ്ടായിട്ടില്ല.

ദേശീയ പ്രസ്ഥാനവും ഇടതുപക്ഷ പ്രസ്ഥാനവും ഈ പ്രദേശത്ത് ചെറുചലനമേ സൃഷ്ടിച്ചിട്ടുള്ളു എങ്കിലും ശ്രദ്ധേയമായ ഒരു കാർഷിക വിപ്ലവം പഞ്ചായത്തിലൂടെ

ബ്രഹ്മപുരം പ്രദേശത്തു നടക്കുകയുണ്ടായി ജന്മിക്കെതിരെ നടത്തപ്പെട്ട രക്തരൂക്ഷിത മായ കലാപം കാണിക്കുന്നത്. ജന്മിയുടെ പീഡനത്തിൽ പൊറുതി മുട്ടിയ കർഷകർ നായർ ക്രിസ്ത്യൻ പരസ്പരസഹായ സഹകരണസംഘം ഉണ്ടാക്കുകയും ജന്മിയെ വർധിക്കുകയും ചെയ്തത് ഇടതുപക്ഷപ്രസ്ഥാനം ശക്തിപ്പെടുന്നതിനും മുമ്പാണ് കോളിളക്കം സൃഷ്ടിച്ച ഈ സംഭവത്തിനുശേഷം വസ്തു ഉടമസ്ഥത സംബന്ധിച്ച സ്ഥിതിയിൽ മാറ്റമുണ്ടാവുകയും കുടിയാന് ഭൂമി സ്വന്തമായി അനുഭവിക്കാനുള്ള സൗകര്യത്തിൻ കാര്യമായ പുരോഗതി വരികയും ചെയ്തു.

## ഐതിഹ്യങ്ങൾ, സ്ഥലനാമങ്ങൾ

ബ്രഹ്മപുരം പ്രദേശത്തിന് ആ പേരുണ്ടായത് ബ്രാഹ്മണരുടെ പുരം എന്ന അർത്ഥത്തിലാണ്. മുപ്പത്തെട്ടര ഇല്ലക്കാർ ഇവിടെ താമസിച്ചിരുന്നത്രേ. അതുപോലെ അമ്പലത്തിൽ കാവുക്ഷേത്രവുമായി ബന്ധപ്പെട്ടാണ് അമ്പലമുകൾ എന്ന പേരുന്നത്. അമ്പലമേട് എന്ന പേർ കുഴിക്കാടു പ്രദേശത്തിനു ലഭിച്ചത് F.A.C.T. വന്നതോടെ യാണ്. ശ്രീ. എം. കെ. കെ. നായരാണ് ഈ പേര് ശുപാർശചെയ്തത്. പുത്തൻകുരിശ് പണ്ട് പന്നിക്കുഴി എന്നാണറിയപ്പെട്ടിരുന്നത്. കോലഞ്ചേരി പള്ളിയുടെ ഒരു കൽ കുരിശ് സ്ഥാപിക്കപ്പെട്ടതിനുശേഷമാണ് പുത്തൻകുരിശ് എന്ന പേരുണ്ടായത്. പുരാണങ്ങളുമായി ഈ പ്രദേശങ്ങൾക്കു ബന്ധമുള്ളതായി പറയപ്പെടുന്നു.

## നാടൻ കലാരൂപങ്ങൾ

ഈ പഞ്ചായത്തിലുൾപ്പെടുന്ന പ്രദേശങ്ങളിൽ പല നാടൻകലാരൂപങ്ങളും പ്രചരിച്ചിരുന്നു. അമ്പലങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ചുള്ള കാവടിയാടവും ഉടക്കുപാട്ടും മുഴുവൻ ജനവിഭാഗങ്ങളേയും ആകർഷിച്ചിരുന്ന കലാരൂപങ്ങളാണ്. പരിശമുട്ടുകളി, വില്ലടിച്ചാൻ പാട്ട്, ചീന്തുപാട്ട് മുതലായവ ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. കാവുകളുമായി ബന്ധപ്പെട്ട് സർപ്പംപാട്ടും നടന്നിരുന്നു. കൊടിഞ്ഞൂർ അമ്പലത്തിലെ ഒരുകലാരൂപമായിരുന്നു. കളമെഴുത്തുംപാട്ടും. ഇവിടത്തെ കുംഭകുടം ഘോഷയാത്ര ആഘോഷത്തോടെ നടത്തിയിരുന്നു. ഒറ്റത്തൂക്കം പ്രചാരത്തിലുണ്ടായിരുന്ന അമ്പലമായിരുന്നു ഇത്. ഇവിടെ ഹരിജനങ്ങളുടെ പ്രത്യേക ഘോഷയാത്രകൾ നടത്തിയിരുന്നു. ഇളംകുളത്തുകാവ് എന്നും ഈ അമ്പലം അറിയപ്പെട്ടിരുന്നു. പുത്തൻകുരിശിലെ പുത്തൻകാവു ഭഗവതിക്ഷേത്രത്തിൽ ഗരുഡൻതൂക്കം ഇപ്പോഴും പ്രചാരത്തിലുണ്ട്. മിക്ക അമ്പലങ്ങളിലും ഉത്സവങ്ങളോടനുബന്ധിച്ച് ഹരികഥ, കഥകളി, കൂത്ത്, ഓട്ടൻതുള്ളൽ മുതലായവയും

നടന്നിരുന്നു. ഗുസ്തി മുറകളും മറ്റും അഭ്യസിപ്പിക്കുന്നതിനുള്ള ഒരു കളരി കുഴിക്കാടു പ്രദേശത്ത് പ്രവർത്തിച്ചിരുന്നു. കുഴിക്കാട്ടില്ലം ഒരു പ്രധാന വേദപഠനകേന്ദ്രമായിരുന്നു.

ഇവിടെയുള്ള വായനശാലകളോടനുബന്ധിച്ച് നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. അമ്പലമുകൾ ഉദയ ലൈബ്രറിയോടനുബന്ധിച്ചും ബ്രഹ്മപുരം, വടവുകോടു വായനശാലകളോടനുബന്ധിച്ചും നടത്തിയിരുന്നു ഇത്തരം നാടകങ്ങളിൽ വായനശാലാ പ്രവർത്തകർ തന്നെയാണ് അഭിനേതാക്കളായിരുന്നത്. പല സൺഡേ സ്കൂളുകളും ഇത്തരം പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 50-കളിൽ കഥാപ്രസംഗത്തിനു വൻപ്രചാരമുണ്ടായിരുന്നു. കോടിയാട്ടു ഗോപാലൻനായർ, മുട്ടം ഭാഗത്തുള്ള ചെറിയാൻ എന്നിവർ മികച്ച കാഥികരായിരുന്നു.

## ആരാധാനാലയങ്ങൾ

ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങളുടെ ആരാധാനാലയങ്ങൾ പഞ്ചായത്തിലുണ്ട്. 15 അമ്പലങ്ങളും 16 ക്രിസ്ത്യൻ ദേവാലയങ്ങളും 4 മുസ്ലീം പള്ളികളും ഇതിലുൾപ്പെടുന്നു. പൊന്തിക്കോസ്തു വിഭാഗത്തിന്റെ പ്രാർത്ഥനാലയങ്ങൾ ഇതിനു പുറമെയാണ്. അമ്പലങ്ങളിൽ ഹരിമറ്റത്തു ക്ഷേത്രം മാത്രമേ ദേവസ്വം വകയായുള്ളു. മറ്റെല്ലാം ഊരാണ്മ ക്ഷേത്രങ്ങളാണ്. ഇപ്പോൾ ഇവ പ്രാദേശിക കമ്മിറ്റികളുടെ ഭരണത്തിൻ കീഴിലാണ്. ആരാധാനാനയങ്ങളിലെ ഉത്സവങ്ങളും പെരുന്നാളുകളും വിപുലമായി നടത്തപ്പെടാറുണ്ട്. ജാതിമത ചേരി തിരിവുകൾ ഇവിടെ ഉണ്ടായിട്ടില്ല. എല്ലാ ദേവാലയങ്ങളെയും ബഹുമാനത്തോടെ വീക്ഷിക്കുന്നതിനുള്ള സാംസ്കാരികി സമ്പന്നത ഇവിടെയുള്ള ആളുകൾ പ്രകടിപ്പിച്ചു പോന്നിട്ടുണ്ട്. പുത്തൻകുരിശു പുത്തൻകാവു ഭഗവതിക്ഷേത്രത്തിലെ ഉത്സവം വളരെ പ്രസിദ്ധമാണ്. ഉത്സവകാലത്ത് മറ്റു പ്രദേശങ്ങളിൽ നിന്നുള്ള ആളുകൾ ഇവിടെ എത്താറുണ്ട്. അമ്പലമേട് ഹരിമറ്റത്ത് ക്ഷേത്രത്തിലെ ഉത്സവും കൊടിഞ്ഞൂർ, കാണിനാട് അമ്പലങ്ങളിലെ ഉത്സവങ്ങളും വിപുലമായി ആഘോഷിക്കപ്പെടാറുണ്ട്. ക്രിസ്ത്യൻ ദേവാലയങ്ങളിൽ പ്രമുഖമാണ് പുത്തൻകുരിശ്, വരിക്കോലി, കുറ്റ വടവുകോട്, ബ്രഹ്മപുരം എന്നിവിടങ്ങളിലേത്. ഇവിടത്തെ പെരുന്നാളുകൾ ജനകീയാഘോഷങ്ങളെയാണ് നടത്തപ്പെടുന്നത്. ഘോഷയാത്രയിലെ ഇതര മതസ്ഥർ മെഴുകുതിരി കത്തിച്ചുവെച്ചും മറ്റും ഭക്തിപൂർവ്വം വരവേൽക്കുന്നത് ഇന്നും സാധാരണമാണ്. എല്ലാ വർഷവും പുത്തൻകുരിശിൽ വച്ച് ഡിസംബർ അവസാനവാരത്തിൽ അഖില മലങ്കര അടിസ്ഥാനത്തിൽ ബൈബിൾ കൺവെൻഷൻ നടത്തുന്നുണ്ട്. യാക്കോബായ വിഭാഗമാണ് ഇത് സംഘടിപ്പിക്കുന്നത്. മുസ്ലീം പെരുന്നാളുകളോടനുബന്ധിച്ച്

ഘോഷയാത്ര നടത്തിവരുന്നു. ചന്ദനക്കുട മഹോത്സവം ചിലമുസ്ലീംപള്ളികളിൽ നടത്തിയിരുന്നു. മുസ്ലീം പള്ളികളോടു ചേർന്ന് ഗൗഡസാസ്വത ബ്രാഹ്മണരുടെ ഒരു ക്ഷേത്ര സമുച്ചയം സ്ഥിതിചെയ്യുന്നു. അവിടെ കുലദേവതാ പ്രതിഷ്ഠയും മറ്റും അടുത്തവിടെ നടന്നു. ഗൗഡസാരസ്വതരുടെ വളരെ പ്രധാനപ്പെട്ട ആരാധാനാലയമാണിത്. അമ്പലമുകളിലും പുത്തൻകുരിശിലും ശ്രീനാരായണഗുരുമന്ദിരവും, അതിനോട് ബന്ധപ്പെട്ട് ചതയദിനഘോഷയാത്രയും നടത്തുന്നു.

## സാംസ്കാരിക സംഘടനകൾ, സ്ഥാപനങ്ങൾ

ഇവിടെ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ഒരു രാഷ്ട്രീയേതര സംഘടനയാണ് കേരളശാസ്ത്ര സാഹിത്യപരിഷത്ത്. സാമൂഹ്യബോധന രംഗത്തെ പ്രവർത്തനങ്ങളാണ് ഈ സംഘടന നടത്തിവരുന്നത്. വിദ്യാഭ്യാസം, പരിസ്ഥിതി, വികസം മുതലായ രംഗങ്ങളിൽ ഈ സംഘടന സജീവമായി ഇടപെടുന്നു. കരിമുകൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹൃദയവേദി സാഹിത്യസമ്മേളനങ്ങൾ, ക്ലാസുകൾ മുതലായവ സംഘടിപ്പിച്ചുകൊണ്ട് സാഹിത്യസ്വാദനം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. F.A.C.T. ജീവനക്കാർ മുൻകൈയെടുത്ത് രൂപീകരിച്ച് ഫാക്ട് ഫൈനാട്സ് ഫോറം, ഫിലിം ക്ലബ്ബ്, റിഫൈനറി ഫിലിം സൊസൈറ്റി എന്നിവയും സജീവമായി പ്രവർത്തിക്കുന്നുണ്ട്. നാടകങ്ങൾ, സിനിമകൾ മുതലായവ നടത്തുകയാണ് ഇവർ ചെയ്യുന്നത്. വരിക്കോലി കുഷ്ഠരോഗാശുപത്രിയിൽ നിന്നും രോഗം ഭേദമായവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ജീവൻ സെൻറർ എന്ന സ്ഥാപനം പുത്തൻകുരിശിൽ പ്രവർത്തിക്കുന്നുണ്ട്. മന്ദബുദ്ധികളായ കുട്ടികൾക്കു വേണ്ടി നടത്തിയിരുന്ന വടവുകോട്ടിലെ ക്രിസ്ത്യൻ സെൻറർ എന്ന സ്ഥാപനത്തിൽ ഇപ്പോൾ ഒരു അനാഥാലയമാണ് പ്രവർത്തിക്കുന്നത്. വികലാംഗ ക്ഷേമത്തിനായി 'ഫെയിത്ത് ഇൻഡ്യ" എന്ന സ്ഥാപനം പുത്തൻകുരിശിൽ പ്രവർത്തിക്കുന്നുണ്ട്.

സ്കൂൾ യുവജനോത്സവം, ശാസ്ത്രമേളകൾ, പരിഷത്ത് മുൻകൈയെടുത്തു നടത്തുന്ന വിജ്ഞാനോത്സവങ്ങൾ, കേരളോത്സവത്തിൻെറ ഭാഗമായി നടത്തുന്ന കലാകായികമേളകൾ, ക്ലബ്ബുകളുടേയും മറ്റും വാർഷികഘോഷങ്ങൾ മുതലായവ ഈ പ്രദേശത്തെ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നവയാണ്. ബ്ലോക്കുതല കേരളോത്സവത്തിൽ പരിശീലത്തിനു സ്ഥിരമായ സംവിധാം പലസ്കൂളുകളിലും ഇല്ല. താല്കാലികമായി ചില സ്കൂളുകൾ പരിശീലകരെ ഏർപ്പെടുത്തുന്ന പതിവുണ്ട്.

## വായനശാലകൾ

ഒരു പ്രദേശം സാംസ്കാരികമായി ഏതവസ്ഥയിൽ നില്ക്കുന്നു എന്നതിൻെറ ഒരു പ്രധാന മാനദണ്ഡമാണ് ആ പ്രദേശത്തെ വായനശാലകളുടെ പ്രവർത്തന നിലവാരം. ഇക്കാര്യത്തിൽ നല്ലൊരു പാരമ്പര്യം അവകാശപ്പെടാവുന്ന പ്രദേശമാണിത്. പഞ്ചായത്തിലെ ആദികാല വായനശാലകൾ, ബ്രഹ്മപുരം, ഗ്രാമീണ വായനശാല, വടവുകോടു ഗ്രാമീണ വായനശാല, പുറ്റുമാനൂർ വള്ളത്തോൾ സ്മാരകവായനശാല, അമ്പലമുകളിലെ ഉദയലൈബ്രറി എന്നിവയായിരുന്നു. ഇതിൽ ഉദയ ലൈബ്രറി ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അതാതു പ്രദേശങ്ങളിൽ നിറഞ്ഞുനിന്ന സാംസ്ക്കാരികസ്ഥാപനങ്ങളായിരുന്നു ഇവ. പുത്തൻകുരിശു പഞ്ചായത്തു ലൈബ്രറി യാണ് ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വായനശാല. ഇപ്പോൾ 10,819 പുസ്തകങ്ങൾ ഇവിടെയുണ്ട്. ഗ്രന്ഥശാലാസംഘത്തിൽ രജിസ്ട്രേഷൻ ഉള്ള വായനശാലകളിൽ മേൽപ്പറഞ്ഞവയ്ക്കു പുറമെ വരിക്കോലി കുഷ്ഠരോഗാശു പത്രിയിൽ പ്രവർത്തിക്കുന്ന വായനശാലയും ഉൾപ്പെടുന്നു. ഫാക്ട് റിക്രിയേഷൻ, ക്ലബ്ബ്, പീച്ചി ഓച്ചിറയിലെ പ്രീതി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് എന്നിവയിൽ ലൈബ്രറിയും റീഡിംഗ് റൂമും പ്രവർത്തിക്കുന്നുണ്ട്.

വായനശാലകളുടെ പ്രവർത്തനം മന്ദീഭവിച്ചുവരുന്നതായിട്ടാണ് കണ്ടുവരുന്നത്. ജനസംഖ്യാ വർദ്ധനവിനനുസരിച്ച് അംഗത്വത്തിൽ വർദ്ധന ഉണ്ടായിട്ടില്ലെന്നു മാത്രമല്ല അംഗത്വം കേവലമായിത്തന്നെ കുറഞ്ഞുവരികയും ചെയ്യുന്നു ജനങ്ങളുടെ വായനാശീലത്തിൽ വന്നകുറവാണിതു കാണിക്കുന്നത്. ജീവിത രീതിയിൽ വന്ന മാറ്റമാണിതിനു പ്രധാനകാരണം. ജനസംഖ്യ വർദ്ധിക്കുകയും ജീവിതസമരം രൂക്ഷമാവുകയും ചെയ്തപ്പോൾ ജീവിതത്തിൽ തിരക്കു വർദ്ധിച്ചു. അങ്ങനെ വരുമ്പോൾ മത്സരിച്ചു ജയിച്ചു കയറുകയാണ് പ്രധാന ലക്ഷ്യം എന്നു വരുന്നു. വിജ്ഞാന സമ്പാദനത്തിനപ്പുറം മാനസികോന്നമനത്തിനു സമയം കണ്ടെത്താൻ കഴിയാതെയാവുന്നു. ഇതു സമുഹത്തിൻെറ സാംസ്കാരികാപചയത്തിനു കാരണമായിട്ടില്ലേ എന്നും ചിന്തിക്കേണ്ടതാണ്. വായനയുടെ ഗുണത്തിനും പ്രകടമായ മാറ്റം വന്നിട്ടുണ്ട്. സാഹിത്യമൂല്യമുള്ള കൃതികൾ കാര്യമായി വായിക്കപ്പെടുന്നില്ല. പൈങ്കിലി സാഹിത്യം എന്ന പേരിലറിയപ്പെടുന്ന രചനകൾക്കാണ് ഏറ്റവും പ്രിയം. ഇത്തരം വിഭാഗത്തിലുള്ള നോവലുകൾ പ്രസിദ്ധീകരിക്കുന്ന ആനുകാലികങ്ങൾ ധാരാളമായി വിറ്റഴിയുന്നുണ്ട്. മലയാള മനോരമ ആഴ്ചപ്പതിപ്പ് 2000-ലേറെ പ്രതികൾ വിറ്റഴിയുമ്പോൾ മാതൃഭൂമി ആഴ്ചപ്പതിപ്പ് 100-ൽ താഴെ മാത്രമേ ചെലവാകുന്നുള്ളു.

സ്ത്രീകളുടെ വായനാശീലം പുതിയ തലമുറയുടെ സാംസ്കാരികാഭിവൃദ്ധിയുമായി ബന്ധപ്പെട്ടിരിക്കുന്നു. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ വായനാശീലം കുറവായി കണ്ടുവരുന്നു. അദ്ധ്വാന ഭാരം ഏറുന്നതുകൊണ്ട് വായനപോലുള്ള ബുദ്ധിപരമായ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നതിന് അവർ വിമുഖതകാട്ടുന്നു. സമയകുറവും ഒരു കാരണമാണ്. പൊതുപ്രവർത്തനരംഗത്തെ സ്ത്രീകളുടെ സാന്നിദ്ധ്യം വിരളമായതിനാൽ ഇക്കാര്യത്തിൽ വേണ്ടത്ര ബോധവൽക്കരണം നടന്നിട്ടില്ല. ഇലകട്രോണിക് മാദ്ധ്യമങ്ങൾ ഒരുക്കുന്ന മായികതയിൽ ഭ്രമിച്ചുപോകുന്നതിന്റെ ഫലമായി വായനയോടുള്ള താല്പര്യം കുറഞ്ഞു വരുന്നു. മുൻപു ചൂണ്ടികാണിച്ച "പൈങ്കിളി സാഹിത്യ"ത്തിന്റെ ഒരു പ്രധാനസ്വാദകരാണ് സ്ത്രീകളിന്ന്.

## മാദ്ധ്യമ രംഗം

വിവര സാങ്കേതികവിദ്യയുടെ മുന്നേറ്റം മൂലം മാദ്ധ്യമരംഗത്ത് ഇന്ന് അത്ഭുതങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ രംഗത്തെ മുന്നേറ്റത്തോടൊപ്പം ലോകം ഒരു ചെറു ഗ്രാമമായി ചുരുങ്ങി വരുന്നു. ലോകത്തിന്റെ ഏതു മുക്കിലും മൂലയിലും നടക്കുന്ന സംഭവങ്ങൾ ഞൊടിയിടയിൽ എല്ലായിടവുമെത്തിക്കാൻ തക്ക സാങ്കേതിക വിദ്യ നാം കൈവരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി നല്ലതിനോടൊപ്പം അരുതാത്തതും വേഗം വ്യാപിക്കുന്നു എന്ന അവസ്ഥയും നിലനില്ക്കുന്നു. ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ നമ്മുടെ നിത്യജീവിതത്തിൽ ശക്തമായ സ്വാധീനമാണു ചെലുത്തുന്നത്. വൈവിധ്യപൂർണ്ണവും വർണ്ണാഭവുമായ പരിപാടികളിലൂടെ ഉപഭോഗ സംസ്കാരത്തിന്റെ വളർച്ചയ്ക്കാവശ്യമായ പോഷകങ്ങൾ ജനമനസ്സുകളിൽ മുടങ്ങാതെ നല്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ മനശാസ്ത്രപരമായ ഫലങ്ങൾ പഠന വിധേയമാക്കപ്പെട്ടിട്ടുണ്ട്. മനുഷ്യന്റെ സ്വതന്ത്രചിന്തയെ മുരടിപ്പിക്കുന്നു എന്നു അവസ്ഥ ഇതു സൃഷ്ടിക്കുന്നു എന്ന നിഗമനത്തിന് ഏറെ പ്രധാന്യമുണ്ട് പഞ്ചായത്തിലെ ജനസംഖ്യയുടെ വലിയൊരു ഭാഗം T.V. സ്വന്തമായുള്ളവരോ അതുപയോഗിക്കുന്നവരോ ആണ്. ഡൽഹി ഏഷ്യാഡ്, വേൾഡ് കപ്പ് ഫുട്ബോൾ എന്നീ സംഭവങ്ങളോടനുബന്ധിച്ചാണ് ഈ പ്രദേശത്ത് ടെലിവിഷൻ വ്യാപകമായിത്തുടങ്ങിയത്. താരതമ്യേന കുറഞ്ഞ സാമ്പത്തിക സ്ഥിതിയുള്ളവർപോലും തങ്ങളുടെ മുൻഗണനാക്രമത്തിൽ T.V. ഒന്നാമതായിത്തന്നെ ഉൾപ്പെടുത്തുന്നു. ക്ലബ്ബുകൾക്കായി പഞ്ചായത്തിൽനിന്നും 12 കളർ T.V. സെറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. പല ഗ്രാമസഭകളിൽനിന്നും പൊതു T.V. സെറ്റുകൾ സ്ഥാപിച്ചു കിട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ ഉന്നയിച്ചിട്ടുണ്ട്. T.V. യുടെ പ്രചാരം കൂടിയതോടുകൂടി റേഡിയോ ഉപയോഗം കുറഞ്ഞിട്ടുണ്ട്. കുട്ടികളുടെ

വിദ്യാഭ്യാസത്തെ T.V. ബാധിക്കുന്നുണ്ട് എന്നാണ് ഈ പ്രദേശത്തെ കുട്ടികളിൽ നടത്തിയ ചില അനൗദ്യോഗിത പഠനങ്ങൾ കാണിക്കുന്നത്. പഠനസമയം അപഹരിക്കുന്നു, താല്പര്യം കുറയുക, അനാശാസ്യമായ സ്വഭാവശീലങ്ങളുടെ അടിമയായി പഠനത്തിലുള്ള ശ്രദ്ധ വ്യതിചലിക്കുക മുതലായ പ്രശ്നങ്ങൾ T.V. യുടെ സ്വാധീനം മൂലം ഉണ്ടാകുന്നു. ഒരു പഠന സഹായിയായി T.V. ഉപയോഗിക്കുന്നവരും ഉണ്ട്. അറിവും സംസ്കാരവും സമ്പന്നമാക്കുന്ന പരിപാടികൾ വീക്ഷിക്കുന്നവരാണ് ഇതിൽപ്പെടുക.

രാഷ്ട്രത്തിൻെറ 4 തൂണുകളിൽ ഒന്ന് എന്നു പറയപ്പെടുന്ന വർത്തമാനപ്പത്രങ്ങൾ മലയാളികൾക്ക് ജീവിതചര്യയുടെ ഭാഗമാണ്. പത്രങ്ങളുടെ പ്രചാരത്തിൽ ഈ പ്രദേശത്ത് കാര്യമായ ഏറ്റക്കുറച്ചിലുകളില്ല. ഏറ്റവും അധികം വായിക്കപ്പെടുന്ന പത്രങ്ങൾ മലയാള മനോരമയും മാതൃഭൂമിയുമാണ്. ദേശാഭിമാനി, ഇൻഡ്യൻ എക്സ്പ്രസ്സ, ദി ഹിന്ദു, സായാഹ്നപ്പത്രമായ രാഷ്ട്രദീപിക എന്നിവയാണ് പഞ്ചായത്തിൽ പ്രചാരമുള്ള മറ്റു പത്രങ്ങൾ. മലയാള മനോരമ, മംഗളം, നാന, മാതൃഭൂമി, കലാകൗമുദി, ദി വീക്ക്, ഫ്രണ്ട് ലൈൻ, ശാസ്ത്രഗതി എന്നീ ആനുകാലികങ്ങൾ ഇവിടെ പ്രചാരത്തിലുണ്ട്. കുട്ടികൾക്കുള്ള പ്രസിദ്ധീകരണങ്ങളിൽ, യുറീക്ക, ശാസ്ത്രകേരളം, ബാലരമ, പൂമ്പാറ്റ, ബാലമംഗളം, ബാലഭൂമി, കളിക്കുടുക്ക എന്നിവ ഉൾപ്പെടുന്നു. ക്രിസ്ത്യൻ സഭാ വിഭാഗം പ്രസിദ്ധീകരിക്കുന്ന ആത്മദീപം മാസികയുടെ ആസ്ഥാനം പുത്തൻകുരിശാണ്.

## ക്ലബ്ബുകൾ

ജനങ്ങളുടെ കലാ-കായികശേഷി വളർത്തിയെടുക്കുന്നതിന് ക്ലബ്ബുകൾക്കുള്ള പങ്ക് വിലപ്പെട്ടതാണ്. പഞ്ചായത്തിൽ ഇരുപതോളം ക്ലബ്ബുകൾ നിലവിലുണ്ട്. ബഹുഭൂരിപക്ഷവും തുടർച്ചയായി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നവയല്ല. മിക്കതും വാർഷിക പരിപാടിയിൽ പ്രവർത്തനം ഒതുക്കുന്നു. ഫ്രണ്ട്സ് ക്ലബ്ബ്-കാണിനാട്, പൗരസമിതി, കാണിനാട്, സായം റിക്രിയേഷൻസ് വടവുകോട്, വൈ.എം.സി. - വടവുകോട്, അസാക്ക് - അമ്പലമുകൾ, നവധാരക്ലബ്ബ് - പുറ്റുമാനൂർ, വരിക്കോലി വൈസ്മെൻസ് ക്ലബ്ബ്, പുലിയാമ്പുളി മുകളിലെ പ്രതീക്ഷ, പന്നിക്കുഴിയിലെ ക്ലബ്ബ് എന്നിവ ഏറെക്കുറെ സജീവമായവയാണ്. കലാകായിക മത്സരങ്ങൾ സ്വന്തമായി സംഘടിപ്പിക്കുകയും മറ്റുസ്ഥലങ്ങളിൽ പോയി പങ്കെടുക്കുകയും ചെയ്യുന്നവയാണ് ഇതിൽ പലതും. ദേശീയ ദിനാചരണങ്ങളും മറ്റും ഇവർ വിപുലമായി നടത്താറുണ്ട്.

FACT-CD യ്ക്ക് അകത്തുള്ള രണ്ടു ക്ലബ്ബുകൾ വളരെ സജീവമാണ്. അമ്പൽ ഫാക്ട് റിക്രിയേഷൻ ക്ലബ്ബും, മാനേജുമെൻറു സ്റ്റാഫിനുവേണ്ടിയുള്ള ക്ലബ്ബും സ്വന്തമായി ആസ്തിയും സ്ഥിരമായ പ്രവർത്തനങ്ങളും ഉള്ളവയാണ്. C.R.L. റിക്രിയേഷൻക്ലബ് ജ്വാലഗിരിയിൽ പ്രവർത്തിച്ചുവരുന്നു. ക്ലബ്ബുകളുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിലില്ല.

## തൊഴിൽ മേഖല

കാർഷികമേഖലയുമായി ബന്ധപ്പെട്ട തൊഴിലിനു പുറമെ കള്ളുചെത്ത്, കരിങ്കൽപ്പാറ, ചെങ്കല്ല് ബിഡിതെറുപ്പ് മുതലായ മേഖലകളിലെ തൊഴിലുകളാണ് ഈ പ്രദേശത്ത് വ്യാപകമായി ഉണ്ടായിരുന്നത്. പക്ഷേ ഇവയൊന്നും ആദ്യകാലങ്ങളിൽ സംഘടിതരൂപം കൈവരിച്ചിരുന്നില്ല. അൻപതുകളിൽ ബീഡി തെറുപ്പുകാരുടെ ചെറിയ തോതിലുള്ള തൊഴിൽ സംഘടന ഇവിടെ രൂപപ്പെട്ടു. ആലുവാ വ്യവസായ മേഖലിയിൽ തൊഴിൽ സംഘടനകൾ ശക്തമായതോടെ അതിൻെറ സ്വാധീനമെന്നോണ് ഇവിടെയും അങ്ങിങ്ങായി തൊഴിലാളി യൂണിയനുകൾ രൂപപ്പെടാൻ തുടങ്ങി അമ്പലമുകൾ വ്യവസായ മേഖല രൂപംകൊണ്ടതോടെയാണ് ഇവിടത്തെ തൊഴിൽ സംഘടനകൾ ശക്തമായത്. ഇപ്പോൾ C.I.T.U, I.N.T.U.C., A.I.T.U.C., B.M.S., I.N.L.C., എന്നീ സംഘടനകളുടെ ഭാഗമായിട്ടുള്ള വിവിധയൂണിയനുകൾ ഇവിടെ പ്രവർത്തിച്ചുവരുന്നു.

## വിദ്യാഭ്യാസരംഗത്തെ വളർച്ച

ഈ നൂറ്റാണ്ടിൻെറ ആദ്യവർഷങ്ങളിൽത്തന്നെ ഇവിടെ ഔപചാരിക വിദ്യാഭ്യാസത്തിനായുള്ള സ്കൂളുകൾ സ്ഥാപക്കപ്പെട്ടിരുന്നു. അതിനുമുൻപുള്ള വിദ്യാഭ്യാസ ആശാൻ പള്ളിക്കൂടങ്ങൾ വഴിയായിരുന്നു. സ്വാതന്ത്ര്യ സമ്പാദനത്തിനു മുൻപ് ഈ പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശത്ത് ഏഴു ലോവർപ്രൈമറി സ്കൂളുകളും ഒരു ഹൈസ്കൂളും പ്രവർത്തിച്ചിരുന്നു. ഉയർന്ന വിദ്യാഭ്യാസത്തിനായി മറ്റുസ്ഥലങ്ങളിൽ പോകുന്ന അവസ്ഥ ഉണ്ടായിരുന്നു. വിദ്യാഭ്യാസ വളർച്ചയുടെ പ്രാധാന്യം ഉൾകൊണ്ട ജനത യായിരുന്നു ഇവിടെ വസിച്ചിരുന്നതെന്നു ചുരുക്കിപ്പറയാം. ഇപ്പോൾ പഞ്ചായത്തിൽ നാലും ഹൈസ്കൂൾ ഉൾപ്പെടെ പതിനൊന്നു സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

## സാക്ഷരതാ പ്രവർത്തനം

സ്വാതന്ത്ര്യ പ്രാപ്തിക്കു മുമ്പുതന്നെ ഉയർന്ന സാക്ഷരതാ നിരക്ക് കൈവരിച്ചിരുന്ന പ്രദേശമാണിവിടം. സ്ത്രീ സാക്ഷരത താരതമ്യേന കുറവായിരുന്നു. 1989 ലെ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തോടെയാണ് നിരക്ഷരത ഏറെക്കുറെ പൂർണ്ണമായി തുടച്ചുമാറ്റപ്പെട്ടത്. വടവുകോടു - പുത്തൻകുരിശു പഞ്ചായത്തിൽ ശക്തമായ സാക്ഷരതാ പ്രവർത്തനം നടന്നിരുന്നു. നിസ്വാർത്ഥതയും കർമ്മശേഷിയുമുള്ള ഒരു വലിയ വിഭാഗത്തെ പൊതുപ്രവർത്തന രംഗത്ത് എത്തിക്കുന്നതിന് ഈ പ്രസ്ഥാനം വലിയ പങ്കു വഹിച്ചിട്ടുണ്ട്. നമ്മുടെ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ ശക്തമായ ചലനങ്ങൾ സൃഷ്ടിക്കാൻ സാക്ഷരതാ യജ്ഞത്തിനു കഴിഞ്ഞു എന്നു വിലയിരുത്തുന്നതിൽ തെറ്റില്ല. ഉദ്യോഗസ്ഥ തലവും ജനകീയതലവും പരസ്പര പൂരകമായി പ്രവർത്തിച്ചാൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് തെളിയിച്ച ഒരു സംഭവമായിരുന്നു ഈ പ്രവർത്തനം. തുടർ സാക്ഷരതാപ്രവർത്തനം പാളിപ്പോയതിന്റെ കാരണം മേല്പറഞ്ഞ ഐക്യത്തിന്റെ അഭാവമാണ്.

സാക്ഷരതായജ്ഞം വഴി പഞ്ചായത്തിലെ നല്ലൊരു വിഭാഗം നിരക്ഷരർ സാക്ഷരരായെങ്കിലും തുടർപ്രവർത്തനത്തിലെ പാളിച്ചകൾ മൂലം വീണ്ടും നിരക്ഷരതയിലേയ്ക്കു തിരിച്ചുപോയിട്ടുണ്ടെന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ വെളിവാക്കുന്നത്. പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവരിലാണ് നിരക്ഷരർ ഏറെയുള്ളത്. ഈ അവസ്ഥ മാറ്റിയെടുക്കുന്നതിനു പഞ്ചായത്തു തലത്തിൽ ഊർജ്ജിത യജ്ഞനം സംഘടിപ്പിക്കേണ്ടതാണ്.

## കായിക വിദ്യാഭ്യാസം

കായിക വിദ്യാഭ്യാസത്തിനായി പ്രവർത്തിക്കുന്ന ഔപചാരിക സ്ഥാപനങ്ങൾ ഈ പ്രദേശത്ത് വിരളമാണ്. F.A.C.T. സ്പോർട്സ് അസോസിയേഷൻ ഈ രംഗത്ത് നല്ല പ്രകടനം കാഴ്ച വച്ചു വരുന്നു. F.S.A. യുടെ ആഭിമുഖ്യത്തിൽ അഖില കേരള ഇൻവിറ്റേഷൻ ബാസ്കറ്റ്ബോൾ ടൂർണമെന്റ് വർഷം തോറും സംഘടിപ്പിക്കുന്നുണ്ട്. ജില്ലാതലത്തിൽ സെവൻസ് ഫുട്ബോൾ ടൂർണമെന്റ് വെറ്ററൻസ് മീറ്റ്, ജീവനക്കാർക്കുവേണ്ടിയുള്ള കലാകായിക മത്സരങ്ങൾ മുതലായവ ഇവർ സംഘടിപ്പിക്കുന്ന മറ്റുചില പരിപാടികളാണ്. സ്പോർട്സ് പരിശീലനവും പ്രതിഭകളുടെ കണ്ടെത്തലും ലക്ഷ്യമാക്കി സ്കൂൾ വിദ്യാർത്ഥികൾക്കായി സമ്മർകോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കാറുണ്ട്. കൊച്ചിൻ റിഫൈനറിയോടനുബന്ധിച്ചും സ്പോർട്സ് വികസം

ലക്ഷ്യമാക്കി ഇത്തരം പ്രവർത്തനങ്ങൾ നല്ല തോതിൽ നടക്കാറുണ്ട്. പഞ്ചായത്തിലെ ക്ലബ്ബുകളുടെ പ്രധാന പ്രവർത്തനം സ്പോർട്സ് രംഗത്താണു കേന്ദ്രീകരിച്ചിരിക്കുന്നത്. ടൂർണമെൻറുകൾ സംഘടിപ്പിക്കുകയും മറ്റിടങ്ങളിൽ ടീമിനെ അയയ്ക്കുകയും ചെയ്യുന്ന ചില ക്ലബ്ബുകൾ ഇവിടെയുണ്ട്. അമ്പലമേട് കാണിനാട്, പുത്തൻകുരിശ് വടവുകോട് എന്നിവിടങ്ങളിൽ നാടൻ പന്തുകളി നിലവിലുണ്ടായിരുന്നു.

സ്കൂളുകളിൽ കായിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ചുരുങ്ങി വരികയാണ്. ഉള്ളവതന്നെ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നുമില്ല. പാഠപുസ്തകപഠനത്തിനുമാത്രം പ്രാധാന്യംകല്പിച്ചു തുടങ്ങിയപ്പോൾ പാഠ്യേതര പ്രവർത്തനങ്ങൾ ശുഷ്കമായി വന്നു. സ്പോർട്സ് ഉപകരണങ്ങളുടെ ദൗർലഭ്യവും അനുബന്ധസൗകര്യങ്ങൾ വേണ്ടത്രയില്ലാത്തതും പ്രശ്നം രൂക്ഷമാക്കുന്നു.

പണ്ടൊക്കെ ആഘോഷിദിനങ്ങളോടനുബന്ധിച്ച് കായിക പ്രധാനമായ പരിപാടികൾ നടത്തി വന്നിരുന്നു ഇന്നത്തെ സാമൂഹ്യ സാഹചര്യത്തിൽ കായികശേഷിയേക്കാൾ ബുദ്ധിശക്തിക്ക് പ്രാധാന്യം വന്നിരിക്കുകയാണല്ലോ. തന്നെയുമല്ല ജീവിതസമരത്തിൽ വിജയിച്ചുവരുന്നതിനു വേണ്ടിയുള്ള ബദ്ധപ്പാടിൽ ഇതിനൊന്നും സമയം കണ്ടെത്താനം കഴിയാറില്ല. സാമൂഹിക സഹകരണവും ആളുകൾ തമ്മിലുള്ള പരസ്പര സഹകരണവുമാണ് ഇതിലൂടെ നഷ്ടമാവുന്നതെന്ന തിരിച്ചറിവ് നമുക്കുണ്ടാവേണ്ടിയിരിക്കുന്നു.

ഒരു പ്രദേശത്തു നടക്കുന്ന സാംസ്കാരിക പ്രവർത്തനങ്ങളുടെ ആകെത്തുക ആ പ്രദേശത്തിൻെറ ജീവിതഗുണതയിൽ പ്രതിഫലിക്കും സാംസ്കാരിക പ്രവർത്തനങ്ങൾ കുറയുക എന്നത് സമൂഹത്തിൻെറ ജീർണ്ണാവസ്ഥയെയാണ് കാണിക്കുന്നത്. ഇത്തരം ഒരു സ്ഥിതി വിശേഷത്തിലേക്ക് സമൂഹം കൂപ്പുകുത്താതിരിക്കണമെങ്കിൽ അടിയന്തിരമായി ഈ രംഗത്ത് ഇടപെട്ടേതീരൂ.

## പരിഹാരങ്ങളും സാദ്ധ്യതകളും

1. സാംസ്കാരികരംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്തുതലത്തിൽ സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുക. ഇതിൽ ജനപ്രതിനിധികൾ, സാംസ്കാരിക സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രതിനിധികൾ കലാകരൻമാർ അദ്ധ്യാപക പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കണം.

2. കായികരംഗത്തെ വളർച്ചക്ക് പഞ്ചായത്തിൽ ഒരു സ്പോട്സ് ഭവൻ ആരംഭിക്കുക, വിദഗ്ദ്ധരായ കോച്ചുകളെ ഉൾപ്പെടുത്തി പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുക.

3. നിലവിൽ റവന്യൂവകുപ്പിൻെറ കീഴിലുള്ള പുത്തൻകുരിശ് കാവും താഴം മൈതാനം പഞ്ചായത്തിന് വിട്ടുതരികയും അവിടെ സ്റ്റേഡിയവും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുക.

4. വടവുകോട് കാളച്ചന്തയുടെ ഒരു ഭാഗത്ത് മിനിസ്റ്റേഡിയും പണിയുക.

5. ക്ലബ്ബുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കുക. പഞ്ചായത്ത് തലത്തിൽ ക്ലബ്ബുകളുടെ രജിസ്ട്രേഷൻ നടത്തുക. ക്ലബ്ബുകൾക്ക് ഗ്രാൻറ് അനുവദിക്കുക. ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ക്ലബ്ബിന് അവാർഡ് ഏർപ്പെടുത്തുക.

6. പുത്തൻകുരിശിൽ 1984-ൽ K.S.R.T.C. സബ്ഡിപ്പോ സ്ഥാപിക്കാനായി പഞ്ചായത്ത് വാങ്ങിയിട്ടുള്ള സ്ഥലത്ത് കമ്മ്യൂണിറ്റി ഹാളും ഓഫീസ് സമുച്ചയവും നിർമ്മിക്കുക.

7. ബ്രഹ്മപുരം അടൂർവാർഡുകളിലുൾപ്പെടുന്ന ചിത്രപ്പുഴയിൽ ബോട്ടുക്ലബ്ബും പുഴയോരത്ത് വിശ്രമകേന്ദ്രവും നിർമ്മിക്കുക.

8. നാടൻ കലകൾക്ക് ഒരു പരിശീലന കേന്ദ്രം തുടങ്ങുക. പഞ്ചായത്തു തലത്തിൽ ഈ കലകളുടെ മത്സരങ്ങൾ ഏർപ്പെടുത്തുക.

9. പഞ്ചായത്തുതലത്തിൽ ഒരു വികസന സാക്ഷരതാകേന്ദ്രം ആരംഭിക്കുക. നിരക്ഷർ ഉള്ള പ്രദേശങ്ങളിൽ സാക്ഷരതാ പ്രവർത്തനം തുടങ്ങുക.

10. ബ്രഹ്മപുരം ഗ്രാമീണവായനശാല, പുറ്റുമാനൂർ വള്ളത്തോൾ സ്മാരക വായനശാല, വടവുകോട് ഗ്രാമീണവായനശാല എന്നിവയുടെ കെട്ടിടങ്ങൾ പുതുക്കിപ്പണിയുക. പഞ്ചായത്തുഫണ്ടിനോടൊപ്പം പ്രാദേശിക സഹകരണവും ഉപയോഗപ്പെടുത്തണം. ഇവ സാംസ്കാരിക നിലയങ്ങളായി പ്രയോജനപ്പെടുത്തുക.

11. വായനശാലകളിൽ പുസ്തകശേഖരം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് ഗ്രാൻറ് അനുവദിക്കുക.

8. വനിതകളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിന് പുസ്തകങ്ങൾ വീടുകളിലെത്തിക്കാൻ സംവിധാനമുണ്ടാക്കുക. അംഗൻവാടി, സ്കൂൾ മാതൃസംഗമങ്ങൾ വഴി വനിതകൾക്ക് ബോധവൽക്കരണം നടത്തുക.

9. കരിമുകൾ, കുഴിക്കാട്, വരിക്കോലി, കാണിനാട്, അമ്പലമുകൾ എന്നീ പ്രദേശങ്ങളിൽ വായനശാലകൾ സ്ഥാപിക്കുക

10. അമച്വർ നാടകങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു ഒരു സൊസൈറ്റി സ്ഥാപിക്കുക.

11. പഞ്ചായത്തുതലത്തിൽ ഗ്രാമോത്സവം സംഘടിപ്പിക്കുക.

12. പഞ്ചായത്തിന്റെ സാംസ്കാരിക നിലയം വിപുലപ്പെടുത്തണം.

13. കുഴിക്കാട്, അമ്പലമുകൾ, ബ്രഹ്മപുരം എന്നിവിടങ്ങളിൽ പൊതുകളിസ്ഥലം നിർമ്മിക്കണം. ബ്രഹ്മപുരത്ത് കുരിശിൻതൊട്ടിക്കു സമീപം F.A.C.T. കോംപൗണ്ടിൽ ഇതിനാവശ്യമായ സ്ഥലം കണ്ടെത്തുക.

14. ബ്രഹ്മപുരം ജെ.ബി. സ്കൂൾ ഗ്രൗണ്ടിൽ ഒരു ഓപ്പൺ എയർ സ്റ്റേഡിയം നിർമ്മിക്കുക.

15. പുലിയാമ്പിളി മുകളിൽ ഒരു സാംസ്കാരിക കേന്ദ്രം ഉണ്ടാവണം.

16. സ്കൂളുകളിലെ കളിസ്ഥലം ഉൾപ്പെടെ കായിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അടുത്തുള്ള വ്യവസായശാലകളുടെ സഹായം അഭ്യർത്ഥിക്കുക.

17. മദ്യം, മയക്കുമരുന്ന്, T.V. യുടെ അതിപ്രസരം ഇവയ്ക്കെതിരെ ബോധവൽക്കരണം നടത്തുക.

18. ഫാക്ടിന്റെ വക ശ്മശാനം അടിയന്തിരസാഹചര്യത്തിൽ പൊതു ഉപയോഗത്തിനു ലഭ്യമാക്കുക.

19. അവശകലാകാരന്മാർക്കുവേണ്ടി പഞ്ചായത്തുതലത്തിൽ സഹായ പദ്ധതി ആവിഷ്കരിക്കുക.

20. പ്രചാരത്തിലിരുന്ന നാടൻപാട്ടുകൾ സമാഹരിച്ചു പ്രസിദ്ധീകരിക്കുന്നതിനു നടപടി സ്വീകരിക്കുക.

# പൊതുജനാരോഗ്യവും കുടിവെള്ളവും

ഈ നൂറ്റാണ്ടിൻെറ ആദ്യകാലങ്ങളിൽ അലോപ്പതി ചികിത്സ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ലെന്ന് പറയാം. വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്ന നാട്ട് ചികിത്സാ വൈദ്യന്മാരുടെ ചികിത്സയും നാടൻ പച്ചമരുന്നുകളുമായിരുന്നു ജനങ്ങൾ ആശ്രയിച്ചിരുന്നത്. 1936-ൽ സാൽവേഷൻ ആർമിയുടെ വകയായി കാനഡായിലെ അറ്റ്ലാൻറാക്കാരനായ കേണൽ വില്യം നോബിൾ എന്ന സായിപ്പ് വരിക്കോലിയിൽ ഒരു കുഷ്ഠരോഗാശുപത്രി തുടങ്ങിയതാണ് ഈ പഞ്ചായത്തിൽ ആദ്യമായി തുടങ്ങിയ പ്രധാന ചികിത്സാലയം. ഇതിന് അന്നത്തെ കൊച്ചി തമ്പുരാനിൽ നിന്നുള്ള സഹായങ്ങളും അദ്ദേഹത്തിന് ലഭിച്ചു. 87 ഏക്കർ സ്ഥലത്ത് പ്രവർത്തനം ആരംഭിച്ച ഈ ആശുപത്രി കേരളത്തിലെ കുഷ്ഠരോഗികളുടെ ആശ്രയ കേന്ദ്രമായിരുന്നു. 225 കുഷ്ഠരോഗികൾവരെ ഇവിടെ താമസിച്ചിരുന്നു. 1963 ലാണ് ഗവർമെൻറ് വക ഒരു ആശുപത്രി വടവുകോട്ടിൽ പ്രവർത്തനം ആരംഭിച്ചത്. ഇത് പിന്നീട് പി.എച്ച്. സെൻററായി രൂപാന്തരപ്പെട്ടു. 1960 കളിൽ പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിച്ചിരുന്ന മറ്റൊരു പ്രധാന ചികിത്സാ രീതി ഹോമിയോപ്പതി ആയിരുന്നു. അന്ന് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്ന സ്വകാര്യ ഹോമിയോ ഡോക്ടർമാരുടെ സേവനം വളരെ വിലപ്പെട്ടതായിരുന്നു. 1960 കൾക്ക് ശേഷം വൻകിട വ്യവസായ ശാലകൾ പലതും പഞ്ചായത്തിൽ വന്നെങ്കിലും ആധുനീക ചികിത്സാ രംഗത്ത് വടവുകോട് ആശുപത്രിക്കുണ്ടായ വികസനത്തിനപ്പുറം ഒന്നുമുണ്ടായില്ല എന്നത് ഒരു വസ്തുതയാണ്.

മേൽപ്പറഞ്ഞ സാഹചര്യങ്ങളിലാണ് വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്തിൻെറ സേവനങ്ങളും ക്ഷേമപ്രവർത്തനങ്ങളും വിലയിരുത്തുന്നത്. ഗ്രാമസഭാ റിപ്പോർട്ടുകൾ, പഞ്ചായത്ത് ശേഖരിച്ച ദ്വിതീയ സ്ഥിതി വിവര കണക്കുകൾ പഞ്ചായത്ത് രേഖകൾ ഇവയെല്ലാം പരിശോധിച്ച് ക്രോഡീകരിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

സംസ്ഥാനത്തിലെ പൊതു മരണനിരക്ക് 5.9 ആയിരിക്കുമ്പോൾ പഞ്ചായത്തിലേത് 3.25 ആണ്. സംസ്ഥാനത്തെ ശരാശരി ജനന നിരക്ക് 17 ആയിരിക്കുമ്പോൾ പഞ്ചായത്തിലേത് കേവലം 9.5 ആണ്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ശിശു മരണങ്ങളോ, മാതൃമരണങ്ങളോ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല.

പഞ്ചായത്തിലെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ജനന മരണ നിരക്ക് താഴെ ചേർക്കുന്നു.

| വർഷം | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ജനനം | 249 | 240 | 241 | 238 | 242 |
| മരണം | 56 | 69 | 78 | 80 | 83 |

(അവലംബം; പി.എച്ച് സെൻറർ, വടവുകോട്)

മേൽപറഞ്ഞ കണക്കുകൾ സ്റ്റേറ്റിലെ മൊത്തം സ്ഥിതിയേക്കാൾ വളരെ മെച്ചമാണ്. പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസ്ഥിതിയെന്ന തോന്നലുണ്ടാകാമെങ്കിലും കുട്ടികളിൽ പോഷകാഹാരക്കുറവും ജനങ്ങൾക്ക് രോഗക്കൂടുതലും ഉണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

ഒരു വയസ്സിൽത്താഴെ 385 കുട്ടികളും ഒരു വയസ്സ് മുതൽ അഞ്ച് വയസ്സ് വരെ പ്രായത്തിൽ 1525 കുട്ടികളും പഞ്ചായത്ത് അതിർത്തിയിലുണ്ട്. ഒരു വയസ്സിൽ താഴെയുള്ള കുട്ടികളിൽ 333 പേർ പ്രതിരോധ കുത്തിവയ്പിന് വിധേയവരായതാണ്. പ്രതിരോധ കുത്തിവയ്പ് സംബന്ധിച്ച വിശദമായ കണക്ക് പ്രത്യേകം കൊടുക്കുന്നു. കുട്ടികളിൽ ഏറ്റവും കുറവ് പോഷകക്കുറവ് കണ്ടു വരുന്നത് പഞ്ചായത്തിലെ പുറ്റുമാനൂർ പ്രദേശം. ഉൾക്കൊള്ളുന്ന ഏഴാം വാർഡിലാണെന്ന് ഒരു പഠനം വ്യക്തമാക്കുന്നു.

പഞ്ചായത്തിൽ മൊത്തം 31 വൈകല്യമുള്ളവരുണ്ട്. വൈകല്യനിരക്ക് 1000 ന് 1.22 ആണ്. 1995 ൽ പഞ്ചായത്ത് അതിർത്തിയിൽ 30 മലമ്പനി രോഗികൾ ചികിത്സിക്കപ്പെട്ടു. ഒരു കുഷ്ഠരോഗിയും 12 ക്ഷയരോഗികളും ഈ പഞ്ചായത്തിലുണ്ട്. അലോപ്പതി, ആയുർവേദ ആശുപത്രികളിൽ എത്തുന്ന രോഗികളെ സംബന്ധിച്ച സ്റ്റേറ്റ്മെൻറ് പ്രത്യേകം കൊടുക്കുന്നുണ്ട്.

പൊതുജനാരോഗ്യം സംബന്ധിച്ച വിവിധ സ്ഥിതി വിവര കണക്കുകൾ താഴെ കൊടുക്കുന്നു.

## ആരോഗ്യ സ്ഥിതിവിവരങ്ങൾ

| | | |
|---|---|---|
| 1. ആകെ വീടുകൾ | : | 5850 |
| കോൺക്രീറ്റ് | : | 2405 |
| ഓടിട്ടത് | : | 2691 |
| ഓലമേഞ്ഞത് | : | 754 |
| 2. കക്കൂസുള്ള വീടുകളുടെ എണ്ണം | : | 5296 |
| സെപ്റ്റിക് ടാങ്ക് | : | 3361 |
| ഇ. എസ്. പി. | : | 1559 |
| മറ്റുള്ളവ | : | 376 |
| 3. കുടിവെള്ള സ്രോതസ്സ് : | | |
| സാനിറ്ററി വെൽ | : | 1080 |
| സാധാരണ കിണർ | : | 2045 |
| പൈപ്പ് | : | 2238 |
| പൊതുവിതരണ പൈപ്പുകൾ | : | 300 |
| 4. തൊഴുത്ത് | | |
| വീടിനോട് ചേർന്നത് | : | 95 |
| പ്രത്യേകിച്ച് | : | 685 |
| 5. കമ്പോസ്റ്റ് കുഴി : | | |
| ഉള്ളത് | : | 1835 |
| ഇല്ലാത്തത് | : | 4015 |

6. വൈദ്യുതി:

| | | |
|---|---|---|
| വൈദ്യുതികരിച്ചവ | : | 4461 |
| അല്ലാത്തവ | : | 1389 |

7. ജനസംഖ്യ

| | | |
|---|---|---|
| പുരുഷന്മാർ | : | 13118 |
| സ്ത്രീകൾ | : | 12388 |
| കുട്ടികൾ | : | 2914 |

8. പ്രായഘടന :

പ്രായാടിസ്ഥാനത്തിൽ ദമ്പതികൾ

| | | |
|---|---|---|
| 15-19 | : | 10 |
| 20-24 | : | 478 |
| 25-29 | : | 1062 |
| 30-34 | : | 917 |
| 35-39 | : | 795 |
| 40-44 | : | 311 |

9. അമ്മമാരുടെ എണ്ണം:

(ജീവിച്ചിരുപ്പുള്ള കുട്ടികളുടെ അടിസ്ഥാനത്തിൽ)

| | | |
|---|---|---|
| ഒരു കുട്ടി | : | 698 |
| രണ്ട് കുട്ടികൾ | : | 1379 |
| 2-ൽ കൂടുതൽ കുട്ടികൾ | : | 504 |

10. കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ

(ജീവിച്ചിരുപ്പുള്ള കുട്ടികളുടെ അടിസ്ഥാനത്തിൽ)

| | | |
|---|---|---|
| ഒരു കുട്ടി | : | 38 |

| | | |
|---|---|---|
| രണ്ട് കുട്ടികൾ | : | 977 |
| 2-ൽ കൂടുതൽ കുട്ടികൾ | : | 485 |

11. അംഗവൈകല്യമുള്ളവർ:

| | | |
|---|---|---|
| അന്ധർ | : | 1 |
| ബധിരർ | : | 2 |
| മൂകർ | : | 3 |
| ബധിര-മൂകർ | : | – |
| ചലന വൈകല്യങ്ങൾ | : | 25 |
| ആകെ | | 31 |

12. മന്ദബുദ്ധികൾ:

| | | |
|---|---|---|
| പ്രായം | | എണ്ണം |
| 0-5 | : | 2 |
| 6-10 | : | 11 |
| 11-15 | : | 2 |
| 16 ന് മേൽ | : | 14 |
| ആകെ | : | 29 |

13. സ്ഥായിയായ രോഗബാധിതർ

| | | |
|---|---|---|
| രക്ത സമ്മർദ്ദം | : | 168 |
| പ്രമേഹം | : | 325 |
| കാൻസർ | : | 15 |
| കുഷ്ഠം | : | 1 |
| ക്ഷയം | : | 12 |
| ഹൃദ്രോഗം | : | 31 |
| ആകെ | : | 552 |

| | | | |
|---|---|---|---|
| 14 | ഒരു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം | : | 385 |
| | പ്രതിരോധ കുത്തിവയ്പ് നടത്തിയവർ | : | 333 |
| 15. | ആകെ ഗർഭിണികൾ | : | 161 |

(അവലംബം : പി.എച്ച്. സെൻറർ, വടവുകോട്)

പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 900 | 1050 | 18 | -- |
| 1994-95 | 915 | 1100 | 11 | -- |
| 1995-96 | 985 | 1215 | 30 | -- |

(അവലംബം : പി.എച്ച്. സെൻറർ, വടവുകോട്)

കുട്ടികളുടെയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവയ്പ്

| കുട്ടികൾ | ബി | ഡിപിറ്റി | | | | പോളിയോ | | | | ഡി.റ്റി. | | | മീസൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | സിജി | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD |
| 1 വയസ്സിൽ താഴെ | 251 | 298 | 269 | 254 | -- | 298 | 269 | 254 | -- | -- | -- | -- | -- |
| 1-3 വയസ്സ് | 423 | 699 | 699 | 699 | -- | 699 | 699 | 699 | -- | -- | -- | -- | 144 |
| 3-6 വയസ്സ് | 453 | 793 | 793 | 793 | -- | 793 | 793 | 793 | -- | -- | -- | -- | -- |

(അവലംബം : പി.എച്ച്. സെൻറർ, വടവുകോട്)

ടെറ്റനസ് ടോക്സോയിഡ് (2)

| ഗർഭിണികൾ | 1ഡി. | 2ഡി. | ബി.ഡി. |
|---|---|---|---|
| ഗർഭിണികൾ | 122 | 81 | – |

(അവലംബം : പി.എച്ച്. സെൻറർ, വടവുകോട്)

- ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം : 140
- ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം : 117
- വിറ്റാമിൻ എ / തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം : 774
- ആശുപത്രികളിൽ നടന്ന പ്രസവങ്ങളുടെ എണ്ണം : 385
- വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം : ഇല്ല

മറ്റ് ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നുള്ള വിവരം

എ. അലോപ്പതി : (പി.എച്ച്. സെൻറർ, വടവുകോട്)

| വർഷം | ഇൻ പേഷ്യൻറ് | ഔട്ട് പേഷ്യൻറ് | രോഗങ്ങൾ സംബന്ധിച്ച വിവരംഎണ്ണം | | | | ആകെ |
|---|---|---|---|---|---|---|---|
| | | | ത്വക് രോഗം | പകർച്ച വ്യാധി | വാത രോഗം | മറ്റുള്ള രോഗം | |
| 1992-93 | 1881 | 34648 | 4796 | 2148 | 3762 | 28823 | 39529 |
| 1993-94 | 2045 | 36298 | 4588 | 2024 | 3436 | 28295 | 38343 |
| 1994-95 | 2131 | 32854 | 4326 | 1976 | 2162 | 26591 | 34985 |
| 1995-96 | 1685 | 29043 | 3516 | 1432 | 2012 | 23768 | 30728 |

ബി. ആയുർവേദ ഡിസ്പൻസറി, പുത്തൻകുരിശ്

| | | | | | | |
|---|---|---|---|---|---|---|
| 95-96 | - | 4277 | 625 | 2965 | 367 | 4277 |

**Evaluation Report of P.H. Centre, Vadavucode**

| Year done | Vasectomy done | Lapro done | Iud pills issued | Oral | Nirodh Issued |
|---|---|---|---|---|---|
| 1991-92 | -- | 124 | 243 | 1930 | 61540 |
| 1992-93 | 8 | 105 | 208 | 2185 | 58600 |
| 1993-94 | 7 | 136 | 276 | 1420 | 101600 |
| 1994-95 | 4 | 103 | 130 | 1735 | 99900 |
| 1995-96 | 2 | 94 | 79 | 2355 | 95700 |

**Malaria Positive Cases**

| Year | Cases | Remarks |
|---|---|---|
| 1991 | 15 | |
| 1992 | 26 | |
| 1993 | 17 | |
| 1994 | 11 | |
| 1995 | 30 | |

New vehicle : 1 No. Worth Rs. 4.75 Lakhs allotted.

M.S.S. Units started : 25

Polio Eradication Programme : 4 Expenses 10,000/-

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന ചികിത്സാലയം വടവുകോട് ബ്ലോക്ക് പി.എച്ച്. സെൻറർ ആണ്. ഈ പി.എച്ച് സെൻററിൻെറ കീഴിൽ കുഴിക്കാട്, ബ്രഹ്മപുരം, കരിമുകൾ പുറ്റുമാനൂർ എന്നിവിടങ്ങളിൽ രണ്ട് സബ് സെൻററുകളും ഉണ്ട്. പി.എച്ച് സെൻററിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് 50 കിടക്കകൾ ഉണ്ട്. അവിടത്തെ ഉദ്യോഗസ്ഥന്മാരുടെ വിവരം താഴെ ചേർക്കുന്നു.

മെഡിക്കൽ ഓഫീസർ: 3, ഹെഡ് നേഴ്സ് - 2, സ്റ്റാഫ് നേഴ്സ് : 7, ലേഡി ഹെൽത്ത് സൂപ്പർവൈസർ-3, ഹെൽത്ത് ഇൻസ്പെക്ടർ : 3, ജെ.പി.എച്ച്.എൻ.-9, ഹെഡ്ക്ലാർക്ക് : 1, എൽ.ഡി. ക്ലാർക്ക് : 2, കംപ്യൂട്ടർ : 1, പ്യൂൺ : 1, ഫാർമസിസ്റ്റ് : 1, ലാബ്രട്ടറി ടെക്നീഷ്യൻ : 1, ലെപ്രസി ഇൻസ്പെക്ടർ : 1, നഴ്സിംഗ് അസിസ്റ്റൻറ് : 5, അറ്റൻഡർ : 4, ഓപ്താൽമിക് അസിസ്റ്റൻറ് : 1.

പഞ്ചായത്തിൽ പുത്തൻകുരിശിൽ പ്രവർത്തിക്കുന്ന ഒരു ആയുർവേദ ഡിസ്പൻസറി ഉണ്ട്. പഞ്ചായത്ത് സ്ഥലം നൽകി. എം.പി. ഫണ്ട് ഉപയോഗിച്ച് പണിത കെട്ടിടത്തിൽ 12.11.96 മുതൽ പ്രവർത്തനം ആരംഭിച്ചു. ഇവിടെ ഒരു മെഡിക്കൽ ഓഫീസർ, ഫാർമാസിസ്റ്റ്, അറ്റൻഡർ, പാർടൈം സ്വീപ്പർ ഉൾപ്പടെ നാല് ജീവനക്കാരുണ്ട്.

മേൽ പറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ കരിമുകളിൽ രണ്ട് അലോപ്പതി ഡോക്ടറും, പുറ്റുമാനൂർ, കരിമുകൾ, കാണിനാട്, വടവുകോട് എന്നിവിടങ്ങളിൽ ഹോമിയോ ഡോക്ടർമാരും സ്വകാര്യ നേഴ്സിംഗ്ഹോമുകൾ നടത്തുന്നുണ്ട്. ഇവയ്ക്ക് പുറമേ എഫ്.എ.സി.ടി.-സി.ഡി., കൊച്ചിൻ റീഫൈനറി എന്നീ കമ്പനികളിലെ ഉദ്യോഗസ്ഥന്മാർക്ക് വേണ്ടി മാത്രം കമ്പനിക്കുള്ളിൽ ഓരോ ആശുപത്രി നടത്തുന്നുണ്ട്. കൊച്ചിൻ റീഫൈനറി കുഴിക്കാട്ടിൽ പൊതുജനങ്ങളിൽ നിന്ന് ഓരോ രൂപ മാത്രം രജിസ്ട്രേഷൻ ഫീസീടാക്കി നടത്തുന്ന "AMAS" (Ambalamugal Medical Aid Society) എന്ന പേരിൽ ഒരു ഡിസ്പെൻസറിയും നടത്തുന്നുണ്ട്.

വരിക്കോലിയിൽ സാൽവേഷൻ ആർമി നടത്തുന്ന ഒരു കുഷ്ഠരോഗാശുപത്രി പ്രവർത്തിയ്ക്കുന്നുണ്ട്. ഇവിടെ കുഷ്ഠരോഗികളുടെ സംരക്ഷണവും ചികിത്സയും നടത്തുന്നു. വിവിധ തരത്തിലുള്ള രോഗികൾക്ക് അവിടെ ചികിത്സ നടത്തുന്നുണ്ട്. പ്രത്യേകിച്ച് ത്വക് രോഗികൾക്ക്.

പട്ടികയിൽ ആശുപത്രികളിലെ ഇംപേഷ്യൻറ്, ഔട്ട് പേഷ്യൻറ് കണക്കുകൾ കൊടുത്തിരിക്കുന്നത് പി.എച്ച് സെൻറർ, ആയുർവേദ ഡിസ്പൻസറി എന്നിവിടങ്ങളിൽ

ചികിത്സ ലഭിച്ച രോഗികളുടെ കണക്ക് മാത്രമാണ്. ഈ പഞ്ചായത്തിലെ നല്ലൊരു ഭാഗം രോഗികളും കോലഞ്ചേരി, തൃപ്പൂണിത്തുറ, പഴങ്ങനാട്, എറണാകുളം എന്നിവിടങ്ങളിലെ സ്വകാര്യ ആശുപത്രികളിലാണ് ചികിത്സ നടത്തുന്നത്. അപ്രകാരമുള്ള കണക്കുകൾ ലഭ്യമല്ല. ഈ വസ്തുത കണക്കിലെടുക്കുമ്പോൾ ചികിത്സാലയങ്ങളുടെ അപര്യാപ്തത ഈ പഞ്ചായത്തിലെ ഒരു പ്രധാന പ്രശ്നമാണ്. നിലവിലുള്ള ആശുപത്രികളിലെ ഭൗതീകസൗകര്യങ്ങളുടെ കുറവും വളരെയധികം ഉണ്ട്. കൊച്ചി റീഫൈനറീസ്, എഫ്.എ.സി.റ്റി., എച്ച്.ഒ.സി., കാർബൺ ആൻറ് കെമിക്കൽസ്, ബിറ്റുമിനസ്സ് കൊച്ചി പ്രൈ. ലിമിറ്റഡ്, എന്നീ കമ്പനികളിൽ നിന്നുള്ള വായൂ മലിനീകരണവും, ജലമലിനീകരണവും മൂലം ഈ പഞ്ചായത്തിലെ ജനങ്ങൾ ആസ്തമ, വിവിധ ത്വക് രോഗങ്ങൾ, എന്നിവകൊണ്ട് കഷ്ടപ്പെടുന്നവരാണ്. വ്യവസായ മേഖലയായ അമ്പലമുകൾ, കരിമുകൾ പ്രദേശങ്ങൾ ഇന്ന് ജനനിബിഢമായി മാറിയിരിക്കുന്നു. അമ്പലമേട് ക്ഷേത്രത്തിന് തെക്ക് വശത്തുള്ള ജി.സി.ഡി.എ.യുടെ വക സ്ഥലം ഈ കമ്പനികൾ ഏറ്റെടുത്ത് 24 മണിക്കൂറും പ്രവർത്തിയ്ക്കുന്ന എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരാശുപത്രി പണിയേണ്ടത് വ്യവസായ മേഖലയിലെ കൂലിത്തൊഴിലാളികൾ, കരിമുകളിലെ റീഹാബിലിറ്റേഷൻ കോളനി നിവാസികൾ, കുഴിക്കാട്, അമ്പലമുകൾ, പുറ്റുമാനൂർ എന്നീ പ്രദേശത്തെ ജനങ്ങൾ എന്നിവരെ സംബന്ധിച്ച് വളരെ അടിയന്തിരമായ ഒരാവശ്യമാണ്. ഇതിന് ആവശ്യമായി വരുന്ന തുകയുടെ ഒരു ഭാഗം പഞ്ചായത്തും വഹിക്കേണ്ടതാണ്.

പഞ്ചായത്തിൽ പുതിയതായി ഒരു ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കണം. നിലവിലുള്ള സബ് സെൻററുകളിൽ കുഴിക്കാടിന് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. ഈ കെട്ടിടത്തിൻെറ സ്ഥിതിയും മെച്ചമല്ല. ബ്രഹ്മപുരം, കരിമുകൾ, പുറ്റുമാനൂർ, കാണിനാട് എന്നിവിടങ്ങളിലെ സബ് സെൻററുകൾക്ക് സ്വന്തമായി കെട്ടിടം പണിയുകയും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും വേണം. ആരോഗ്യ കാര്യങ്ങളിൽ ജനങ്ങൾക്ക് ബോധവത്ക്കരണം ഉണ്ടാക്കുവാനും ഉപദേശ നിർദ്ദേശങ്ങൾ ലഭ്യമാക്കുവാനും ഉതകുന്ന സ്ഥാപനമായി മാറ്റി എടുക്കണം. അതിനായി ഇവയോട് അനുബന്ധിച്ച് ഓരോ ജനകീയ കമ്മിറ്റികൾ പ്രവർത്തിക്കണം. വടവുകോട് പി.എച്ച് സെൻററിൻെറ ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കണം. കെട്ടിടങ്ങളുടെ അറ്റകുറ്റപണികളും കോമ്പൗണ്ട് വാളും നിർമ്മിച്ച് ആവശ്യമായ പുതിയ കട്ടിലുകളും കിടക്കകളും വാങ്ങി പി.എച്ച് സെൻറർ സജ്ജമാക്കണം. പി.എച്ച് സെൻററിൽ നിലവിലുള്ള കക്കൂസ് വളരെ അപര്യാപ്തമായതിനാൽ പുതിയ കക്കൂസുകൾ നിർമ്മിക്കണം. പി.എച്ച് സെൻറർ ഒരു കമ്മ്യൂണിറ്റി ഹെൽത്ത്

സെൻററായി മാറ്റണം. ഈ കാര്യങ്ങൾക്ക് ആശുപത്രിയിൽ നിലവിലുള്ള ജനകീയ കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കണം. ഭൗതീക സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കുന്നതോടൊപ്പം ആരോഗ്യ രംഗത്ത് പ്രവർത്തിയ്ക്കുന്ന ജീവനക്കാർ തങ്ങളുടെ കടമ സേവന മനസ്സോടെ നിറവേറ്റിയാൽ മാത്രമേ പൊതുജനങ്ങൾക്ക് നമ്മുടെ സർക്കാർ ആശുപത്രികളിലുള്ള വിശ്വാസം വീണ്ടെടുക്കുവാൻ സാധിക്കൂ.

പുത്തൻകുരിശ് ആയുർവേദ ഡിസ്പൻസറി രോഗികളെ കിടത്തി ചികിത്സിക്കുവാൻ സാധിക്കുന്ന ആശുപത്രിയായി ഉയർത്തണം. ആശുപത്രിയ്ക്ക് മരുന്ന് പാകം ചെയ്യുന്നതിന് ആവശ്യമായ അടുക്കള പണിയണം.

പഞ്ചായത്തിൽ 5850 കുടുംബങ്ങളിൽ 5296 കുടുംബങ്ങളിലും കക്കൂസ് ഉണ്ട്. ഇതിൽ 3361 എണ്ണം സെപ്റ്റിക് ടാങ്കുള്ളവയും 1559 എണ്ണം ഇ.എസ്.പി. ടൈപ്പും 376 എണ്ണം മറ്റുള്ളവയുമാണ്. ബാക്കി 554 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ച് കൊടുക്കുന്നതിന് ധനസഹായം ആവശ്യമാണ്. പഞ്ചായത്തിൻെറ പ്രത്യേക പരിതസ്ഥിതിയും ജലത്തിൻെറ ദൗർലഭ്യവും കണക്കിലെടുക്കുമ്പോൾ പൊതു കക്കൂസുകൾക്ക് ഈ പഞ്ചായത്തിൽ പ്രസക്തി ഇല്ല. ജെ.ആർ.വൈ., ഉപാധി രഹിത ഫണ്ട്, ലോകബാങ്ക് ധനസഹായം മുതലായവയിൽക്കൂടി ഈ പഞ്ചായത്തിൽ ഈ രംഗത്ത് വളരെയേറെ പ്രവർത്തനങ്ങൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്.

ലോകബാങ്കിൻെറ സഹായത്താലും, ജെ.ആർ.വൈ., ഉപാധിരഹിത ഫണ്ട് എന്നീ പദ്ധതികളിലൂടെ പഞ്ചായത്ത് ഇതിനകം തന്നെ 875 കക്കൂസുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. നടപ്പുവർഷത്തിൽ 40 കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. 1994-95 വർഷത്തെ ഉപാധിരഹിതഫണ്ട് പദ്ധതിയിൽ 100 കക്കൂസ് നിർമ്മിച്ച് കൊടുത്തു. 3,000/- രൂപ അടങ്കൽ തുക വരുന്ന ടി. കക്കൂസുകൾ ഗുണഭോക്താവിൻെറ സഹകരണത്തോടെ നടപ്പാക്കപ്പെട്ടു. കക്കൂസുകൾ നിർമ്മിക്കുന്നതിന് ഇന്ന് അനുവദിക്കപ്പെടുന്ന 2,000/- രൂപ തികച്ചും അപര്യാപ്തമാണ്. ഇത് ചുരുങ്ങിയത് 3,000/- രൂപയെങ്കിലുമായി ഉയർത്തണം.

പഞ്ചായത്തിലെ മൊത്തം 5850 വീടുകളിൽ 2405 കോൺക്രീറ്റ് വീടുകളും 2691 ഓടിട്ട വീടുകളും 754 എണ്ണം ഓലമേഞ്ഞവയോ, ഷീറ്റ് ഇട്ടവയോ ആണ്. ഓലമേഞ്ഞ കുടിലുകൾ കുറഞ്ഞ സൗകര്യങ്ങൾപോലും ഇല്ലാത്തവയാണ്.

2,67,272/- രൂപ മുടക്കി പഞ്ചായത്ത് 1995-96 ൽ ഒരു ആംബുലൻസ് വാങ്ങി സർവീസ് നടത്തുന്നുണ്ട്. കുറഞ്ഞ നിരക്ക് നിശ്ചയിച്ച് സർവീസ് നടത്തുന്നത്

പഞ്ചായത്ത് നഷ്ടം സഹിച്ചാണ്. പക്ഷെ സേവന ലക്ഷ്യം ലാക്കാക്കി വാങ്ങിയ ടി. ആംബുലൻസിൻെറ പ്രവർത്തനം മെച്ചപ്പെട്ടതാക്കുവാൻ പഞ്ചായത്ത് പരമാവധി ശ്രമിയ്ക്കുന്നു.

പഞ്ചായത്തിനെ മൊത്തമായി അലട്ടുന്ന ഒരു പ്രധാന പ്രശ്നമാണ് പ്രധാന ടൗണുകളിൽ കുന്നുകൂടുന്ന മാലിന്യങ്ങൾ. അമ്പലമുകൾ, കുഴിക്കാട്, കരിമുകൾ, പുത്തൻകുരിശ് എന്നിവിടങ്ങളിൽ അടിച്ചു വാരിക്കൂട്ടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സ്ഥലമോ വ്യക്തമായ സംവിധാനമോ ഇല്ല. പഞ്ചായത്തിൽ നിന്ന് 24 ഡസ്റ്റ്ബിന്നുകൾ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ടൗണുകൾ അടിച്ചു വാരുന്നതിന് നാല് മുഴുവൻ സമയ സ്വീപ്പർമാരെ നിയമിച്ചിട്ടുണ്ട്. ഇതിനായി പഞ്ചായത്ത് കഴിഞ്ഞ സാമ്പത്തിക വർഷം 1,62,216/- രൂപ ചിലവഴിച്ചു. പക്ഷെ ജനസാന്ദ്രമായ മേൽപറഞ്ഞ പ്രദേശങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സാധിക്കുന്നില്ല. ജീവനക്കാരുടെ തൊഴിലിലുള്ള ആത്മാർത്ഥതയില്ലായ്മയും, കച്ചവടക്കാർക്ക് ശുചീകരണത്തിൽ വേണ്ടത്ര ബോധമില്ലായ്മയും മാലിന്യങ്ങൾ സ്ഥിരമായി നിക്ഷേപിക്കുന്നതിനുള്ള സ്ഥലമില്ലായ്മയും പ്രധാന പ്രശ്നങ്ങളാണ്. മാലിന്യങ്ങൾ ദിവസേന മാറ്റുന്നതിന് വർഷംതോറും ക്വട്ടേഷൻ വിളിച്ച് നൽകുന്ന കാര്യം ആലോചിക്കേണ്ടതാണ്.

ഇതുപോലെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ് പൊതുകാനകളിൽ വെള്ളം കെട്ടികിടക്കുന്നത്. ഹോട്ടലുകളിൽ നിന്നും ചായക്കടയിൽനിന്നും അഴുക്ക് ജലം ഇന്ന് റോഡിലേയ്ക്കും കാനകളിലേയ്ക്കും ഒഴുക്കി വിടുന്നത് സർവ സാധാരണമാണ്. കച്ചവടക്കാർ തങ്ങളുടെ മാലിന്യവസ്തുക്കൾ യാതൊരു ശ്രദ്ധയുമില്ലാതെ കാനകളിലേയ്ക്ക് വലിച്ചെറിയുന്നത് കാനകളിലെ വെള്ളത്തിൻെറ ഒഴുക്ക് തടയുന്നതിന് കാരണമാകുന്നു. പഞ്ചായത്തിലെ എല്ലാ ടൗണുകളിലും നിലവിലുള്ള കാനകളിൽനിന്ന്തന്നെ ജലം പുറത്തേയ്ക്ക് ഒഴുകിപ്പോകുന്നതിന് ആവശ്യമായ സംവിധാനം ഇന്നില്ല. ഈ കാനകളിലെ മലിനജലവും വഴിവക്കിലുള്ള മത്സ്യക്കച്ചവടം ഉൾപ്പടെയുള്ള വ്യാപാരങ്ങൾ മൂലവും ടൗണുകളിൽ മാലിന്യം കുന്നുകൂടുകയും, തൽഫലമായി ഈച്ച, കൊതുക് തുടങ്ങിയവ വർദ്ധിച്ചു വരുന്നു. ഹോട്ടലുകൾ, ചായക്കടകൾ എന്നിവയിൽ നിന്ന് മലിനജലം പൊതു കാനകളിലേയ്ക്ക് ഒഴുകുന്നത് കർശനമായി തടയുകയോ കാനകൾ വൃത്തിയാക്കുന്ന ചുമതല അവരുടെ ബാദ്ധ്യതയാക്കുകയോ വേണം. അതുപോലെ, കച്ചവടക്കാരെ ബോധവൽക്കരിച്ച് മാലിന്യങ്ങൾ കാനകളിലേയ്ക്ക് വലിച്ചെറിയുന്നത് ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിയ്ക്കണം. പുത്തൻകുരിശ്, കരിമുകൾ എന്നിവിടങ്ങളിൽ പി.ഡബ്ള്യൂ.ഡി.

കാനകളിൽ നിന്ന് മലിനജലം പുറത്തേയ്ക്ക് പോകുന്നതിന് ആവശ്യമായ സംവിധാനം ചെയ്യണം. അമ്പലമുകളിൽ പൂർണ്ണമായും പി.ഡബ്ള്യൂ.ഡി. കാന നിർമ്മിക്കണം. എഫ്.എ.സി.ടി. ക്വാർട്ടേഴ്സുകളിൽ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങളും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങളും എഫ്.എ.സി.ടി. കോമ്പൗണ്ടിൽ ഇന്ന് ഉപയോഗിക്കാതെ കിടക്കുന്ന ഏതെങ്കിലും താഴ്ന്ന പ്രദേശത്ത് നിക്ഷേപിക്കുന്ന പദ്ധതിയോ കൊച്ചി കോർപറേഷൻ മാലിന്യങ്ങളിൽ നിന്ന് ഊർജം ഉല്പാദിപ്പിയ്ക്കുന്ന പദ്ധതിയ്ക്ക് കരാറിൽ ഏർപ്പെട്ടിരിക്കുന്നതായി മനസ്സിലാക്കുന്നത് കൊണ്ടും അത്തരം പദ്ധതിയിൽ മെട്രോയിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളേയും കൂടി ഉൾപ്പെടുത്തുകയോ ചെയ്യണം. കാനകളിൽ സ്ഥിരമായി കീടനാശിനി തളിയ്ക്കുന്ന പദ്ധതി പൊതുജന സഹകരണത്തോടെ നടപ്പാക്കണം. ജനനിബിഡമായ പ്രദേശങ്ങളിൽ പന്നി വളർത്തൽ പൂർണ്ണമായി നിരോധിക്കുകയും പന്നി വളർത്തൽ വ്യവസായത്തിൽ ഏർപ്പെടുന്നവർ കൃത്യമായ ശുചീകരണസംവിധാനം പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും വേണം. പുത്തൻകുരിശിലുള്ള പഞ്ചായത്ത് വക അറവുശാല പൂർണ്ണമായി ആധുനീകരിക്കണം. പൂർണ്ണമായ ആധുനീക സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന രണ്ട് സ്വകാര്യ അറവു ശാലകൾ കരിമുകൾ, കാണിനാട് കേന്ദ്രമാക്കി തുറക്കുന്നതിന് അനുവാദം നൽകുകയും മറ്റ് സ്ഥലങ്ങളിലെ അറവുശാലകൾ പൂർണ്ണമായും നിരോധിക്കുകയും വേണം.

പ്രശ്നങ്ങൾ

1. കുട്ടികളിൽ പോഷകക്കുറവ് കാണുന്നു
2. പി.എച്ച് സെൻററിൻേറയും സബ് സെൻററുകളുടേയും ഭൗതീക സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. ആരോഗ്യപ്രവർത്തകരുടെ സേവനത്തിലും ജനങ്ങൾ തൃപ്തരല്ല. ആവശ്യത്തിന് മരുന്നില്ല.
3. അമ്പലമേട് പ്രദേശത്ത് ആശുപത്രി സൗകര്യം ഇല്ല.
4. പഞ്ചായത്തിൽ ഗവർമെൻറ് ഹോമിയോ ഡിസ്പൻസറി ഇല്ല.
5. ടൗണുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന നടപടി തൃപ്തികരമല്ല.
6. വിവിധ പ്രദേശങ്ങളിൽ ആവശ്യമായ കാനകൾ ഇല്ല.
7. ടൗണുകളിലെ കാനകൾ ദുരുപയോഗപ്പടുത്തുകയും അവയിലെ മലിനജലം

പോകുന്നതിന് സംവിധാനം ഇല്ലാതിരിക്കുകയും മലിനജലം കെട്ടിക്കിടന്ന് കൊതുക്, ഈച്ച മുതലായവ വർദ്ധിക്കുന്നതിന് ഇടയാകുകയും ചെയ്യുന്നു.

8. ഈച്ച, കൊതുക് എന്നിവയെ നശിപ്പിയ്ക്കുന്നതിന് ഇന്ന് ക്രമീകരണം ഇല്ല.

9. വഴിവക്കിലെ കച്ചവടങ്ങളും നിയമ വിരുദ്ധമായ മാംസക്കച്ചവടവും ആരോഗ്യപരിപാലനത്തിൻെറ പ്രശ്നങ്ങളായി മാറിയിരിക്കുന്നു.

10. പ്രധാനപ്പെട്ട ടൗണുകളിൽ പൊതു മൂത്രപ്പുര, കക്കൂസ് എന്നിവയുടെ അഭാവം.

11. വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള രൂക്ഷമായ മലിനീകരണ പ്രശ്നങ്ങൾ.

12. പുകവലി, മദ്യപാനം എന്നിവ വഴി ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ.

13. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഇല്ല.

സാദ്ധ്യതകൾ

1. നിലവിലുള്ള വടവുകോട് പി.എച്ച് സെൻറർ വികസിപ്പിച്ച് ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ ആക്കി ഉയർത്തുക. ആശുപത്രി വികസന സമിതി രൂപീകരിക്കുക.

2. പഞ്ചായത്തിൽ നിലവിലുള്ള സബ് സെൻററുകൾക്ക് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിയ്ക്കുകയും ജനകീയ സമിതികളുടെ സഹായത്തോടെ ഓരോ സബ് സെൻററിൻെറയും കീഴിൽ വരുന്ന മുഴുവൻ പ്രദേശത്തേയും ജനങ്ങളുടെ പോഷകക്കുറവ്, രോഗപ്രതിരോധ നടപടികൾ, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നേതൃത്വം നൽകുകയും ആവശ്യമായ ബോധവൽക്കരണം സംഘടിപ്പിക്കുകയും ചെയ്യുക.

3. പഞ്ചായത്തിൽ ഒരു സമഗ്ര പോഷകാഹാര പരിപാടിയ്ക്ക് പഞ്ചായത്ത് നേതൃത്വം നൽകണം.

4. പുകവലി, മദ്യപാനം എന്നിവയ്ക്കെതിരെ ശക്തമായ ബോധവൽക്കരണം സന്നദ്ധസംഘടനകളുടെ സഹായത്തോടെ നടപ്പിലാക്കണം.

5. വ്യവസായ സ്ഥാപനങ്ങളിൽനിന്ന് മലിനീകരണം തടയുന്നതിന് പൊലൂഷൻ കൺട്രോൾ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. ഓരോ കമ്പനിയുടേയും 500 മീറ്ററിനുള്ളിൽ താമസിക്കുന്ന മുഴുവൻ ആളുകളുടേയും ആരോഗ്യ സംരക്ഷണം അതാത് കമ്പനികൾ ഏറ്റെടുക്കുക. എല്ലാ കമ്പനികളും ടി. ദൂരപരിധിയിൽ ഗ്രീൻബെൽറ്റുകൾ കർശനമായി സ്ഥാപിയ്ക്കുകയും ചെയ്യുക.

6. ടൗണുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ജനകീയ പങ്കാളിത്തത്തോടെ സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുക. ജനകീയ സമിതികൾ രൂപീകരിക്കുക.

7. വിവിധ പ്രദേശങ്ങളിൽ ആവശ്യമായ കാനകൾ നിർമ്മിക്കുകയും, കാനകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് ഗ്രൂപ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

8. ഈച്ച, കൊതുക്, അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ എന്നിവയെ നശിപ്പിയ്ക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുക.

9. അമ്പലമേട്, അമ്പലമുകൾ, കരിമുകൾ, പുത്തൻകുരിശ് എന്നിവിടങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.

10. നിലവിലുള്ള പഞ്ചായത്ത് വക അറവുശാല ആധുനീകരിക്കുകയും കരിമുകൾ, കാണിനാട് കേന്ദ്രമാക്കി രണ്ട് ആധുനീക അറവുശാലകൾ ആരംഭിക്കുകയും ചെയ്യുക. അതോടൊപ്പം നിയമവിരുദ്ധമായി നടത്തുന്ന അറവുശാലകൾ നിർത്തലാക്കുക.

11. സമയ ബന്ധിതമായി കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കുക.

12. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം നിർമ്മിക്കണം.

## കുടിവെള്ളം

പഞ്ചായ ത്തിൽ മൊത്തം 77 പൊതുകിണറുകളും ഓരോ പുരയിടത്തോടും ചേർന്നുള്ള കിണറുകളും പൊതു ടാപ്പുകളുമാണ് ജനങ്ങൾ കുടിവെള്ളത്തിനും ഗാർഹീക ആവശ്യങ്ങൾക്കും പ്രധാനമായും ആശ്രയിക്കുന്നത്. ചെറുതും വലുതുമായ

27 കുളങ്ങളും ചിറകളും പഞ്ചായത്തിൻെറ അധീനതയിലുണ്ട്. എഫ്.എ.സി.ടി. യടെ ജലാവശ്യത്തിനായി നിർമ്മിച്ച പെരിയാർവാലിയുടെ എഫ്.എ.സി.ടി. കനാൽ പഞ്ചായത്തിൻെറ 2,4,6,10,11 വാർഡുകളിലൂടെ കടന്നു പോകുന്നു. മേൽപറഞ്ഞ എഫ്.എ.സി.ടി. കനാലിൻെറ സബ് കനാൽ ഒരെണ്ണം കുറ്റയിൽനിന്ന് തുടങ്ങി 9,10,11 വാർഡുകളിൽ കൂടി കടന്ന് തിരുവാണിയൂർ പഞ്ചായത്തിൽ എത്തുന്നു. മറ്റൊരെണ്ണം 7,8 വാർഡുകളിൽകൂടി കടന്ന് 3-ാം വാർഡിൽ ഏറ്റിക്കരയിൽ എത്തുന്ന മാമല സബ് കനാൽ ഭാഗികമായി പണിതീർത്തിട്ടുണ്ട്. വേളൂർപ്പാടത്ത് തുടങ്ങുന്ന തോടും പുറ്റുമാനൂർ കണിയാം താഴത്ത് തുടങ്ങുന്ന തോടും കൂടി ചേർന്ന് വലിയതോട് ചിത്രപ്പുഴയിൽ ചെന്ന് അവസാനിക്കുന്നു. 5 കിലോമീറ്റർ നീളം വരുന്ന ടി. തോട് പഞ്ചായത്തിലെ ഏറ്റവും വലിയ തോടാണ്. വരിക്കോലി, വടവുകോട്, കാണിനാട് എന്നീ വർഡുകളിലെ പാടശേഖരങ്ങളിലെ തോടുകളും കടമ്പേത്തുമൂല, കോഴിച്ചിറ തോടുകളും പഞ്ചായത്തിലെ ജലസേചനത്തിന് ഉപയോഗിക്കുന്ന പ്രധാന തോടുകളാണ് ബ്രഹ്മപുരത്തുള്ള മൂലേത്തൊളി പഞ്ചായത്ത് പ്രദേശത്തെ ശക്തമായ ഒരു നീരുറവയാണ്. പഞ്ചായത്തിലെ കുളങ്ങളുടേയും കിണറുകളുടേയും പട്ടിക താഴെ ചേർക്കുന്നു.

## വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിലെ പൊതു കിണറുകൾ

| നം. | പേര് | നം. | പേര് |
|---|---|---|---|
| 1 | പുലിയാമ്പിള്ളിമുകൾ | 10 | മാളിയേക്കൽപടി |
| 2 | വരിക്കോലിനണ്ണാംപറമ്പ് | 11 | എടയാലിപ്പടി |
| 3 | ആറാട്ടുമല | 12 | കളരിക്കൽപ്പടി |
| 4 | ചേതുക്കുഴിപടി കാണിനാട് | 13 | മഠത്തിൽപ്പടി |
| 5 | വടവുകോട് ജംഗ്ഷൻ | 14 | ആലയ്ക്കൽ കരോട്ട് |
| 6 | പഴയ പോലീസ് സ്റ്റേഷൻ | 15 | കാണിനാട് ജംഗ്ഷൻ |
| 7 | വടവുകോട് കാളച്ചന്ത | 16 | കുറ്റകോളനി |
| 8 | കേളൻെറ പടി | 17 | പെരുന്താറമുകൾ |
| 9 | ചാലക്കുഴികരട്ട് | 18 | അങ്ങാടി റോഡ് |

## വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിലെ പൊതു കിണറുകൾ

| നം. | പേര് | നം. | പേര് |
|---|---|---|---|
| 19 | മത്സ്യമാർക്കറ്റ് | 40 | ഏറ്റിക്കര കരോട്ട് |
| 20 | കരീത്താഴം | 41 | ആശാരി കോളനി |
| 21 | പന്നിക്കോട്ടമ്പലം റോഡ് | 42 | മേക്കായി മുകൾ |
| 22 | രാജർഷീ റോഡ് | 43 | വില്ലേജ് ആഫീസ് |
| 23 | കുടിലിപ്പടി | 44 | തേക്കാട്ട് റോഡ് |
| 24 | ചെറുറോട്ടുകുന്നേൽ | 45 | മേക്കായിമുകൾ ബ്രഹ്മപുരം |
| 25 | കുഴിയാഞ്ഞിൽപ്പാടം റോഡ് | 46 | കൊടിഞ്ഞൂർ റോഡ് |
| 26 | ചെറുതോട്ടുകുന്നേൽ കൃസ്ത്യൻകോളനി | 47 | പന്നിക്കുഴി OLHS |
| 27 | കമ്മല കരോട്ട് | 48 | വെള്ളോപ്പള്ളി മൂല |
| 28 | പുറ്റുമാനൂർ ഒ.എൽ.എച്ച്.എസ്. | 49 | വരിക്കോലി ആശുപത്രി |
| 29 | ചോയിക്കര മോൾ | 50 | കുരിശുപള്ളി, കരിമുകൾ |
| 30 | വടവുകോട് ഒ.എൽ.എച്ച്.എസ്. | 51 | കോച്ചിറക്കാട്ട് |
| 31 | പഞ്ചായത്ത് ആഫീസ് | 52 | കൂളിയാട്ടു പാടം |
| 32 | പച്ചക്കറി മാർക്കറ്റ് | 53 | മേച്ചിറപ്പാട്ട് |
| 33 | അടൂർ | 54 | കൊട്ടോട്ടിമല |
| 34 | ആശ്രമം റോഡ് | 55 | ജെ.ബി.എസ്. കുറ്റ |
| 35 | എഫ്.പി. സെൻറർ | 56 | മത്തോക്കിത്താഴം |
| 36 | പീച്ചിങ്ങാച്ചിറ | 57 | ചെങ്ങനാട്ടുപാടം |
| 37 | പാൽപാത്തുതാഴം റോഡ് | 58 | പുറ്റുമാനൂർ സ്ക്കൂൾ |
| 38 | മുതലോടിപ്പാടം | 59 | വടവുകോട് ഷാരടിപ്പടി |
| 39 | കോമന മന | 60 | കരിമുകൾ കോളനി |
| | | 61 | വാര്യത്തുമുറി, ബ്രഹ്മപുരം |

| നം. | പേര് | നം. | പേര് |
|---|---|---|---|
| 62 | പോസ്റ്റോഫീസ്, പുത്തൻകുരിശ് | 70 | കുരിക്കനാമല |
| 63 | വരിക്കോലി കൊല്ലംപടി | 71 | പുല്ലുമല റോഡ് |
| 64 | പുറ്റുമാനൂർ ചാലിക്കര പീടിക | 72 | കുരിശു മോൾ |
| 65 | പാലാത്തടം പുററുമാനൂർ | 73 | തൊണ്ടുങ്ങൽ പീടിക |
| 66 | പാലക്കാട്ടുതാഴം റോഡ് | 74 | ചർച്ച റോഡ് താഴ് ഭാഗം |
| 67 | ചെറുതോട്ടുകുന്നേൽ - കരിമുകൾ | 75 | കിഴക്കേ കുറ്റ |
| 68 | പാൽപാത്തുതാഴം - പുറ്റുമാനൂർ | 76 | പാങ്കോട് റോഡ് |
| 69 | കൊടിഞ്ഞൂർ റോഡ് സൈഡ് | 77 | ചോയിക്കര മുകൾ കോളനി |

(അവലംബം : പഞ്ചായത്ത് രജിസ്റ്റർ ഓഫ് വെൽസ്)

## പട്ടിക - 2 ചിറകൾ

1. മൂന്നാം വാർഡ് : നെണ്ണാൻചിറ, ഏറ്റിക്കര ചിറ
2. നാലാം വാർഡ് : കോഴിച്ചിറ, കുഴിയാഞ്ഞാൽ ചിറ (10 സെൻറ്)
3. അഞ്ചാം വാർഡ് : കണ്ടോത്തുമൂല ചിറ
4. ആറാം വാർഡ് : പീച്ചിങ്ങാച്ചിറ (5 ഏക്കർ)
5. ഏഴാം വാർഡ് : വേണാട്ടുചിറ (10 സെൻറ്), മഠത്തിത്താഴം, പാൽപാത്തുതാഴം, കൊട്ടാരത്തിത്താഴം.
6. എട്ടാം വാർഡ് : തൈക്കാട്ട് ചിറ, മറ്റപ്പള്ളിച്ചിറ
7. ഒമ്പതാം വാർഡ് : പന്നിക്കുഴിച്ചിറ, കാവനാച്ചിറ
8. പത്താം വാർഡ് : അയിനിച്ചിറ, വേട്ടുങ്ങച്ചിറ, മറ്റപ്പള്ളി, എടവനക്കുളം ചിറ, ചക്കിളിച്ചിറ.
9. പതിനൊന്നാം വാർഡ് : ചൂരക്കോട്ട് ചിറ, കരിപ്പാച്ചിറ., കാക്കേത്ത് താഴം ചിറ, വലിയചിറ, മാലേച്ചിറ.

കുളം

| | | | |
|---|---|---|---|
| 1. | രണ്ടാം വാർഡ് | : | എടവനക്കുളം |
| 2. | ഏഴാം വാർഡ് | : | മഠത്തിത്താഴം കുളം |
| 3. | പത്താം വാർഡ് | : | മൂത്തേടത്ത് കുളം |
| 4. | പതിനൊന്നാം വാർഡ് | : | കുണ്ടുകുളം, നൂറംകുളം, മറ്റപ്പള്ളിക്കുളം, കൊഴുവംകോട്ട് കൈതക്കുളം. |

പഞ്ചായത്തിലെ 27 ചിറകളും കുളങ്ങളും ഇന്ന് കുടിവെള്ളത്തിനോ ജലസേചനത്തിനോ പൂർണ്ണമായി ഉപയോഗിക്കുന്നില്ല. വളരെ പരിമിതമായി മാത്രമേ ഇവ ജലസേചനത്തിനായി ഉപയോഗിക്കുന്നുള്ളൂ. പല ചിറകളും കയ്യേറി വിസ്തീർണ്ണം കുറഞ്ഞ് പോകുന്നു. അതുപോലെ ജലസേചനത്തിൻെറ പ്രധാന ഭാഗമായി പഞ്ചായത്തിലെ തോടുകളുടെ പഴയകാല വീതി ഇന്നില്ലാതായിരിക്കുന്നു. പ്രധാന തോടായ "വലിയ തോട്" കുഴിക്കാട് വച്ച് കൊച്ചി റിഫൈനറീസ് കമ്പനിയുടെ അധീനതയിലാകുകയും കമ്പനി ആ ഭാഗത്ത് നെറ്റ് വച്ച് അടയ്ക്കുകയും ചെയ്തിരിക്കുന്നു. അതിൻെറ ഭാഗമായി കുഴിക്കാട് - വേളൂർ ഭാഗങ്ങളിലെ കൃഷി കഴിഞ്ഞ കുറേ വർഷങ്ങളായി നശിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ തോടുകളും ഭാഗീകമായി കെട്ടി സംരക്ഷിച്ചിട്ടുണ്ടെങ്കിലും എല്ലാ തോടുകളുടേയും ആഴംകൂട്ടി യഥാർത്ഥ വീതി അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കേണ്ടിയിരിക്കുന്നു. മാമല സബ് കനാലിന് വേണ്ടി ഗവർമെൻറ് മുടക്കിയ ലക്ഷങ്ങൾ പാഴായി ആ പദ്ധതിതന്നെ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. ഈ കനാൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുകയും അമ്പലമേട് എഫ്.എ.സി.ടി. കനാലിൽക്കൂടി മുഴുവൻ സമയവും വെള്ളം തുറന്ന് വിടുകയും ചെയ്താൽ ഈ പഞ്ചായത്തിൽ വേനൽക്കാലത്ത് ജലസേചനത്തിനും കുടിവെള്ളത്തിനും ഒരു പരിധിവരെ വെള്ളം ലഭ്യമാകുന്നതാണ്.

പഞ്ചായത്തിൽ കുടിവെള്ളത്തിനായി ഇന്ന് പ്രധാനമായി ആശ്രയിക്കുന്ന പ്രകൃതിദത്തമായ ജലസ്രോതസ്സുകൾ പീച്ചിങ്ങാച്ചിറയും, കുറ്റകോളനിയിലെ കിണറുമാണ്. ഇതിലെ ജലത്തിൻെറ ലഭ്യതയും എഫ്.എ.സി.ടി. കനാലിൽ വരുന്ന വെള്ളത്തെ ആശ്രയിച്ചിരിക്കുന്നു. കുടിവെള്ളത്തിനായി ആശ്രയിക്കാവുന്ന മറ്റൊരു സ്രോതസ്സ് പന്നിക്കുഴിച്ചിറയാണ്. വേനൽക്കാലത്ത് കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്ന ഏറ്റിക്കര, ആശ്രമം കോളനി കരിമുകൾ കൃസ്ത്യൻ കോളനി, മേച്ചിറപ്പാട്ട്, വടവുകോട്, ലക്ഷംവീട് കോളനി പ്രദേശം, മണിയനാംമുകൾ നാല്

സെൻറ് കോളനി പ്രദേശം, പെരുന്താറമൂല, നീർമേൽ കോളനി, പുലിയാമ്പിള്ളി മുകൾ എന്നീ പ്രദേശങ്ങൾ പൂർണ്ണമായി വാട്ടർ അതോറിറ്റിയെ ആശ്രയിക്കുന്നത് മൂലവും, കമ്പനി മലിനീകരണം മൂലവും അടൂർ, ചെല്ലിപ്പാടം പ്രദേശങ്ങളിൽ എല്ലാക്കാലത്തും കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നു.

കൊച്ചി ഓയിൽ റീഫൈനറിയിൽ നിന്നുള്ള മലിനീകരണം മൂലം ചിത്രപ്പുഴ ഭാഗത്തും, എഫ്.ഏ.സി.ടി. എച്ച്.ഒ.സി., എന്നീ കമ്പനികളിലെ മലിനീകരണംമൂലം കുഴിക്കാട് മുതൽ അടൂർ വരെയുള്ള പാട ശേഖരങ്ങളിലും, കാർബൺ ആൻറ് കെമിക്കൽസിലെ മലിനീകരണം മൂലം ബ്രഹ്മപുരം പാടത്തും കൃഷിയ്ക്ക് ഉപയുക്തമാക്കാൻ സാധിക്കാത്തവിധം ജലം മലിനീകരിക്കപ്പെടുന്നു. ഇതുപോലെ അടൂർഭാഗത്തെ കിണറുകളിലെ ശുദ്ധജലവും ഓയിൽ റീഫൈനറിയിലെ ഡീസൽ കലർന്ന് ഉപയോഗയോഗ്യമല്ലതായിരിക്കുന്നു.

പഞ്ചായത്ത് 300 പൊതു ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. വെള്ളത്തിൻെറ ചാർജായി മാത്രം പഞ്ചായത്ത് ഒരു വർഷത്തിൽ 2,62,500/- രൂപ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നുണ്ട്. ഈയിനത്തിൽ 20 ലക്ഷത്തോളം രൂപ വാട്ടർ അതോറിറ്റിയ്ക്ക് കുടിശ്ശികയായി അടയ്ക്കുവാനുണ്ട്. ഇത്രയും ഭീമമായ തുക പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നുണ്ടെങ്കിലു ഈ ടാപ്പുകളിൽ ഭൂരിഭാഗത്തിലും വേനൽക്കാലത്ത് വെള്ളം ഇല്ലായെന്നുള്ളത് ഒരു വസ്തുതയാണ്. വർഷകാലത്ത് പൈപ്പുകളിൽ പലപ്പോഴും വെള്ളമില്ലെങ്കിലും പ്രശ്നമായി തോന്നാറില്ല. പൊതുവായി ഈ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ താഴെ പറയുന്നവയാണ്.

1. പീച്ചിങ്ങാച്ചിറ റൂറൽ വാട്ടർ സപ്ലൈ സ്ക്കീം.

2. പുത്തൻകുരിശ് ജലവിതരണ പദ്ധതി

3. കുറ്റ റൂറൽ വാട്ടർ സപ്ലൈ സ്കീം.

4. കടമ്പേത്തുമൂല ബോർവെൽ സ്കീം.

1,2,3,4,5,6,7 വാർഡുകളിൽ പീച്ചിങ്ങാച്ചിറ റൂറൽ വാട്ടർ സപ്ലൈ സ്കീം മുഖാന്തിരവും 8,9 വാർഡുകളിൽ പുത്തൻകുരിശ് ജലവിതരണ പദ്ധതി വഴിയും 10,11 വാർഡുകളിൽ കുറ്റ റൂറൽ വാട്ടർ സപ്ലൈ സ്കീം വഴിയുമാണ് ജലവിതരണം നടത്തുന്നത്. ടെമ്പേത്തു മൂല ബോർവെൽ വാട്ടർ സ്ക്കീം കടമ്പേത്തു മൂലയിലും

കുന്നത്തുനാട് പഞ്ചായത്തിൻെറ പിണർമുണ്ട ഭാഗത്തും ജലവിതരണം നടത്തുന്നു. ചൂണ്ടി പമ്പ് ഹൗസിൽ നിന്നും രാമമംഗലം പുഴയിലെ വെള്ളം പമ്പ് ചെയ്ത് പ്നിക്കുഴിയിൽ എത്തിച്ച് വിതരണം ചെയ്യുന്ന പദ്ധതിയാണ് "പുത്തൻകുരിശ് പദ്ധതി". പീച്ചിങ്ങാച്ചിറയുടെ ആഴംകൂട്ടി 30 എച്ച്.പി. കപ്പാസിറ്റിയുള്ള പമ്പ് സ്ഥാപിച്ച് മുഴുവൻ സമയവും പമ്പിംഗ് നടത്തി ടാങ്കിൽക്കയറ്റി അവിടെ നിന്നും തുറന്ന് വിട്ടാൽ പഞ്ചായത്തിൽ വേനൽക്കാലത്ത് ഇന്നനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം ഒരളവുവരെ പരിഹരിക്കുവാൻ സാധിയ്ക്കും. പുത്തൻകുരിശിലെ പമ്പിംഗ് സമയം കൂട്ടണം. അതുപോലെ കുറ്റയിലെ സ്റ്റോറേജ് ടാങ്ക് ഇന്ന് കേട്പാട് വന്ന് അതിൽ ശേഖരിക്കുന്ന ജലത്തിൻെറ അധികഭാഗവും നഷ്ടപ്പെടുകയാണ്. ടാങ്കിൻെറ അറ്റകുറ്റപ്പണി നടത്തി ഈ സ്കീം കൂടുതൽ പ്രവർത്തനക്ഷമമാക്കണം. 200 മീറ്ററിനുള്ളിൽ ചുരുങ്ങിയത് 10 കുടുംബങ്ങൾക്കെങ്കിലും വെള്ളം ലഭ്യമാകത്തക്കവിധത്തിലേ ടാപ്പുകൾ സ്ഥാപിക്കാവൂ. ഇന്ന് ടാപ്പുകൾ വിന്യസിച്ചിരിക്കുന്നതിൽ അപാകതകൾ ഉണ്ടെങ്കിൽ അവ തിരുത്തി ടാപ്പുകൾ പുനഃക്രമീകരിക്കുന്നതിന് ജനപങ്കാളിത്തത്തോടെ നടപടി സ്വീകരിയ്ക്കണം. പൊതു ടാപ്പുകളിലെ ജലം ഇന്ന് ഗാർഹീക ആവശ്യങ്ങൾക്കല്ലാതെ വളരെയധികം ഉപയോഗിക്കപ്പെടുന്നു. ഇതുപോലെ പൈപ്പുകൾ പൊട്ടി ജലം നഷ്ടപ്പെടുന്നത് വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയാലും അവ അടിയന്തിരമായി നന്നാക്കുന്നതിന് സംവിധാനമില്ല.

കുടിവെള്ളത്തിൻെറ ദൗർലഭ്യത്തെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരിക്കുകയും, "സ്വന്തം വീടിൻെറ മുമ്പിൽ പൈപ്പ് വേണം" എന്ന മനോഭാവം മാറ്റിയെടുക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യണം. ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പൊതുവിതരണ രംഗത്ത് കുറവ് വരുത്താതെ മാത്രമേ സ്വകാര്യ കണക്ഷനുകൾ വാട്ടർ അതോറിറ്റി നൽകാവൂ. കിണറുകൾ ഉള്ള കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ കൊടുക്കുന്നതിന് വാട്ടർ അതോറിറ്റി നിയന്ത്രണം ഏർപ്പെടുത്തണം.

ഒന്നാം വാർഡിൽ കിണറ്റിലെ ജലത്തിൽ ഡീസൽ പ്രശ്നംകൊണ്ട് കൊച്ചി ഓയിൽ റീഫൈനറി ടാപ്പുകളും എച്ച്.ഒ.സി. കമ്പനിയുടെ സമീപത്തുള്ള കുടുംബങ്ങൾക്ക് കമ്പനികളുടെ ചിലവിൽ കുടിവെള്ളം കൊടുക്കുന്നുണ്ട്. ഏറ്റിക്കര പ്രദേശമുൾപ്പെടെ എച്ച്.ഒ.സി. യും അടൂർപ്രദേശം മുഴുവൻ റീഫൈനറിയും ശുദ്ധജലം കൊടുക്കുന്നതിന് ടി. കമ്പനികൾ തയ്യാറാകണം. അതുപോലെ ഫാക്ട്-സി.ഡി. ചെല്ലിപ്പാടത്ത് കമ്പനിവക ജലം പുതിയ ടാപ്പുകൾ സ്ഥാപിച്ച് എത്തിച്ച് കൊടുക്കണം.

നിലവിലുള്ള പല പൊതു കിണറുകളും ഇന്ന് ഉപയോഗിക്കാതെ പോകുന്ന സ്ഥിതി വിശേഷമാണുള്ളത്. ജലലഭ്യത കണക്കിലെടുത്ത് മുഴുവൻ കിണറുകളും പരിശോധിച്ച് പൊതുജന സഹകരണത്തോടെ നന്നാക്കുന്നതിന് നടപടി സ്വീകരിക്കണം. വെള്ളം ലഭ്യമാകുമെന്ന് ഉറപ്പുള്ള എല്ലാ പ്രദേശങ്ങളിലും കിണർ കുഴിയ്ക്കുന്നതിനും നിലവിലുള്ളവ ആഴംകൂട്ടുന്നതിനും, ചുറ്റുമതിൽ കെട്ടുന്നതിനും ആവശ്യമായ ധനസഹായം നൽകണം. ഗാർഹീകാവശ്യങ്ങൾക്കും, കുളിക്കുന്നതിനും കന്നുകാലികളെ കുളിപ്പിയ്ക്കുന്നതിനും സാധിക്കത്തക്ക വിധത്തിൽ പഞ്ചായത്തിലെ പൊതു ചിറകളും കുളങ്ങളും ഉപയോഗപ്രദമാക്കണം.

പ്രശ്നങ്ങൾ

1. അടൂർ, ഏറ്റിക്കര, ആശ്രമം കോളനി, പുലിയാമ്പിള്ളി മുകൾ, കരിമുകൾ, ചെല്ലിപ്പാടം, കൃസ്ത്യൻ കോളനി, മണിയനാംമുകൾ കോളനി, വടവുകോട് ലക്ഷംവീട് കോളനി, വടവുകോട് വലിയ പള്ളി പ്രദേശം, പെരുന്താറമുകൾ, നീർമേൽകോളനി എന്നിവിടങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.

2. പൊതുടാപ്പുകൾ വിന്യസിച്ചിരിക്കുന്നത് പല ഭാഗത്തും ജനങ്ങളുടെ ആവശ്യവുമായി ബന്ധപ്പെടുത്തിയല്ല.

3. പൊതു ടാപ്പുകളുടേയും പൈപ്പ് ലൈനിൻേറയും അറ്റകുറ്റപ്പണികൾ നടത്താത്തത് മൂലം വളരെയധികം ജലം നഷ്ടപ്പെടുന്നു.

4 പൊതു കിണറുകൾ പലതും നശിച്ച് കൊണ്ടിരിക്കുന്നു. അവയിൽ പലതിലും വേനൽക്കാലത്ത് വെള്ളം ലഭിയ്ക്കുന്നില്ല.

5. പഞ്ചായത്തിൽ നിലവിലുള്ള കുഴൽക്കിണറുകളിൽ ഭൂരിഭാഗവും പ്രവർത്തനക്ഷമമല്ല. അവ നന്നാക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനമുള്ളവർ ലഭ്യമല്ല.

6. വ്യവസായ മലിനീകരണംമൂലം കുടിവെള്ളം കൂടുതൽ കൂടുതൽ പ്രദേശങ്ങളിൽ ചീത്തയായിക്കൊണ്ടിരിയ്ക്കുന്നു.

7. വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പമ്പിംഗ് സംവിധാനവും ജലവിതരണ നടപടികളും ഒട്ടും തൃപ്തികരമല്ല.

8. കുടിവെള്ള ദൗർലഭ്യം സംബന്ധിച്ച് പൊതുജനങ്ങൾ ബോധവാന്മാര ല്ലാത്തതുകൊണ്ട് വളരെയധികം ജലം ദുർവിനിയോഗം ചെയ്യപ്പെടുന്നു.

## സാധ്യതകൾ

1. പീച്ചിങ്ങാച്ചിറ ആഴംകൂട്ടി നിലവിലുള്ള പമ്പ്സെറ്റ് മാറ്റി 30 എച്ച്.പി. മോ ട്ടോർ സ്ഥാപിച്ച് ടാങ്കിൽക്കയറ്റി അവിടെ നിന്ന് തുറന്ന് വിട്ട് പഞ്ചായത്തിലെ 1,2,3,4,5,6,7 വാർഡുകളിൽ ആവശ്യമായ ജലം ലഭ്യമാക്കുക.

2. കമ്പനികളുടെ മലിനീകരണംമൂലം കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ കുടിവെള്ളം നൽകാനുള്ള ബാധ്യത കമ്പനികൾ ഏറ്റെടുക്കുക.

3. കുറ്റ റൂറൽ വാട്ടർ സപ്ലൈ സ്ക്കീമിന്റെ അറ്റകുറ്റപ്പണികൾ നടത്തുക.

4. ടാപ്പുകൾ നന്നാക്കുന്നതിന് വാട്ടർ അതോറിറ്റി കൂടുതൽ കാര്യക്ഷമത കാണിക്കുക. പ്രാദേശീക സമിതികളെ ഈ കാര്യത്തിൽ ചുമതല പ്പെടുത്തുക. മേലന്വേഷണവും മറ്റും പഞ്ചായത്ത് സമിതി നിർവഹിക്കുക.

5. പൊതു കിണറുകൾ പൂർണ്ണമായി പൊതുജന സഹകരണത്തോടെ ഉപയോഗപ്രദമാക്കുക.

6. ജലം ലഭ്യമായ പ്രദേശങ്ങളിൽ കൂടുതൽ പൊതുകിണറുകൾ കുഴിക്കുക.

7. സ്വകാര്യ വ്യക്തികൾക്ക് കിണർ കുഴിയ്ക്കുന്നതിനും, കിണറിന്റെ ചുറ്റുമതിൽ കെട്ടുന്നതിനും ആവശ്യമായ ധനസഹായം നൽകുക.

8. നിലവിലുള്ള ടാപ്പുകളുടെ സ്ഥാനം പരിശോധിച്ച് ആവശ്യമില്ലാത്തവ ലിസ്റ്റ്ചെയ്ത് പുതിയതായി ആവശ്യമുള്ള സ്ഥലങ്ങളിൽ മുൻഗണനാക്രമത്തിൽ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിയ്ക്കുക.

9. വേനൽക്കാലത്ത് കുടിവെള്ള വിതരണത്തിന്റെ ചുമതല പൂർണ്ണമായി പഞ്ചായത്ത് ഏറ്റെടുക്കുക.

10. കുടിവെള്ളത്തിന്റെ ദൗർലഭ്യം സംബന്ധിച്ചും അവ ദുർവിനിയോഗം ചെയ്യുന്നതിനെതിരേയും പൊതുജനങ്ങളിൽ ആവശ്യമായ ബോധ വൽക്കരണം നടത്തുക.

## വ്യവസായം

വടവുകോട് - പുത്തൻ കുരിശ് ഗ്രാമ പഞ്ചായത്തിന്റെ ചരിത്രം കുറിക്കുമ്പോൾ പ്രധാനമായി രണ്ട്ഘട്ടങ്ങളായി തിരിക്കേണ്ടതുണ്ട്. ''ആധുനീക വ്യവസായത്തിന്റെ ആവിർഭാവത്തിന് മുമ്പും പിമ്പും അതായത് 1960 കാലഘട്ടത്തിനു മുൻപുള്ള പരമ്പരാഗതവ്യവസായവും ശേഷമുള്ള ആധുനീക വ്യവസായവും എന്നർത്ഥം. അന്നത്തെ കേന്ദ്രപെട്രോളിയം വകുപ്പ് മന്ത്രിയായിരുന്നു. ശ്രീമാൻ മാളവ്യ നമ്മുടെ പഞ്ചായത്തിലെ പടിഞ്ഞാറൻ പ്രദേശങ്ങൾ ഒരു വ്യവസായിക മേഖലയായി പ്രഖ്യാപ്പിച്ചു. അത് 1960 ൽ ആണ് അങ്ങനെ മഹാനായ നെഹ്റുവിന്റെ ഭാഷയിൽ പറഞ്ഞാൽ, നവഭാരതത്തിന്റെ പുണ്യക്ഷേത്രങ്ങളായ ആധുനീക വ്യവസായങ്ങൾ ഇവിടെ സ്ഥാപിതമാകാൻ തുടങ്ങി.

### പരമ്പരഗത വ്യവസായങ്ങൾ

ആധുനീക വ്യവസായ സംരംഭങ്ങൾക്ക് മുമ്പ് കേരളത്തിൽ എന്നപോലെ ഈ പഞ്ചായത്തിലും, ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ നീരാളിപ്പിടുത്തം ഇവിടത്തെ ജനങ്ങളെയും ബാധിച്ചിരുന്നു. ആ കാലഘട്ടങ്ങളിൽ യാതൊരു വ്യവാസയവും ഇവിടെ നാമ്പെടുത്തിരുന്നില്ല. ജന്മി- കുടിയായ്മ ബന്ധത്തിലധിഷ്ഠിതമായ കാർഷീക വൃത്തിയായിരുന്നു മുഖ്യതൊഴിൽ ഫ്യൂഡലിസ്റ്റ് സാമൂഹ്യ വ്യവസ്ഥയിലെ- ജാതി മതാദികളിൽ ഊന്നി നിന്നിരുന്ന പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരുന്നവരും ഉണ്ടായിരുന്നു. മരപ്പണിയും, കൽപ്പണിയും ചെയ്തിരുന്ന ആശാരിമാർ, ഓട്ടു പാത്ര നിർമ്മാണ പ്രവർത്തരായ മൂശാരിമാർ, ഇരുമ്പ്കൊണ്ടുള്ള ഗാർഹീക കൃഷി ആയുധങ്ങൾ നിർമ്മിച്ചിരുന്ന കൊല്ലപ്പണിക്കാർ, സ്വർണ്ണം വെള്ളി ആഭരണങ്ങൾ ഉണ്ടാക്കുന്ന തട്ടാന്മാർ, അമ്മി, ഉരൽ ആട്ട് കല്ല്മുതലായവയ്ക്കു രൂപം കൊടുത്തിരുന്നു. മൂപ്പർമാർ, ചെമ്പ്പാത്രപണിക്കാർ , കൈത്തറികളിൽ തുണിനെയ്ത്തും നൂൽനൂൽപ്പും നടത്തിയിരുന്നവർ തെങ്ങ് -പന ചെത്ത് വ്യവസായവുമായി ബന്ധപ്പെട്ടിരുന്ന തൊഴിലാളികൾ, കല്ല്, വെട്ട്പാറ പൊട്ടിയ്ക്കൽ തുടങ്ങിയ ജോലിക്കാർക്ക്പുറമെ, തടിവെട്ടും, തടി അറക്കലും, നടത്തിയിരുന്ന തൊഴിൽക്കാരും ഉണ്ടായിരുന്നു. ആ കാലയളവിൽ വീട്ട് ജോലികൾക്ക് പുറമെ ഇവിടത്തെ സ്ത്രീജനങ്ങൾ കൊട്ട, വട്ടി, പായ, പനമ്പ്, എന്നീ തൊഴിലുകളിലും ഏർപ്പെട്ടിരുന്നു.

ആധുനീക വിദ്യാഭ്യാസത്തിന്റെ ലഭ്യതയും, പുതിയ ഉൽപന്നങ്ങളുടെ ആവിർഭാവവും, ആധുനീക സാങ്കേതിക വിദ്യയും യന്ത്രവൽകൃത വർക്ക് ഷോപ്പുകളുടെ വരവും മേൽപറഞ്ഞ കൈതൊഴിലുകൾക്ക് നിലനിൽ ക്കാനും, നിലനിർത്താനും കഴിയാതെ വഴിമാറി കൊടുക്കേണ്ടിവന്നു. ആവശ്യങ്ങൾ പലമടങ്ങ്വർദ്ധിച്ചത്കൊണ്ടും കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ഉൽപാദിപ്പിക്കേണ്ടിവന്നതും, കൈതൊഴിൽ ഉൽപനങ്ങളേക്കാൾ കുറഞ്ഞ വിലയ്ക്ക് വ്യാവസായ ഉൽപന്നങ്ങൾ ലഭിക്കും എന്നുള്ളത് കൈതൊഴിലുകളുടെ നിഷ്ക്കാസനങ്ങൾക്ക് വഴിയൊരുക്കി.

### ആധുനീകവ്യാവസായങ്ങൾ

ഉൽപന്നങ്ങളുടെ ആവശ്യകത കണക്കിലെടുത്ത് മുതൽ മുടക്കാൻ കഴിവുള്ളവർ സ്വന്തമായി വ്യവസായങ്ങൾ തുടങ്ങുവാൻ ആരംഭിച്ചു. അങ്ങനെ ആവശ്യമായ ഉൽപന്നങ്ങൾ ലഭിയ്ക്കുന്ന വൻകിടവ്യവസായനഗരങ്ങൾ ഉയർന്നുവന്നു. ശാരീരിക അദ്ധ്വാനക്കൂടുതലും,

ആവശ്യമായ വേതനവും ലഭിയ്ക്കാത്ത അവസ്ഥയും കൊണ്ട് കൈതൊഴിലുകൾക്ക് സമൂഹത്തിൽ നിന്നും കുറേശ്ശേ കുറേശ്ശേ മാറി മാറി പോകേണ്ടിവന്നു. തുടർന്ന് ഈ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ വേര് പിടിക്കാൻ തുടങ്ങി. 60 ന് ശേഷമുള്ള ഈ പഞ്ചായത്തിൻെറ വ്യവസായിക ചരിത്രം മറ്റൊന്നാണ്. ആധുനീക ഇന്ത്യയുടെ വ്യവസായീക ചരിത്രത്തിൽ സ്ഥാനം പിടിയ്ക്കത്തക്കവിധം ഈ പഞ്ചായത്ത് മാറുകയായിരുന്നു. കേരളത്തിൻെറ രണ്ടാമത്തെ വ്യവസായ മേഖലയായി അമ്പലമേട് ഉടലെടുത്തു. വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചയത്ത് ഇന്ന് വ്യവസായ കേന്ദ്രമായി മാറിയിരിക്കുന്നു. ആധുനീക രംഗത്ത് 6 വൻ കിട വ്യവാസയങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട് ഇവയിൽ 5 എണ്ണം കേന്ദ്രപൊതുമേഖലയിലും, ഒന്ന് സ്വകാര്യമേഖലയിലുമാണ്

വൻകിട വ്യവസായങ്ങൾ

1. കൊച്ചിൻ റിഫൈനറീസ്

2. എഫ്, എ. സി. റ്റി. (കൊച്ചിൻ ഡിവിഷൻ)

3. ഹിന്ദുസ്ഥാൻ ഓർഗാനിക്ക് കെമിക്കൽസ്

4. കാർബൺ ആൻറ് കെമിക്കൽസ് (ലിമിറ്റഡ്)

5. ബ്രഹ്മപുരം ഡീസൽ പവർ പ്രൊജക്ട്.

6. കൊച്ചിൻ റിഫൈനറീസ് ബാർമർ ആൻറ് ലാറി

*കൊച്ചിൻ റിഫൈനറീസ്*

ഈ മേഖലയിൽ ആദ്യമായി സ്ഥാപിച്ച കേന്ദ്രപൊതുമേഖല സ്ഥപനമാണ് സി.ആർ. എൽ ഇതിനുവേണ്ടി പഞ്ചായത്തിൻെറ കൊല്ലിമുട്ടും, കുഴിക്കാട്, അമ്പലമുകൾ എ ന്നീ പ്ര ദേശങ്ങൾ ഉൾക്കൊള്ളുന്ന 900 ഏക്കർ ഭൂമി അക്വയർ ചെയ്തു. കേന്ദ്രഗവൺമെൻറും, അമേരിക്കൻ, കമ്പനിയായ ഫിലീപ്സ പൊട്രോളിയം കമ്പനിയുടെയും സംയുക്ത ാഭിമു ഖ്യത്തിൽ ആരംഭിച്ച ഈ സ്ഥാപനം 1965-ൽ അന്നത്തെ പ്രധാന മന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരഗാന്ധി രാഷട്രത്തിനു സമർപ്പിച്ചു. തുടർന്നു അന്നു മുതൽ ഇപ്പേഴും അതിൻെ വികസനം അനുസൃതം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. ഇതിൻെറ അസംസ്കൃത വസ്തു ക്രൂഡ് ഓയിൽ ആണ്. ഇത് വലിയ കപ്പലുകളിൽ കൊച്ചി ന്തുറമുഖത്ത് എത്തിച്ച്, അവിടെ നിന്ന് പൈപ്പ് വഴി അമ്പലമുകളിലുള്ള വലിയ ടാങ്കുകളിൽ എത്തിക്കുന്നു. വികസനത്തിൻെറ ഭാഗമായി ഉൽപാദനം വിവിധ ഘട്ടങ്ങളിലായി പല മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. പുതിയ വ്യവസായ ശാലകൾക്ക് വഴി തെളിച്ച് കൊണ്ട് എൽ. പി. ജി. യുടേയും, ബെൻസിൻെറയും പ്ലാൻറുകൾ ആരംഭിച്ചു. കൊച്ചിൻ റിഫൈനറിയിൽ 1530 പുരുഷ തൊഴിലാളികവും 26 സ്ത്രീ തൊഴിലാളികളും കൂടി ആകെ 1556 ഉണ്ട്. കമ്പനി അന്നു മുതൽ ഇന്നു വരെ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ഈ കമ്പനി ക്കൊണ്ട് ഏതാണ് 1500 തൊഴിലാളികൾക്ക് കോൺടാക്ട് അടിസ്ഥാനത്തിൽ തൊഴിൽ ലഭിയ്ക്കുന്നുണ്ട്. ഈ നൂറ്റാണ്ടിൻെറ ഊർജ്ജ സ്രോതസുകളിൽ ഒന്നായ 1എണ്ണ വ്യവസായമാണ് മറ്റ് വ്യവസായങ്ങൾക്ക് വഴി തെളിച്ചത്.

*ഫാക്ട് കൊച്ചിൻ ഡിവിഷൻ*

ഫാക്ട് കൊച്ചിൻ ഡിവിഷൻ 1966 ൽ ആരംഭിച്ചു. അമ്പമേട് വ്യവസായ മേഖലയുടെ പ്രത്യേകിച്ച് എഫ്. എ. സി.റ്റി. (സി.ഡി) യുടെ വികസനത്തെപ്പറ്റി ഓർക്കുമ്പോഠം 1960 -70 കാലഘട്ടത്തിൽ എഫ്. എ. സി.റ്റി. മാനേജിങ്ങ് ജയറക്ടർ ആയിരുന്ന ശ്രീമാൻ എം. കെ.കെ. നായർ അവറുകളെ പറ്റി സ്മരിക്കാതെ മുന്നോട്ട് പോകാൻ കഴിയില്ല. 1944ൽ ഇന്ത്യയിലെ ആദ്യത്തെ ഫെർട്ടിലൈസൻ ഫാക്ടകളിൽ ഒന്നായി ആരംഭിച്ച്, ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽകസ് ട്രവൻകൂർ ലിമിറ്റഡ് എന്ന പൊതുമേഖല സ്ഥാപനത്തിൻെറ കീഴിലാണ് ഫാക്ടറി ആരംഭിച്ചത്. പഴയ തിരുവിതാംകൂർ നാട്ടു രാജ്യത്തിൽ പെട്ട ആലുവ പുഴ തീരത്ത് അന്നത്തെ ദിവാനയിരുന്ന സർ സി പി. രാമസ്വാമി അയ്യരുടെ മുൻകൈയ്യിൽ ഒരു ഏജൻസി യായ ശേഷസായി ബ്രദേഴ്സിനാൽ ആരംഭിക്കപ്പെട്ട ഈ വ്യവസായം 1960 ഒരു പൊതുമേഖല സ്ഥാപനമായി മാറുകയുണ്ടായി രണ്ടാം ലോക മഹായുദ്ധത്തിൻെറ പട്ടിണിയിൽനിന്നും ജന ജനങ്ങളെ രക്ഷിക്കുന്നതിന് കാർഷീക ഉൽപന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുകയായിരുന്നു ലക്ഷ്യം കൊച്ചിൻ റിഫൈനറിയിൽ നിന്നുംകിട്ടുന്ന നാഫ്തയാണ് എഫ്. എ. സി.റ്റി. (സി.ഡി) യുടെ ഒന്നാം ഘട്ടത്തിൻെറ പ്രധാന റോ മേറ്റീരിയൽ. 600 ടൺ അമോണിയയും അത് വഴി 1000 ടൺ യൂറിയായും ഉൽപാദിപ്പിച്ച് കൊണ്ട് 1-ാം ഘട്ടം നിലവിഗ വന്നു. 1973 ഉൽപാദനം ആരംഭിച്ചു. ലോക ബാങ്കിൻെറ സഹായത്തോട് കൂടിയുള്ള രണ്ടാം ഘട്ട വികസനം 1971 ൽ തുറന്ന് ആരംഭിക്കുകയും, 76ൽ ഉൽപാദനം തുടങ്ങുകയും ചെയ്തു. 1000 ടൺ കപ്പാസിറ്റിയുള്ള സഠഫ്യൂറിക്കാസിഡ് പ്ലാൻറും 360 ടൺ കപ്പാസിറ്റുയുള്ള ഫോസ് ഫോറിക്കാസിഡ് പ്ലാൻറും, 1600 ടൺ കപ്പാസിറ്റുയം എ ൻ പി. കെ.യുമാണ്. ഉൽപന്നങ്ങഠം, റിഫൈനറിയിൽ നിന്നും കിട്ടുന്ന എൽ. എസ്. എച്ച് എസ് എന്ന ഇന്ധനം ഉപയോഗിച്ച് വിദ്യുച്ഛക്തി ഉൽപാദിപ്പിക്കുന്നതിനുള്ള 14 മെ.വാ. ൻെറ ഒരു ജനറ്റേർ ഒന്നാം ഘട്ടിനോടൊപ്പവും, 12 ശേഷിയുള്ളെ മറ്റൊന്ന് 1990 ലും സ്ഥാപിക്കപ്പെട്ടു. മലിനീകരണ നിയന്ത്രത്തിൻെറ ഭാഗമായിട്ടുള്ള ഒരു പൊലൂഷൻ കൺട്രോഠ പ്ലാൻറ് 1986 മുതൽ പ്രവർത്തിച്ചു തുടങ്ങി. 1700 ഏക്കർ ഭൂമിയാണ് ഇതിനുവേണ്ടി അക്വയർ ചെയ്തത്. ആകെ 2500 ൽ പരം സ്ഥിരം തൊഴിലാളികളാണ് ഇവിടെ ഉള്ളത്,. ഇത് കൂടാതെ താൽക്കാലിക കാഷൽ കൺസ്ട്രക്ഷൻ എന്നീ പേരുകളിൽ 500 ഓളം പേർ തൊഴിൽ എടുക്കുന്നുണ്ട് .1995ൽ 20% ആളുകളെ കുറച്ച് കൊണ്ട് എഗ്രീമെൻറ് വരുകയും , സ്ഥിരം ജീവനക്കാരുടെ തസ്തികയിലെയ്ക്കുള്ള നിയമനം നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

1965 ൽ 1500 ഏക്കർ ഭൂമി പൊന്നും വിലയ്ക്കെടുത്തു എങ്കിലും ഇതിൻെറ പകുതി ഭാഗം മാത്രമേ ഉപയോഗിക്കുവാൻ കമ്പനിക്ക് കഴിഞ്ഞിട്ടുള്ളു. 1965 ന് ശേഷം ഇൻഡ്യാഗവൺമേൻറ 1000 കണക്കിന് കോടിരൂപ രാസവള ഉൽപാദന രംഗത്ത് മുടക്കിയിട്ടുണ്ട്. രാസവള നിർമ്മാണ് രംഗത്ത് രാജ്യത്തെ ഏറ്റവും പഴക്കം ചെന്ന കമ്പനികളിൽ ഒന്നാണ് എഫ്. എ. സി.റ്റി. വിദഗ്ദ്ധരും, പരിചയ സമ്പന്നരുമായ ധാരാളം ജോലിക്കാർ കമ്പനിയിൽ ജോലി ചെയ്യുന്നു. രാസവളനിർമ്മാണ രംഗത്ത് ലോകത്ത് ഇതര കമ്പനിയോട് മത്സരിക്കുവാൻ പ്രാപ്തിയുള്ള 'ഫെഡോ: എന്ന സ്ഥാപനം എഫ്. എ. സി.റ്റി. യുടെ കീഴിൽ ഉണ്ട് എന്നിട്ടും കഴിഞ്ഞ 30 വർഷമായി കുറെ ഭൂമി വികസനവും കാത്ത് തരിശായി കിടക്കുകയാണ്. അതുകൊണ്ട് 9-ാം പദ്ധതിയിൽ ഉഠപ്പെടുത്തി, ഈ തരിശ് സ്ഥലം വ്യവസായ രംഗത്തേക്ക് തിരിച്ച് വിടണമേന്ന് ഈ പഞ്ചായത്ത് വികസന സമിതി കേന്ദ്രസംസ്ഥാന ജില്ലാ വികസന സമിതിയോടും, ഗവൺമേൻറുകളോടും ആവശ്യപ്പെടുന്നു.

എഫ്. എ. സി.റ്റി. കൊച്ചിൻ ഡിവിഷൻ 816 കുടുംബങ്ങൾക്ക് താസിക്കുന്ന വിധത്തിൽ കാർട്ടേഴ്സ് പണി തീർത്തിട്ടുണ്ട് ഇതിൽ 4055 അംഗങ്ങൾ താമസിക്കുന്നു. കൂടാതെ 231 പേർക്ക് സൗകര്യവും ബാച്ച്ലർ അക്കോമിഡേഷൻ നൽക്കുന്നുണ്ട്. എല്ലാവിധ സൗകര്യങ്ങളേട് കൂടിയ ഒരു ആധുനീക ടൗൺഷിപ്പ് ഉണ്ട്. ഇവിടെ തൊഴിലാളികൾക്ക് വേണ്ടി രണ്ട് സൊസൈറ്റികൽ പ്രവർക്കുന്നു. കൺസൂമർ കോപ്പറേറ്റിവ് സൊസൈറ്റിയിൽ 2500 അംഗങ്ങളും, 2,23010 രൂപ ശേഖരണമൂലധനവും ഉണ്ട്. എംപ്ലോയിസ് കോ ഓപ്പറേറ്റിങ്ങ് ക്രെഡിറ്റ് സൊസൈറ്റി എന്ന പേരിൽ 2450 അംഗങ്ങളും, 73, 78000 രൂപ ശേഖരണമൂലധനം ഉള്ള ഈ സ്ഥാപനം അംഗങ്ങൾക്ക് 5,18,000,00 വായ്പാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

*ഹിന്ദുസ്ഥാനൻ ഓർഗനിക്ക് ആൻറ് കെമിക്കൽസ്*

ഈ കേന്ദ്രപൊതുമേഖലാ സ്ഥാപനം 1960- ൽ മഹാരാഷ്ട്രയിലെ രാസായിനി എന്ന സ്ഥലത്താണ് സ്ഥാപിച്ചത്. ഇതിൻെറ ഒരു യൂണിറ്റ് നമ്മുടെ പഞ്ചായത്തിൽ അമ്പലമുകളിൽ സ്ഥാപിച്ച് 1987 ൽ ഉൽഘാടനം ചെയ്തു. ഈ കമ്പനിക്ക് വേണ്ട പ്രധാനപ്പെട്ട അസംസ്കൃത വസ്തുക്കളായ എൽ. പി.ജി.യും ബെൻസിനും കൊച്ചിൻ റിഫൈനറിയിൽ നിന്നും ലഭിക്കുന്നു. ഇന്നത്തെ ഈ കമ്പനി യുടെ എല്ല യൂണീറ്റുകളിലും കൂടിയുള്ള ഓഹരി മൂലധനം 3342 ലക്ഷവും, തൊഴിലാളികളുടെ മൂലധനം 23238 ലക്ഷവും മാണ് 'ഫിനോളും, അസറ്റിനും' ഉൽപാദിപ്പിച്ച് വിതരണം നടത്തുന്ന ഈ കമ്പനിയുടെ വാർഷീക വിറ്റ് വരവ് 25,516 ലക്ഷമാണ് 48.29 കോടി മുതൽ മുടക്കുള്ള ഹൈഡ്രജൻ പെറോക് സൈഡിൻെറ ഒരു പുതിയ പദ്ധതിയുമായി കമ്പനിമുന്നോട്ട് പൊയ്കകൊണ്ടിരിക്കുകയാണ് ഇതുവഴി 51 സ്ഥിരം തൊഴിലാളികൾക്ക് ജോലികൊടുക്കുവാൻ കഴിയും, എന്നാണ് കമ്പനിയുടെ കണക്കുകൂട്ടൽ. ഇവിടെ 442 അംഗങ്ങളുള്ള ഒരു ക്രെഡിറ്റ് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. ഇതിൻെറ മൂലധനം 6,50000 രൂപയും, അംഗങ്ങൾക്കിടയിൽ വിതരണം ചെയ്തിട്ടുള്ള വായ്പ തുക 47,65,000 യുമാണ്.

*കാർബൺ ആൻറ് കെമിക്കൽസ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ്*

ഈ കമ്പനി കരിമുകളിൽ 28 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്നു. 1977-ൽ 1304 ലക്ഷം രൂപ മുടക്കി സ്വകാര്യ മേഖലയിൽ ആരംഭിച്ച ഈ കമ്പനി 16-4- 1978 ൽ ഉൽഘാടനം ചെയ്തു. ഈ കമ്പനിയുടെ പ്രധാന ഉൽപന്നം വിവിധ തരത്തിലുള്ള കാർബൺ ബ്ലാക്കാണ് ഇവിടെ ഉപയോഗിക്കുന്ന റോ മെറ്റീരയിൽ ' കാർബൺ ബ്ലാക്ക് ഫീഡ് സ്റേറാക്ക് ' 36790 മെടിക്ടൺ (95-96) ആണ് ഇവ പുറമെനിന്ന് ഇറക്കുമതിചെയ്യുകയാണ്. കമ്പനിയുടെ ഉൽപന്നം ടയർ നിർമ്മാണത്തിന് ഉപയോഗിക്കുന്നു. 5338.75 ലക്ഷം രൂപയാണ് വിറ്റ് വരവ്. ഈ കമ്പനിയുടെ ഉൽപന്നമായ വെൻറ് ഗ്യാസ് ഉപയോഗിച്ച് 6 മെ.വി. ശേഷിയുള്ളഒരു പവർ പ്ലാൻറ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്., ഈ സ്ഥാപനത്തിൽ സഹകരണ സംഘങ്ങളൊ, കർട്ടേഴ്സേ ഇല്ല. പ്രതിവർഷം 55 പുരുഷ തൊഴിലാളികൾക്ക് നേരിട്ടും,. 300 തൊഴിലാളികൾക്കും കമ്പനിയിൽ ജോലി സാധ്യത ഉണ്ട്.,

ഈ വ്യവസായം ആരംഭിച്ചതിനുശേഷം മലിനീകരണം വ്യാപകമായി. ഇതോടനുബന്ധിച്ച് പരിസര നിവാസികൽ പ്രതിഷേധ സമരം നടത്തിട്ടുണ്ട്. എങ്കിലും മലിനീകരണം പ്രശ്നം ഇപ്പോഴും രൂഷമായി നിലനിൽക്കുന്നു. മലിനികരണവുമായി ബന്ധപ്പെട്ട്, അത്

പരിഹരിക്കുന്നതിന് ഒരു പ്ലാൻറ് നിഹമ്മാണത്തെക്കുറിച്ച് കമ്പനി സജീവമായി പരിഗണിച്ച് വരുന്നു.

*ബ്രഹ്മപുരം ഡീസൽ പവർ പ്രൊജക്ട്*

കേരള സംസ്ഥാന ഇലക്ടി സിററി ബോർഡിൻെറ കീഴിൽ ഈ പഞ്ചായത്തിലെ 4-ാം വർഡിൽ 281 കോടി രൂപ മുതൽ മുടക്കിയാണ് ഈ സ്ഥാപനം പണിതുയർത്തുന്നത്. 1993 ലാണ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്. 1-ാം ഘട്ടനിർമ്മണം 1997 മാർച്ചിൽ പൂർത്തിയാക്കുമെന്നാണ് കണക്കുക്കൂട്ടൽ. എൽ. എസ്. എച്ച്. എസ്, എച്ച്.എസ്. ഡി. ഓയിൽ, എൽ, യൂ. എച്ച് ഓയിൽ, ജലം എന്നിവയാണ് അസംസ്കൃത പദാർത്ഥങ്ങൾ (എൽ. എസ്.എച്ച്. 126000, 126000 റ്റി, എച്ച് എസ്. ഡി. 1100റ്റി എൽ.യൂ. ബി ഓയിൽ ) ഇവ കൊച്ചിൻ റിഫൈനറിയിൽ നിന്നും, വെള്ളം കടമ്പ്രപുഴയിൽനിന്നുമാണ് ലഭിക്കുന്നത്. 70 പുരുഷനും 30 സ്ത്രീകളും അടക്കം 100 തൊഴിലാളികൾ ( ഇ. എസ് . ഈ. ബി) സ്ഥിരമായി ഉണ്ട്. ഉദ്ദേശം 1200 നിർമ്മാണതൊഴിലാളികളും പണിയെടുക്കുന്നുണ്ട്, കോഹട്ടേഴ്സോ, സഹകരണ സംഘങ്ങളോ ഈ സ്ഥാപനത്തിൽ നിലവിലില്ല. സൾഫറും, നൈട്രജൻ ഓക്സൈഡുമാണ് മലനീകരണം പദാർത്ഥങ്ങൾ,ഇവ നിയന്ത്രീക്കുന്നതിന് ഗവൺമേൻറ് നിലവാരത്തിലുള്ള നടപടികൾ സ്ഥീകരിച്ച് കഴിഞ്ഞിട്ടുണ്ട്. 100 മെ.വാ.വൈദ്യുതിയാണ് ഉൽപാദന ശേഷി. അതായത് 20 വീതമുള്ള 5 ജനറേറ്റർ പ്രവർത്തിക്കുന്നു. കേരളത്തിൻെറ ഇന്നത്തെ ഊർജ്ജ പ്രതിസന്ധിക്ക് ഭാഗീകമായി എങ്കിലും പരിഹാരം കാണാൻ കഴിയുന്ന ഈ സ്ഥാപനം എത്രയും വേഗം ഉൽപാദനം ആരംഭിക്കേണ്ടത് നാടിൻെറ പരമ പ്രധാന ആവശ്യമാണ്. ഈ പഞ്ചായത്തിൻെറ 200 ഏക്കർ സ്ഥലത്താണ് ഈ പ്രെജക്ട് സ്ഥിതി ചെയ്യുന്നത്.

*കൊച്ചിൻ റിഫൈനറീസ് ബാർമർ ആൻറ് ലോറി*

കൊച്ചിൻ റിഫൈനറിയുടെ ഉപ ഉൽപ്പന്നംകൊണ്ട് പ്രവർത്തിക്കുന്ന ഒരു സംയുക്ത സംരംഭമാണ് (ആർ. ബി. എൽ) ഈ ഫാക്ടറ1 ഉൽപാദിപ്പിക്കുന്നത് പെടോളിയം ജെല്ലി, കേബിൾ ജെല്ലി എന്നിവയാണ്. ഇറക്കുമതി ചെയ്യുന്നത് ഇത്തരം ഉൽപന്നങ്ങൾ, ഈ ഫാക്ടറിയിൽ ഉണ്ടാക്കുന്ന ഉൽപന്നത്തേക്കാൾ കുറഞ്ഞ നിരക്കിൽ വിപണിയിൽ ലഭിക്കുന്നത് കൊണ്ട് സി ആർ. ബി. എൽൻെറ നിലനിൽപ് തന്നെ അപകടത്തിലാണ്. ഇത്തരം പ്രവണതകളെ തടയാൻ കേന്ദ്ര ഗവൺമേൻറിൻെറ സാമ്പത്തീക നയത്തിലും, ഇറക്കു മതി നയത്തിലും, വേണ്ടത്ര വ്യതിയാനം ആവശ്യമാണ്.

ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

1. സ്റ്ററർലിംഗ് ഗ്യാസ്സ് ലിമിറ്റഡ്
2. ബീറ്റുമിനക്സ് കൊച്ചിൻ ലിമിറ്റഡ്
3. കൊച്ചിൻ കടലാസ് പ്രൈവറ്റ് ലിമിറ്റഡ്
4. ആർബോറിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്
5. എ.ജെ. ഇൻഡ്രസ്ട്രീസ്
6. ടെൻഡസ് പോളീമർ

*സെററർലീങ്ങ് ഗ്യാസസ് ലിമിറ്റഡ് (ചെറുകിട വ്യവസാ*

ഈ പഞ്ചായത്തിലെ 1-ാം വാർഡിൽ എച്ച്. ഒ
സ്വകാര്യമേഖലയിൽ പ്രവർത്തികുന്ന ഒരു വ്യാവസായ
നിർമ്മാണ് ആരംഭിച്ച് ഈ കമ്പനി 1987 ൽ ഉൽഘാടനം ചെ
മുടക്കി സ്ഥാപിച്ച ഈ കമ്പനിയുടെ വാർഷീക വിറ്റ് വരവ്
അന്തീരക്ഷ വായും അസംസ്കൃത വസ്തുവായി ഉപ
മെഡിക്കൽ ഓക്സിജൻ എന്നിവയാണ് ഉൽപാദിപ്പ്
പുരുഷന്മരും 3 സ്ത്രീകളും ഉാംപ്പെടെ 46 പേരാണ് സ്ഥിരമായി ജോ

*ബിറ്റുമിനക്സ് കൊച്ചിൻ ലിമിറ്റഡ് (പ്രൈവറ്റ്)*

ഈ പഞ്ചായത്തിലെ 2-ാംവർഡിൽ എച്ച്. ഒ,സി. ജംക്ഷന് കിഴക്കുമാറി സ്ഥിതിയച്ചെുന്ന ഒരു സ്വകാര്യസ്ഥാപനമാണ്ത്. എൽ. എസ്.എച്ച. എസ്, ഉപയോഗിച്ച് ബാറ്ററി കോംബൗണ്ടും, താഴ്ന്ന നിലവാരത്തിലുള്ള പെയിൻറുകളുമാണ് ഉൽപാദിപ്പിക്കുന്നത് 10-ൽ താഴെ മാത്രം തൊഴിലാളികളാണ് സ്ഥിരമായി ഇവിടെ ജോലി ചെയ്യുന്നത്. അസംസ്കൃത പദ്ദാർത്ഥം റിഫൈനറിയിൽ നിന്നാണ് ലഭിക്കുന്നത് . രൂക്ഷമായ അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്നതാണ് ഈ ഫാക്ടറി.

*കൊച്ചിൻ കടലാസ് പ്രൈവറ്റ് ലിമിറ്റഡ്*

ഈ പഞ്ചായത്തിലെ 5-ാം വാർഡായ ബ്രഹ്മ പുരത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തികുന്ന ഒരു സ്ഥാപനമാണിത്. 20 ലക്ഷം രൂപയാണ് ഇതിൻെറ മുതൽ മുടക്ക് 5 ഏക്കറോളം ഭൂമിയണ്ട്. 40 ഓളം തൊഴിലാളികാം ഈ സ്ഥാപനത്തിൽ ണ്ട്. വെയ്സ്ററ് പേപ്പറും, ജലവുമാണ് അസംസ്കൃതപദാർത്ഥങ്ങാം കാർഡ് ബോർഡും പാക്കിങ്ങ് പേപ്പറുമാണ്. ഉൽപ്പന്നങ്ങാം, ചെറിയ തോതിലുള്ള ജലമലിനീകരണം ഉണ്ടാക്കുന്നുണ്ട്.

*ആർബോറീറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്*

ഈ പഞ്ചായത്തിലെ 8-വാർഡായ പുറ്റുമാനൂരിൽ സ്വകാര്യമേഖലയിൽ സ്ഥാപിച്ചിട്ടുള്ള ഒരുസ്ഥാപനമാണത്.ഏകദേശം $2^1/_2$ എക്കൽ സ്ഥലത്താണ് ഇത് സ്ഥാപിച്ചിട്ടുള്ളത്. പോളിഫോർ മാലിൽ എന്ന പശയാണ് ഇവിടത്തെ ഉൽപന്നം. ഏകദേശം 25 ഓളം തൊഴിലാളികാം ജോലി ചെയ്യുന്നു. കുഴൽ കിണറിൽ നിന്നുള ജലമാണ് ഉപയോഗിക്കുന്നത്. 25 ലക്ഷം മുതൽ മുടക്കിയാണ് ഇത് സ്ഥാപിച്ചിരിക്കുന്നത്. ബാങ്കിൻെറ സാമ്പത്തീക സഹായത്താലണ് ഫാക്ടറി നിർമ്മിച്ചിരിക്കുന്നത്.

*ഏ.ജെ. ഇൻഡ്രസ്ട്രീസ്*

8-ാം വാർഡായ പുറ്റുമാനൂർ പ്രവർത്തിക്കുന്ന ഒരു സ്വാകര്യ സ്ഥാനപമാണിത്. $1^1/_2$ ഏക്കറോളും സ്ഥലത്താണ് ഇത് സ്ഥാപിചിരിക്കുന്നത്. 10 ലക്ഷം രൂപയാണ് മുതൽ മുടക്ക്. സാംഫർ ആണ് അസംസ്കൃത പദാർത്ഥമായി ഉപയോഗിക്കുന്നത്. സാംഫറധിഷ്ഠിത ഉൽപന്നങ്ങളാണ് നിർമ്മിക്കുന്നത്. 10 ഓളം തൊഴിലാളികാം ഇവിടെ ജോലി ചെയ്യുന്നു. മലിനീകരണ പ്രശ്നം ഉണ്ട്. സംവിധാനങ്ങാം അപര്യാപ്തമാണ്

*ട്രെൻഡസ് പോളിമർ*

ഈ പഞ്ചായത്തിലെ കാണിനാട് 11-ാം വാർഡിൽ സ്വകാര്യ മേഖലയിൽ സ്ഥാപിച്ചിട്ടുള്ള രണ്ട് യൂണിറ്റുകളുള്ള ഒരു സ്ഥാപനമാണിത് 11/2 ഏക്കറോളം സ്ഥലത്താണ് സ്ഥാപിച്ചിരിക്കുന്നത് പ്ലാസ്റ്റിക് അസംസ്കൃത വസ്തുവായി ഉപയോഗിച്ചത് ഇത് പ്രവർത്തിക്കുന്നത്. പ്ലാസ്റ്റിക് കിറ്റ്, പ്ലാസ്റ്റിക് ട്യൂബ് റോം, കളർ ലെറ്റർ പ്രിൻറിങ്ങ് എന്നിവയാണ് ഇവിടെ നടക്കുന്നത് ഏകദേശം 35 ഓളം തൊഴിലാളികൽ ജോലി ചെയ്യുന്നു. ബാങ്ക് സാമ്പത്തിക സഹായം നൽകിയാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്

*ഇതര വ്യവസായ സ്ഥാപനങ്ങൾ*

ഈ പഞ്ചായത്തിൽ ആകെ 28 എസ്. എസ്. ഐ. യൂണിറ്റം ഉം 8 മറ്റ് വ്യവസായ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. നോട്ട് ബുക്ക് നിർമ്മാണ്, ഓക്സൈഡ് നിർമ്മാണയൂണീറ്റ് , റെഡിമെയ്ഡ് ഗാർ മെൻറ് സ്, വാഷിങ്ങ് പൗഡർ, എന്നിവയാണ് പ്രധാനപ്പെട്ട എസ്. എസ്,ഐ. യൂണിറ്റുകൾ. ഇവകൂടാതെറബ്ബർ വ്യവാസയവുമായി ബന്ധപ്പെട്ട്2റബർബാൻഡ്നിർമ്മാണംയൂണിറ്റും പ്രവർത്തിക്കുന്നു. പാറമട, ക്രഷർ, മുതലായ മറ്റ് വ്യവസ്ഥായത്തെ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിലെ വ്യവസായ സംബന്ധിച്ചിടത്തോളം ഇന്ന് ഒരു മുരടിപ്പ് അനുഭവപ്പെടുന്നുണ്ട്. ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ മാർക്കറ്റിൽ വിറ്റഴിക്കാനുള്ള ബുദ്ധിമുട്ടാണ് ഒരുവശത്ത്. വൻ കിട കമ്പനികളുമായി മത്സരത്തിൻെറ ഒരു പാതയിൽ കൂടി പോകുവാൻ ഇത്തരം വ്യവസായ ങ്ങൾക്ക് കഴിയുകയില്ല. ഉദാഹരണമായി വാഷിങ്ങ് പൗഡറിൻെറ കാര്യം പരിശോധിയ്ക്കാം . വൻകിട ഫാക്ടറികളിൽ, ധാരാളം പരസ്യം കൊടുത്ത് കൊണ്ട് അവരുടെ ഉൽപന്നങ്ങൾചൂടപ്പം പോലെ വിറ്റഴിക്കുന്നു. മറിച്ച് നല്ല ക്വാളിറ്റിയുള്ള ഉൽപന്നമായാൽ പോലും, എസ്.എസ്. ഐ. യൂണിറ്റ് പോലുള്ള സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുവാൻ. വളരെ കഠിന ശ്രമം തന്നെ നടത്തേണ്ടിവരുന്നു. പാറമടകൾ പോലുള്ള സ്ഥാപനങ്ങൾ പരിതസ്ഥിതി പ്രശ്നത്തിൻെറ പേരിൽ ഭീക്ഷണി നേരിടുകയാണ്. പലതും നിർത്തിയ സാഹചര്യം ധാരാളമുണ്ട്. അത് മൂലം കരിങ്കല്ലിന് സ്വാഭാവികമായും വില വർദ്ധിച്ച് കൊണ്ടിരിക്കുന്നു.

*വ്യാപരവ്യവസായ സ്ഥാപനങ്ങൾ*

ഈ പഞ്ചായത്തിൽ വ്യാപാര വ്യവസായ സ്ഥാപനങ്ങളായി 15 ഉം. ഹോട്ടലുകൾ 26ഉം. ,സാധാരണ കടകൾ 121, മറ്റുള്ള കടകൾ 43 ഉം, ആകെ 205 എണ്ണം പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ ലൈസൻസ്ഫീ അടയ്ക്കുന്ന കടകളുടെ ഏകദേശ വിവരമാണിത്.

## മലിനീകരണ പ്രശ്നം

അമ്പലമേട്ടിൽ പ്രവർക്കുന്ന വൻകിട വ്യവസായശാലകളായ കൊച്ചി എണ്ണശുദ്ധികരണ ശാല, എഫ്. യു. സി.റ്റി. (കൊച്ചിൻ) ഡിവിഷൻ. ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് കാർബൺ ആൻറ് കെമിക്കൽസ് എന്നിവ പ്രധാനമായി ഉപയോഗിക്കുന്ന അടിസ്ഥാന വസ്തുക്കൾ കാർബൺ ബ്ലാക്കിൻേറയും പെടോളിയത്തിൻെറയും വിവിധങ്ങളായ ഉൽപന്നങ്ങളാണ്. അതായത്ഹൈടോകാർബൺപല അനുപാതത്തിൽ അടങ്ങിയവസ്തുക്കൾ, പലവിധങ്ങളായ രാസപ്രവർത്തന പ്രക്രിയയിൽ കൂടി കടുക്കുമ്പോൾ ലക്ഷ്യവസ്തു ഏതാണോ, അന്തിനാവശ്യമില്ലാത്ത ഘടകവസ്തുക്കൾ വേർത്തിരിച്ച് പിൻതള്ളപ്പെടുന്നു. ഇതാണ്

വ്യവാസയ മലിനീകരണത്തിൻെറ അടിസ്ഥാനം കൂടാതെ ഉൽപന്നമായ വിഷാം ശമുള്ള വസ്തുക്കൽ നിയന്ത്രണങ്ങൾക്ക് അതീതമായി വ്യവാസയാ ശാലകളിൽ നിന്ന് വെള്ളത്തിലും, വായുവിലും കലർന്ന് പ്രകൃതിയുടെ സന്തുലാന്നവസ്ഥയേ തകിടം മറിക്കുകയും അതുവഴി സർവജീവജാലങ്ങൾക്കും നിലനിൽക്കാൻ പറ്റാത്ത ഒരവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

കാർബൺ ആൻറ് കെമിക്കൽസ് കമ്പനിയിൽ നിന്നും പറത്തേക്ക് വരുന്ന കരിപ്പൊടി സമീപ പ്രദേശങ്ങളിലുള്ള വീടുകളിലും മരങ്ങളിലും പറ്റിപ്പിടിച്ചിരിക്കുന്നത് കരിമുകൾ വഴി സഞ്ചരിക്കുന്ന ആർക്കും കാണാവുന്നതാണ് എൽ. എസ് എച്ച് എസ്. നിന്നുംവേസ്റ്റായി ബാക്കിവരുന്ന ഓയിലും കാർബൺ പൊടിയും ചേർന്ന മാലിന്യം കമ്പനിയുടെ പടിഞ്ഞാറ് വശത്തുള്ള ചിറയിൽ നിന്നും പുറത്തേയ്ക്കൊഴുകി കൊല്ലം തോറും അനേകം ഏക്കർ ഭൂമി കൃഷിയോഗ്യമില്ലാത്തെ തരിശായി കൊണ്ടിരിയ്ക്കുന്നു.

എഫ്. എ. സി. റ്റി. മലിനികരണത്തിൻെറ രൂക്ഷത മൂലം ആയിരക്കണക്കിന് ഏക്കർ ഇരുപ്പൂ നിലങ്ങൾ പത്തിരുപത് കൊല്ലാത്തോളമായി കൃഷി ചെയ്യനാകാതെ തരിശായി കിടക്കുന്നു. പ്ലാൻറിൻെറ അടുത്ത് നൂറ് കണക്കിനേക്കർ സ്ഥലത്ത് മലപോലെ കൂട്ടിയിട്ടിരിക്കുന്ന 'ജിപ്സം' മഴവെള്ളത്തിൽ ഒലിച്ച് ഇപ്പോൾ കൊച്ചിക്കായലിൽ വരെ എത്തിയിരിക്കുന്നു. ഇതിൽ നിന്നുള്ള അണു പ്രസരണത്തിൻെറ പരിണത ഫലങ്ങൾ ഇനിയും കണ്ടത്തേണ്ടിയിരിക്കുന്നു.

കൊച്ചി എണ്ണശുദ്ധീകരണ ശാലയും മലിനീകരണത്തിൻെറ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധികുന്നില്ല. ഇവിടെ നിന്നും വായുവിലേക് പ്രവഹിക്കുന്ന സൾഫർ മാലിന്യങ്ങൾ സമീപവാസികളിൽഭീതി ജനകമായ അന്തരീക്ഷം സൃഷ്ടിച്ചിരിക്കുകയാണ്.

ചിത്രപ്പുഴയിലെ ജലമലിനീകരണത്തിന് ആക്കം കൂട്ടുന്ന വസ്തുവാണ് എച്ച്. ഒ. സിയിൽ നിന്നും പുറത്തുവിടുന്ന 'ഫിനോൾ' ായുവിലും വെള്ളത്തിലും കൂടി കലർന്ന് ഭൂമിയെ മലീനികരിക്കുന്ന പ്രക്രിയയെ നിന്ത്രികുവാൻ വേണ്ട നിയമങ്ങൾ ഉണ്ടെങ്കിലും അവ നടപ്പാക്കുന്ന കാര്യങ്ങളിലുള്ള അപാകതകളാണ് മലിനീകരണവിപത്ത് ഇത്രയേറെ അപകടകരമായ സ്ഥിതിയിലേക്ക് എത്തിച്ചേരാൻ ഇടയായത്.

പരിഹാര നിർദേശങ്ങൾ

ശക്തമായ നിയമ നിർമ്മാണങ്ങൾ വഴി ഗവൺമെൻറ് ഇടപെടുക. കേരള മലനീകരണം ബോർഡ് പോലുള്ള ഏജൻസികളുടെ പ്രവർത്തനത്തിൽ പരീക്ഷണ നിരീക്ഷണം, ശരിയായ റിപ്പോർട്ട് പുറത്ത് കൊണ്ടുവരൽ പ്രതിവിധികൾ നിശ്ചയിക്കൽ, നടപ്പാക്കിക്കൽ എന്നിവയെല്ലാം വേണം. മലിനീകരണ നിയന്ത്രണ പ്ലാൻറുകൾ നിർമ്മിക്കുന്നതിനും പ്രവർത്തികുന്നതിനും കമ്പനികളെ നിർബ്ബന്ധിപ്പിക്കുക. പരിസര പ്രദേശങ്ങളിൽ മരം നട്ട് പിടിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും, പഞ്ചായത്തിൻെറയും, കമ്പനികളുടേയും സംയുക്താഭിമുഖ്യത്തിൽ കൃഷിഭവൻെറ സഹായത്തോടെ നടപ്പിലാക്കുകയുംചെയ്യുക. പരിസര വാസകൾക്ക് ആവശ്യമായ മെഡിക്കൽ പരിശോധനയും ചികിത്സാമാർഗ്ഗവും, ലഭിക്കുന്നതിന് ബന്ധപ്പെട്ട കമ്പനികൾ മുൻകൈയെടുത്ത് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

*വ്യവാസയ സംരംഭങ്ങളുടെ പ്രശ്നങ്ങൾ*

സമൂഹത്തിലെ മറ്റ് മേഖലകൾ പോലെ തന്നെ അതിപ്രധാനമാണ് വ്യവസായത്തിൻെറ ആവിർഭാവവും, വളർച്ചയും, ലോകത്താകമാനം തന്നെ ചില പുതിയ കണ്ടുപിടുത്തങ്ങൾ പല പുതിയ സംരംങ്ങൾക്കും തുടക്കമിടുവാൻ പ്രേരണ നൽകി. ഇതിൻെറ മാറ്റങ്ങൾ രാജ്യത്താകമാനവും, നമ്മുടെ മേഖലയിലും എത്തിച്ചേർന്നു.അതിൻെറ പരിണിത ഫലമായി പുതിയ വ്യവസായങ്ങൾ തുടങ്ങുവാൻ പലരും മുന്നോട്ട് വന്നു. വന്നതുപോലെ തന്നെ പിൻവാങ്ങിയെന്നുള്ള താണ് വസ്തുത. ഒരു വ്യവസായം ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന പലർക്കും എവിടെനിന്ന് തുടങ്ങണം. എവിടെവരെ പോകണം എന്ന കാര്യത്തെക്കുറിച്ച് വേണ്ടത്ര അറിവില്ല. ഇതിൻെറ സാങ്കേതിക വശങ്ങളെ ക്കുറിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് കൃത്യമായ വിവരം കിട്ടുക വളരെക്ലേശകരമാണ്. അങ്ങനെ കിട്ടിക്കഴിഞ്ഞാൽ അടുത്ത ഊഴം സാമ്പത്തീക പ്രശ്നമാണ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ കിട്ടുവാനുള്ള ബുദ്ധിമുട്ട് നിരവധിയാണ്. തക്കതായ ഈടുകൾ കൊടുക്കാതെ വായ്പ കിട്ടുവാൻ ബുദധിമുട്ടാണ് എന്നുള്ളതാണ് സത്യേം. നമ്മുടെ പഞ്ചായത്തിലെ 50% ഏറെ ആളുകൾ 25 സെൻറിൽ തഴെ ഭൂമി ഉള്ളവരാണ്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഈട് കൊടുക്കുക ബുദ്ധിമുട്ടാണ്. മറ്റൊരു പ്രശ്നമാണ് ഊർജ്ജ പ്രതിസന്ധി. വോൾട്ടേജ് ക്ഷാമം ഒരു വശത്ത് പവർകേട്ട് മറ്റൊരുവശത്ത് ഇതിൻെറ മദ്ധ്യത്തിൽ വേണ്ടത്ര സമയത്ത് കണക്ഷൻ കിട്ടുവാനുള്ള ബുദ്ധിമുട്ട് ഈ വക കാരണങ്ങൾ കൊണ്ട് പലരും, പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിൽ നിന് പിൻവാങ്ങുന്നു. വേറൊരു കാരണമാണ് മാർക്കറ്റിങ്ങ് ഇതെല്ലാം പുതിയ വ്യവസായ സംരംഭകർക്ക് ഈ രംഗത്തെക്ക് കടന്നു വരുന്നതിനുള്ള താൽപര്യത്തെ പിടിച്ച് നിറുത്തുന്നു.

*വ്യവസായ സ്ഥാപനതിതലെ ടേഡ് യൂണിയനുകളും, അവയുടെ പങ്കും*

നമ്മുടെ വ്യവസായ മേഖലയിൽ ധാരാളം തൊഴിലാളി യൂണിയനുകൾ പ്രവർത്തിക്കുന്നുണ്ട്. സി. ഐ. റ്റി. യു., ഐ. എൻ. റ്റി.യു.സി., എ. ഐ. റ്റി. യു.സി. , ഐ. എൻ എൽ. സി. , ബി. എം. എസ്, സ്വതന്ത്ര തൊഴിലാളി യൂണിയൻ എന്നിവയാണ് പ്രധാനപ്പെട്ടവ. വ്യവസായത്തിൻെറ നല്ല നടത്തിപ്പിനും, പുരോഗതിക്കും യൂണിയനുകളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ് ' ചുവരുണ്ടങ്കിലേ ചിത്രം വരയ്ക്കാൻ കഴിയൂ ' എന്ന അലിഖിത നിയമത്തിൻെറ ചട്ടക്കൂട്ടിൽ നിന്ന് വേണം തൊഴിൽ സംഘടനകൾ പ്രവർത്തിക്കാൻ. തൊഴിലാളിയും, മുതലാളിയും ഒരേ നാണയത്തിൻെറ ഇരു വശങ്ങളാണ് എന്ന കാഴ്ചപ്പാടോടെ, വളരെ സങ്കീർണ്ണമായ പ്രശ്നങ്ങളിൽ ഇലയ്ക്കും മുള്ളിനും കേട് വരാത്ത വിധത്തിൽ സൂക്ഷ്മതയോടെ പ്രവർത്തിക്കാൻ കഴിയണം. തൊഴിലാളികളുടെ സേവന വേതന നിരകുകൾ അംഗീകരിച്ച് കിട്ടുമ്പോൾ ത്തന്നെ തൊഴിൽമേഖലസംരക്ഷിക്കുന്ന കാര്യത്തിലും തൊഴിലാളികൾ പിറകോട്ട് പോകുവാൻ പാടില്ല. ഇത്തരം സന്ദർഭങ്ങളിൽ ഉയർന്ന കാഴ്ചപ്പാടോടെ വളരെ സംമനത്തോടെ തൊഴിൽ സംഘടനകളും പെരുമാറണം. നമ്മുടെ മേഖലയെ സംബന്ധിച്ചിടത്തോളം യൂണിയനുകൾ തമ്മിൽ അഭിപ്രയോ ഭിന്നതകൾ വളരെ കുറവാണന്ന് പറയാം. തൊഴിലാളിയുടെ ജീവിത നിലവാരം മെച്ചപ്പെട്ടുത്തുന്ന കാര്യതിതൽ

സംഘടനകളും ഏറെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. നമ്മുടെ വ്യവസായ മേഖലയിൽ മിക്കവാറും തൊഴിൽ പ്രശ്നങ്ങളിൽ കൊടിയുടെ നിറം നോക്കാതെ തന്നെ, ഒരേ ലക്ഷ്യത്തോടെ ഈ സംഘടനകൾ പ്രവർത്തിക്കുന്നു. ഇതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് ബി.ഡി.പി.പി. രണ്ട് യൂണിയനുകളായ സി. ഐ. റ്റി. യു ഉം ഐ. എൻ. റ്റി. യു.സി. ഉം. എല്ലാ പ്രശ്നങ്ങളിലും ഒത്തൊരുമിച്ച്, ആ വ്യവസായത്തിന്റെ നിലനില്പ് അപകടപ്പെടാതെ വളരെ പക്വതയോടെ പ്രവർത്തിക്കുന്നു. മറ്റ് വ്യവസായ മേഖലകളിലും ഈ നാട് മാർഗ്ഗദർശകമാണ്.

*പ്രശ്നങ്ങൾ*

ഇന്ന് വ്യവസായങ്ങൾ ഏറെ തടസ്സമായിനിൽക്കുന്ന വസ്തു വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഏറെ താമസം നേരിടുന്നു എന്നതാണ്. വേറൊന്ന് വ്യവസായ വകുപ്പ്, പഞ്ചായത്ത് എന്നിവ യൊഴികെയുള്ള സ്ഥാനപങ്ങളിൽ നിന്ന് ലൈസൻസുകൾ ലഭിക്കാൻ കാലതാമസം നേരിടുന്നു. വ്യവസായ സബ്സിഡി യഥാസമയം ലഭിക്കുന്നില്ല എന്നതും വിദഗ്ധ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല എന്നതും പ്രശ്ന് സങ്കീർണ്ണമാക്കുന്നു. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചിലവ് കുറഞ്ഞു സാങ്കേതിക വിദ്യകൾ ലഭിക്കുന്നില്ല എന്ന പരാതിയും നിലനിൽക്കുന്നു. പരമ്പാരാഗ തൊഴിൽ മേഖലകളിൽ വേണ്ടത്ര കൂലി ലഭിക്കുന്നില്ല. എല്ലാ വ്യവസായങ്ങൾക്കും, പറ്റിയ അസംസ്കൃത വസ്തുക്കൾ ലഭ്യമല്ല. ഈ പഞ്ചായത്തിൽ നിന്ന് പടിഞ്ഞാറൻ ഭാഗങ്ങളിലുള്ള താഴ്ന്ന പ്രദേശങ്ങൾ നികത്തുവാനാവശ്യമായ മണ്ണ് എടുത്തുകൊണ്ടു പോകുന്ന ജോലിയിലൂടെ കുറെയധികം തൊഴിലവസരങ്ങൾ ലഭിച്ചിരുന്നു. എന്നാൽ ഇന്ന് ആധുനിക യന്ത്രങ്ങളുടെ ഉപയോഗത്തിലൂടെ (മെക്കനൈസേഷ്യൻ) യാണ് ഈ പ്രവർത്തനം നടത്തുന്നത്. ഇതിന്റെ ഫലമായി പഞ്ചായത്തിലെ പലകുന്നിൻ പ്രദേശങ്ങളും ഇന്ന് അപ്രത്യക്ഷമായി ക്കൊണ്ടിരിക്കുന്നു. ഈ രംഗത്തെ തൊഴിലവസരങ്ങൾ നഷ്ടമായി. എന്നിരുന്നാലും ഇതൊരു വരുമാന മാർഗ്ഗമായി ഈ പഞ്ചായത്തിൽ മാറിക്കൊണ്ടിരിക്കുന്നു.

*സാധ്യതകൾ*

വ്യവസായത്തെ പറ്റി കൂടുതൽ ധാരണ ഉണ്ടാക്കുന്നതിനും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു വ്യവസായ എസ്റ്റേറ്റ് പഞ്ചായതിതൽ സ്ഥാപിക്കുക. പരമ്പരാഗത മേഖലയെ ഉത്തേജിപ്പിക്കുന്നതിനുള്ള അടിസ്ഥാനമാർഗ്ഗങ്ങളും, പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പാക്കണം. വ്യവസായ സംരംഭകർക്ക് പരിശീലനം ഏഹപ്പെടുത്തുക. ഗ്രൂപ്പായോ, സഹകരണമേഖലയിലോ, പുതിയ വ്യവസായങ്ങൾ ആരംഭിക്കുക. ഇതിന് പ്രോത്സാഹനം കൊടുക്കുക. ഗൾഫ് മലയാളികളുടെ സേവനം, വ്യവസായ രംഗത്ത് മുതൽ മുടക്കുവാൻ ഉള്ള സൗകര്യം എന്നിവയെക്കുറിച്ച് ആലോചിക്കുക. ഇവിടെ ലഭ്യമാക്കുക അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് വ്യവസായങ്ങൾ തുടങ്ങുക എഫ്. എ. സി.റ്റി. കൊച്ചിൻ ഡിവിഷൻ, ഫോസ് ഫോറിക്ക് ആസിഡ് പ്ളാൻറിൻ നിന്ന് പുറം തള്ളുന്ന ജിപ്സം

ഏകദേശം 50 ഏക്കറോളം സ്ഥലം ഇപ്പോൾ തന്നെ കമ്പനിക്ക് നഷ്ടപ്പെടുത്തി. ഈ ജിപ്സം ചെല്ലിപ്പാടം കൊച്ചിക്കോട്ട് പ്രദേശത്ത് വമ്പിച്ച തോതിൽ ഉള്ള മലിനീകരണപ്രശ്നം സൃഷ്ടിക്കുന്നുണ്ട്. അതോടൊപ്പം ഇത് നിക്ഷേപിക്കുന്നത് എഫ്. എ. സി.റ്റി. ക്ക് സ്ഥലം കണ്ടെത്തേണ്ടതായ പ്രശ്നം ഉണ്ടെന്ന് മനസ്സിലാക്കുന്നു. ജിപ്സം ഉപയോഗിച്ചുള്ള നിരവധി പ്ലദ്ധതികൾ ഫാക്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിന് സമപ്പിച്ചിട്ടുള്ള തായി മനസ്സിലാക്കുന്നു. ഇകാര്യത്തിൽ നാളിതുവരെ ഒരു സംരംഭവും ആരംഭിച്ചിട്ടില്ല. 9-ാം പദ്ധതിയിൽ പെടുത്തി കമ്പനി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ പ്രൊപ്പോസലുകൾ നടപ്പാക്കണമെന്ന് പഞ്ചായത്തു വികസന സമിതി ആവശ്യപ്പെടുന്നു.

## ഗ്രാമ സഭാ നിർദ്ദേശങ്ങൾ

*വാർഡ് 1 അടൂർ*

പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സഹിപ്പിക്കുവാൻ ഒരു സൊസൈറ്റി സ്ഥാപിക്കുക. കുട്ട, പനമ്പ്, പായ എന്നിവ യുടെ പണിയിൽ ഏർപ്പെട്ടിരിക്കുന്നവർ ഇവിടെ ഉണ്ട്. പെടോകെമിക്കൽ വ്യവസായത്തിന് സാധ്യത ഉള്ളതായിപറയുന്നു. സഹകരണാടിസ്ഥാനത്തിൽ ഖാദി യൂണിറ്റ്. റബ്ബർ പ്രൊഡക്ട്, റെഡിമെയ്ഡ് ഗാർമെൻറ് നിർമ്മാണ് എന്നിവ ആരംഭിക്കുവാൻ വേണ്ട സൗകര്യം ഉണ്ട്,

*വാർഡ് 2 അമ്പലമേട്*

ചെറുകിട മേഖലയിൽ ഫർണീച്ചർ വ്യവസായം റബ്ബർ ഉൽപന്നങ്ങളുടെ നിർമ്മിത ക്ഷീര വ്യവസായയൂണീറ്റ്, എൻജിനിയറിങ്ങ് വ്യവസായം എന്നിവ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ട്.

*വാർഡ് 3 കുഴിക്കാട്*

ചെറുകിട വ്യവസായങ്ങളായ റബ്ബറധിഷ്ഠിത വ്യവസായം നാളീകരണം ഉൽപന്നം ഉപയോഗിച്ചുള്ള വ്യവസായം കൂടാതെ ഒരു ധന്യപൊടിയൂണീറ്റ് എന്നിവ തുടങ്ങുന്നതിന് നിർദ്ദേശം വച്ചിട്ടുണ്ട്.

*വാർഡ് 4 എഫ്. എ. സി.റ്റി.*

എഫ്. എ.സി.റ്റി. യിൽ നിന്നും പുറത്ത് വിടുന്ന 'ജിപ്സം' ഉപയോഗിച്ച് ഒരുവൻ കിടവ്യവസായത്തിന് സാധ്യത ഉണ്ട്. ഒരു വനിതാ വ്യവസായം, മറ്റൊരു റബർ ഉൽപന്ന വ്യവസായം എന്നിവയും പരിഹരിക്കേണ്ടതായി പറയുന്നു.

*വാർഡ് 5 ബ്രഹ്മപുരം*

ഇവിടെ പൂട്ടിക്കിടക്കുന്ന സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന മെഴുകുതിരി യൂണീറ്റ് പ്രവർത്തിക്കുവാൻ നടപടി സ്ഥീകരിക്കുക. പരമ്പരാഗത വ്യവാസയങ്ങൾ, കേര

ഉൽപന്നങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ, റബർ വ്യവസായം, സിമൻെറ നിർമ്മാണം വ്യവസായം എന്നിവ തുടങ്ങുവാനുള്ള സ്ഥലവും സൗകര്യവും ഉണ്ട്.

*വാർഡ് 6 കരിമുകൾ*

പരമ്പരാഗത വ്യവാസയത്തെ പ്രോത്സാഹിപ്പിക്കു. കളിപ്പാട്ടനിർമ്മാണം, റെഡിമെയ്ഡ് ഗാർമെൻറ് നിർമ്മാണം, ഹോളോബ്രിക്സ്, മിൽക്, പ്രൊഡക്ട്, റബർ ഉൽപന്നങ്ങൾ എന്നിവ നിഹദ്ദേശങ്ങളിൽ പെടുന്നു. കൂടാതെ ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

*വാർഡ് 7 പുറ്റുമാനൂർ*

ഒരു ഇൻഡ്രടിയൽ പാർക്ക് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ട്. അതിനുള്ള ഏകദേശം 4 ഏക്കറോളം സ്ഥലം ഇവിടെ ലഭ്യമാണ്. ചെറുകിട മേഖലയിൽ റബർ ഉൽപന്ന വ്യവസായം, വെൽഡിങ്ങ് റോഡുകൾ, ലികഡ് സോപ്പ് എന്നിവ ഉണ്ടാകുന്ന സ്ഥാപനങ്ങൾ, പാഴ്തടികൾ, ചിരട്ട , ചകിരി, മുള ഉപയോഗിച്ചുള്ള ഒരു എസ്.എസ്. ഐ. യൂണീറ്റ് സ്ഥാപിക്കണം. 'മെറ്റൽ സ്ക്രാപ്' ഒരു അസംസ്കൃത വസ്തുവായി ഉപയോഗിച്ച് ഒരു മൗംടിങ്ങ് യൂണീറ്റ് ആരംഭിയ്ക്കാം.

*വാർഡ് 8 വരിക്കോലി*

ടെയിലറിങ്ങ് യൂണിറ്റ് കൊപ്ര പ്പവർമിൽ, കറിപൗഡർ, യൂണീറ്റ് എന്നിവ നിർമ്മിക്കുവാൻ സാധിക്കു. കൂടാതെ ഒരു റബർ മാർക്കറ്റിങ്ങ് സംഘം രൂപീകരിക്കുക.

*വാർഡ് 9 പുത്തൻ കുരിശ്*

പഞ്ചായത്തിൻെറ സ്ഥലമായ 2 ഏക്കറിൽ 1ഏക്കർ എടുത്തുകൊണ്ട് ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക. തുകൽ, പ്ലാസ്ററിക്ക് ഉപകരണ നിർമ്മാണം എൻജിനിയറിങ്ങ് വർക്ക് ഷോപ്, ഫർണീച്ചർ നിർമ്മാണം വാഷിങ്ങ് പൗഡർ, മെഴുകുതിരി എന്നിവയുടെ നിർമ്മാണം തയ്യൽപരിശീലന കേന്ദ്രം കറിപൗഡർ, അച്ചാർ നിർമ്മാണം, പച്ചക്കറിസ്ററാൾ റബർ മാക്കറ്റിങ്ങ് സൊസൈറ്റി സ്ഥാപിക്കുക. എന്നീ കാര്യങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്,

*വാർഡ് 10 വടവുകോട്*

റബറധിഷ്ഠിത വ്യവസാ.ം, നിർമ്മാണവ്യവസായം (കാർഷീക, വ്യവസായീക ഉപകരണങ്ങൾ) വറപൊരി സാധനങ്ങൾ ഉണ്ടാകുന്ന യൂണീറ്റ്, കൂടാതെ ആടുവളർത്തൽ, കോഴിവളർത്തൽ എന്നിവ വ്യവസായ അടിസ്ഥാനത്തിലും ആരംഭിക്കുവാൻ നിർദ്ദേശം ഉണ്ട്.

*വാർഡ് 11 കാണിനാട്*

കോഴിവളർത്തൽ, റെഡമെയ്ഡ് ഗാർമെൻറ്സ്, റബർ ഉൽപന്ന വ്യവസായം പാക്കിങ്ങ് കെയ്സ് നിർമ്മാണം കറിപൗഡർ യൂണീറ്റ് എന്നിവ ആരംഭിയ്ക്കണം. കുറ്റ ഹരിജൻ കോളനിയിലെ ഖാദിയൂണിറ്റ് പ്രവർത്തനക്ഷമമാക്കുക.

ഈ പഞ്ചായത്തിലെ ഭൂരിപക്ഷം കുടുംബങ്ങളും പാചകാവശ്യത്തിന് പ്രധാനമായും വിറകാണ് ഉപയോഗിക്കുന്നത് പുകയല്ലാത്ത കാര്യക്ഷമതയുള്ള ആധുനീക അടുപ്പുകളുടെ പ്രചാരം ഈ പഞ്ചായത്തിലേക്ക് കടന്നുവന്നിട്ടുണ്ട്. '.അനർട്ടിൻെറയും പരിക്ഷത്തിൻെറയും അടുപ്പുകൾ ഇക്കൂട്ടത്തിൽ പെടുന്നു. പ്രത്യേകിച്ച് പുതിയ വീടുകൾ പണിയുമ്പോൾ, ആളുകൾ കൂടുതലായി ഇത്തരം അടപ്പുകൾ ഉപ്യോഗിച്ചുവരുന്നു. വിറക്, ചിരട്ട, മടല്, തൊണ്ട്, റബർ കായ് തോട്, ചപ്പുചവറ്, അറക്കപ്പൊടി എന്നിവയും, പാചകാവശ്യത്തിന് ഇന്ധനമായി ഉപയോഗിക്കുന്നു. രാജ്യത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും തൊഴിലുമായി ബന്ധപ്പെട്ട് സ്വന്തം വീടുകളിലും വാടകവീടുകളിലും കമ്പനി ക്വാട്ടേഴ്സ്കളിലും താമസമാക്കി യിട്ടുള്ള കുടുംബങ്ങൾക്ക് വിറകിൻെറ ലഭ്യതക്കുറവ്, അടുപ്പ് ഉപയോഗിക്കുന്നതിനുള്ള സൗകര്യമില്ലായ്മ, എന്നീ കാരണങ്ങളാണ് ' മണ്ണെണ്ണ' പ്രധാനമായും പാചക ഇന്ധനമായി ഉപയോഗിക്കുന്നു. സാമാന്യം മെച്ചപ്പെട്ട ശമ്പളം ലഭിക്കുന്ന വ്യവസായ തൊഴിലാളികൾ, സമ്പന്ന കുടുംബക്കാർ ഇടത്തരം കുടുംബങ്ങളിൽ ചിലർ കുക്കിംഗ് ഗ്യാസ് ഉപയോഗിക്കുന്നു. കൂടാതെ വലിയ ഹോട്ടലുകളിലും ഗ്യാസിൻെറ ഉപയോഗം കൂടിവരുന്നു. എൽ. പി.ജി. കണക്ഷൻ ആവശ്യകത ഈ പഞ്ചയത്തിൽ വർദ്ധിച്ചുവരുന്നു. ഗ്യാസ് കണക്ഷൻ വേണ്ടി കാലേകൂട്ടി ബുക്ക് ചെയ്തിരിക്കുന്നവർ ധാരാളം പേരുണ്ട്. ആവശ്യത്തിന്, ഉദ്ദേശിച്ച സമയത്ത് ഇത് കൊടുത്ത് തീർക്കുവാൻ കഴിയുന്നില്ല. കോലംച്ചേരിയിലും തൃപ്പൂണിത്തുറയുമാണ് ഗവൺമെൻറ് ഗ്യാസ് വിതരണം ചെയ്യുന്ന എജൻസികൾ പ്രവർത്തിക്കുന്നത്. നമ്മുടെ പഞ്ചായത്തിൻെറ ഏതെങ്കിലും ഭാഗത്ത് ഗവൺമെൻറ് തലത്തിൽ ഗ്യാസ് വിതരണം നടത്തുവാൻ പറ്റിയ ഒരു ഏജൻസിയെ ഏർപെടുത്തുക എന്നുള്ളത് വളരെ അത്യാവശ്യമാണ്. ധാരാളം പ്രൈവറ്റ് ഏജൻസികൾ ഗ്യാസ് വിതരണം രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. അവിടെ നിന്നും കൂടിയ നിരക്കിൽ ധാരാളം പേർ ഗ്യാസ് കണക്ഷൻ എടുക്കുന്നുണ്ട്, വളരെ വേഗത്തിൽ കണക്ഷൻ കിട്ടും, എന്നുള്ളതാണ് ഇതിൻെറ പ്രത്യേകത. കുകിംഗ് ഗ്യാസ് ഉൽപാദിപ്പിച്ച് ദക്ഷിണേന്ത്യയിൽ ആകമാനം വിതരണം നടത്തുന്ന സ്ഥാപനമായ കൊച്ചിൻ റിഫൈനറി ഈ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്.

## പരാമ്പര്യേതര ഊർജ്ജം

ഗോബർ ഗ്യാസ്പ്ലാൻറുകൾ സ്ഥാപിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. കുറെ കൂടുതലായി ഉള്ളത് ഈ പഞ്ചായത്തിൻെറ വടവുകോട് , കാണിതാട്, പുറ്റുമാനൂർ കുഴിക്കാട് എന്നീ ഭാഗങ്ങളിലാണ്. കന്നുകാലി സമ്പത്തിൻെറ കാര്യത്തിൽ മുൻതൂക്കമുള്ള ഈ പഞ്ചായത്തിൽ ഗോബർ ഗ്യാസ് പ്ലാൻറുകളുടെ സാദ്ധ്യത കൂടുതലായി ഉപയോഗപ്പെടുത്താവുന്നതാണ് ഇതിനു വേണ്ട ബോധവൽക്കരണം പ്രധാനമായും ആവശ്യമാണ്. ഇവിടത്തെ കൃഷിഭഗവൻെറ സഹായത്താൽ സബ്സിഡി നിരക്കോട് കൂടി ഗോബർ ഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുവാൻ കഴിയും. പഞ്ചായത്ത് സമിതി ഈ കാര്യത്തിൽ വേണ്ടത്ര മുൻഗണന കൊടുക്കേണ്ടതാണ്.

*സോളാർ പാനൽ സിസ്റ്റം*

വൈദ്യുതി ഏറെ പ്രതിസന്ധിയുള്ള നമ്മുടെ പഞ്ചായത്തിൽ ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ പോലും, നടപ്പാക്കിയിട്ടുള്ള സോളാർ പാനൽ സിസ്റ്റത്തിൻെറ കാര്യം പരിശോധിച്ച് നട പ്പാക്കാവുന്നതാണ്. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ , റൂറൽ ഏരീയകളിൽ സൂര്യരശ്മി ഉപയോഗിച്ച് കൊണ്ടുള്ള വൈദ്യുതി വിളക്കുകളും, ട്യൂബുകളും, കൂടാതെ വഴിവിളക്കുകളും വരെ വിജയ പ്രദമായി ഉ പയോഗിക്കുന്നുണ്ട്,. 9-ാം പദ്ധതിയിൽ ഊർജ്ജ പ്രതിസന്ധി പരഹരിക്കുവാൻ ഒരളുവരെ സൗരോർജ്ജ വിളക്കുകളെ നമുക്ക് ആശ്രയിക്കാവുന്നതാണ് സബ്സിഡിയോടുകൂടി കേന്ദ്രഗവൺമെൻറ് നൽക്കുന്ന സൗരോർജവിളക്കുകളുടെ ബുക്കിംഗ് നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്, ഈ രംഗത്തെ സാധ്യതകൾ, കണ്ടെത്തി അറിവുകൾ ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്

*ഇലക്ട്രിസിറ്റി*

നമ്മുടെ പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും തന്നെ വൈദ്യുതിഎത്തിയിട്ടുണ്ട്. എങ്കിലും ഗ്രാമസഭാറിപ്പോർട്ടുകളിൽ ധാരാളം ആവശ്യങ്ങളും പരാതികളും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്, 1973 വരെ ഈ പഞ്ചായത്തിൻെറ വടവുകോട് പുത്തൻ കുരിശ് ഉൾപ്പെട്ട ചെറിയ ഭാഗത്ത് മാത്രമെ വൈദ്യുതി കടന്നു ചെന്നിരുന്നുള്ളു. 1960 കൾക്ക് ശേഷം വ്യവുസായ ശാലകൾക്ക് ഹൈ ടെൻഷൻ വൈദ്യുതി എത്തിയെങ്കിലും തൊട്ടടുത്തുള്ള പ്രദേശങ്ങളിൽ മണ്ണെണ്ണ വിളക്കായിരുന്നു ഏക ആശ്രയം 1973-ൽ ആരംഭിക്കുകയും, ജനപങ്കാളിത്തത്തോടെ നടപ്പാക്കിയ അ സ്കീമുകളിൽ നാലെണ്ണം നമ്മുടെ പുഞ്ചായത്തിൽ വളരെ വിജയ പ്രദമായി നടപ്പാക്കുകയും ചെയ്തു. ബ്രഹ്മപുരം, കുഴിക്കാട്, കാണിനാട്, വേളൂർ എന്നീ പ്രദേശങ്ങളിലാണ് ഈ സ്കീം നടപ്പാക്കിയാത്, ചുരുങ്ങിയ സമയം കൊണ്ട് നൂറുക്കണക്കിന് വൈദ്യുതി ലൈൻ കൂടുവാനും ആപ്രദേശത്തുള്ള ആവശ്യക്കാരായ മുഴുവൻ ആളുകൾക്കും വൈദ്യുതി എത്തിക്കുവാനും കഴിഞ്ഞു. മനുഷ്യാധ്വാനം കൊണ്ട് ജലസേചനം നടത്തിയിരുന്ന നമ്മുടെ കാർഷീക രംഗം ഇതോട് കൂടി വൈദ്യുതി പമ്പ് സെറ്റുകൾക്ക് വഴിമാറി ക്കൊടുത്തു. അങ്ങനെ കാർഷീക രംഗത്ത് അഭിവൃദ്ധിയുടെ മാറ്റങ്ങൾ ഉണ്ടായി.

ഈ പഞ്ചായത്തിൻെറ ഊർജ്ജത്തെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ പഞ്ചായത്തിലെ വൻകിട വ്യവസായശാലകൾ ഊർജ്ജ ഉൽപ്പാദനരംഗത്ത് നടത്തുവാൻ പോകുന്ന വൻപിച്ച പദ്ധതികളെ സംബന്ധിച്ച് സ്പർശിക്കാതിരിക്കുന്നത് ശരിയല്ല. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് കേരളാ സ്റേറ്റ് ഇല്കട്രിസിററി ബോർഡ് ബ്രഹ്മപുരത്ത് സ്ഥാപിച്ചുകൊണ്ടിരിക്കുന്ന ബ്രഹ്മപുരം ഡീസൽ പവർ പ്ലാൻറ് ആകെ 281 കോടി മുതൽ മുടക്കുള്ള ഈ പ്രോജക്ടിൻെറ ലക്ഷ്യം 100 മെഗാവാട്ട് കറൻറ് ഉൽപ്പാദനമാണ്. 1993 ൽ പണിതുടങ്ങിയ ഈ പ്രൊജക്ട് പൂർത്തിയാക്കുനനതിന് വരുന്ന കാലതാമസം വളരെ ഗുരുതരമായി കാണുന്നതാണ്. എഫ് എ.സി.റ്റി. സ്വന്തമായി ജനറേറ്റർ ഉപയോഗിച്ച് 79000 മെഗാവാട്ട് കറൻറ് ശരാശരി ഉൽപാദിപ്പിക്കുന്നുണ്ട്. കൊച്ചിൻ റിഫൈനറി 1650 കോടി രൂപ മുതൽ മുടക്കു വരുന്ന 500 മെഗാവാട്ട് ഉൽപ്പാദനക്ഷമതയുള്ള പ്രോജക്ട് സ്ഥാപിക്കുന്നതിന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ അനുമതി ലഭിച്ച് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. കരിമുകളിലെ കാർബൺ ആൽഡ് കെമിക്കൽ കമ്പനി 6 മെഗാവാട്ട് ഉൽപ്പാദനശക്തിയുള്ള പവർ പ്ലാൻറിൻെറ

പണി നടന്നുകൊണ്ടിരിക്കുകയാണ്. മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ പൂർത്തീകരണം നമ്മുടെ ജില്ലയിലെ ഊർജ്ജകമ്മി കുറയ്ക്കുമെന്ന് പ്രത്യാശിക്കാം.

*ഊർജ്ജരംഗത്തെ പ്രശ്നങ്ങൾ*

ഊർജ്ജരംഗം എടുത്ത് സവിസ്തരം പരിശോധിക്കുമ്പോൾ, പ്രശ്നങ്ങളുടെ പട്ടിക നീളുന്നതായി കാണാം. നമ്മുടെ പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളും വോൾട്ടേജ് ലഭ്യത വളരെകുറവാണ്. അതിൻെറ ഒരു പ്രധാന കാരണം പ്രസരണശേഷി വളരെയധികം നഷ്ടപ്പെടുന്നു എന്നുള്ളതാണ്. ലൈൻ കടന്ന് പോകുന്ന ഭാഗങ്ങളിലുള്ള ' ലൈൻടച്ചിങ്ങ് മറ്റൊരു കാരണമാണ്. സമ്പന്ന കുടുംബങ്ങളിൽ വ്യാപകമായി 'വോൾട്ടേജ് സ്റ്റെബിലൈസറുകൾ ഉപയോഗിക്കുന്നത് വോൾട്ടേജ് പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. തുടരെ തുടരെ യുള്ള അപ്രഖ്യാപിത കട്ടുകൾ ഈ രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വിറകിൻെറ വില വർദ്ധനവ് ഈ രംഗത്ത് ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്നു. ഒന്നാമത് വിറകിൻെറ അമിതമായ വില, രണ്ടാമത് വിറക് കിട്ടുവാനുപം ശേഖരിക്കുവാനുള്ള ബുദ്ധിമുട്ട്. പണ്ട് കാടുകൾ നിറഞ്ഞ ഈ ഭാഗത്ത് വിറക് ലഭ്യത വളരെ കൂടുതലായിരുന്നു. ഇപ്പോൾ കാടുകൾ മുഴുവൻ നഷ്ടപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ വിറകിൻെറ ക്ഷാമം വളരെ യധികം ബാധിച്ചിരിക്കുന്നു.

*സാധ്യതകൾ*

ഊർജ്ജക്ഷമതകൂടുതലുള്ള വിറകടുപ്പുകൾ ഉപയോഗിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് പ്രചരണ പരിപാടികൾ സംഘടിപ്പിക്കണം. പ്രഷർകുക്കർ പോലുള്ള ഉപകരണങ്ങൾക്ക് പ്രചാരം കൊടുക്കുക. വൈദ്യുതി ലൈനുകളിൽ മുട്ടുന്ന വൃക്ഷശാഖകൾ മുറിച്ച് മാറ്റുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം, കാറ്റ്, സൗരോർജ്ജം എന്നിവ വഴി പ്രവർത്തിക്കുന്ന ഉപകരണങ്ങൾ കണ്ടെത്തി ജനങ്ങൾക്ക് കൊടുക്കുവാനുള്ള ഏർപ്പാട് ഉണ്ടാക്കുക.

*അനുബന്ധ വിഷയങ്ങൾ*

ഗ്രാമസഭാ റിപ്പോർട്ടുകളുടെ ചർച്ചക്കിടയിൽ അടൂരിലെ വാർഡ് അംഗങ്ങളുടെ ഭാഗത്ത് നിന്ന് വന്നിട്ടുള്ള പ്രധാനപ്പെട്ട നിർദ്ദേമാശം'' ചിത്രപ്പുഴഭാഗത്ത് കാറ്റ് ധാരാളം അടിക്കുന്നതു കൊണ്ട് കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാവുന്നകാര്യം 9-ാംപദ്ധതിയിൽ പ്രധാന പരിഗണനയായി എടുക്കാനും രണ്ടാമത്തെ കാര്യം ഈമേഖലയിൽ കാലി സമ്പത്ത് ധാരാളം ഉള്ളത് കൊണ്ട് ബയോഗ്യാസ് പ്ലാൻറുകൾ കൃഷിഭവൻെറ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുക.

അമ്പലമേട് വാർഡിനെ സംബന്ധിച്ചിടത്തോളം ഈ പഞ്ചായത്ത് അതിർത്തിയിലെ വൈദ്യുതി കാര്യങ്ങളുടെ ചുമതല പഞ്ചായത്ത് തന്നെ നിർവ്വഹിക്കണം എന്നുള്ളതാണ് ചർച്ചയിൽ വന്ന പ്രധാനപെട്ട കാര്യം . മറ്റൊരു കാര്യം ഗ്രാമപഞ്ചായത്ത് സ്വന്തമായി ഒരു വൈദ്യുതി യൂണീറ്റ് ആരംഭിക്കണം. വൈകീട്ട് 6 മണിക് ശേഷം വ്യവസായങ്ങൾക്കുള്ള വൈദ്യുതിയിൽ നിയന്ത്രണം ഏർപ്പെടുത്തണം. എന്ന നിർദ്ദേശവും അടങ്ങിയിരിക്കുന്നു.

മണ്ണെണ്ണയുടെ ഉപയോഗം നിത്യജീവിതത്തിൽ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ പേർക്ക് മണ്ണെണ്ണകിട്ടത്തക്കവിധം അളവ് വർദ്ധിപ്പിക്കുക. എന്നുള്ളതാണ്'കുഴിക്കാട്

ഗ്രാമനിവാസികളുടെ ആവശ്യം. നിലവിലുള്ള വഴിവിളക്കുകൾ ട്യൂബുകൾ ആക്കണമെന്ന മറ്റൊരു നിർദ്ദേശവും ഉണ്ട്.

എഫ്. എ. ,സി. റ്റി. വാർഡിൻെറ ആവശ്യം ഈ ഭാഗത്തെ ഹരിജൻ വീടുകളിൽ വൈദ്യുതി ഇനിയും എത്തിയിട്ടില്ല. എന്നുള്ളതാണ് പ്രധാനവിഷയം കൂടാതെ ചെല്ലിപ്പാടം മുസ്ലീംപള്ളിക്ക് സമീപം ഒരു സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കണം, നിലവിലുള്ള ട്രാൻഫോർമറിൻെറ കപ്പാസിററി കൂട്ടണം എന്ന നിർദ്ദേശവും ഗ്രാമസഭ റിപ്പോർട്ടുകളിൽ ഊന്നി പറഞ്ഞിട്ടുണ്ട്.

ബ്രഹ്മപുരം വാർഡിൻെറ ആവശ്യം കരിമുകൾ കമ്മ്യൂണിററി ഹാളിനു സമീപമുള്ള ടാൻസ്ഫോർമർ എത്രയും വേഗം ചാർജ് ചെയ്യുന്നതിനുള്ള നടപടി പഞ്ചായത്ത് സമിതി എടുക്കണം. എന്നും മറ്റൊരു ആവശ്യം പുകയില്ലാത്ത അടുപ്പുകൾ ധാരാളം വിതരണം ചെയ്യണം എന്നുമാണ്.

ഊർജ്ജക്ഷാമം അനുഭവപ്പെടുന്നത് കൊണ്ടാണ് പുതിയ വ്യവസായസംരംഭകർ മുന്നോട്ട് വരാത്തത് എന്ന കാര്യം കരിമുകൾ ഗ്രാമസഭാംഗങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഇതിനുള്ള പരിഹാരം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ചുറ്റ് മാനൂർ വാർഡുകളുടെ ആവശ്യമാണ് STEP UP TRANSFORMER ,സ്ഥാപിക്കണം എന്നുള്ളത്. കൂടാതെ SOLAR PANEL , കാറ്റാടി യന്ത്രം എന്നിവസ്ഥാപിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ആരായണം.

എൽ.പി. ജി. ഗ്യാസ്കണക്ഷൻ പഞ്ചായത്ത്തലത്തിൽ ഒരു ഏജൻസി ഉണ്ടാക്കുക,. 25-ഓളം കുടുംബങ്ങൾക്ക് പുതിയതായി വൈദ്യുതി എത്തിക്കുക, STREET LIGHT കൾ കത്താനുള്ള സംവിധാനം ഉണ്ടാക്കുക. എന്നീ ആവശ്യങ്ങൾ വരിക്കോലി ഗ്രാമവാസികൾ ഉന്നയിക്കുന്നു.

നിലവിലുള്ള ടാൻസ്ഫോർമറിൻെറ കപ്പാസിറ്റി വർദ്ധിപ്പിക്കണം. വഴിവിളക്കുകൾ സോഡിയം വേപ്പർ ലാംപുകളായി പരിഷ്കരിക്കുക. നാല് സെൻറ് കോളനികളിൽ വൈദ്യുതി എത്തിക്കുക. എൽ. പി. ജി. ഗ്യാസിന് പുത്തൻ കുരിശിൽ ഒരു ഏജൻസി യെ നിയമിക്കുക എന്നീ ആവശ്യങ്ങൾ പുത്തൻ കുരിശ് വാർഡുകാർ ആവശ്യപ്പെടുന്നു.

വീടുകളിലെ കേടായ മീറ്റർ മാറ്റുക, മീറ്റ ർ സീൽ നിർബന്ധമാക്കുക, മാസത്തിൽ മീറ്റർ റീഡിംങ്ങ്എടുക്കുക. വഴിവിളക്കുകൾ ട്യൂബ്ലൈറ്റ്ആക്കുക. എന്നീ നിർദ്ദേശങ്ങൾ വടവുകോട് ഗ്രാമസഭയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. നിലവിലുള്ള ട്രാൻസ് ഫോർമറിൻെറ കപ്പാസിറ്റി വർദ്ധപ്പിക്കുക. പുകയില്ലാത്ത അടുപ്പുകൾക്ക് പ്രചാരം കൊടുക്കുക എന്നീ ആവശ്യങ്ങൾ കാണീനാട് ഗ്രാമസഭയുടെ റിപ്പോർട്ടിലൂടെ ചൂണ്ടിക്കാണിക്കുന്നു.

നമ്മുടെ ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അവക്കുള്ള പരിഹാരമാർഗ്ഗവും ഈ റിപ്പോർട്ടിലൂടെ ഏറെക്കുറെ വ്യക്തമാക്കുവാൻ കഴിഞ്ഞിട്ടുണ്ട് എങ്കിലും ഊർജ്ജരംഗത്തെ് ക്കുറിച്ചുള്ള കൃത്യമായ കണക്കുകളുടെ ഒരു അപര്യാപ്തത നമ്മുടെ മുമ്പിലുണ്ട്. 9-ാം പദ്ധതി ജനകീയാടിസ്ഥാനത്തിൽ നടപ്പാക്കാൻ കഴിയുമ്പോൾ ഗ്രാമജനതയുടെ വികാരവിചാരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി രൂപപ്പെടുത്തിയെടുത്ത് വികസനം ത്വരിതപ്പെടുത്തുവാൻ കഴിയും. ഇതിനുള്ള ലക്ഷ്യത്തിലേക്ക് നാം അടുക്കേണ്ടതായുണ്ട്.

ആകെ.

അവലംബം കെ. എസ്.ഇ. ബി. പുത്തൻ കുരിശ് ആഫീസ്

ആകെ

## പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ. റ്റി. ട്രാൻസ്ഫോർമറുകളുടെ പേരുകൾ

| | | | |
|---|---|---|---|
| 1 | I.O.C. | 15 | PANNIKUZHI-I |
| 2 | K.T.C | 16 | PANNIKUZHI-II |
| 3 | H.O.T. | 17 | PANNIKUZHI-III |
| 4 | A.B.L. EXCHANGE | 18 | PUTHENCRUZ |
| 5 | BOOST | 19 | VADAVUCODE |
| 6 | KUZHIKADU - I | 20 | KALAVAYAL |
| 7 | KUZHIKADU - II | 21 | KANINADU - I |
| 8 | FACT - BANK | 22 | KANINADU - II |
| 9 | KARIMUGAL - I | 23 | KUTTA |
| 10 | KARIMUGAL - II | 24 | HEBAL |
| 11 | UMBA | 25 | PUTHENCAVU - I |
| 12 | BRAMAPURAM - I | 26 | PUTHENCAVU - II |
| 13 | BRAMAPURAM - II | 27 | MANAMTHADAM |
| 14 | T.L. QAUARRY | 28 | VARIKOLY |

## വൈദ്യുതിസംബന്ധിച്ചവിവരങ്ങൾ

| നിലവിലുള്ള ഉപഭോക്താക്കൾ എണ്ണം | | |
|---|---|---|
| 1 | ഗാർഹികം | 9803 |
| 2 | വ്യാപാരം | 1451 |
| 3 | വ്യവസായം | 265 |
| 4 | കാർഷികം | 1544 |
| | **ആകെ** | **13063** |

| കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം | | |
|---|---|---|
| 1 | ORDINARY | 349 |
| 2 | O.T.P. | - |
| 3 | O.Y.E c | 99 |
| | **ആകെ** | **448** |

## സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| | | |
|---|---|---|
| 1 | ബൾബ് 25W, 40W, 60W, 100W | 1251 |
| 2 | ട്യൂബ് | 520 |
| 3 | മെർക്കുറി വേപ്പർ | 19 |
| 4 | സോഡിയം വേപ്പർ ലാമ്പ് | 50 |
| | ആകെ | **1840** |

അവലംബം കെ. എസ്.ഇ. ബി. പുത്തൻ കുരിശ് ആഫീസ്.

| തൻവർഷത്തെ കണക്ഷൻ | | |
|---|---|---|
| 1 | ORDINARY | 29 |
| 2 | O.T.P. | - |
| 3 | O.Y.E c | 120 |
| | ആകെ | **149** |

## ഹരിജൻ കോളനി വൈദ്യുതികരണം സംബന്ധിച്ച വിവരങ്ങൾ

| വിവിധ വാർഡുകളിലെ വീടുകളുടെ എണ്ണം | വൈദ്യുതി കണക്ഷൻ ലഭിച്ച വീടുകൾ | സൗജന്യ സ്ലാബിൽ വൈദ്യുതി ഉപഭോക്തക്കളുടെ എണ്ണം. | പണം നൽകിവൈദ്യുതി കണക്ഷൻ ലഭിക്കുന്നത കുടുംബങ്ങളുടെ എണ്ണ് |
|---|---|---|---|
| 114 | 114 | 114 | Nil |

നമ്മുടെ പഞ്ചായത്തിൽ വടവുകോട് വില്ലേജിൽ 11.0528 കി.മീ. റോഡും,. പുത്തൻകുരിശ് വില്ലേജിൽ 78.22 കി.മീ. റോഡും ഉണ്ട്. ആകെ 89.2728 കി.മീ വരും. എന്നാൽ സഞ്ചാരായോഗ്യമല്ലാത്ത ഒട്ടനവധി റോഡുകൾ നമ്മുടെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഉണ്ട്. ചുരുക്കം ചില റോഡുകൽ ടാറിടാത്തവയും ഉണ്ട്.

നമ്മുടെ പഞ്ചായത്തിൽ 1960 കാലഘട്ടത്തിനുമുമ്പ് റോഡുകൾ കാര്യമായി ഉണ്ടായിരുന്നില്ല. അത്പോലെ വാഹനങ്ങളുടെ സ്ഥിതി നാമമാത്ര മായിരുന്നു. അന്നത്തെ പ്രധാനയാത്രാമാർഗ്ഗം കാൽ നട തന്നെയായിരുന്നു 1940 - ബ്രഹ്മപുരത്തെ കുറെ ചെറുപ്പക്കാർചേർന്ന്കാടുംമലയും കുന്നുവെട്ടിതെളിച്ച്പുത്തൻചുങ്കത്ത്നിന്ന്പുത്തൻകുരിശിലേക്ക് 9കിലോമീറ്ററോളം വരുന്നറോഡ് നിർമ്മിച്ച് ഈ പഞ്ചായത്തിലെ ഗതാഗതചരിത്രത്തിലെ നാഴികകല്ലാണ് 1960 കൾക്ക് ശേഷം അമ്പലമേട്ടിൽ വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചപ്പോൾ, നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതിയും ഒപ്പം ഗ്രാമങ്ങളുടെ സ്വഭാവവും മാറിത്തുടങ്ങി. ധാരാളം റോഡുകൾ പുതിയതായി ഉണ്ടായി. അതോടു കൂടി വാഹനങ്ങളുടെ എണ്ണവും വർദ്ധിച്ചു.

പഞ്ചായത്തിലെ റോഡുകളുടെ വിവരങ്ങൾ

| റോഡുകൾ | കിലോമീറ്റർ |
|---|---|
| VTC & VRM | 83.149 |
| പഞ്ചായത്ത് ബ്ലോക്ക് റോഡുകൾ | 51.564 |
| METAL ROAD | 1.660 |
| GRAVELLED ROAD | 29.970 |

ഇന്നത്തെ സ്ഥിതി തികച്ചും വിഭിന്നമാണ്. പുതിയ റോഡുകളുടെ ആവിർഭാവത്തോട് കൂടി റോഡുകളിൽ ജനത്തിരക്ക് വർദ്ധിച്ചു. വ്യവസായ സ്ഥാപനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മറ്റ്, ഗവൺമെൻറ് ഓഫീസുകൾ എന്നിവയുടെ വർദ്ധനവ് മൂലം ധാരാളം വാഹനങ്ങളുടെ അതിപെരുപ്പം തന്നെ റോഡുകളിൽ ഉണ്ടായി. മാറിവന്ന സാഹചര്യത്തിൽ പുതിയ റോഡുകളുടെ ആവിർഭാവം തന്നെ ഉണ്ടായി. ഒപ്പം തന്നെ പല റോഡുകളുടേയും സ്വഭാവത്തിൽ തന്നെ കാതലായ മാറ്റം സംഭവിച്ചു. റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് ഒരു കാരണം പല റോഡുകൾക്കും കാനകൾ ഇല്ലെന്നുള്ളതാണ്. മറ്റൊരു കാരണം കരാറുകാരൻ കൂടുതൽ ലാഭം കണ്ട് കൊണ്ട് പ്രവർത്തിക്കുന്നത് കൊണ്ടാണ്.


വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്
-റോഡുകൾ-
N
തിരുവാണിയൂർ പഞ്ചായത്ത്
പഞ്ചായത്തിലെ അതിർത്തികൾ
N.H 47
പഞ്ചായത്ത് റോഡുകൾ
ജംഗ്ഷൻ- പ്രധാന സ്ഥാപനങ്ങളും

9-ാം പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിലെ റോഡുകളുടെ വികസനം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കഴിയുമെന്നാണ് ഗ്രാമസഭകളിൽ നിന്ന് ഉയർന്ന വന്ന പ്രധാന നിർദ്ദേശം. റോഡ് നിർമ്മാണവേളകളിൽ,, അവയുടെ നിർമ്മാണത്തിലുണ്ടാകുന്ന പാകപ്പിഴകൾ, കണ്ടെത്താൻ സമിതികൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നു വന്നിട്ടുണ്ട്. റോഡുകളുടെ നല്ലൊരു ഭാഗം ടെലിഫോൺ കേബിൾ, ഇലക്ട്രിക്പോസ്ററുകൾ, കുടിവെള്ള പൈപ്പുകൾ എന്നിവ കൈയടക്കിയിരിക്കുന്നു എന്ന് കാണാം. കൂടാതെ പല പ്രധാന കവലകളിലും വ്യാപാരസ്ഥാപനങ്ങൾ റോഡിലേക്ക് ഇറക്കി പണിയുന്ന പ്രവണത കണ്ട് വരുന്നു. ആസൂത്രണത്തിൽ വന്ന ദീർഘവീക്ഷണമില്ലായ്മയും പാളിച്ചയുമാണ് ഇത്തരംബുദ്ധിമുട്ടുകൾക്ക് കാരണം.

ഭാവിയിൽ നമ്മുടെ റോഡ് വികസനത്തിൽ ഇത്തരം കാര്യങ്ങൾക്ക് പരമ പ്രധാനമായ പ്രാധാന്യം കൊടുക്കണം. അത്പോലെ തന്നെ പുതിയ റോഡുകൾ ദീർഘകാലാടിസ്ഥാനത്തിൽ 9-ാം പദ്ധതിയിൽ പരിഗണന കൊടുത്ത് കൊണ്ട് നടപ്പാക്കണം.

## പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിനെ, തൃപ്പൂണിത്തുറയുമായി ബന്ധിപ്പിക്കുന്ന ചിത്രപുഴ പാലം വന്നതോടെയാണ് പഞ്ചായത്തിൽ ത്വരിതഗതിയിലുള്ള വികസനം കൈവന്നത് ഈ പാലം പണിതിട്ട് 34 വർഷം കഴിഞ്ഞു. ഇതിന് സമാന്തരമായ ഒരു റോഡ് നിർമ്മിച്ച് എറണാകുളം പട്ടണവുമായി ബന്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഈ പാലത്തിന്റെ ബലത്തെ ക്കുറിച്ചും, അതിന് സമാന്തരമായ മറ്റൊരു പാലത്തിന്റെ നിർമ്മാണത്തെക്കുറിച്ചും ആലോ ചിക്കേണ്ടസമയം അതിക്രമിച്ചിരിക്കുന്നു. ടൺ കണക്കിന് ഭാരമുള്ള വാഹനങ്ങൾ കടന്ന് പോകുന്ന ഈ പാലം ബലത്തിൽ പിറകോട്ട് അല്ലെങ്കിലും ദീർഘവീക്ഷണത്തിൽ മറ്റൊരു മാർഗ്ഗത്തെക്കുറിച്ച് ആലോചിക്കേണ്ടിയിരക്കുന്നു.

തിരുവാങ്കുളം പഞ്ചായത്തിൽ പെട്ട ഇരുമ്പനവും വടവുകോട് പുത്തൻ കുരിശ് പഞ്ചായത്തിൽ പെട്ട എഫ്. എ. സി. റ്റി. (സി.ഡി)യുടെ സ്ഥലവും തമ്മിൽ ബന്ധിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ''കോച്ചിറക്കടവ്പാലം'' ആലുവ വ്യവസായമേഖല, കാക്കനാട്, സിവിൽ സ്റേറഷൻ, കൊച്ചി വില്ലിംഗ് ടൺ ഐലൻറ് എന്നിവടങ്ങളിൽ നിന്നും എഫ്. എ. സി. റ്റി. യിലേക്കുള്ള ദൂരത്തിൽ ഉദ്ദേശം 6 മുതൽ 10 കിമീ. വരെ ലാഭിക്കുവാൻ കഴിയും. ബി. ഡി.പി.പി.പ്രൊജക്ടിലേക്കും, ബ്രഹ്മപുരം പ്രദേശത്തിലേക്കും എഫ്. എ. സി. റ്റി. യുടെ അകത്ത് കൂടി എളുപ്പമാർഗ്ഗമാകുന്നതിന് ഈ പാലത്തിന് കഴിയും. കമ്പനി വാഹനങ്ങൾക്ക് പുറമേ റോ മേറ്റീരിയലും, ഉൽപന്നങ്ങളുമായി ധാരാളം വാഹനങ്ങൾ എഫ്. എ. സി. റ്റി. (സി.ഡി)യുമായി ദിവസേനബന്ധപ്പെടുന്നുണ്ട്. അതുകൊണ്ട് ഈ പാലത്തിന്റെ നിർമ്മാണം അനിവാര്യമാണ്. സംസ്ഥാന ഗവൺമെൻറിന്റെ പരിഗണനയിൽ പലപ്പോഴും വന്നിട്ടുള്ള ഈ പദ്ധതിയുടെ നിർമ്മാണത്തിനായി 1989 ൽ സംസ്ഥാന ധനകാര്യ മന്ത്രിവിളിച്ച് ചേർന്ന ഉന്നതതലകമ്മറ്റിയിൽ നിർമ്മാണച്ചിലവിന്റെ ഒരു ഭാഗം എഫ്. എ. സി. റ്റി. വഹിക്കാമെന്ന്

സമ്മതിച്ചതായി മനസിലാക്കുന്നു. ചിത്രപുഴ, കരിമുകൾ റോഡിന് സമാന്തരമായി തീരുന്ന ഈ മാർഗ്ഗം 1984 ൽ റിഫൈനറിയിൽ ഉണ്ടായത് പോലുള്ള അപകടം മേലിൽ ആവർത്തിക്കാൻ ഇടയായാൽ ഈ പാലം രക്ഷാമാർഗ്ഗമായി ഉപയോഗപ്പെടുത്താം.

## നിർമ്മാണരംഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

റോഡുകളുടെ നിർമ്മാണ രംഗവുമായി ബന്ധപ്പെട്ട് കിടക്കുന്ന പ്രശ്നങ്ങളിലേക്ക് കടക്കുമ്പോൾ, മരാമത്ത് വകുപ്പിൻെറ അലസതയുടെ അതിനെ സംബന്ധിക്കുന്ന അഴിമതിയുടെ പ്രശ്നങ്ങളും ജനങ്ങൾക്ക് ധാരാളം പറയാനുണ്ടാകും. അതിൽ പ്രാധാനപ്പെട്ട ഒന്നാണ് കരാർ രംഗത്തെ അഴിമതി.ഈ അഴിമതി ഒരു തുടർക്കഥയായി മാറുമ്പോൾ, സ്വാഭാവികമായും നിർമ്മാണ ജോലികളുടെ അലകും പിടിയും നഷ്ടമാക്കുന്നു. ഈ രംഗവുമായി ബന്ധപ്പെട്ട്, ഭംഗിയായി ജോലിനിർവ്വഹിക്കേണ്ട ഉദ്യോഗസ്ഥരിൽ ഭൂരിഭാഗവും അലംഭാവത്തോടെ പെരുമാറുന്നു. തന്മൂലം അത് വേണ്ട വിധത്തിൽ ശ്രദ്ധിക്കാൻ കഴിയാതെ വരുന്നു.

9-ാം പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുമ്പോൾ ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധയും കഠിനപ്രയ്നവും ആവശ്യമാണന്ന് ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു.

## പാർക്കിംങ് സൗകര്യങ്ങളുടെ അപര്യാപ്തത

നമ്മുടെ പഞ്ചായത്തിൽ തലങ്ങോളം വിലങ്ങോളം റോഡുകളും ഇതിനനുസരിച്ചുള്ള വാഹനത്തിരക്കും, ജനത്തിരക്കും നിത്യേനയെന്നോണം അനുഭവപ്പെടുന്നു. ജനത്തിരക്കേറിയ പട്ടണങ്ങളിൽ അടിയന്തിരമായി ബസ്സ്റേഷനും ടാക്സി സ്ററാൻഡും, ഓട്ടോറിക്ഷാ സ്ററാൻഡും ആരംഭിക്കേണ്ടിയിരിക്കുന്നു. ഉദാഹരണത്തിന് കരിമുകളിലും, പുത്തൻ കുരിശിലും ബസ്സ് പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം നിലവിലില്ല. അത് പോലെ തന്നെ അമ്പലമേടിലും അമ്പലമുകളിലും പുത്തൻ കുരിശിലും ഒരോ ടാക്സിസ്ററാൻഡും ആവശ്യമാണ്. അത്പോലെ ഒരു ഓട്ടോ സ്ററാൻഡും പുത്തൻ കുരിശിൽ അത്യാവശ്യമാണ്.

## സാധ്യതകൾ

നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട എല്ലാ റോഡുകൾക്കും കാനകൾ നിർമ്മിക്കാനുള്ള സന്നദ്ധ പ്രവർത്തനം 9-ാം പദ്ധതയിൽ സംഘടിപ്പിക്കണം. അത്പോലെ ടൗൺ ഭാഗങ്ങളിൽ കാനകൾക്ക് സ്ലാബുകൾ ഇടേണ്ടതും ആവശ്യമാണ്. മാത്രമല്ല റോഡുകളുടെ മെയിൻറൻസ്പണി യഥാകാലം ചെയ്യാന്നത് കൊണ്ട് റോഡുകൾ മോശമായി കൊണ്ടിരിക്കുന്നു അവസ്ഥ ഇന്നുണ്ട്. ഇതിൻെറ പരിഹാരമെന്ന നിലയിൽ ബഹുജനപങ്കാളിത്തത്തോടെ റോഡുകളുടെ അററക്കുററപ്പണി ഏറ്റെടുത്ത് നടത്തുവാൻ കഴിയണം. പ്രധാനപ്പെട്ട പല റോഡുകളും ടാറിടേണ്ട അവസ്ഥയിൽ എത്തിനിൽക്കുന്നു. ഇത് വളരെ പ്രാധാന്യത്തോടെ നടപ്പക്കണം. 9-ാം പദ്ധതിയിൽ ഓരോ വാർഡിലും പുതിയ റോഡുകളുടെ ധാരാളം നിർദ്ദേശങ്ങൾ ഉണ്ട് ഈ റോഡുകളെല്ലാം 9-ാം പധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കണം. റോഡിൻെറ സംരക്ഷണരംഗവുമായി

ബന്ധപ്പെടുത്തി ഒരു പ്രാദേശിക സമിതികൾക്ക് രൂപം കൊടുക്കുന്നത് നന്നായിരിക്കും. അത്കൊണ്ട് നിർമ്മാണ ജോലി അടക്കമുള്ള കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുവാൻ കഴിയും. റോഡുകളിൽ നീർക്കെട്ട് ഉള്ളത് കൊണ്ട് റോഡ് പലപ്പോലും മോശമാക്കുന്നു. ഇതൊഴിവാക്കുന്നതിന് റോഡിൽ കൽവർട്ടുകൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡുകളുടെ പേര്, സ്വഭാവം നീളം, വീതി എന്നിവ ചുവടെ ചേർക്കുന്നു.

### വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്തിലെ റോഡുകൾ

| ക്രമ: നമ്പർ | റോഡിൻെറ പഴയ പേര് | പുതിയ റോഡിൻെറ പേര് | റോഡിൻെറ സ്വഭാവം | റോഡിൻെറ നീളവും | വീതിയും |
|---|---|---|---|---|---|
| 1. | അടൂർ റോഡ് | | ടാർ | 1150 മീറ്റർ | 6 മീറ്റർ |
| 2. | അടൂർ വൈസ്ററ് ഫിനോൾ റോഡ് | | ടാർ | 1450 മീ | 6 മീ |
| 3. | കൊടിഞ്ഞൂർ റോഡ് | | ടാർ | 300 മീ | 6 മീ |
| 4. | ഏറ്റിക്കര - പണ്ടാരൻമുക്ക് | | ടാർ | 2000 മീ | 8 മീ |
| 5. | കൊടിഞ്ഞൂൾ അബലം റോഡ് | | ഗ്രാവൽ | 200 മീ | 6 മീ |
| 6. | ഇടവനം ത്താഴം റോഡ് | | ഗ്രാവൽ | 200 മീ | 6 മീ |
| 7. | ആശ്രമം റോഡ് | | ടാർ | 650 മീ | 8 മീ |
| 8. | അശ്രമം ബ്രാഞ്ച് റോഡ് | | ഗ്രാവൽ | 280 മീ | 5 മീ |
| 9. | വാഴപ്പത്തോട്ടത്തു താഴം | | ടാർ | 844 മീ | 8 മീ |
| 10. | അമ്പലമേട് വേളൂർ പ്പാടം | | ടാർ | 850 മീ | 8 മീ |
| 11. | കുരുവേലിത്താഴം റോഡ് | | ടാർ | 750 മീ | 6 മീ |
| 12. | പോന്താലത്താഴം റോഡ് | | ടാർ | 550 മീ | 8 മീ |
| 13. | പാലക്കാട് താഴം റോഡ് | | ഗ്രാവൽ | 750 മീ | 7 മീ |
| 14. | വരിക്കോലി തണ്ണാപ്പറമ്പ് പുലിയാമ്പിള്ളി മുകൾ എച്.ഒ.സി. | | ടാർ | 3800 മീ | 8 മീ |
| 15. | അമ്പലമേട് വേളൂർപ്പാടം മുതൽ വരിക്കോലി | | ടാർ | 500 മീ | 8 മീ |
| 16. | വരിക്കോലി തണ്ണാപറമ്പ് റോഡിൽ നിന്ന് മഞ്ചേരിത്താഴം റോഡ് | | ഗ്രാവൽ | 700 മീ | 8 മീ |
| 17. | പുലിയാമ്പിള്ളി മുകൾ നണ്ണാൽ ചിറ റോഡ് | | ഗ്രാവൽ | 500 മീ | 8 മീ |

| | | | | | |
|---|---|---|---|---|---|
| 18. | കോളനിലിങ്ക് റോഡ് പുലിയമ്പിള്ളി മുകം കനണ്ണാൽ ചിറ റോഡിൽ നിന്ന് വരിക്കോലി നണ്ണാമ്പറമ്പ് | | ടാർ | 450 മീ | 5 മീ |
| 19. | കോളനി റോഡ് | | ഗ്രാവൽ | 200 മീ | 5 മീ |
| 20. | പുലിയാമ്പിള്ളിമുകം അംഗൻവാടി റോഡ് | | ഗ്രാവൽ | 150 മീ | 6 മീ |
| 21. | ചാലിക്കര അത്യാട്ടുതാഴം | | ടാർ | 720 മീ | 6 മീ |
| 22. | കോരക്കരി റോഡ് | | ഗ്രാവൽ | 900 മീ | 8 മീ |
| 23. | കാണ്യാട്ടുപാടം റോഡ് | | ഗ്രാവൽ | 510 മീ | 8 മീ |
| 24. | ചക്കാലമുലത്താഴം റോഡ് | | ടാർ | 760 മീ | 6 മീ |
| 25. | ചക്കാലമൂലകോളനി റോഡ് | | ഗ്രാവൽ | 275 മീ | 6 മീ |
| 26. | പാടത്തിക്കര റോഡ് | | ടാർ | 400 മീ | 8 മീ |
| 27. | മൂത്തേടത്തുക്കുഴി കോഴിക്കമുണ്ടോൽ റോഡ് | | ടാർ | 550 മീ | 8 മീ |
| | കൂളിയാട്ടു പാടം റോഡ് | | ടാർ | 350 മീ | 6 മീ |
| 28. | കരിമുകം ചിത്രപുഴ റോഡ് മുതൽ റോഡ് വേന്താലത്താഴം റോഡ് | A.K.G. റോഡ് | ഗ്രാവൽ | 550 മീ | 8 മീ |
| 29. | കുഴിയാഞ്ഞാൽ പാടം റോഡ് യുവശക്തി റോഡ് | | ടാർ | 300 മീ | 6മീ |
| 30. | വെണ്ണിത്താടം തൊകലാ ശ്ശേരിത്താഴം പള്ളിമുകം കോളനി റോഡ് | സെൻറ്.ജോർജ്ജ് റോഡ് | ടാർ | 1000 മീ | 5 മീ |
| 31. | E ഷേപ് റോഡ് | | ടാർ | 200 മീ | 6 മീ |
| 32. | പള്ളിമുകം ക്യസ്ത്യൻ കോളനി റോഡ് | | ടാർ | 550 മീ | 7 മീ |
| 33. | കടമ്പേത്തുമൂല റോഡ് | | ടാർ | 330 മീ | 8 മീ |
| 34. | കരിമുകം മൂലത്താഴം റോഡ് | | ടാർ | 250 മീ | 6 മീ |
| 35. | കടമ്പേത്തുമൂല അധികാരിമൂല റോഡ് | M.NG. നായർ സ്മാരക റോഡ് | ഗ്രാവൽ | 850 മീ | 8 മീ |
| 36. | കടമ്പേത്തു മൂല മിച്ച ഭൂമി റോഡ് | | ടാർ | 150 മീ | 6 മീ |

| | | | | | |
|---|---|---|---|---|---|
| 37. | കടമ്പേത്തുമൂല<br>വടായത്തുകുഴി<br>അധികാരിമൂല<br>ലിംങ്ക്റോഡ് | അയ്യങ്കാളി റോഡ് | ഗ്രാവൽ | 700 മീ | 6 മീ |
| 38. | അധികാരി മൂല<br>അക്യൂഡേററ്റോഡ് | തേവൻ മെമ്മോ<br>റിയൽ റോഡ് | ഗ്രാവൽ | 360 മീ | 6 മീ |
| | കടമ്പേത്തുമൂല റോഡ് | | ടാർ | 400 മീ | 6 മീ |
| 39. | കരിമുകം മാർക്കറ്റ് റോഡ് | | ഗ്രാവൽ | 150 മീ | 6 മീ |
| 40 | ക്ലേ കമ്പനി റോഡ് | | ഗ്രാവൽ | 300മീ | 4 മീ |
| 41. | കണിച്ചിക്കുഴി റോഡ് | | ഗ്രാവൽ | 520മീ | 5 മീ |
| 42. | അധികാരിമൂല<br>കടമ്പേത്തുമൂല ഹരിജൻ<br>കോളനി റോഡ് | | ടാർ | 600മീ | 8 മീ |
| 43. | നായർ കോളനി റോഡ് | | ടാർ | 550 മീ | 6 മീ |
| 44. | നായർ കോളനി റോഡ്<br>ലിംഗ്ഗോസ് | | ടാർ | 800മീ | 6 മീ |
| 45. | ഹരിജൻ കോളനി<br>ലിംങ്ക് റോഡ് | | ഗ്രാവൽ | 600മീ | 6 മീ |
| 46. | അമ്പലപറമ്പ്റോഡ് | | ടാർ | 300മീ | 8 മീ |
| 47. | ഹരിജൻ കോളനി<br>ചാത്തിനി ക്കോട്ട്റോഡ് | | ടാർ | 1835 മീ | 6 മീ |
| 48. | ഹരിജൻ കോളനി<br>പാലേക്കുഴി റോഡ് | | ഗ്രാവൽ | 700മീ | 6 മീ |
| 49. | കരിമുകം-മൂലേക്കുഴി റോഡ് | | ടാർ | 400 മീ | 6 മീ |
| 50. | പിച്ചിങ്ങചിററോഡ് | | ടാർ | 1000 മീ | 7 മീ |
| 51. | എളുമല റോഡ് | | ഗ്രാവൽ | 250 മീ | 4 മീ |
| 52. | മത്തോക്കിത്താഴം<br>പുറ്റുമാനൂർ അപ്പോടു<br>കുടിത്താഴം കരിമുകം | നേതാജി റോഡ് | ടാർ | 2550 മീ | 8 മീ |
| 53. | പന്നിക്കോട്ട്അബലം റോഡ് | | ടാർ | 850 മീ | 6 മീ |
| 54. | മേല്ലൂർ ചർച്ച് ചെങ്ങാ<br>നാട്ത്താഴം റോഡ് | | ടാർ | 900 മീ | 8 മീ |

| | | | | | |
|---|---|---|---|---|---|
| 55. | പന്നിക്കുഴി ചെങ്ങാ നാട്താഴം റോഡ് | ബാപുണ്ടി റോഡ് | ടാർ | 1600 മീ | 8 മീ |
| 56. | വടയമ്പാത്തു മലറോഡ് | റ്റി.കെ. മത്തായി മെമ്മോറിയിൽ റോഡ് | ടാർ | 600 മീ | 8 മീ |
| 57. | അഴക്കനായത്തു ത്താഴം റോഡ് | | ഗ്രാവൽ | 450 മീ | 5 മീ |
| 58. | പാൽപ്പാത്തുത്താഴം റോഡ് | | ടാർ | 1000 മീ | 8 മീ |
| 59 | കോമനവേളുർ ചർച്ച റോഡ് | | ടാർ | 380 മീ | 8 മീ |
| 60. | അത്യാട്ടുത്താഴം പേന്താലത്യാഴം റോഡ് | | ടാർ | 1000 മീ | 8 മീ |
| 61. | ആറാട്ട് മലറോഡ് | | ടാർ | 600 മീ | 8 മീ |
| 62. | വരിക്കോലി നെണ്ണാപറമ്പ് ചുററുമാനൂർ മറ്റക്കുഴിത്താഴം റോഡ് | സേവ്യർ റോഡ് | ടാർ | 750 മീ | 6 മീ |
| 63. | ഒ.ഇ. എൻ. ലിംങ്ക്റോഡ് | | ടാർ | 450 മീ | 6 മീ |
| 64. | തിരുവാണിയൂർ ബൗണ്ടറി റോഡ് | | ടാർ | 800 മീ | 6 മീ |
| 65. | കത്തോലിക്കത്താഴം ജീവൻ സെൻറർ റോഡ് | | ടാർ | 750 മീ | 6 മീ |
| 66. | പെരുന്നാറമുകം റോഡ് | | ഗ്രാവൽ | 290 മീ | 4 മീ |
| 67. | പുത്തൻ കുരിശ് ഫിഷ് മാർക്കറ്റ് റോഡ് | | ടാർ | 350 മീ | 6 മീ |
| 68. | ചർച്ച റോഡ് | സെൻറ് പീറ്റേഴ്സ് റോഡ് | ടാർ | 300 മീ | 14 മീ |
| 69. | വെജിറ്റിബിറം മാർക്കറ്റ് റോഡ് | | ടാർ | 150 മീ | 5 മീ |
| 70. | മുശാരികുടി റോഡ് | ബി.റ്റി.ആർ.റോഡ് | ടാർ | 1250 മീ | 6 മീ |
| 71. | കാവനാച്ചിറ റോഡ് | | ടാർ | 230 മീ | 5 മീ |
| 72. | തേലക്കാട്ട്താഴം റോഡ് | | ഗ്രാവൽ | 500 മീ | 3 മീ |
| 73. | രാജർഷി റോഡ് | | ടാർ | 1150 മീ | 8 മീ |
| 74. | മുല്ലേക്കുഴി റോഡ് | | ടാർ | 650 മീ | 6 മീ |
| 75. | മണ്ണേക്കാട്ടു മല റോഡ് | | ടാർ | 1400 മീ | 6 മീ |

| | | | | | |
|---|---|---|---|---|---|
| 76. | രാജർഷി കനാൽ ബണ്ട് റോഡ് | | ഗ്രാവൽ | 500 മീ | 6 മീ |
| 77. | പുത്തൻ കുരിശ് പണിക്കഴിപ്പാടം കെല്ലപ്പടി റോഡ് | കെ. പി. പോത്തൻ റോഡ് | ടാർ | 2600 മീ | 8 മീ |
| 78. | അയിനിച്ചിറ റോഡ് | കുര്യൻ സ്റോഡ് | ഗ്രാവൽ | 600 മീ | 6 മീ |
| 79. | കാറ്റിൽ മാർക്കററ് റോഡ് | | ടാർ | 800 മീ | 6 മീ |
| 80. | ചേതസ് പി. എച്ച്. സെൻറർ റോഡ് | M.V. മത്തായി റോഡ് | ഗ്രാവൽ | 720 മീ | 6 മീ |
| 81. | ക്രിസ്ത്യൻ സെൻറർ റോഡ് | | ടാർ | 1050 മീ | 6 മീ |
| 82. | ഓറംഡ് പോലീസ് സ്റേഷൻറോഡ് | | ടാർ | 965 മീ | 6 മീ |
| 83. | ഫാർമേഴ്സ് റോഡ് | | ടാർ | 960 മീ | 6 മീ |
| 84. | എം. ജി. റോഡ് | | ഗ്രാവൽ | 1200 മീ | 6 മീ |
| 85. | രാമല്ലൂർ റോഡ് | | ടാർ | 1200 മീ | 6 മീ |
| 86. | രാമല്ലൂർ വലിയ ചിറ റോഡ് | | ടാർ | 430 മീ | 8 മീ |
| 87. | മുപ്പാട്ടുമുകം കോളനി റോഡ് | | ടാർ | 750 മീ | 6 മീ |
| 88. | കുറ്റചർച്ച് റോഡ് | | ടാർ | 500 മീ | 6 മീ |
| 89. | കുററ കോളനി റോഡ് | | ഗ്രാവൽ | 650 മീ | 6 മീ |
| 90. | കനാൽ ബണ്ട് കുറ്റാകോളനിറോഡ് | | ടാർ | 1000 മീ | 6 മീ |
| 91. | കാണിനാട് സെൻറർ റോഡ് | | ടാർ | 650 മീ | 6 മീ |
| 92. | ബ്രഹ്മപുരം യു.പി.എസ്. കുഴിയാഞ്ഞേൽ പാടം റോഡ് | | ഗ്രാവൽ | 600 മീ | 6 മീ |
| 93. | കൊല്ലപ്പടികുറ്റാ ക്കോളനി റോഡ് | | ടാർ | 650 മീ | 8 മീ |

## ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

*വാർഡ് 1 അടൂർ*

മാച്ചേരിത്താഴം ശാസ്താം റോഡ് നിർമ്മിക്കുന്നതിന് നടപടിസ്വീകരിക്കുക.

അടൂർ കക്കാട് റോഡ് നിർമ്മിക്കുക.

*വാർഡ് 2 അമ്പലമേട്*

എം.കെ. കെ. നായർ റോഡ് കരിവേലിപ്പാടം റോഡുമായി ബന്ധിപ്പിക്കുക. ആശ്രമം കോളനി റോഡ് പുലിയാംബിള്ളി റോഡുമായും അഷ്ടകുല ദേവത റോഡുമായി പരേത്തുപാടം റോഡുമായും ബന്ധിപ്പിക്കുക. മറ്റു നിർദ്ദേശമുള്ളത് മാടവനക്കരോട്ട് റോഡ് പേന്താലത്താഴം റോഡുമായി ബന്ധിപ്പിക്കുക.

എറണക്കുള്ളത് നിന്നും, പെരുമ്പാവൂരിൽ നിന്നും ആലുവായിൽ നിന്നും അമ്പലമോട് വ്യവസായ മേഖലയിലേക്ക് കെ. എസ്.ആർ. റ്റി. സി. ബസ് ആരംഭിക്കുക.

*വാർഡ് 3 കുഴിക്കാട്*

നണ്ണാൻ താഴം മുതൽ എച്ച്. ഒ .സി. വരെയുള്ള റോഡ് കുഴിക്കാട് മുതൽ വരിക്കോലി വരെയുള്ള റോഡ് എന്നിവ നിർമ്മിക്കേണമെന്ന് നിർദ്ദേശങ്ങളിൽപെടുന്നു.

*വാർഡ് 4 എഫ്.എ.സി.റ്റി.*

1. കുളീയാടട്ട് പാടം റോഡ് (കാഞ്ഞോത്ത് പാടം) റോഡുമായും
2. ബ്രഹ്മപുരം നിലം പതിഞ്ഞിമുതം റോഡ്, പാലം എന്നിവയും
3. കോച്ചിറക്കാട് - ഇരുമ്പനം പാലം എന്നിവയും നിർമ്മിക്കുക.

ചോറ്റാനിക്കര - ഗുരുവായൂർബസ് കരിമുകളിൽ കൂടി കടന്നു പോകുന്നതിന് സംവിധാനം ഉണ്ടാക്കുക.

എറണാകുളം,മുവ്വാറ്റുപുഴ എന്നീ ഡെപ്പോകളിൽ നിന്ന് ബ്രഹ്മപുരത്തേക്ക് കെ. എസ്.ആർ.റ്റി.സി .ബസ് അനുവദിക്കുക.

*വാർഡ് 5 ബ്രഹ്മപുരം*

ഈ വാർഡിൽ പൂർത്തികരിക്കാത്ത റോഡുകളുടെ നിർമ്മാണം ഉടൻ പൂർത്തിയക്കണം. എന്നി നിഹദ്ദേശമുണ്ട്. പ്രധാനപ്പെട്ടവ ഇവയാണ് ചക്കാലക്കുഴി, എലഞ്ഞേരിത്താഴം റോഡ്, കുഴിയാത്തമൂല-പിന്നർ മുനൂർ റോഡ് പോളേത്താഴം റോഡ് , മേച്ചിറപ്പാട്ട് കരോട്ട് റോഡ്. തേനുമൂലം വടക്കും കരിക്കോഡ് മുസ്ലീം പള്ളി ഭാഗം വരെ ബന്ധിപ്പിക്കുക.

ബ്രഹ്മപുരം യു. പി. എസ് കിഴക്കേത്താഴം റോഡ് പിണർ റോഡുമായി ബന്ധിപ്പിക്കുക

*വാർഡ് 6 കരിമുകം*

കരിമുകം ടൗണിൽ വീതി വർദ്ധിപ്പിച്ച് വൺവേ സംവിധാനം ഏർപ്പെടുത്തണമെന്ന നിർദ്ദേശം റിപ്പോർട്ടിൽ പറയുന്നു. പഴയ റോഡുകൾ വികസിപ്പിക്കുക.

*വാർഡ് 7 പുററുമാനൂർ*

കനാൽ ബണ്ട് റോഡുകൾ ടാർ ചെയ്യുക. കോളനികളിൽ ഗതാഗത സൗകര്യം ഉണ്ടാക്കുക. പുതിയ റോഡുകൾ സ്ഥാപിക്കുക. എന്നി നിർദ്ദേശങ്ങൾ ഉന്നയിക്കുന്നു.

*വാർഡ് 8 വരിക്കോലി*

പുളികുഴിക്കവല അമ്പലമുകൾ റോഡ് നിർമ്മിക്കുക.

തേലക്കാട് ഭാഗം റോഡ് - മഞ്ഞേക്കി ത്താഴം റോഡുമായി ബ്ന്ധിപ്പിക്കുക, തണ്ണാംങ്കുഴി കവല - പുറ്റുമാന്നൂർ റോഡ്മായും, ബന്ധിപ്പിക്കുക. വരിക്കോലി ആശുപത്രിയിൽ നിന്നും വരുന്ന ജലം റോഡിലേക്ക്‌വരാതെ കാന കെട്ടി തിരിച്ച്‌വിടുക എന്നീ നിർദ്ദേശങ്ങളാണ് റിപ്പോർട്ടു ചെയ്യുന്നത്

*വാർഡ് 9 പുത്തൻ കുരിശ്*

വടവുകോട് വില്ലേജ് അതിർത്തി റോഡ് നാല് സെൻറ് കോളനി റോഡ്) വടവുകോട് ആശുപത്രിറോഡ്, പണിക്കുഴി കോളനി റോഡ് എന്നിവയുടെ നിർമ്മാണം പുർത്തിക്രിക്കുക. കെഐഎസ്ആർ.റ്റി. സി. സ്റ്റേഷൻ മാസ്ററർ ഓഫീസ് പുന:സ്ഥാപിക്കുക. ഒരു കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുക. എന്നീ അവശ്യങ്ങളാണ് പ്രധാനപ്പെട്ടവ.

*വാർഡ് 10 വടവുകോട്*

രാജർഷി റോഡ് വടവുകോടു മായി ബന്ധിപ്പിക്കുക.

കൊല്ലാപ്പടി റോഡിൽ നിന്നും പോകുന്ന വടവുകോട് വില്ലേജ് അതിർത്തിറോഡ് മായി ബന്ധിപ്പിക്കുക, വടവുകോട് -പങ്കോട് റോഡ് പഴയ പോലീസ് സ്റേറഷൻ റോഡുമായി കിഴക്കേ കുററ റോഡ് പഴയ പോലീസ് സ്റേറഷൻ റോഡുമായും ബന്ധിപ്പിക്കുക. രാജർഷിറോഡ് ആലുവ റോഡുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡ് നിർമ്മിക്കുക. എന്നിവയാണ് നിർദ്ദേശങ്ങൾ നിലവിലുണ്ടായിരുന്ന കെ. എസ് ആർ. ററി. സി. ബസ്സുകൾ പുന:സ്ഥാപിക്കുക എന്നീ ആവശ്യങ്ങളാണ് പ്രധാനം.

*വാർഡ് 11 കാണിനാട്*

യാത്രാ സൗകര്യത്തിന് കൂടുതൽ ബസ് സർവ്വീസ് ആരംഭിക്കണം എന്ന നിർദ്ദേശമുണ്ട്.

നിലവിലുണ്ടായിരുന്ന കെ. എസ്. ആർ.റ്റി.സി./സ്വകര്യ ബസ് പുന:സ്ഥാപിക്കുക. എന്നീ ആവശ്യങ്ങളാണ് പ്രധാനമായവ. റോഡുകളുടെ അറ്റക്കുററപ്പണികൾ നടത്തുക എറണാകുളത്തുനിന്നും വന്ന്കരിമുകളിൽ ഓട്ടം അവസാനിപ്പിക്കുന്ന ബസുകൾ കാണിനാട്‌വരെ നീട്ടുക.

## പാർപ്പിടം

ഈ പഞ്ചയത്തിൽ ആകെ 5850 കുടംബങ്ങളാണ് ഉള്ളത്. എല്ലാവർക്കും മിനിമം പാർപ്പിടസൗകര്യം എന്ന ലക്ഷ്യം അവശേഷിക്കുന്നു. ഈ പഞ്ചായത്തിൽ സ്വന്തയമായി വീടില്ലാത്ത 700ൽ ഏറെ കുടുംബങ്ങൾ ഇനിയും ഉണ്ട്.

''സ്വന്തമായ ഒരു വീട്'' എന്നുള്ളത് ഓരോവ്യക്തിയുടെയും ജീവിതസ്വപ്നമാണ്. ഈ സ്വപ്നം യാഥാർത്ഥ്യമാകണമെങ്കിൽ ഒരു പുരുഷായുസ്മുഴുവൻ തന്നെ വേണ്ടിവരും. കഠിനമായ അദ്ധ്വാനം തന്നെ ഇതിൻെറ പിന്നിൽ വേണ്ടിവരും. അല്ലെങ്കിൽ അതൊരു പൊലിഞ്ഞ സ്വപ്നമായി അവശേഷിക്കും. ജീവിതം കരുപിടിപ്പിക്കുന്ന മുഴുവൻ ജനതയും ആഗ്രഹിക്കുന്നു. ജീവിതത്തിൽഒരായുസിൽ ഒരിക്കൽ മാത്രം നേടാൻ കഴിയുന്ന ഒന്നാണ് വീട് എന്ന മഹത്തായ ആശയം.

ഭരണജനത പാര്യതന്ത്രത്തിൻെറ അടിമ ചങ്ങലപെട്ടിച്ച് എറിഞ്ഞിട്ട് അരനൂറ്റാണ്ട് കാലം കഴിഞ്ഞിരിക്കുന്നു. നിത്യ ദാരിദ്ര്യം കൊണ്ട് നട്ടം തിരിയുന്ന ഭൂരിപക്ഷജനതയ്ക്കും വീട് എന്നും അവരുടെ മനസ്സിൽ ഒരു സ്വപ്ന സൗധമായി അവശേഷിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ പാർപ്പിടി സൗകര്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ എല്ലാവർക്കും സ്വന്തമായി ഒരുവീട് എന്ന് പറായാറായിട്ടില്ല. ഈപ്രദേശം ചെറിയ കുന്നുകൾ, താഴ്വരകൾ, നിരപ്പുസ്ഥലങ്ങൾ എന്നിവകൊണ്ട് മനോഹരമായ ഭൂപ്രദേശമാണ് ഗൃഹനിർമ്മാണം എന്നത് ഭാരിച്ച ചിലവുവള ഒരു പ്രക്രിയ തന്നെയാണ്. വീട് പണിയുന്നതിനുള്ള അസംസ്കൃതവസ്തുക്കൾ ഈ പഞ്ചായത്തിൽ സുലഭമാണ് പക്ഷേ സ്ഥലം കിട്ടുവാനുള്ള ബുദ്ധിമുട്ട് വളരെ വലുതാണ് സമീപഭാവിയിൽ ഭൂമിക്ക് ക്രമാതീതമായ വില വർദ്ധിച്ചിരിക്കുന്നു. വർദ്ധിച്ച കൂലിച്ചലവും നിർമ്മാണതൊഴിലാളികുളുടെ അപര്യാപതയും ഈ രംഗത്തെ തളർത്തുന്നു.

സി.ആർ. എൽ. എഫ് എ. സി.റ്റി. (സി.ഡി) എച്ച്. ഒ.സി. ഐ. ഒ.സി. കാർബൺ തുടങ്ങിയ വലിയ കമ്പനികൾ നമ്മുടെ പഞ്ചായത്തിൻെറ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്നു. അതിനെ ഒരു വ്യവസായ നഗരമെന്ന് പേർവിളിയ്ക്കാം. ഈ പഞ്ചായത്തിലെ അധികം പേരുടേയും മുഖ്യതൊഴിൽ കാർഷിക വൃത്തിയാണ്. വീട് വയ്ക്കുവാൻ സ്ഥലം ലഭ്യമല്ലാത്തതിൻെറ കൃഷിസ്ഥല തന്നെ നികത്തുന്ന സ്ഥിതി വിശേഷങ്ങൾ ഈ അടുത്തകാലത്തായി നടന്നുവരുന്നു.

ഏറ്റവും കൂടുതൽ വീടുകൾ സമീപകാലത്ത് നിർമ്മിച്ചിട്ടുള്ള പഞ്ചായത്തുകളിലെന്നാ

ണ്നമ്മുടേത് അതുപോലെ തന്നെ വ്യവസായത്തിനുവേണ്ടി സ്ഥലമെടുത്തതിൻെറ ഫലമായി 62 നുശേഷം വളരെകൂടുതൽ വീടുകൽ ഒഴിഞ്ഞു കൊടുക്കേണ്ടിവന്നിട്ടുണ്ട്. വീടുകളുടെ എണ്ണം വർദ്ധിക്കാനുണ്ടായ കാരണങ്ങൾ പലതാണ് കേരളത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ജോലിക്കായി ഇവിടെ എത്തിയ നൂറുകണക്കിന് കുടുംബങ്ങളിൽ ഒരു ചെറിയ ശതമാനം ഈ പഞ്ചായത്തുപ്രദേശങ്ങളിൽ വീടുവയ്ക്കാൻ തയ്യാറായി. ഇത്തരക്കാർക്കുവേണ്ടിയുള്ള വാടക വീടുകളുടെ ആവശ്യം വർദ്ധിച്ചപ്പോൾ അത്തരത്തിലുള്ള കെട്ടിടങ്ങളും ഉണ്ടാവാൻ തുടങ്ങി. ചെറിയ കുടുംബങ്ങളായി പിരിഞ്ഞുകൊണ്ടുള്ള കൂടു കുടുംബവ്യവസ്ഥിതിയിൽ വന്ന മാറ്റവും ജനസംഖ്യ വർദ്ധനവും വീടുകളുടെ എണ്ണം വർദ്ധിക്കുന്നതിന് പൊതുവെകാരണമായിട്ടുണ്ട്.

അറുപതുകളുടെ പകുതിവരെ നമ്മുടെ പഞ്ചായത്തിൽ ഓല, വൈയ്ക്കോൽ ,ഓട്,. തടി എന്നിവ കൊണ്ടുള്ള വീടുകളാണ് പെതുവെ ഉണ്ടായിരുന്നത്. ഇനന് കാണുന്ന കോൺക്രിറ്റ് കെട്ടിടമോ, ഫ്ളാറ്റ് രീതിയോ ഉണ്ടായിരുന്നില്ല. 1965 ന് മുൻപ് പഴയ വസ്തുശില്പ മാതൃകയിൽ പണിത നാലുകെട്ടും നടപ്പുരയോടുകൂടി ചിലവീടുകളെങ്കിലും മുണ്ടായിരുന്നു. ഇവയിൽ അവശേഷിക്കുന്നത് 2 എണ്ണം മാണ്.

വിവിധ സ്ഥലങ്ങളിൽ നിന്നും പുതുതായി ജോലിക്കെത്തിയിട്ടുള്ളവരിൽ ഭുരിഭാഗവും വീട്ലവയ്ക്കുന്നതിനുവേണ്ടി തിരഞ്ഞെടുക്കുനന സ്ഥലം തിരുവാങ്കുളം പഞ്ചായത്തും തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റിയിലുമാണ്. എച്ച്. ഒ.സി. യുടെ കപാർട്ടേഴ്സ്പോലും തിരുവാങ്കുളം പഞ്ചായത്തിലാണ് സ്ഥാപിച്ചിട്ടുള്ളത്., ഈ സ്ഥലത്തെ ഭൂമി വില നമ്മുടെ പഞ്ചായത്തിനേക്കാൾ താരതമ്യേന കൂടുതലാണ്.എന്നിട്ടു ംഇവിടങ്ങളിൽ വീടു വയ്ക്കുവാൻ ആളുകളെ പ്രേരിപ്പിക്കുന്നത് ആ സ്ഥലങ്ങളിലെ ഗതാഗതത്തിൻെറയും മറ്റു ജീവിത സൗകര്യങ്ങളുടെയും ലഭ്യതയാണ് നമ്മുടെ പഞ്ചായത്തിനെ ഉപേക്ഷിക്കുന്നതിനതുള്ള മറ്റൊരു കാരണം വ്യവസായ ശാലകളിലെ മലിനീകരണമാണ്.

ആദ്യകാലങ്ങളിൽ പഞ്ചായത്തിൽ നിന്നും ഏറ്റവും കുടുതൽ കയറ്റി അയച്ചിരിക്കുന്നത് കെട്ടിടനിർമ്മാണത്തിനുള്ള കല്ല്, തടി കരിങ്കല്ല്, എന്നിവയായിരുന്നു. പഞ്ചായത്തിനുകത്തുനിന്ന് കിട്ടിയിരുന്ന ഓല മുള, വൈയ്ക്കോൽ കല്ല്, തടി, കൽപ്പൊടി എന്നിവയാണ് കെട്ടിടനിർമ്മാണത്തിനായി അധികം ഉപയോഗിച്ചിരുന്നത്. ഇപ്പോൾ കരിങ്കല് വെട്ടുക്കല്ല് എന്നിവയ്ക് പുറമെ കോൺക്രിറ്റ് കട്ടിലകൾ, ജനലകൾ , ഹോളോബ്രിക്കൾ എന്നിവയുടെ നിർമ്മാണം പഞ്ചായത്തിനകത്ത് ആരംഭിച്ചിട്ടുണ്ട്. എന്നാൽ മണൽ, ഇഷ്ടിക, ഓട് സിമൻറ് എന്നിവ മറ്റു സ്ഥലങ്ങളിൽ നിന്നും എത്തേണ്ടതുണ്ട്, തടിവളരെ കുറച്ചുമാത്രമെ പഞ്ചായത്തിനകത്തുള്ള കൂടുതലും പുറമെ നിന്നും കൊണ്ടുവരണം. എന്നാൽ ആധുനിക തടിമില്ലുകളും കട്ടില ജനൽ തുടങ്ങിയവ നിർമ്മിക്കുന്ന ആധുനിക വർക്ഷോപ്പുകൾ പഞ്ചായത്തിൽ വന്നിട്ടുണ്ട് പഴയ മുള്ളുവേലികളുടെയും ജൈവവേലികളുടെയും സ്ഥാനത്തു കല്ല് ഇഷ്ടിക ഹോളോ ബ്രിക് എന്നിവ കൊണ്ടുള്ള മതിലുകൾ സ്ഥാനം പിടിക്കുന്നു.

എല്ലാ ആധുനി സൗകര്യങ്ങളോടുകൂടിയ ഒരോ ടൗൺഷിപ്പുകൾ റിഫൈനറി, എഫ്. എ. സി.റ്റി. എന്നിവ്യവസ്ഥപനങ്ങളോടൂകൂടി പ്രവർത്തിക്കുന്നുണ്ട്. 1991-92 കാലഘട്ടത്തിൽ 89-87 കെട്ടിടങ്ങൾ ഉണ്ടായിരുന്ന സ്ഥാനത്ത് 95-96 കാലയളവിൽ 9648 കെട്ടിടങ്ങൾ ഉണ്ടായി ട്ടുണ്ട് ആതായത് 5 വർഷം കൊണ്ട് 661 കെട്ടിടങ്ങൾ പുതിയാതായി ഉണ്ടായി ജനസം ഖ്യാനുപാതീകമായി കെട്ടിടങ്ങൾ വർദ്ധിച്ചിട്ടില്ല.

## ചിലവ്കുറഞ്ഞ വീടുകളുടെ പ്രസക്തി

വീടുകളുടെ നിർമ്മാണച്ചിലവ് കൂടിയിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ പ്രദേശത്തിൻെറ ഭൂപ്രകൃതിയ്ക്കും, കാലാവസ്ഥയ്ക്കും അനുയോജ്യമായ വിധത്തിൽ ചിലവ് കുറഞ്ഞ 'ബെക്കർ മോഡൽ' നിർമ്മിതി പോലുള്ള വീടുകളുടെ കാര്യം ആലോചിക്കാവുന്നതാണ് ആവശ്യമായ കാറ്റും, വെളിച്ചവും, കിട്ടും എന്നുള്ളതാണ് ഇത്തരം വീടുകളുടെ പ്രത്യേകത. വളരെ ചുരുങ്ങിയ ചിലവിൽ മനോഹരമായി വീടുകൾ നിർമ്മിക്കാൻ കഴിയും എന്നുള ളതാണ് ഇതിൻെറ മറ്റൊരു പ്രത്യേകത ഇഷ്ടിക, കോൺക്രീറ്റ് കട്ടില, ജനൽ എന്നിവ ഈ വീ ടുകൾക്ക് ഉപയോഗിക്കാം. സിമൻ്റിന് വർദ്ധിച്ച വിലയുള്ള ഇന്നത്തെ സാഹചര്യത്തിൽ ഭിത്തി കൾ തേയ്ക്കേണ്ട ആവശ്യം തന്നെയില്ല. നിർമ്മിതി പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെടാൻ ഇതിൻെറ രൂപ രേഖകിട്ടുന്നതാണ് ഇത്തരം വീടുകൾക്ക് പ്രോത്സാഹനം കൊടുത്തുകൊണ്ട് ആവശ്യമായ സാങ്കേതിത സൗകര്യങ്ങൾ ലഭ്യമാക്കുവാൻ പഞ്ചായത്ത് സമിതിയ്ക്ക് കഴിയണം. ഭൂകമ്പം ഉണ്ടായ ലത്തൂരിൽ ഇത്രയും വീടുകൾ നിർമ്മിച്ച് ഒരു കേരള ഗ്രാമം തന്നെ പടത്തുയർത്തി കേരളം രാഷ്ട്രത്തിന് മാതൃക കാണിച്ച് കൊടുക്കുകയുണ്ടായി.

## ലക്ഷം വീട് കോളനികളുടെ പശ്ചാത്തല സൗകര്യം

1972 -ൽ ലക്ഷം വീട് പദ്ധതിഎന്ന ബൃഹത്തായ സംരംഭത്തിന് കേരളഗവൺമെൻറാണ് രൂപം നൽകിയത്. തദ്ദേശസ്വയം ഭരണ സ്ഥാനപങ്ങളുടെ മേൽനോട്ടത്തിൽ പൊ ജനപങ്കാളിത്തത്തോടെയും, സാമ്പത്തിക സഹായത്തേടേയും ആണ്. ഈ പദ്ധതി നടപ്പാക്കിയത്. ഈ പദ്ധതി നടപ്പാക്കുന്നതിന്മുന്നോട്ട് വരുകയും, നമ്മുടെ പഞ്ചായത്ത്ഈ പദ്ധതി നടപ്പാക്കുന്നതിന് മുന്നോട്ട് വരുകയും, വടവുകോട്, പന്നിക്കുഴി, പുറ്റുമാനൂർ, ബ്രഹ്മപുരം എന്നീ പ്രദേശങ്ങളിൽ ഏകദേശം 60 വീടുകൾ നിർമ്മിക്കുകയും ചെയ്തു. ഇതിൽ ബ്രഹ്മപുരം ലക്ഷംവീട് കോളനിബി. ഡി.പി.പി.ക്കുവേണ്ടി സ്ഥലം എടുത്തതുകൊണ്ട് ഇന്ന് നിലവിൽ ഇല്ല. കുടിവെള്ളം വൈദ്യുതി, കക്കൂസ് മുതലായ കാര്യങ്ങൾ നടപ്പാക്കുന്നതിന് പഞ്ചായത്ത് തുടർന്ന് ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ അതിൻെറ അററാകുറ്റപണിക്കൾ കാലാകാലങ്ങളിൽ നടന്നിട്ടില്ല. അത്കൊണ്ട്തന്നെ ഇന്നത്തെ അതിൻെറ ശോച്യാവസ്ഥ പരിശോധനയ്ക്കും പരിഹാരത്തിനും, വിധേയമാകേണ്ടതാണ്. ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കിയ ഈ പദ്ധതിയെ സംബന്ധിച്ച് ചില ആരോപണങ്ങൾ ഉയർന്ന് വന്നിരുവെങ്കിലും ഈ മാതൃക പിന്നീട് തുടരുകയും ജെ.ആർ. വൈ., യു. റ്റി. പി. തുടങ്ങിയ പദ്ധതികൾ വഴി ഇപ്പോഴും നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്. മാത്രമല്ല ചില സന്നദ്ധ സംഘടനകളും സാമൂദായിക സംഘടനകൾ പോലും വീടില്ലത്താവർക്ക്വീട്വച്ച് കൊടുക്കുകയെന്നത് ഒരു മാതൃകയായി ഇന്നു തുടരുന്നു.

എന്നീ പദ്ധതിപ്രകാരം നമ്മുടെ പഞ്ചായത്തിൽ ഏകദേശം 300 പരം വീടുകൾ കെടുത്തിട്ടുണ്ട്.

## ദുർബ്ബല വിഭാഗങ്ങൾക്കുള്ളഭവന പദ്ധതി

ഈ പദ്ധതി ശരിയാം വണ്ണം നിർവ്വഹിച്ചിട്ടുണ്ട് എന്നു കാണാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ ജെ. ആർ വൈ. സ്കീമിൽ 115 വീടുകളും, പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 10 വീടുകളും കൊടുത്തിട്ടുണ്ട്. ഈ വീടുകൾ കൃത്യമായ അളവുകൾ നിർദ്ദേശിക്കുന്നത് കൊണ്ട് ഒരു മാതിരി നല്ല രീതിയിൽ തന്നെ ഇതിന്റെ നിർമ്മാണം പുർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## ഹരിജൻ കോളനികൾ

ഈ പഞ്ചായത്തിൽ 23 അംഗീകൃത ഹരിജൻ കോളനികൾ ഉണ്ട്. കുററ ഹരിജൻ കോളനിയാണ് ഈ സംസ്ഥാത്തെആദ്യത്തെ കോളനി 1957 ലാണ് ഇത് അംഗീകൃതമായത്. ഹരിജൻ കോളനികളുടെ മൊത്തത്തിലുള്ള സ്ഥിതി പരിശോധിക്കുമ്പോൾ അത്ര ദേദമല്ല എന്ന് കാണാം . ഏററവും നല്ല പാർപ്പിടസൗകര്യവും, ഫലഭൂയിഷ്ഠവുമായ മണ്ണ്നിറഞ്ഞതാണ്. കുററകോളനി . ഇനിയും വൈദ്യുതി കടന്നു ചെല്ലാത്ത ഹരിജൻ വീടുകളുണ്ട്. ഒരു സർവ്വേ നടത്തി വേണ്ടത്ര സൗകര്യങ്ങൾ ചെയ്ത് കൊടുക്കുന്ന കാര്യത്തെകുറിച്ച് പരിശോധിച്ച് നടപടി എടുക്കേണ്ടതാണ്.

## വീടുകളുടെ പൊതു സ്ഥിതി

നമ്മുടെ പഞ്ചായത്തിൽ ഓല, ഓട്, കോൺക്രീറ്റ് എന്നീ മൂന്ന് തരത്തി മേൽകൂരകളുള്ള

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | | | വിവിധ ഭവന നിർമാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകൾ |
|---|---|---|---|---|---|---|---|
| | | ഒന്നിൽ കൂടുതൽ നിലയുള്ള വീടുകൾ | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| 1 | 1127 | 4 | 645 | 327 | 4 | 147 | |
| 2 | 707 | 6 | 286 | 363 | 20 | 32 | |
| 3 | 484 | 2 | 97 | 349 | 1 | 33 | |
| 4 | 1280 | 65 | 970 | 190 | - | 55 | |
| 5 | 574 | 2 | 75 | 412 | 53 | 32 | |
| 6 | 625 | 6 | 124 | 387 | 30 | 78 | |
| 7 | 1020 | - | 141 | 587 | 94 | 198 | |
| 8 | 885 | 15 | 227 | 498 | 11 | 134 | |
| 9 | 1154 | 52 | 446 | 590 | 20 | 46 | |
| 10 | 840 | 22 | 443 | 315 | 6 | 54 | |
| 11 | 952 | 6 | 244 | 526 | 19 | 157 | |
| TOTAL | **9648** | **180** | **3878** | **4544** | **258** | **968** | |

വീടുകൾ ഉണ്ട് ഓല വീടുകൾ ക്രമേണ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണെങ്കിലും കുറെ ഭാഗങ്ങളിൽ ഇനിയും ഓല മേഞ്ഞ വീടുകൾ ഉണ്ട് ഇപ്പോൾ ഓടിൻെറ സ്ഥാനത്ത് വ്യാപകമായി കോൺക്രിറ്റ് വീടുകൾ വന്നുകൊണ്ടിരിക്കുന്നു. തടികിട്ടാനില്ലാത്ത അവസ്ഥയും, അതിൻെറ അമിതമായ വിലയുമാണ് കോൺക്രീറ്റ് വീടുകൾ കൂടുതൽ വരുവാൻ കാരണം. മറ്റൊന്ന് അറ്റകുററപ്പണികൾ ഇല്ല എന്നുള്ളതും കാരണമാണ്.

## നിർമ്മാണ തൊഴിലാളികളുടെ സ്ഥിതി

സാധാരണ ഈ പഞ്ചായത്തിലെ 85 കാലയാളവിലെ വിവിധ തരം തൊഴിലാളികളുടെ കൂലി നിരക്ക് നോക്കിയാൽ പുരുഷ തൊഴിലാളികളുടെ 40 നും 50നും ഇടയിലും സ്ത്രീ തൊഴിലാളികളുടെ 20നും 25നും ഇടയിലാണെന്ന് കാണാം. അത് 90ൽ എത്തിയപ്പോൾ പുരുഷ തൊഴിലാളിക്ക് 50നു 60നും ഇടയിലും സ്ത്രീതൊഴിലാളിക്ക് 30നും 35നും ഇടയിലുമാണ് ഒരു ഏകദേശ കണക്ക് സൂചിപ്പിക്കുന്നു. 96 ൽ എത്തിനിൽക്കുന്ന ഇന്നത്തെ പരിതസ്ഥതിയിൽ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ലാത്തസ്ഥിതിയാണ് കാർഷീക രംഗമായാലും നിർമ്മാണ രംഗത്തായലും തെഴിലാളികൾ വേണ്ടത്ര കുറവാണ് നമ്മുടെ സമീപപ്രദേശങ്ങളിലുള്ള കമ്പനികളിൽ വിവിധയിനം നിർമ്മാണ രംഗവുമായി ബന്ധപ്പെട്ട് ധാരാളം തൊഴിലാളികൾ പണിയെടുക്കുന്നു. മുടങ്ങാതെ കിട്ടുന്ന പണിയും, മറ്റ്സേവ നവേതനനിരക്കുകളുമാണ്. ഇത്തരം മേഖലകളെ കൂടുതൽ തൊഴിലാളിംആകർഷിക്കപ്പെടുന്നത് പണ്ടത്തെ ആപേക്ഷിച്ച് സ്ത്രീ തൊഴിലാളികൾ നിർമ്മാണ രംഗങ്ങളിൽ സജീവമായി പണിയെടുക്കുന്നുണ്ട്.

## മറ്റ് പരിസ്ഥിതി പ്രശ്നങ്ങൾ

നമ്മുടെ പാർപ്പിടത്തെക്കുറിച്ച് പറയുമ്പോൾ മതിലുകളുടെ ആധികം കൂടുതലാണന്ന കാണം. ഒരു തരം മതിൽ സംസ്കകാരമാണ് നമ്മുടേത്. ഇത്മൂലം മതിലിനോട് തൊട്ട്സ്ഥിതിചെയ്യുന്ന വൃക്ഷങ്ങൾക്ക് ശരിയായ ദിശയിൽ വളരുന്നതിനോ, വളർന്ന് വരുന്ന മരങ്ങളുടെ വേരുകൾ മതിലിൽ ഉരക്കി, മതിലീൻെറ സ്വഭാവത്തിൽ തന്നെ മാറ്റം വരുന്നു. മാത്രമല്ല. പെട്ടെന്ന് ഒരു തീപിടുത്തം ഉണ്ടായാൽ തന്നെ ഒരു ഫയർഎൻജിൻ വന്നാൽ എളുപ്പത്തിൽ ഇത്തരം വീടുകളുടെ ഗേറ്റി ൽ കൂടി കടക്കുക പ്രയാസമാണ്. പാശ്ചാതത്യ രാജ്യങ്ങളിലെ വീടുകളിലെ പരിസരങ്ങൺ കനം കുറഞ്ഞ പലക കൊണ്ടോ, അല്ലെങ്കിൽ ചെറിയ കുറ്റിച്ചെടികൽ പിടിപ്പിച്ചോ മറച്ചിരിക്കുന്നതായി കാണം. ഇത്തരം മാർഗ്ഗങ്ങൾ ഇലിടെ അലംബിക്കുയാണെങ്കിൽ വളരെ യധികം പണച്ചെലവ് ലാഭിക്കുവാൻ കഴിയും എന്ന് മാത്രമല്ല. വീടുകളുടെ മനോഹരിതയും നഷ്ടപ്പെടാതെ നോക്കുവാൻ കഴിയും.

## സാധ്യതകൾ

പാർപ്പിടപ്രശ്നങ്ങളുടെ വിവിധ സാധ്യതളെക്കുറിച്ച് പരിശോധിക്കുമ്പോൾ ഒന്നാമത് വളറെ ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രാധാന്യം കൊടുത്ത്കൊണ്ട് ഇതിൻെറ പ്രയോഗിത സൗകര്യങ്ങൾ നേരിട്ട് ലഭിക്കത്തക്കവണ്ണം പഞ്ചായത്ത് തലത്തിൽ തന്നെ ബന്ധപ്പെട്ട് ഒരു ഉപദേശക സമിതി തന്നെ രൂപികരിക്കുക. ഇതിൻെറ കീഴിൽ തന്നെ വളരെ പ്രചാരവേലകൾ സം

ഘടിപ്പിക്കുക. കെട്ടിടനിർമാണസാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് ഈ രംഗത്ത് വളരെ പ്രാധന്യം ചെയ്യും. അതേപോലെ തന്നെ നിർമ്മാണതൊഴിലാളികളുടെ നിർമ്മാണരംഗത്ത് പരിശീലനം നൽക്കുക. അവരുടെ സേവനം പഞ്ചായത്തത് തലതത്തിതൽ തന്നെ ഉറപ്പ് വരുത്തു എന്നിവയും ചെയ്യാൻ കഴിയുന്നതാണ്. ദുരഹിത രായ ആളുകൾ കുറെ നമ്മുടെ പഞ്ചായത്തിൽ അതിവസിക്കുന്നുണ്ട്. സർക്കാർ വക ഭൂമി അകവയർ ചെയ്ത്. ഇവർക്ക് വീട് വച്ച് കൊടുത്തുകൊണ്ടുള്ള പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ 9-ാം പദ്ധതിയിൽ ഏറ്റെടുത്തു നടപ്പാകുവാനുള്ള പ്രരംഭപ്രവർത്തനങ്ങൾ നടത്തുവാൻ കഴിയണം. എങ്കിൽ മാത്രമേ സ്വന്തമായി ഒരു വീട് എന്ന സ്വപ്നം നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കി, പഞ്ചായത്തിനെ പാർപ്പിടത്തിൻെറ കാര്യത്തിൽ എല്ലാവർക്കും വീട് എന്ന ലക്ഷ്യസാക്ഷാൽക്കാരത്തിൽ എത്തിക്കുവാൻ കഴിയൂ ഈ പഞ്ചായത്തിൽ ഏകദേശം 95-പേർക്ക് വീടുവയ്ക്കുവാൻ സ്വന്തമായി സ്ഥലമില്ലാതെയുണ്ട്.

## അനുബന്ധ വിഷയങ്ങൾ

പാർപ്പിടത്തെ സംബന്ധിച്ച് ഗ്രാമ സഭ റിപ്പോർട്ടുകൾ മൊത്തം അലലോകനം നടത്തിയപ്പോൾ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവരുടെ എണ്ണം പല വാർഡുകളിലും മുണ്ട്. അത്പോലെ ദുർബ്ബല വിഭാഗങ്ങളിൽ പെട്ട പലർക്കും, സ്വന്തമായി വീട് വൈദ്യുതികരിക്കാനും കക്കൂസ് നിർമ്മിക്കുന്നതിനും സാധിക്കാത്ത അവസ്ഥ ഉണ്ട് അത് പോലെ പട്ടയം ലഭ്യമാക്കത്ത ആളുകൾ ഉണ്ട്. വീട് കെട്ടിമേയുന്നതിനുള്ള സഹായം ലഭിക്കേണ്ട നിരവധി പേർ വിവിധ വാർഡുകളിൽ ഉണ്ട്. ഇവരുടെ കാര്യവും അടിയന്തിരമായി പരഹരിക്കേണ്ടിയരിക്കുന്നു. ഇവിടത്തെ വിവിധ മേഖലകളിൽ നാല് സെററ് കോളനികളിൽ താമസിക്കുന്ന വർക്ക് വീട് നിർമ്മിച്ച് കൊടുക്കേണ്ട മറ്റൊരു പദ്ധതി പഞ്ചായത്ത് തലത്തിൽ ഏർപ്പൊടുത്തണം.

പഞ്ചായത്ത് തലത്തിൽ ഒരു ഹൗസിങ്ങ് സെസൈറ്റിക്ക് രൂപം നൽക്കുന്ന തിനെപറ്റി വിലയിരുത്തൽ നടത്തുക. ഭവനനിർമ്മാണവായ്പാ സൗകര്യം ഇന്നത്തെ സാഹചാര്യത്തിൽ കൂടുതൽ വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ് ഇപ്പോൾ ലഭ്യമാക്കുന്ന തുകകൊണ്ട് ഒരു വീട് പൂർത്തികരിക്കുവാൻ കഴിയുകയില്ല. എന്ന നിർദ്ദേശം ചില ഗ്രമപഞ്ചായത്തു വാർഡുകൾ ഉണ്ടായിച്ചിട്ടുണ്ട്. നമ്മുടെ സമീപത്തുള്ള കമ്പനികളുടെ സഹായത്തോടെ വീടുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതികൾക്ക് രൂപം കൊടുക്കാൻ കഴിയണം. ഇതും വിവിധ വാർഡുകൾ ഉന്നയിച്ചിട്ടുണ്ട്. പല വാർഡുകളിലും നിരവധി വീടുകൾ അറ്റകുററപണികളുടെ ഊഴവും കാത്ത് കിടക്കുന്നുണ്ട് ഭവനനിർമ്മാണ വായ്പ്പാ പദ്ധതികൾ വെറും പദ്ധതികളായിതീരാതെ, വായ്പാ, മാർഗ്ഗം പെട്ടന്ന് കിട്ടുന്ന സ്ഥിതി കൂടി ഉണ്ടകേണ്ടിയിരിക്കുന്നു. മേൽ വിവരിച്ച കാര്യങ്ങൾ 9-ാം പദ്തിയുടെവികസനരേഖ തയ്യാറാക്കുമ്പോൾ പ്രാവൃത്തികമാകേണ്ടിയിരിക്കുന്നു.

# സഹകരണ മേഖല

സ്വാതന്ത്ര്യ സമരത്തിൻെറ അവസാനത്തിൽ 1947 ൽ അന്ന് പഞ്ചായത്തിൽ ആദ്യമായി ഒരു സഹകരണസംഘം സ്ഥാപിക്കപ്പെട്ടത്. കേവലം 25 മെമ്പർമാർ ചേർന്ന് തുടങ്ങിയ ടി സംഘം പിന്നീട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായും 1964 ൽ വടവുകോട് ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് ആയും രൂപാന്തരപ്പെട്ടു. 1964 ൽ ഗവൺമെൻറ് ജീവനക്കാരുടെ ഗവൺമെൻറ് സർവ്വൻറ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും 1965 ൽ കൊച്ചിൻ റിഫൈനറി തൊഴിലാളികൾക്കു വേണ്ടി തുടങ്ങിയ CRL ക്രെഡിറ്റ് സൊസൈറ്റിയും 1980 ൽ ഫാക്ടിലെ ജോലിക്കാരെ ഉദ്ദേശിച്ച് തുടങ്ങിയ ക്രെഡിറ്റ് സൊസൈറ്റിയുമാണ് പഞ്ചായത്തിൽ പിന്നീട് പ്രവർത്തനം ആരംഭിച്ച സൊസൈറ്റികൾ. നോൺ ക്രെഡിറ്റ് രംഗത്ത് ക്ഷീരോൽപ്പാദക സഹകരണസംഘങ്ങളും ഉണ്ടായി. വടവുകോട് ഫാർ മേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിൻെറ വളർച്ച സഹകരണരംഗത്ത് പഞ്ചായത്തിൻെറ മൊത്തം വളർച്ചയെ സൂചിപ്പിക്കുന്നതാണ്.

പഞ്ചായത്തിൽ നിലവിലുള്ള സഹകരണസ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | ആരംഭിച്ച വർഷം | ലാഭത്തിലാണോ നഷ്ടത്തിലാണോ |
|---|---|---|---|
| 1. | വടവുകോട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1947 | ലാഭത്തിൽ |
| 2. | ഗവൺമെൻറ് സർവ്വൻറ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1964 | ലാഭത്തിൽ |
| 3. | CRL ക്രെഡിറ്റ് സൊസൈറ്റി | 1965 | ലാഭത്തിൽ |
| 4. | FACT ക്രെഡിറ്റ് സൊസൈറ്റി | 1980 | ലാഭത്തിൽ |
| 5. | HOC വർക്കേഴ്സ് ക്രെഡിറ്റ് സൊസൈറ്റി | 1990 | |
| 6. | വടവുകോട് പുത്തൻകുരിശ് പട്ടികജാതി -പട്ടിക വർഗ്ഗ സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1995 | |
| 7. | FACT (CD) മാനേജീരിയൽ ക്രഡിറ്റ് സൊസൈറ്റി | - | |
| 8. | CRL എംപ്ലോയീസ് കൺസ്യൂമർ സൊസൈറ്റി | 1966 | |
| 9. | FACT എംപ്ലോയീസ് കൺസ്യൂമർ സൊസൈറ്റി | 1970 | |
| 10. | പുത്തൻകുരിശ് ക്ഷീരോൽപ്പാദക സഹകരണസംഘം | | ലാഭത്തിൽ |
| 11. | പുറ്റുമാനൂർ ക്ഷീരോൽപ്പാദക സഹകരണസംഘം | | ലാഭത്തിൽ |
| 12. | ബ്രഹ്മപുരം ക്ഷീരോൽപ്പാദക സഹകരണസംഘം | | ലാഭത്തിൽ |

സൊസൈറ്റിയുടെ എണ്ണത്തിൽ പഞ്ചായത്ത് വളരെ മുൻപന്തിയാണ്. എന്നാൽ ഏഴ് ക്രെഡിറ്റ് സൊസൈറ്റികളിൽ 4 എണ്ണം വിവിധ കമ്പനി തൊഴിലാളികൾക്ക് വേണ്ടി മാത്രം രൂപീകരിക്കപ്പട്ടതും ഒരെണ്ണം പഞ്ചായത്ത് അതിർത്തിയിൽ ഹെഡ്ക്വാർട്ടേഴ്സ് ആയിട്ടുള്ളതും ഈ മേഖലയിലെ മുഴുവൻ ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർക്ക് വേണ്ടി രൂപീകരിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് തന്നെ പഞ്ചായത്തിലെ കാർഷിക വ്യവസായരംഗത്ത് സ്വാധീനം ചെലുത്തുന്ന വടവുകോട് ഫാർമേഴ്സ് സഹകരണബാങ്കിനെ പറ്റി മാത്രമേ ഇവിടെ വില ഇരുത്തുന്നുള്ളു.

പട്ടിക 2 ചേർക്കുക

25 ൽ താഴെ അംഗങ്ങളുമായി തുടങ്ങിയ വടവുകോട് സഹകരണസംഘം വികസിപ്പിച്ച് മൂന്ന് ശാഖകളുള്ള ഈ മേഖലയിലെ ധനകാര്യബാങ്കുകളോട് മത്സരിക്കുവാൻ പ്രാപ്തമായ ഒരു സഹകരണബാങ്കായി മാറിയിരിക്കുന്നു. ഇപ്പോൾ 10830 അംഗങ്ങളുള്ള ഈ ബാങ്കിൻെറ അംഗീകൃതമൂലധനം 35 ലക്ഷം രൂപയാണ്. 110000 രൂപ സർക്കാർ മൂലധനമുള്ള ബാങ്കിൽ 60569612 രൂപയാണ് പൊതുജനനിക്ഷേപം ഇതിൻെറ പ്രവർത്തനമേഖല ഈ പഞ്ചായത്ത് പ്രദേശം കൂടാതെ അയ്ക്കരനാട് പഞ്ചായത്തിലെ മോനപ്പിള്ളി, ചെമ്മനാട്, മരങ്ങാട്ടുള്ളി കൂടി ഉൾപ്പെട്ടതാണ്. ബാങ്കിൻെറ ശാഖകൾ ഇപ്പോൾ പുത്തൻകുരിശിലും കരിമുകളിലും പാങ്കോട്ടിലും കൂടാതെ 6 വളം ഡിപ്പോകളും പ്രവർത്തിക്കുന്നു. അയ്ക്കരനാട് പഞ്ചായത്തിലെ പാങ്കോട്ടിൽ ബാങ്കിൻെറ സുവർണ്ണ ജൂബിലിവർഷമായ 1997 ൽ പുതിയകെട്ടിടം തുറക്കത്തക്കവിധം നടപടികൾ പൂർത്തികരിച്ചിരിക്കുന്നു. ബാങ്കിൻെറ പ്രവർത്തനമേഖലയിൽ റേഷൻ അരിയുടെ മൊത്തം വിതരണവും രാസവള കച്ചവടവും കീടനാശിനികച്ചവടവും ഉൾപ്പെടുന്നു.

പഞ്ചായത്തിൽ കാർഷികരംഗത്ത് ഏറ്റവും കൂടുതൽ വായ്പ നൽകിയിട്ടുള്ള ഈ ബാങ്ക് കച്ചവടവ്യവസായ രംഗത്തും അതിൻേറതായ പങ്ക് വഹിക്കുന്നുണ്ട്. വിശേഷ സമയത്ത് പരിമിതമായി കൺസ്യൂമർ രംഗത്ത് പ്രവർത്തിക്കുന്നതൊഴിച്ചാൽ പഞ്ചായത്തിലെ ഉപഭോക്തൃരംഗത്ത് ഈ ബാങ്കിൻെറ പ്രവർത്തനം കൂടുതലായി വ്യാപിച്ചിട്ടില്ല. രാസവള വിതരണവും കീടനാശിനി വിതരണവും ബാങ്കിൻെറ ശാഖകളോട് ചേർന്ന് മാത്രം നടത്തുന്നത് കൊണ്ട് മറ്റു മേഖലകളിലെ കർഷകർക്ക് ബാങ്കിൻെറ സേവനം ഈ രംഗത്ത് ലഭ്യമല്ല. കാണിനാട്, കുഴിക്കാട്, ബ്രഹ്മപുരം, പുറ്റുമാനൂർ ഭാഗങ്ങളിലെ കർഷകർക്ക് ഇതിൻെറ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

ഉപഭോക്തൃരംഗത്ത് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് മാവേലി

സ്റ്റോറുകളുടെ പ്രവർത്തനവും പുത്തൻകുരിശ് ഗവ. ൺമെൻറ് സർവ്വൻറ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നടത്തുന്ന കൺസ്യൂമർ സ്റ്റോറും മാത്രമേ ഉള്ളൂ. സഹകരണമേഖലയുടെ പ്രവർത്തനം ഈ രംഗത്ത് വ്യാപിക്കേണ്ടിയിരിക്കുന്നു. മാർക്കറ്റിംഗ് സഹകരണസംഘം പഞ്ചായത്തിൽ ഇല്ല. നല്ലൊരു ഭാഗം റബ്ബർ കർഷകരുള്ള ഈ പഞ്ചായത്തിൽ റബ്ബർമാർക്കറ്റിംഗ് സൊസൈറ്റിയുടെ അഭാവം റബ്ബർ കർഷകരെ വളരെയധികം ബാധിക്കുന്നുണ്ട്. പഞ്ചായത്തിൽ വനിതാ സഹകരണസംഘങ്ങളുടെ അഭാവവും എടുത്ത് പറയേണ്ടതാണ്.

ക്ഷീരോൽപ്പാദനരംഗത്ത് പ്രവർത്തിക്കുന്ന 3 സൊസൈറ്റികളിൽ പുത്തൻകുരിശ് ക്ഷീരോൽപ്പാദന സഹകരണസംഘത്തിൻെറ ആസ്ഥാനം തിരുവാണിയൂർ പഞ്ചായത്തിലാണെങ്കിലും അംഗങ്ങളിൽ നല്ലൊരുഭാഗം ഈ പഞ്ചായത്തിൽ പ്പെട്ടവരാണ്. പുറ്റുമാനൂരും ബ്രഹ്മപുരത്തും ഒഴിച്ചാൽ മറ്റ് മേഖലകളിൽ ക്ഷീരോൽപ്പാദന സഹകരണസംഘങ്ങൾ ഇല്ല. കരിമുകൾ, അമ്പലമുകൾ, കാണിനാട്, കുഴിക്കാട് മേഖലകളിൽ ക്ഷീരോൽപ്പാദന സഹകരണസംഘങ്ങൾ ആരംഭിക്കുന്നതിന് സാദ്ധ്യതയുള്ള പ്രദേശങ്ങളാണ്.

പഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിരിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം രജിസ്റ്റർ ചെയ്യപ്പെട്ട് വർഷം ഒന്ന് കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ വളരെയേറെ പ്രവർത്തനം കാഴ്ചവയ്ക്കുവാൻ സാധിക്കുന്ന ഈ സംഘത്തിൻെറ പ്രവർത്തനം അടിയന്തിരമായി തുടങ്ങേണ്ടത് ആവശ്യമാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾ എല്ലാം വായ്പാവിതരണ രംഗത്ത് നല്ല പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. എന്നാൽ ഉപഭോക്തൃ വിതരണരംഗം, മാർക്കറ്റിംഗ് രംഗം എന്നീ മേഖലകളിൽ സഹകരണ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. വീട് നിർമ്മാണത്തെ സഹായിക്കുന്ന ഒരു ഹൗസിംഗ് സൊസൈറ്റി ഈ പഞ്ചായത്ത് മേഖലയിൽ ആരംഭിക്കേണ്ടതുണ്ട്. കാർഷികരംഗത്ത് ഇന്ന് നേരിടുന്ന വിപത്ത് നേരിടുന്നതിന് കർഷകരുടെ കൂട്ടംകൂട്ടമായുള്ള സംഘങ്ങൾക്കേ കഴിയൂ. വലിയവലിയ സൊസൈറ്റികളേക്കാൾ അത്തരം ചെറിയസംഘങ്ങൾക്ക് അവരുടേതായ കൃഷിപ്പാടങ്ങളിൽ അത്ഭുതങ്ങൾ കാണിക്കുവാൻ സാധിക്കൂ.

## പ്രശ്നങ്ങൾ

. ഉപഭോക്തൃ വിതരണരംഗത്ത് സഹകരണമേഖലയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

2. ക്ഷീരോത്പാദക സഹകരണസംഘങ്ങൾ അപര്യാപ്തമാണ്.

3. റബ്ബർ കർഷകരെ സഹായിക്കുന്ന സൊസൈറ്റികൾ നിലവിൽ ഇല്ല.

4. വനിതാക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സൊസൈറ്റികൾ ഇല്ല.

## സാദ്ധ്യതകൾ

1. സഹകരണമേഖലയിൽ കൂടുതൽ ഉപഭോക്തൃ വിതരണകേന്ദ്രങ്ങൾ തുടങ്ങണം.

2. പുതിയക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ ആരംഭിക്കുക.

3. റബ്ബർ പ്രൊഡ്യൂസർ സൊസൈറ്റിയും റബ്ബർമാർക്കറ്റിംഗ് സൊസൈറ്റിയും ആരംഭിക്കുന്നതിന് നടപടി ഉണ്ടാകണം.

4. വനിതകൾക്ക് ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുന്നതിന് സഹായിക്കുമാറ് വനിതാ സഹകരണ സംഘങ്ങൾക്ക് രൂപംകൊടുക്കുക.

5. നിലവിലുള്ള സഹകരണബാങ്കിന്റെ പ്രവർത്തനം പഞ്ചായത്ത് പ്രദേശത്ത് കൂടുതൽ വ്യാപിപ്പിക്കുക.

ഗ്രാമസഭകളിൽനിന്ന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉണ്ടായി.

### വാർഡ് I

വടവുകോട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഒരു ശാഖ അമ്പലമുകളിൽ തുടങ്ങുക. ക്ഷീരോൽപ്പാദന സഹകരണസംഘം സ്ഥാപിക്കുക. മുട്ടക്കോഴി, ഇറച്ചിക്കോഴി, പായ്, പനമ്പ്, എന്നീ മേഖലകളിൽ സഹകരണസംഘം സ്ഥാപിക്കുക, സഹകരണ മാർക്കറ്റ് സ്ഥാപിക്കുക.

## വാർഡ് II

ക്ഷീരോൽപ്പാദന സഹകരണസംഘം ആരംഭിക്കുക. കുഴിക്കാട് ഷോപ്പിംഗ് കോംപ്ലക്സിൽ സംഘത്തിന് മുറി സൗകര്യപ്പെടുത്തുക. വടവുകോട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഒരു വളം ഡിപ്പോ വാർഡിൽ ആരംഭിക്കുക. ഖാദി ബോർഡിൻെറ യൂണിറ്റ് ആരംഭിക്കുക.

## വാർഡ് III

ദരിദ്രരായവർക്ക് വീട് നിർമ്മിക്കുന്നതിന് ഭവനസഹകരണസംഘം സ്ഥാപിക്കുക. ക്ഷീരോൽപ്പാദക സഹകരണസംഘം സ്ഥാപിക്കുക. പാരമ്പര്യ വ്യവസായങ്ങൾ (പായ, കുട്ട, പനമ്പ്, കസേര നെയ്ത്ത്) സഹകരണസംഘം തുടങ്ങുക . ഇറച്ചിക്കോഴി, മുട്ടക്കോഴി, താറാവ് ഇവ വളർത്തുന്നതിന് സഹകരണസംഘം സ്ഥാപിക്കുക.

## വാർഡ് IV

വനിതകൾക്കായി ഒരു സഹകരണസംഘം രൂപീകരിക്കുക. ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക. ലേബർ കോൺട്രാക്ട് സൊസൈറ്റി (വ്യവസായരംഗത്ത് പണിയെടുക്കുന്നവരുടെ ക്ഷേമത്തിന്) സ്ഥാപിക്കുക. റബ്ബർ കർഷകരുടെ സഹകരണസംഘം സ്ഥാപിക്കുക. (റബ്ബർ പാൽ അധിഷ്ഠിത വ്യവസായവും റബ്ബർകൃഷിയുടെ വളർച്ചയ്ക്കും.)

## വാർഡ് V

വടവുകോട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഒരു ബ്രാഞ്ച് കൗണ്ടർ ഉൾപ്പെടെ സ്ഥാപിക്കുക. ഒരു വളം ഡിപ്പോ സ്ഥാപിക്കുക. വായ്പാ വ്യവസ്ഥകൾ ലഘൂകരിക്കുക. വായ്പാ പലിശനിരക്ക് 8% ആക്കുക. വനിതകൾക്കായി ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുക. ക്ഷീരസഹകരണസംഘം സ്ഥാപിക്കുക. ഇതിൻെറ രണ്ട് കളക്ഷൻ സെൻററുകൾ ബ്രഹ്മപുരത്തും കരിമുകളിലും സ്ഥാപിക്കുക.

## വാർഡ് VI

കരിമുകളിൽ ഒരു ക്ഷീരോൽപ്പാദക സഹകരണസംഘം സ്ഥാപിക്കുക.

## വാർഡ് VII

വാർഡിൽ ഒരു വിവിധോദ്ദേശ സഹകരണസംഘം സ്ഥാപിക്കുക. ഉല്പന്ന കൈമാറ്റ സഹകരണ ചന്ത മാസത്തിൽ രണ്ടുതവണ സംഘടിപ്പിക്കുക. നല്ലയിനം കന്നുകുട്ടികളെ സഹകരണസംഘം വഴി വിതരണം ചെയ്യുക.

## വാർഡ് VIII

സഹകരണസംഘം സ്ഥാപിക്കുക. പച്ചക്കറി കർഷകരുടെ സഹകരണ സംഘം വേണം.

## വാർഡ് IX

വനിതാസഹകരണസംഘം സ്ഥാപിക്കുക. അതിൽ തയ്യൽ പരിശീലനവും, നിർമ്മാണവും, ടൈപ്പ്റൈറ്റിംഗ് പരിശീലനവും കറിപൗഡർ, അച്ചാർ മുതലാ യവയുടെ നിർമ്മാണം പാലുൽപ്പാദനസംഭരണവും വിതരണവും എന്നിവ ഉൾപ്പെടുത്തുക. റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം സ്ഥാപിക്കുക.

## വാർഡ് X

റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി, ക്ഷീരോൽപാദക സഹകരണസംഘം, വനിതാക്ഷേമസഹകരണസംഘം, വനിതാക്ഷേമ സഹകരണസംഘം എന്നിവ ഈ വാർഡിൽ സ്ഥാപിക്കണം.

## വാർഡ് XI

ക്ഷീരോൽപ്പാദക സഹകരണസംഘം, ഉപയോഗശൂന്യമായി കിടക്കുന്ന ഖാദി വ്യവസായയൂണിറ്റിൻെറ കെട്ടിടത്തിൽ ഒരു വനിതാ സഹകരണസംഘം (വസ്ത്രനിർമ്മാണം) സ്ഥാപിക്കുക. റബ്ബർ ഉല്പാദകസംഘങ്ങളുടെ പ്രവർ ത്തനം ഏകോപിപ്പിക്കുക. വടവുകോട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊ സൈറ്റിയിൽ നിന്നും വളങ്ങൾ യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക. ഇതിൻെറ ബാങ്ക് ശാഖ കാണിനാട്ടിൽ സ്ഥാപിക്കുക. ഇതിൻെറ ഭാഗമായി നടത്തിയിരുന്ന വസ്ത്രവ്യാപാരം പുനരാരംഭിക്കുക. കാർഷിക സഹകരണസംഘം, റബ്ബർ അധിഷ്ഠിത വ്യവസായ സഹകരണസംഘങ്ങൾ ആരംഭിക്കുക.

# സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ | നല്കിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടുവാനുള്ളത് | സ്ഥാപനങ്ങളുടെ ചെലവുകൾ | |
|---|---|---|---|---|---|
| | | | | എസ്റ്റാബിഷ്മെൻറ് ചാർജ് | കണ്ടിൻജൻസി ചാർട്ടുകൾ |
| 1. | വടവുകോട് ഫാർമേർസ് സർവ്വീസ് സഹകരണ ബാങ്ക്, വടവുകോട് | 1501126 | 4272158 | 401826 | 84866 |
| 2. | ഗവ. സർവൻറ്സ് സഹകരണ സംഘം, പുത്തൻകുരിശ് | ഇല്ല | 177169 | 316498 | 113229 |
| 3. | FACT (CD) E.C.C.S Ltd. അമ്പലമേട് | ഇല്ല | ഇല്ല | 513933 | 265472 |

# സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

| സ്ഥാപനത്തിൻെറ പേര് | ആകെ അംഗങ്ങൾ | അംഗീകൃത ഓഹരി മൂലധനം | സർക്കാർ ഓഹരി | പൊതുജന ങ്ങളിൽനിന്ന് സ്വീകരിച്ച നിക്ഷേപം | കൃഷിവായ്പ് | | മറ്റ് വായ്പകൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | ഹ്രസ്വകാല വായ്പ | മറ്റു വായ്പകൾ | സ്വർണ്ണ പണയം | ഓവർ ഡ്രാഫ്റ്റ് | ഹയർ പർച്ചേസ് | മറ്റുള്ളവ |
| വടവുകോട് ഫാർമേർസ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | 10830 | 3500000 | 110000 | 60569612 | 35965181 | 1843032 | 6088500 | 1504649 | 106560 | 225950 |
| ഗവ. സർവൻറസ് കോ-ഓ. സൊസൈറ്റി, പുത്തൻകുരിശ് | 2231 | 2000000 | ഇല്ല | 12679350 | | | | | 443014 | 10133201 |
| ഫാക്ട് (സി.ഡി.) എംപ്ലോയീസ് കോ. ഓ. ക്രെഡിറ്റ് സൊസൈറ്റി | 2455 | 10002500 | - | 7377820 | | | 688179 | | 218158 | 49546907 |
| CRE കോ.ഓ. ക്രെഡിറ്റ് സൊസൈറ്റി | 1554 | 7500000 | - | 5914000 | - | - | - | - | - | 19600000 |
| HOC വർക്കേഴ്സ് ക്രെഡിറ്റ് സൊസൈറ്റി | 442 | 1000000 | - | 650000 | - | - | - | - | - | 47,65000 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

നൂറ്റാണ്ടുകളായി കഷ്ടത അനുഭവിച്ചിരുന്നവരാണ് പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾ. കേരളത്തിലുണ്ടായ സാമൂഹ്യരാഷ്ട്രീയ പ്രവർത്തനങ്ങളുടെ ഫലമായി ഈ വിഭാഗത്തിലുണ്ടായ സാമൂഹ്യമായ മാറ്റം ഈ പഞ്ചായത്തിലും ഉണ്ടായി. എന്നാൽ ഭൗതികനേട്ടങ്ങൾ കാര്യമായി ഇന്നും അവർക്ക് ഉണ്ടായിട്ടില്ല. ഗവൺമെൻറ് ഇവരുടെ ക്ഷേമത്തിനായി ചെലവഴിച്ച തുകയിൽ വീടുകളുടെ നിർമ്മാണം ഒഴിച്ച് മറ്റേതെങ്കിലും മേഖലയിൽ വ്യക്തിപരമായ പുരോഗതിയ്ക്ക് സാധിച്ചിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. വിദ്യാഭ്യാസത്തിന് സാഹചര്യമില്ലായ്മ, അതിൻെറ ഫലമായുണ്ടായ അറിവില്ലായ്മ, ഭാവിരൂപപ്പെടുത്തുന്നതിൽ ശ്രദ്ധയില്ലായ്മ ഇവയെല്ലാം അവർക്ക് വേണ്ടി നടത്തിയ ക്ഷേമപ്രവർത്തനങ്ങൾ പരാജയപ്പെടുവാനും പഴയസ്ഥിതി നിലനിൽക്കുവാനും കാരണമായി. 1960 കൾക്ക് മുമ്പ് പഞ്ചായത്തിലെ വിരലിലെണ്ണാവുന്നവർ ഒഴിച്ച് മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗക്കാരും കൃഷിത്തൊഴിലാളികളായിരുന്നു. പഞ്ചായത്തിലെ വൻകിടകമ്പനികളുടെ സ്ഥാപനത്തോടുകൂടി കുറേപേർ കമ്പനിതൊഴിലാളികളും നല്ലൊരുഭാഗം കൺസ്ട്രക്ഷൻ തൊഴിലാളികളുമായി മാറി. ഈ വിഭാഗത്തെ സമൂഹത്തിൻെറ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള തീവ്രശ്രമം അടുത്ത പദ്ധതിയിലെങ്കിലും നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ 971 കുടുംബങ്ങളിലായി 2363 പുരുഷൻമാരും 2332 സ്ത്രീകളും ഉൾപ്പെടെ 4695 പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഉണ്ട്. ഇത് മൊത്തം ജനസംഖ്യയുടെ 18.4% വരും. പഞ്ചായത്തിലെ പ്രധാനപ്പെട്ട അംഗീകൃതവും അല്ലാത്തതുമായ കോളനികൾ താഴെപ്പറയുന്നവയാണ്.

## പട്ടിക-1

| ക്രമ നമ്പർ | കോളനിയുടെ പേര് | വാർഡ് |
|---|---|---|
| 1. | കുഴിക്കാട് ആശ്രമം കോളനി | II |
| 2. | ഏറ്റിക്കര | III |
| 3. | പുലിയാംമ്പിള്ളിക്കോളനി | III |
| 4. | കള്ളിക്കാടുകൾ | IV |
| 5. | പള്ളിമുകൾ | V |
| 6. | മേച്ചിറപ്പാട്ട് | V |
| 7. | ചക്കാലക്കുഴി | V |
| 8. | മൂലേക്കുഴി | VI |
| 9. | ഫാക്ട് കോളനി | VI |
| 10. | സി.ആർ.കോളനി | VI |
| 11. | കടമ്പേത് മൂല | VI |
| 12. | പെരിങ്ങേലി മൂല | VII |
| 13. | പന്നിക്കോട്ടു മൂല | VII |
| 14. | ഓലി മുകൾ | VII |
| 15. | പുറ്റുമാനൂർ 4 സെൻറ് കോളനി | VII |
| 16. | വരിക്കോലി | VIII |
| 17. | നീർമേൽ | VIII |
| 18. | പന്നിക്കുഴി | IX |
| 19. | മണിനാം മുകൾ 4 സെൻറ് കോളനി | IX |
| 20. | ചോയിക്കര മുകൾ | X |
| 21. | കുറ്റ | XI |
| 22. | മുപ്പാട്ടി | XI |
| 23. | കാണിനാട് | XI |
| 24. | രാമല്ലൂർ | XI |

അവലംബം ബ്ലോക്ക് ആഫീസ് വടവുകോട്

പഞ്ചായത്തിലെ അടൂർ, കൊല്ലിമുട്ടം, മുട്ടം, അമ്പലമുകൾ, കുഴിക്കാട് പ്രദേശങ്ങൾ കൊച്ചിൻ ഓയിൽ റിഫൈനറിയ്ക്കും ഫാക്ടിനുംവേണ്ടി അക്വയർ ചെയ്യപ്പെട്ടപ്പോൾ കമ്പനികൾ സ്ഥലമെടുക്കപ്പെട്ടവർക്ക് 10 സെൻറ് സ്ഥലം വീതം റീഹാബിലിറ്റേഷൻ സ്കീമിൽ കരിമുകളിൽ കൊടുത്തു. ഇതിൻെറ ഫലമായി പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടതും മേൽപ്രദേശങ്ങളിലെ ഏതാണ്ട് മുഴുവൻ ആളുകളും കരിമുകൾ പ്രദേശത്ത് താമസമാക്കി.

മേൽപ്പറഞ്ഞ കോളനികളിൽ മണിയനാം മുകൾ കോളനി ഒഴിച്ച് എല്ലാ കോളനികളിലും വൈദ്യുതി എത്തിയിട്ടുണ്ട്. വിവിധപദ്ധതികൾ മുഖാന്തിരം ഭൂരിഭാഗം കുടുംബങ്ങൾക്കും കക്കൂസുകൾ ഉണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിലും ഥഭഴ പദ്ധതിയിൽ പഞ്ചായത്ത് 40 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കക്കൂസ് അനുവദിച്ചിട്ടുണ്ട്. പല കോളനികളിലും ജനുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിലെ പൊതുവിതരണശൃംഖലയുടെ തകരാറാണ് ഇതിന് പ്രധാനകാരണം. കോളനികളിൽ സ്വന്തമായി വീട് ഇല്ലാത്തവരും ഉണ്ട്. പലർക്കും പട്ടയം ഇല്ലാത്തത് വീട് അനുവദിയ്ക്കുന്നതിന് പ്രധാനതടസ്സമായി കാണുന്നു. പരിസര ശുചീകരണത്തിലെ പോരായ്മയും ആധുനിക ജീവിത സൗകര്യങ്ങളും ഒട്ടും തന്നെ കരഗതമാകാത്തതും ഈ കോളനികളുടെ ശോച്യാവസ്ഥകളാണ്.

പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങളുടെ പൊതുസ്ഥിതി മറ്റ് ജനവിഭാഗങ്ങളുമായി താരതമ്യപ്പെടുത്തമ്പോൾ വളരെ ശോചനീയമാണ്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല. ഇതിൻെറ ഫലമായി ഈ വിഭാഗത്തിലെ നല്ലൊരു ഭാഗവും പ്രാഥമിക വിദ്യാഭ്യാസത്തോടെ പഠിത്തം നിർത്തുന്ന പൊതുസ്ഥിതിയാണ് കണ്ടുവരുന്നത്. കുടുംബാന്തരീക്ഷവും മാതാപിതാക്കളുടെ അറിവില്ലായ്മയും ആകും ഇതിന് കാരണം. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളിൽ 24% കുട്ടികൾ തോറ്റുപടിക്കുമ്പോൾ മറ്റുവിഭാഗങ്ങളിൽ ഇത് 7% മാത്രമാണ്. അതേപോലെ ഇടയ്ക്കുവച്ച് പഠിത്തം നിർത്തുന്നവർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ 7.6% ആയിരിക്കുമ്പോൾ മറ്റുവിഭാഗങ്ങളിൽ ഇത് വെറും രണ്ട് ശതമാനം മാത്രമാണ്.

കരിമുകൾ, അമ്പലമുകൾ, ബ്രഹ്മപുരം മേഖലകളിലെ അധികംപേരും കൺസ്ട്രഷൻ മേഖലയിലും ബാക്കിഭാഗങ്ങളിൽ കാർഷികമേഖലയിലും ജോലി ചെയ്യുന്നവരാണ്. 1,2,3,4,8,9,10 വാർഡുകളിൽ സ്വന്തമായി സ്ഥലമുള്ള ഭൂരിഭാഗം പേർക്കും വീടുകൾ ഉണ്ട്. 5,6,7,11 വാർഡുകളിൽ വീടില്ലാത്തവർ പരിമിതമാണെങ്കിലും ആയതിന് കാരണം പ്രധാനമായും സ്വന്തമായി സ്ഥലമില്ലാത്തവതാണ്. കരിമുകൾ കോളനികളിൽ പലർക്കും പട്ടയം ലഭിച്ചിട്ടില്ല എന്നത് പ്രധാനകാരണമാണ്. നാലുസെൻറ് കോളനികളിലും കരിമുകൾ കോളനികളിലും ഭൂമി കൈമാറ്റവും യഥാസമയം പട്ടയത്തിന് അപേക്ഷിക്കാതിരിക്കുന്നതിനും കിട്ടാതിരിക്കുന്നതിനും കാരണമാണ്. അതേപോലെ പുറമ്പോക്ക് ഭൂമിയിൽ വീടുവച്ച് താമസിക്കുന്ന പട്ടികജാത/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും ഉണ്ട്. ഇവർക്ക് വീടുവയ്ക്കുന്നതിന് സ്ഥലവും കണ്ടെത്തേണ്ടതുണ്ട്. ഈ വിഭാഗങ്ങൾക്ക് സമ്പൂർണ്ണമായ ഭവനനിർമ്മാണം അടുത്ത പദ്ധതിയിൽ കൈവരിക്കാവുന്നതാണ്.

മറ്റ് വിഭാഗങ്ങളെ അപേക്ഷിച്ച് പട്ടികജാതി/പട്ടികവർഗ്ഗവർഗ്ഗ വിഭാഗത്തിൽ നിരക്ഷരുടെ എണ്ണം കൂടുതലാണ്. നിരക്ഷരർ കൂടുതലും പ്രായമായിട്ടുള്ളവരാണ്. പുതിയ തലമുറയിൽ നിരക്ഷരർ ഇല്ലെന്ന് പറയാം. സാക്ഷരതാ പ്രസ്ഥാനം ഇവരുടെ സാക്ഷരതാനിരക്ക് വർദ്ധിപ്പിക്കുന്നതിൽ നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ കലാ-സാംസ്കാരിക, ബഹുജന പ്രസ്ഥാനങ്ങളിൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സജീവപങ്കാളിത്തവും നേതൃത്വവും ഉണ്ട്. ജാതിപരമായ ഉച്ചനീചത്വമോ, വിഭാഗീയ ചിന്താഗതിയോ ഈ വിഭാഗങ്ങളും ഇതരവിഭാഗങ്ങളും തമ്മിൽ ഇല്ല. മാത്രമല്ല ജാതിമതചിന്ത കൂടാതെ മറ്റു സമുദായക്കാർ ഒരുമിച്ച് സൗഹാർദ്ദപരമായി സാമൂഹ്യപ്രവർത്തനങ്ങളിലും സാമൂഹ്യസദസ്സുകളിലും പങ്കെടുക്കുന്നു.

നിലവിലുള്ള **IRDP** ലിസ്റ്റ് പ്രകാരം ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 375 ആണ്. ഈ കുടുംബങ്ങളിൽ 389 പേർക്ക് വിവിധധനസഹായം നൽകിയിട്ടുണ്ട്. ദാരിദ്ര നിർമ്മാർജ്ജന പരിപാടികളുടെ ഭാഗമായി നൽകുന്ന ഇത്തരം ധനസഹായങ്ങൾ ഈ മേഖലയിലെ സ്ഥിതി ഒട്ടും മെച്ചപ്പെടുത്തുന്നില്ല എന്നത് ഒരു വസ്തുതയാണ്. ശക്തമായ ബോധവൽക്കരണം ഈ രംഗത്ത് അടിയന്തിര ആവശ്യമാണ്. അതേപോലെ ഇത്തരം ധനസഹായം വാങ്ങി ദുർവിനിയോഗം ചെയ്യുന്നവർക്കെതിരെ കർക്കശന നടപടി ഉണ്ടാകും എന്ന് ഉറപ്പ് വരുത്തിയാൽ ഈ രംഗത്തെ ദുർവിനിയോഗം തടയുവാൻ സാധിക്കും.

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഇന്ന് കൂടുതൽ ധനസഹായം ലഭിക്കുന്ന രണ്ട് പദ്ധതികളാണ് **IRDP** യും **JRY** യും. അതേപോലെ പഞ്ചായത്തിൻെറ ഉപാധിരഹിതഫണ്ടിലെ പ്രത്യേകവിഹിത ഇവരുടെ ഉന്നമനത്തിനായി മാറ്റിവയ്ക്കുന്നു. **JRY** പദ്ധതികളിൽ വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം വീടുകളുടെ വയറിംഗ് എന്നിവയാണ് നടന്നിട്ടുള്ളത്. അതേപോലെ ഉപാധിരഹിതഫണ്ട് ഉപയോഗിച്ച് വീട് നിർമ്മാണവും കക്കൂസ് നിർമ്മാണവും ആണ് പ്രധാനമായും നടത്തിയിട്ടുള്ളത്.

വീട് നിർമ്മാണവും കക്കൂസ് നിർമ്മാണവും ഒരു പരിധിവരെ വിജയിക്കുന്നുണ്ട്. വീട് നിർമ്മാണത്തിന് ഇന്ന് അനുവദിക്കുന്ന 15000 രൂപ തീരെ അപര്യാപ്ത മായതുകൊണ്ട് നിർമ്മാണം പൂർത്തികരിക്കുന്നതിന് വളരെ കാലതാമസം എടുക്കുന്നുണ്ട്. കൂടാതെ ഭൂരിഭാഗം കേസുകളിലും കയറികിടക്കുവാൻ സ്ഥിരമായ മേൽക്കൂരയുള്ള വീട് ഉണ്ട് എന്നല്ലാതെ തേപ്പ്, വാതിലുകൾ പിടിപ്പിക്കൽ എന്നിവ മിക്കവാറും നടത്തുന്നില്ല. കോളനികളിലെ പ്രത്യേക ജീവിത ചുറ്റുപാടുകളിൽ വീടിൻെറ ശുചീകരണത്തേയും സുരക്ഷിതത്വത്തേയും ഇത് ബാധിക്കും. വീട് നിർമ്മാണത്തിന് മരം, ഓട്, എന്നിവയ്ക്ക് ഉണ്ടായ വില വർദ്ധനവ് മൂലം ഈ തുക ഉപയോഗിച്ച് വാർക്കവീടുകൾ പണിയുന്നതിന് ആളുകൾ തയ്യാറാവുന്നുണ്ട്. വിവിധ പദ്ധതികൾ മുഖാന്തിരം വീടുകൾക്ക് ധനസഹായം നൽകുന്ന പദ്ധതികളിൽ തുക 25000 രൂപയായി എങ്കിലും ഉയർത്തുകയും പ്ലാൻറ് ഏരിയ നിശ്ചയിച്ച് കഴിഞ്ഞാൽ ബാക്കി വീടിൻെറ പണി നടത്തുന്നതിനുള്ള പൂർണ്ണാവകാശം ഗുണഭോക്താവിന് വിട്ടുകൊടുക്കയും വേണം. അതേപോലെ കക്കൂസിൻെറ നിർമ്മാണത്തിന് ഇന്ന് അനുവദിക്കുന്ന 2000 രൂപ തീരെ അപര്യാപ്തമാണ്. ഇത് ഏറ്റവും ചുരുങ്ങിയത് 3000 രൂപ എങ്കിലും ആയിട്ട് ഉയർത്തണം. പഞ്ചായത്ത് ഉപാധികരഹിത ഫണ്ടിൽ 100 കക്കൂസുകൾ നിർമ്മിച്ചത് 3000 രൂ അടങ്കൽ തുക വച്ചുകൊണ്ടായിരുന്നു. ഗുണഭോക്താക്കളുടെ സഹകരണത്തോടെ ഈ പദ്ധതി വളരെ വിജയകരമാക്കുവാൻ സാധിച്ചു.

**IRDP** പദ്ധതി ഇന്ന് തീരെ ആകർഷകമല്ലാതായിരിക്കുന്നു. ഈ പദ്ധതിയിൽ ധനസഹായംലഭ്യമാക്കിയ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഭൂരിഭാഗവും ദാരിദ്രരേഖയ്ക്ക് മുകളിലേയ്ക്ക് എത്തുന്നതിൽ വിജയിച്ചിട്ടില്ല എന്നത് വസ്തുതയാണ്. ഇത് സംബന്ധിച്ച് വിശദമായ പഠനം ആവശ്യമാണ്.

പഞ്ചായത്തിൽ രജിസ്റ്റർചെയ്യപ്പെട്ടിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം അതിൻെറ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല. ഈ സംഘത്തിൻെറ പ്രവർത്തനം വ്യാപിച്ചാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വളരെയധികം സഹായകരമായിരിക്കും.

## പ്രശ്നങ്ങൾ

1. കോളനികളിൽ അടിസ്ഥാനസൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, വീട്, വീടുകളുടെ അറ്റകുറ്റപണികൾ, കക്കൂസ് എന്നിവയുടെ അപര്യാപ്തത.
2. വിദ്യാഭ്യാസത്തിലെ പിന്നോക്കാവസ്ഥ
3. അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടത്ര അറിവില്ലായ്മ.
4. ലഭ്യമായ ആനുകൂല്യങ്ങൾ സമൂഹത്തിൻെറ പൊതുധാരയിൽ എത്തണം എന്ന ആഗ്രഹത്തോടെ പ്രയോജനകരമായി ഉപയോഗിക്കാതിരിക്കുക.
5. അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ ഡിപ്പാർട്ട്മെൻറുകളുടെ അനാവശ്യമായ നിബന്ധനകൾ.
6. മദ്യപാനശീലം
7. സ്ഥിരമായ തൊഴിലിൻെറ അഭാവം
8. സമ്പാദ്യശീലം ഇല്ലായ്മ

## സാദ്ധ്യതകൾ

1. കൂട്ടായും വ്യക്തിപരമായും അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ.
2. വിദ്യാഭ്യാസ കാര്യത്തിൽ ആവശ്യമായ ബോധവൽക്കരണം നടത്തുകയും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൃത്യമായി ലഭ്യമാക്കുകയും ചെയ്യുക.

3. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധപദ്ധതികളെ സംബന്ധിച്ചും ആനുകൂല്യങ്ങളെ സംബന്ധിച്ചും ആവശ്യമായ പ്രചാരണം കൊടുക്കുക.

4. കോളനികൾ കേന്ദ്രീകരിച്ച് പദ്ധതികളുടെ ലക്ഷ്യം നടത്തിപ്പ് ഉപഭോക്താക്കളുടെ പങ്ക് എന്നിവയെസംബന്ധിച്ച് തുടർച്ചയായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ലഭ്യമായ ആനുകൂല്യങ്ങൾ ദുരുപയോഗപ്പെടുത്തുന്നവർക്കെതിരെ കർശന നടപടി ഉണ്ടാകുമെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.

5. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യം ഒഴികെ മറ്റെല്ലാ ആനുകൂല്യങ്ങളും ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കുകയും ആയതിന് മറ്റൊരു ഏജൻസിയുടെ യതൊരുവിധ രേഖകളും ആവശ്യപ്പെടാതിരിക്കുകയും ചെയ്യുക.

6. മദ്യവിപത്തിനെതിരെ പട്ടികജാതി/പട്ടികവർഗ കേന്ദ്രങ്ങളിൽ ശക്തമായ ബോധവൽക്കണ പരിപാടികൾ ആവിഷ്ക്കരിക്കുക.

7. കൃഷി, വ്യവസായ, IRDP പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പ്രായോഗികമായതും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്ഥിരമായ ജോലിനൽകുന്നതുമായ പദ്ധതികൾക്ക് മുൻഗണന നൽകുക.

8. സമൂഹത്തിൻെറ മുഖ്യധാരയിൽ വരേണ്ടതിൻെറ ആവശ്യകത ബോധവൽക്കരണത്തിലൂടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരെ ബോദ്ധ്യപ്പെടുത്തുകയും ഭാസംബന്ധിച്ച വ്യക്തമായ ധാരണ ഓരോരുത്തരിലും ഉണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്യുക. നാളെയെപ്പറ്റിയുള്ള ധാരണ, സമ്പാദ്യശീലത്തിലേയ്ക്ക് നയിക്കും.

## ഗ്രാമസഭകളിൽനിന്ന് ഉയർന്ന ആവശ്യങ്ങൾ

## വിശേഷാൽ ഗ്രാമസഭ റിപ്പോർട്ട്

### വാർഡ് 1

പട്ടികജാതി കോളനി രജിസ്റ്റർ ചെയ്യണം, കുടിവെള്ളം ലഭ്യമാക്കണം, കക്കൂസ് നിർമ്മിച്ച് നൽകണം. പരമ്പരാഗത വ്യവസായം പ്രോത്സാഹിപ്പിക്കണം. പട്ടികജാതി സൊസൈറ്റി രൂപീകരിക്കണം.

### വാർഡ് 2

പട്ടികജാതിക്കാരുടെ നിരക്ഷരതാനിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കണം. കുടിവെള്ളക്ഷാമം പരിഹരിക്കണം. പട്ടയമില്ലാത്ത 7 വീടുകൾക്ക് പട്ടയം ലഭ്യമാക്കുക. കൃഷി ആയുധങ്ങൾ സൗജന്യമായി ലഭ്യമാക്കുക. വീടുകളുടെ വൈദ്യുതീകരണം, അറ്റകുറ്റപ്പണി എന്നി സൗജന്യമായി പഞ്ചായത്ത് നടത്തുക. വൃദ്ധസദനം സ്ഥാപിക്കുക. പൊതുശ്മശാനം സ്ഥാപിക്കുക.

### വാർഡ് 3

വിദ്യാലയങ്ങളിൽ കുട്ടികൾക്ക് സ്പെഷ്യൽ ട്യൂഷൻ ഏർപ്പെടുത്തുക. ഭവനനിർമ്മാണ ഗ്രാൻറ് വർദ്ധിപ്പിക്കുക. പട്ടികജാതി കോളനികളിലെ ഭൗതീക സാഹചര്യം വർദ്ധിപ്പിക്കുക. കുടിവെള്ളം, വൈദ്യുതി, വീട്, സംവരണം അനർഹർ കയ്യടക്കുന്നതിനെ എതിർക്കുക. പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റ് വിപുലീകരിക്കാനുള്ള നീക്കം ഉപേക്ഷിക്കുക.

### വാർഡ് 4

പട്ടികജാതി/പട്ടികവർഗ്ഗത്തിൻെറ സാമൂഹ്യസാമ്പത്തിക സാംസ്കാരിക നില മെച്ചപ്പെടുത്തുക. ബ്രഹ്മപുരം പ്രദേശത്തെ കുടിവെള്ളം വൈദ്യുതി, പാർപ്പിടം എന്നീ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക. തൊഴിൽ ലഭിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാക്കുക. പരമ്പരാഗത കുടിൽ വ്യവസായങ്ങൾ - പായ, പനമ്പ് നെയ്ത്ത് പുനർജ്ജീവിപ്പിക്കുക.

### വാർഡ് 5

പഞ്ചായത്ത് ഗ്രാമസഭകൾതോറും Multi purpose Industrial Co-operative Society രൂപീകരിച്ച് 10 പേര് വീതമുള്ള ചെറുഗ്രൂപ്പുകളായ വിഭജിച്ച് D.W.R.C.A.

യുടെ യൂണിറ്റുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിപ്പിച്ചാൽ കുറേപേർക്ക് തൊഴിൽ നൽകുവാൻ കഴിയും.

സഹകരണാടിസ്ഥാനത്തിൽ ചെറുകിടവ്യവസായങ്ങൾ, ഹരിജൻ സഹകരണസംഘങ്ങൾ രൂപീകരിക്കുക. പരമ്പരാഗതതൊഴിലായ പായ നെയ്ത്ത്, പനമ്പ് നെയ്ത്ത് എന്നിവ സഹകരണാടിസ്ഥാനത്തിൽ നടത്തുക. ഈറ്റ സബ്സിഡി നിരക്കിൽ വിതരണം നടത്തുക. സ്വയംതൊഴിൽ വായ്പാ പദ്ധതികൾ ആരംഭിക്കുക. സംവരണം വിഭാഗത്തിൽ അനുവദിക്കുന്ന വായ്പകൾ ലാപ്സ് ആകാതിരിക്കാൻ നടപടി സ്വീകരിയ്ക്കുക. പട്ടികജാതി-പട്ടികവർഗ്ഗ വായ്പകൾ ലളിതമാക്കുക. പട്ടികജാതി/പട്ടികവർഗ്ഗത്തിൻെറ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. വീട്, വൈദ്യുതി, കുടിവെള്ളം, യഥാസമയം എത്തിയ്ക്കുക. പട്ടയം ലഭിക്കുന്നതിന് അർഹരായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും പട്ടയം നൽകുക.

## വാർഡ് 6

പട്ടികജാതി പട്ടികവർഗ്ഗത്തിൻെറ സാമൂഹ്യ സാമ്പത്തിക സ്ഥിതി വളരെ ശോചനീയം. 6 മാസം മാത്രമേ ജോലിയൊള്ളു. ഭൂവിഭാഗം കുറവാണ്. 10 സെൻറ് താഴെ ഭൂമിയുള്ളവർ. കൃഷിഭൂമിയില്ല. ജലക്ഷാമം. കുടിവെള്ളം ആവശ്യാനുസരണം ലഭിക്കുന്നില്ല. നിലവിലുള്ള കിണറുകൾ നന്നാക്കുക. ചൂണ്ടിപമ്പ്ഹൗസ് പ്രവർത്തനം വിപുലീകരിക്കുക. മണാറക്കുഴിചിറ പമ്പിംഗ് സിസ്റ്റ് നന്നാക്കുക. വൈദ്യുതി എല്ലാ വീടുകളിലും എത്തിക്കുക.

## വാർഡ് 7

കോളനികളിൽ അടിസ്ഥാനസൗകര്യം ഇല്ല. വൈദ്യുതി, വെള്ളം ലഭിക്കുന്നില്ല. പട്ടികജാതി വർഗ്ഗത്തിലെ അർഹരായ എല്ലാവർക്കും പട്ടയം നൽകുക. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകുക. വിവിധ സർക്കാർ ഏജൻസികൾ നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

## വാർഡ് 8

കുടിവെള്ളം, വൈദ്യുതി എല്ലാ കോളനികളിലും എത്തിക്കണം. നിർമ്മൽ കോളനിക്കുവേണ്ടി നെടുങ്ങാട്ടുചിറ ഉപയോഗപ്രദമാക്കുക. കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ വീടു നിർമ്മാണം എന്നിവ നടത്തുക. ഹരിജൻ

വിദ്യാർത്ഥികളുടെ ഗ്രാൻറ് വർദ്ധിപ്പിക്കുക. പട്ടികവർഗ്ഗത്തിൽപ്പെട്ട നാടിയാർ വർഗ്ഗത്തിന് വീടു നിർമ്മിച്ചു കൊടുക്കുക.

## വാർഡ് 9

4 സെൻറ് പഞ്ചായത്ത് കോളനി ഹരിജൻ കോളനിയായി അംഗീകരിക്കുക. കുടിവെള്ളം, വൈദ്യുതി ക്ഷാമം പരിഹരിക്കുക. മണിയനാം മുകൾ കോളനിയിലെ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുക. സ്ഥലമില്ലാത്തവർക്ക് മിച്ചഭൂമി വിതരണം നടത്തുക. പട്ടികജാതി വനിതകൾക്ക് സഹകരണ സംഘം വഴി ചെറുകിട വ്യവസായം, തയ്യൽ പരിശീലനകേന്ദ്രം തുറക്കുക. സാക്ഷരതാ പ്രവർത്തനം പുനഃരാരംഭിക്കുക.

## വാർഡ് 10

പട്ടികജാതി പട്ടികവർഗ വികസന ഓഫീസ് പഞ്ചായത്തിൽ തുടങ്ങുക. കോളനി ആനുകൂല്യം എല്ലാവർക്കും നൽകുക. വടവുകോട് കിഴക്കേഭാഗം ഹരിജൻ കോളനിയായി അംഗീകരിക്കണം. പുറമ്പോക്കുഭൂമി പതിച്ചുകൊടുക്കുക. നീതി നിർവ്വഹണ സെൽ പഞ്ചായത്തുതലത്തിൽ രൂപീകരിക്കുക. വിവിധതരം പെൻഷനുകൾ യഥാസമയം വിതരണം നടത്തുക. സാമ്പത്തിക അടിസ്ഥാനത്തിൽ വിവിധതൊഴിൽ പദ്ധതികൾ നടപ്പാക്കുക.

## വാർഡ് 11

പട്ടികജാതി, വർഗത്തിൻെറ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, വീട്, കക്കൂസ്, കുടിവെള്ളം, വെളിച്ചം, വഴി, തെരുവുവിളക്കുകൾ, പൊതുശ്മശാനം എന്നിവ കോളനികളിൽ ഏർപ്പെടുത്തുക. വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. ലംപ്സം ഗ്രാൻറ് വർദ്ധിപ്പിക്കുക. ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കുക. കോളേജ് സ്റ്റൈപൻറ് വർദ്ധിപ്പിക്കുക. തഭടഫ പദ്ധതിയിൽ ഉൾപ്പെടുത്തി പശു, പന്നി, കോഴി, ആട് എന്നിവ വിതരണം നടത്തുക. പഞ്ചായത്തിലെ ഹരിജൻ സഹകരണസംഘം പ്രവർത്തനം പുനരാരംഭിക്കുക. സഹകരണാടിസ്ഥാനത്തിൽ വ്യവസായം തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക. കോളനിയിൽ വാർത്താ വിനിമയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

സമ്പത്തിൻെറ ഉത്പാദനത്തിലും വിതരണത്തിലും വ്യത്യസ്ത തട്ടുകളിൽ ജനങ്ങൾ അധിവസിക്കുന്ന പ്രദേശമാണ് ഈ പഞ്ചായത്ത് ആകെ 5481 കുടുംബങ്ങളിൽ 1457 കുടുംബങ്ങൾ ഇപ്പോഴും ദരിദ്രരേഖക്കു താഴെയാണ്. ഏതാണ്ട് ആകെയുള്ള കുടുംബങ്ങളുടെ 30% ഇതിനർത്ഥം ഒമ്പതാം പഞ്ചവത്സരപദ്ധതിയുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിൽ നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ മുഖ്യ ഉപഭോക്താക്കൾ 30%വരുന്ന കുടുംബങ്ങളാണ്. ഇവരുടെ ഉന്നമനത്തിനാവശ്യമായ ക്ഷേമ പദ്ധതികൾ ക്കാണ് മുൻ ഗണന നല്കേണ്ടത്

ഏതാണ്ട് 100 വർഷം മുൻപ് വടവുകോടിൽ സ്ഥാപിച്ച പ്രൈമറി സ്ക്കൂളിൽ നിന്നാരംഭിച്ച് വിദ്യാഭ്യാസവ്യാപന പ്രക്രിയ ഏതാണ്ട് ഇന്നീ പഞ്ചായത്തിൽ സമ്പൂർണ്ണമാണെന്നു പറയാം. 23 ഹരിജൻ കോളനികളുള്ള ഈ പഞ്ചായത്തിൽ ഏതാണ്ട് ഉയർന്ന സാക്ഷരതാനിലവാരമുണ്ട്. അതുകൊണ്ടാവാം ഈ പ്രദേശത്ത് മിക്കവാറും ചെറിയ കുടുംബങ്ങളാണ് അതിവസിക്കുന്നത്. മൈക്രോ ഫാമിലി എന്ന സങ്കല്പം എല്ലാ തട്ടിലുമുള്ള വിഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്നു. എങ്കിലും ദരിദ്ര കുടുംബങ്ങളുടെ എണ്ണം ഈ പഞ്ചായത്തിൽ താരതമ്യേന കൂടുതലാണ്. ഈ പഞ്ചായത്തിലെ ദരിദ്രകുടുംബങ്ങളിൽ 27% പട്ടികജാതി / പട്ടിക വർഗ്ഗക്കാരാണ് ഒമ്പതാം പദ്ധതിയിലെ ക്ഷേമ പ്രവർത്തനങ്ങളുടെ മറ്റൊരു കേന്ദ്രബിന്ദു ഇവരാണ്. ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം 1929 കുടുംബങ്ങളെ കണ്ടെത്തിയതിൽ 472 കുടുംബങ്ങൾ സാമ്പത്തിക

ഐ.ആർ. ഡി.പി സർവ്വേയിൽ കണ്ടെത്തിയ
ദാരിദ്ര രേഖയ്ക്കു താഴെയുള്ള വരുടെ വിവരങ്ങൾ

| വാർഡ് | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം. | SC / ST | സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC / ST | സഹായം ലഭിച്ചതുവഴി ദ്രാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തിയവർ | ദാരിദ്ര രേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ) |
|---|---|---|---|---|---|---|
| 1 | 75 | 6 | 12 | 4 | 6 | 69 |
| 2 | 113 | 14 | 19 | 6 | 8 | 105 |
| 3 | 142 | 18 | 21 | 9 | 11 | 131 |
| 4 | FACT (CD) | | | | | |
| 5 | 116 | 8 | 15 | 5 | 8 | 108 |
| 6 | 123 | 14 | 26 | 9 | 20 | 103 |
| 7 | 350 | 145 | 112 | 98 | 85 | 265 |
| 8 | 287 | 37 | 103 | 62 | 76 | 211 |
| 9 | 215 | 39 | 126 | 66 | 112 | 103 |
| 10 | 110 | 24 | 65 | 42 | 18 | 62 |
| 11 | 398 | 70 | 125 | 88 | 98 | 300 |
| | **1929** | **375** | **624** | **389** | **472** | **1457** |

അവലംബം : വടവുകോട് ബ്ലോക്ക് ആഫീസ് 1988 ലെ വാർഡു വിഭജനം അനുസരിച്ച്.

സഹായം കൊണ്ട് ദാരിദ്ര രേഖക്കുമുകളിലെത്തിയാവരാണ്. 24.5% ഇവർക്കു തുടർന്നും ധന സഹായം നല്കേണ്ടതാണ്

ദാരിദ്ര നിർമ്മാർജ്ജന പരിപാടികൾ പഞ്ചായത്തിൽ നടന്നുവരുന്നുണ്ടെങ്കിലും ഈ പരിപാടികളുടെ നടത്തിപ്പ് കൂടുതൽ ആശാവഹമല്ല കാരണം വിവിധ ഡിപ്പാർട്ടുമെൻറുകൾ വഴി പദ്ധതികൾ നടപ്പാക്കുമ്പോൾ അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമാകാതെ വരികയും സഹായ വിതരണത്തിൽ കാലതാമസം അനുഭവപ്പെടുകയും ചെയ്യുന്നു.

ദാരിദ്ര നിർമ്മാജന പരിപാടികൾക്ക് ധാരാളം വിഭവങ്ങളുടെ സാധ്യതകളും ഉള്ള പഞ്ചായത്തുണ്ടെങ്കിലും ഉള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നില്ല. ധാരാള ഫാക്ടറികളും സ്ഥാപനങ്ങളും സംഘടനകളും ഉള്ള ഈ പഞ്ചായത്തിൽ ഇവരുടെ സഹായ സഹകരണങ്ങളോടെ ധാരാളം ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്.

## വികലാംഗ ക്ഷേമം

സമൂഹത്തിൽ അവശതയനുഭവിക്കുന്ന മുഖ്യ ജന വിഭാഗമായ വികലാംഗരായ നമ്മുടെ സഹോദരീസഹോദരന്മാരുടെ ക്ഷേമത്തിലൂടെ മാത്രമേ നമ്മുടെ വികസന പ്രക്രിയ പൂർത്തിയാവുകയുള്ളൂ. ഇവർക്കുവേണ്ടികൂടുതൽ ക്ഷേമപ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി ഇവരെ സമൂഹത്തിൻെറ മുൻ നിരയിലേക്ക് കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. നമ്മുടെ പഞ്ചായത്തിൽ വികലാംഗക്ഷേമത്തിനായി പ്രവർത്തിക്കുന്ന രണ്ടു മാതൃക സ്ഥപാനങ്ങളാണ്. പുത്തൻ കുരിശ് അസ്താനമായി പ്രവർത്തിക്കുന്ന ഫെയ്ത്ത് ഇൻഡ്യയും അമ്പലമുകൾ അസ്ഥാനമാക്കി പ്രവർത്തിക്കുന്ന വികലാംഗകൈത്തൊഴിൽ പരിശീലന കേന്ദ്രവും ലഭ്യമായ കണക്കുകൾ വച്ച് നമ്മുടെ പഞ്ചായത്തിൽ 178 പുരുഷന്മാരും 125 സ്ത്രീകളുമായി ആകെ 303 വികലാംഗരാണ് ഉള്ളത്.

### വികലാംഗരെസംബന്ധിക്കുന്ന വിവരങ്ങൾ

| പ്രായം | പു. | സ്ത്രീ. | ആകെ എണ്ണം |
|---|---|---|---|
| 0 - 5 | 6 | 8 | 14 |
| 5 - 10 | 8 | 1 | 9 |
| 10 - 18 | 15 | 14 | 29 |
| 18 - 25 | 58 | 26 | 84 |
| 45 - 60 | 23 | 23 | 46 |
| 60 - ന് മേൽ | 44 | 26 | 70 |
| **ആകെ** | **178** | **125** | **303** |

അവലംബം : CHILD DEVELOPMENT PROJECT OFFICE - VADAVUCODE

## എട്ടാം പദ്ധതിക്കാലത്തെ വിവിധ ക്ഷേമപദ്ധതികളുടെ അവലോകനം

### JRY പദ്ധതികളുടെ അവലോകനം

ഗ്രാമീണ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ച് തൊഴിൽ ഭദ്രത ഉറപ്പു വരുത്തുന്നതിനായി കേന്ദ്രഗവൺമെൻറ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ജവഹർ റോസ്ഗാർ യോജന ഈ പദ്ധതി പ്രകാരം വടവുകോട്പുത്തൻ കുരിശ്പഞ്ചായത്തിൽ 17 വിവിധ പദ്ധതികൾക്കായി ആകെ എസ്റ്റിമേറ്റ് തുകയായ 9,98,951/- രൂപയിൽ ചിലവഴിച്ചത് 8,32,318 രൂപയാണ്. കൂടാതെ പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്കായി ''മുലേക്കുഴി പാത്ത്വേ''വികസനത്തിനായി 45000/- രൂപചിലവഴിച്ചിട്ടുണ്ട്

പണികൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | പണിയുടെ പേര് | ജനറൽ എസ്റ്ററി മേറ്റ് തുക | നൽകിയത് | എസ്റ്റിമേറ്റ് തുക | നൽകിയത് |
|---|---|---|---|---|---|
| 1. | വടവുകോട്ടിൽ കിണർ നിർമ്മാണം | 7,698 | 7,463 | . | . |
| 2 | പുറ്റുമാനൂർ സ്ക്കൂൾ ഗ്രൗണ്ട് അറ്റകുറ്റ പണികൾ | 15,000 | 15,000 | . | . |
| 3. | വടവുകോട് ജലസേചനതോട് നിർമ്മാണം | 1,00,000 | 99,753 | . | . |
| 4. | ബ്രഹ്മപുരം യു.പി. സ്ക്കുളിന്റെ ചുററു മതിൽ നിർമ്മാണം | 25,000 | 25,000 | . | . |
| 5. | വരിക്കോലി തോടിന്റെ അററകുറ്റ പണി | 35,000 | 30,350 | . | . |
| 6. | വടവുകോട് ജി. എൽ. പി. എസ്. കെട്ടിടത്തിന്റെ അറ്റകുറ്റ പണി | 50,253 | 50,253 | . | . |
| 7. | പുത്തൻ കുരിശ് യു. പി. സ്ക്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണം | 50,000 | 50,000 | . | . |
| 8. | അത്യാട്ടു താഴം തോടിന്റെ അറ്റക്കുറ്റ പണി | 20,000 | 15,168 | . | . |
| 9. | വടവുകോട് ജലസേചന ചാൽ നിർമ്മാണം | 33,000 | 32,853 | . | . |
| 10. | പീച്ചിങ്ങച്ചിറ അറ്റകുറ്റ പണി | 3,00,000 | 1,90,000 | . | . |
| 11. | വടവുകോട് മുതായിക്കര തോടിന്റെ അററകുറ്റ പണികൾ | 1,00,000 | 55,000 | . | . |
| 12. | ബ്രഹ്മപുരം മുതായിക്കര ജെ.ബി.എസ്. ചുറ്റുമതിൽ നിർമ്മാണം | 23,000 | 22,217 | . | . |
| 13. | കവനാൽ തോടിന്റെ അററ കുറ്റ പണികൾ | 45,000 | 44,853 | . | . |
| 14. | എത്തപാടത്തു് നിന്ന് മൂലേപാടത്തേക്ക് തോടിന്റെ അറ്റകുറ്റപണി | 1,00,000 | 99,408 | . | . |
| 15. | മുതായിക്കര തോടിന്റെ അറ്റകുററ പണികൾ | 45,000 | 45,000 | . | . |
| 16. | വടവുകോട് ഏലോത്തതാഴം തോട് | 50,000 | 50,000 | . | . |
| 17. | മൂലേക്കുഴിപാതത്തവോയുടെ നിർമ്മാണം | . | . | 45,000 | 45,000 |
| ആകെ | | 9,98,951 | 8,32,318 | 45,000 | 45,000 |

അലംബം രജിസ്റ്റർ പഞ്ചായത്ത് ആഫീസ്.

ലഭ്യമായ കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ IRDPപദ്ധതി പ്രകാരം ധനസഹായം എത്തിയിട്ടുണ്ട്. ഇതിൽ 132 കുടുംബങ്ങൾ പട്ടികജാതി പട്ടിക വർഗ്ഗവിഭാഗത്തിൽ പെട്ടവരാണ്. ഇതിനായി ചിലവാക്കിയ ആകെ തുക 1625,140/ രൂപവായ്പയായും 999636 രൂപധാനസഹായമായും നല്കിയിട്ടുണ്ട്. ഈ തുക ചിലവാക്കിയത് താഴെ പറുയന്ന

പദ്ധതികളാണ്.

1. ട്രൈസം 2. DWCRA 3. കൈത്തൊഴിൽ ഉപകരണ വിതരണ പദ്ധതി 4. ഇന്ദിരാവികാസ് യോജന 5. കേന്ദ്ര ഗ്രാമീണ ശുചിത്വ പദ്ധതി 6. ദശലക്ഷം കിണർ പദ്ധതി 7. ചെറുകിട പരിമിത കർഷകർക്കുള്ള കേന്ദ്രസഹായ പദ്ധതി 8. പട്ടിക ജാതി പട്ടിക വിദ്യാർത്ഥികൾക്കുള്ള പഠനോപകരണവിതരണ പദ്ധതി.

*1. ട്രൈസം*

ഗ്രാമീണ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നല്കുന്ന ഈ പദ്ധതി പ്രകാരം ഈ പഞ്ചായത്തിലെ 35 പേർക്ക് വിവിധ തൊഴിലുകളിൽ പരിശീലനം നല്കിയിട്ടുണ്ട്. ഇതിനായി 1,64,000 രൂപ പഞ്ചായത്തിൽ ചിലവഴിച്ചിട്ടുണ്ട്.

| | പരിശീലന ലഭിച്ച വിഷയങ്ങൾ | എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിൽ |
|---|---|---|---|---|
| 1. | പ്രിൻറിംഗ് കംമ്പോസിംഗ് | 21 | 11 | 10 |
| 2. | ടൈലറിംഗ് ഗാർമെൻറ് മേക്കിംഗ് | 21 | 12 | 9 |
| 3. | ധാരു ശില്പനിർമ്മണം | 1 | 0 | 1 |
| 4. | ഫൈബർവർക്ക് | 1 | 1 | 0 |
| 5. | മേയ്സൻറി | 2 | 2 | 0 |
| 6. | വെൽഡിംഗ് ആൻറ് ബ്ലാക്ക് സ്മിത്ത് | 14 | 6 | 8 |
| 7. | മരപ്പണി | 4 | 1 | 3 |
| 8. | സ്കൂട്ടർ മെക്കാനിസം | 8 | 2 | 6 |
| | ആകെ | 72 | 35 | 39 |

ട്രൈസം തൊലിൽ പരീശീലനം നേടിയവരുടെ വിവരം മുകളിൽ കൊടുത്തിരിക്കുന്നു.

*2. DWCRA*

സംയോജിത ഗ്രാമ വികസന പരിപാടിയുടെ കീഴിൽ ഈ പഞ്ചായത്തിലെ 2,3,4, എന്നീവാർഡുകളിൽ വനിതായൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനായി 1,90,000 രൂപാ വായ്പയായും 80,000 രൂപ ധനസഹായമായും നല്കിയിട്ടുണ്ട്. ഈ യൂണിറ്റുകൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

*3. കൈത്തൊഴിൽ ഉപകരണ വിതരണ പദ്ധതി*

ദാരിദ്ര രേഖയ്ക്കു താഴെയുള്ള ഗ്രാമീണ കരകൗശല തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽഉപകരണങ്ങൾ വിതരണം ചെയ്യുന്ന ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ 6 ഗുണഭോക്താക്കൾക്ക് 27000/- രൂപാ ചിലവഴിച്ച് തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

*4. ഇന്ദിരാ ആവാസ് യോജന*

പട്ടിക ജാതി പട്ടിക വർഗ്ഗവിഭാഗങ്ങൾക്കും ദാരിദ്ര രേഖയ്ക്കു താഴെയുള്ള മറ്റുവിഭാഗങ്ങൾക്കും ഭവന നിർമ്മാണത്തിനായി ഉപകരിക്കുന്ന ഈ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ 46 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധന സഹായമായി 6,21, 800 രൂപ ചിലവഴിച്ചിട്ടുണ്ട്.

*5. കേന്ദ്ര ഗ്രാമീണ ശുചിത്വ പദ്ധതി*

ചിലവുകുറഞ്ഞ സാനിറ്ററി കക്കൂസുകളുടെ നിർമ്മാണത്തിനും പ്രചരണത്തിനുമായി 24 ഗുണഭോക്താകൾക്ക് 46000/ രൂപ ചിലവഴിച്ചിട്ടുണ്ട്.

*6. ദശലക്ഷം കിണർ പദ്ധതി*

പട്ടിക ജാതി പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് ജലസേചന നടത്തുന്നതിന് ജലസേചന കിണർകുളം എന്നിവ നിർമ്മിക്കുന്നതിനായി 5 ഗുണഭോക്തക്കൾക്ക് 34,041 രൂപാ ചിലവഴിച്ചിട്ടുണ്ട്.

*7. ചെറുകിട പരിമിത കർഷകർക്കുള്ള കേന്ദ്ര സഹായ പദ്ധതി*

കാർഷിക അഭിവൃദ്ധി മുൻനിർത്തി ചെറുകിട പരിമിതകർഷർക്ക് കാർഷികോൽപാദനം മെച്ചപെടുത്തുവാനുള്ള പദ്ധതികൾക്കായി ഈ സഹായം പ്രയോജനപ്പെടുന്നു. ഇതിൻ പ്രകാരം 66 പമ്പുസെറ്റുകൾ ഒരു പമ്പുപുര, 5 കിണറുകൾ എന്നിവ ഈ പഞ്ചായത്തിന് നല്കിയിട്ടുണ്ട്. ഇത് നിർമ്മിക്കുന്നതിന് ബാങ്കിൽ നിന്നും വായ്പയും ആനുപാതിക സബ്സിഡിയും നല്കിയിട്ടുണ്ട്

*8. പട്ടിക ജാതി പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്കുള്ള പഠനോപകരണ വിതരണ പദ്ധതി*

പത്താം ക്ലാസ്സിനു മേൽ ഉപരിവിദ്യഭ്യാസം നടത്തുന്ന പാവപ്പെട്ട പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നല്കുന്ന ഈ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ 17 കുടുംബങ്ങൾക്ക് മേശയും കസേരയും നല്കി. ഇതിനായി 13,250 രൂപാ ചിലവഴിച്ചിട്ടുമുണ്ട്.

പെൻഷനുകൾ

വിവിധ പെൻഷൻ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ 1995-96 വർഷത്തിൽ 34 പേർക്ക് വിധവാ പെൻഷനും 24 പേർക്ക് വികലാംഗ പെൻഷനും 5 പേർക്ക് ക്ഷയ രോഗപെൻഷനും ഓരാൾക്ക് കുഷ്ഠ രോഗപെൻഷനും 3 പേർക്ക് ക്യാൻസർ രോഗ പെൻഷനും 234 പേർക്ക് കർഷകത്തൊഴിലാളി പെൻഷനുമായിട്ട് 100/ രൂപാവീതം നല്കിവരുന്നു. കൂടാതെ 284 പേർക്ക് പ്രതിമാസം 70/- രൂപാവീതം തൊഴിലില്ലായ്മ വേതനവും നല്കിവരുന്നു. പെൻഷൻ തുകയും തൊഴിലില്ലായ്മ വേതനവും അപര്യാപ്തമാണെന്നിരിക്കെ അവ വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്.

## വിവിധ ധന സഹായ പദ്ധതികൾ

| ക്രമ: നമ്പർ | വർഷം | സഹായത്തിൻെറ ഇനം | സഹായം ലഭിക്കുന്ന വരുടെ എണ്ണം | തുക. | തീരുമാന ആകാത്തത് |
|---|---|---|---|---|---|
| 1. | 1995-96 | വിധവ പെൻഷൻ | 34 | 100 | . |
| 2. | 1995-96 | വികലാംഗപെൻഷൻ | 24 | 100 | . |
| 3. | 1995-96 | ക്ഷയരോഗപെൻഷൻ | 5 | 100 | . |
| 4. | 1995-96 | കുഷ്ഠരോഗ പെൻഷൻ | 1 | 100 | . |
| 5. | 1995-96 | കാൻസർ രോഗികൾക്കുള്ള | 3 | 100 | . |
| 6. | 1995-96 | കർഷക തോഴിലാളി | 234 | 100 | . |
| 7. | 1995-96 | തൊഴിലില്ലായ്മ വേതനം | 284 | 70 | . |

അവലംബം വി.ഇ.ഒ. അമ്പലമേട് പുത്തൻ കുരിശ് സർവ്വേ 1992

## അവലോകനം

സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കായി 16,25,140/- രൂപാ വായ്പയായും 9,99,636 രൂപാധനസഹായമായും വിവിധ പദ്ധതികൾ പ്രകാരം ചിലവഴിച്ചിട്ടുണ്ട്. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഒരു വൻതുക തന്നെ നാം ചിലവഴിച്ചിട്ടുള്ളതാണ് മുകളിൽ സൂചിപ്പിട്ടുള്ള കണക്കുകളിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഈ തുകകൾ മേൽപ്പറഞ്ഞ സ്കീമുകൾ വഴി നടപ്പിലാക്കിയ ക്ഷേമ പ്രവർത്തനങ്ങളായിരുന്ന എങ്കിലും ഫണ്ടുകൾ ഉപയോഗിക്കുന്നതിൽ ചേർച്ച അനുഭവപ്പെടുന്നില്ല എന്ന സംശയം ജനങ്ങളിൽ പരക്കെ പ്രകടമാണ്. ഗുണഭോക്താക്കളുടെ നിർണ്ണയവും ഫണ്ടുകളുടെ വിതരണവും ജനകീയ കമ്മിറ്റികൾ വഴി നടപ്പിലാക്കുകയാണെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കിത്തീർക്കാൻ കഴിയും.

## ബാലവാടികൾ അംഗൻ വാടികൾ എന്നിവയുടെ പ്രവർത്തനം

ഈ പഞ്ചായത്തിൽ 23 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 5 അംഗൻ വാടികൾക്ക് സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ലാതെ വാടകകെട്ടിടത്തിൽ പ്രവർത്തികുന്നവയാണ്. മാതൃശിശു സംരക്ഷണത്തിൻെറ സ്ത്രീകളുടെ സാമൂഹ്യാരോഗവിദ്യാഭ്യാസ സാംസ്കാരിക ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ പുരോഗതി സമൂഹവികസനത്തിൻെറ പ്രധാന ഏകകമാണ്. മേൽ സൂചിപ്പിച്ച അംഗൻ വാടികൾക്ക് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ച് നല്കാനുള്ള പദ്ധതികൾ 9-ാം പഞ്ചവത്സര പദ്ധതിയിൽ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

സമൂഹത്തിൻെറപിൻധാരയിലേക്ക്തള്ളിമാററപ്പെടുന്ന സ്ത്രീവിഭാഗത്തിൻെറ ഉന്നമനം 9-ാം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇത്തരം മാതൃ-ശിശുസംരക്ഷണ സ്ഥാനപങ്ങളിലുടെ സ്ത്രീകൾക്ക്നേതൃത്വ പരിശീലനം നൽകി സ്ത്രീകളെ മുൻധാരയിലക്ക് കൊണ്ടുവരേണ്ടതാണ്.

ബാലവാടി അംഗൻവാടികളുമായി ബന്ധപ്പെട്ട് 1620 കുട്ടികളും അവരുടെ അമ്മമാരും

പ്രവർത്തിക്കുന്നു. ഇവരിൽ അനുപൂരക പോഷകആഹാരങ്ങൾ ലഭിക്കുവാൻ 932 കുട്ടികൾക്കും 114 ഗർഭിണികൾക്കും 113 അമ്മമാർക്കുമാണ് നാളെയുടെ തലമുറയെ വാർത്തെടുക്കുന്ന ഇവർക്ക് ലഭിക്കുന്ന പോഷക ആഹാരത്തിന്റെ അളവ് വളരെ കുറവാണ് ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനഫലമായി നല്ല ബോധവൽക്കരണ പരിപാടി സമൂഹത്തിൽ നടന്നുവരുന്നുണ്ട്. തദ്ദേശ സ്ത്രീകളിൽ ഗർഭകാല പരിചരണത്തെക്കുറിച്ച് കൂടുതൽ അറിവ് നൽകുന്നതിന് ശിശു മരണ നിരക്ക് ശിശു രോഗങ്ങൾ തുടങ്ങിയവ ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

| പോഷകാആഹാരം ലഭിക്കുന്നവർ | |
|---|---|
| 6 വയസുവരെയുള്ള കുട്ടികൾ | 932 |
| ഗർഭിണികൾ | 114 |
| മുലയൂട്ടുന്ന അമ്മമാർ | 113 |
| ആകെ | 1159 |

CHILD DEVELOPMENT PROJECT OFFICE, VADAVUCODE

കുട്ടികളുടെ മരണംസംബന്ധിച്ചുള്ള വിവരങ്ങൾ

| പ്രായം | എണ്ണം |
|---|---|
| 0-1 പ്രായമുള്ള കുട്ടികൾ | 2 |
| 1-3 പ്രായമുള്ള കുട്ടികൾ | 1 |
| 3-6 പ്രായമുള്ള കുട്ടികൾ | 1 |
| ആകെ | 4 |

CHILD DEVELOPMENT PROJECT OFFICE, VADAVUCODE

വടവുകോട് പുത്തൻ കുരിശ് പഞ്ചായത്തിലെ
കുട്ടികളെ കുറിച്ചുള്ള വിവരങ്ങൾ

| പ്രായം | എണ്ണം |
|---|---|
| 1 വയസ്സിൽ താഴെയുള്ള പ്രായമായ കുട്ടികളുടെ എണ്ണം | 395 |
| 1.2 വയസുപ്രായമുള്ള കുട്ടികൾ | 414 |
| 2.3 വയസുപ്രായമുള്ള കുട്ടികൾ | 369 |
| 3-5വയസു പ്രായമുള്ള കുട്ടികൾ | 742 |
| ആകെ | 1620 |

CHILD DEVELOPMENT PROJECT OFFICE, VADAVUCODE

## പ്രശ്നങ്ങൾ

1. വിവിധ പെൻഷനുകൾ ഉപഭോക്തക്കൾക്ക് യഥാസമയം ലഭ്യമാകുന്നില്ല

2. അവശജനവിഭഗത്തിനുള്ള ധന സഹായത്തിന് കാലതാമസം നേരിടുന്നു.

3. ധനസഹായ വിതരണം അനർഹരുടെ കൈയ്കളിൽ എത്തപ്പെടുന്നു.

4. പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് നടപ്പാക്കുന്ന പദ്ധതികളിൽ അവരുടെ യഥാർത്ഥ ആവശ്യങ്ങൾ പരിഗണിക്കുന്നില്ല.

5. ഫണ്ടുകൾ വിനിയോഗിക്കുന്നവയിൽ ചോർച്ച അനുഭവപ്പെടുന്നു.

6. ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ കുടുംബനാഥന്റെ മരണം സംഭവിച്ച് കുടുംബം അനാഥമാകുന്നു.

7. ബാലവാടി അംഗൻവാടി ജീവനക്കാർക്ക് കൊടുക്കുന്ന വേതനവും അലവൻസുകളും അപര്യാപത്മാണ്.

8. വിവാഹപ്രായം കഴിഞ്ഞ യുവതി, യുവാക്കൾ സാമ്പത്തീക പരാധിനതമൂലം

അവിവാഹിതരായിനിൽക്കുന്നു.

9. പൊതു പരിപാടികൾ നടത്തുന്നതിനായി പഞ്ചായത്ത് ആസ്ഥാനത്ത് ഒത്തു ചേരുന്നതിന് ഓഡിറ്റോറിയം ഇല്ല.

## സാദ്ധ്യതകൾ

1. വിവിധ പെൻഷനുകൾ വർദ്ധിപ്പിച്ച് യഥാസമയം ഉപഭോക്തകൾക്ക് വിതരണം ചെയ്യുക

2. ധന സഹായത്തിന് അർഹത ഉള്ളവരെ കണ്ടെത്തുന്നതിന് ഒരു ജാനകീയ കമ്മറ്റി രൂപികരിക്കുക.

3. ഈ പഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് ദാരിദ്ര രേഖയ്ക്ക് താഴെ യുള്ളവർക്ക്) ധനസഹായ വിതരണത്തിൽ തുല്യ പ്രാധാന്യം നൽകുക.

5. ഫണ്ടുകൾ ചെലവഴിച്ച് പദ്ധതികൽ നടപ്പാക്കുമ്പോൾ മോണിറ്റർ ചെയ്യുന്നതിന് ഒരു ജനകീയ കമ്മറ്റി രൂപികരിക്കുക.

6. ഐ. ആർ. ഡി.പി. ലിസ്ററിൽ മുഴുവൻ പേരേയും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക.

7. ബാലവാടി, അംഗൻവാടി വേതനവും അലവൻസും വർദ്ധിപ്പിക്കുക.

8. ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിവാഹപ്രായമെത്തിയ യുവതി, യുവാക്കൾക്ക് സഹായം ലഭ്യമാക്കുക.

9. എല്ലാ അംഗൻ വാടികളിലും വെള്ളവും വെളിച്ചവും എത്തിക്കുകയും കക്കൂസ് മൂത്രപുര എന്നിവ നിർമ്മിച്ച് നൽകുകയും ചെയ്യുകയും സ്വന്തമായി കെട്ടിടവും, സ്ഥലവും ഇല്ലാത്ത അംഗൻവാടികൾക്ക് സ്ഥലവും കെട്ടിടവും നൽകുക.

10. പഞ്ചായത്ത് ആസ്ഥാനത്ത് 5000 പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയം പണിയുക.

## വനിതാ ക്ഷേമം

- പഞ്ചായത്തിൽ സ്ത്രീകളുടെ പ്രവർത്തനമേഖലവളരെ പരിമിതമായിരുന്നു. ചുരുങ്ങിയ ചില മഹിളാ സമാജങ്ങൾ സ്ത്രീകൾക്കുവേണ്ടി തയ്യൽ പരിശീലന കേന്ദ്രങ്ങൾ, തിരുവാതിരകളി, നൃത്തങ്ങൾ മുതലായവ അഭ്യസിപ്പിക്കുന്നതിനുള്ള ക്ലാസുകളും നടത്തിയതൊഴിച്ചാൽ സ്ത്രീകൾ പൊതുരംഗത്ത് യാതൊരു പ്രവർത്തനവും നടത്തിയിരുന്നില്ല. ഈ നൂറ്റാണ്ടിൻെറ മദ്ധ്യഭാഗത്തിൽ പഞ്ചായത്തിലെ നല്ലൊരു വിഭാഗം സ്ത്രീകളും പ്രാഥമിക വിദ്യഭ്യാസം നേടിയവരായിരുന്നു. വളരെ ചെറിയ വിഭാഗം സ്ത്രീകൾക്കു മാത്രമേ ഉദ്യോഗമുണ്ടായിരുന്നുള്ളു. ബാക്കി ഭൂരിഭാഗവും ഗാർഹികജോലിയിലും കൃഷിപ്പണിയിലും ഏർപ്പെടുകയും പിന്നോക്ക വിഭാഗങ്ങളിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളും

ആയിരുന്നു. വിദ്യാഭ്യാസരംഗത്ത് ഉണ്ടായ പുരോഗതി ഇവിടെയും സ്ത്രീകളുടെ വിഭ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് കാരണമായി.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 25,506 ആണ്. ഇവരിൽ 12388 സ്ത്രീകളുറ 3118 പുരുഷന്മാരുമാണ്. സ്ത്രീകളുടെ എണ്ണം മൊത്തം ജനസംഖ്യയുടെ 48.5% ആണ്. സ്ത്രീകളുടെ എണ്ണത്തിലുള്ള നേരിയ കുറവ് ഒരു പക്ഷേ ഈ പഞ്ചായത്തിലെ വ്യവസായ മേഖലയിൽ ജോലിചെയ്യുന്ന പുരുഷ തൊഴിലാളികൾ ലോഡ്ജുകളിലും വാടകവീടുകളിലും താമസിക്കുന്നതുകൊണ്ട് ഉണ്ടായിരിക്കാം മൊത്തം ജനസംഖ്യയിൽ 11,189 പുരുഷന്മാരും 9819 സ്ത്രീകളും അടിസ്ഥാനവിദ്യാഭ്യാസമുള്ളവരാണ്. സ്ത്രീകളുടെ 79.2% ന് മാത്രമേ അടിസ്ഥാന വിദ്യാഭ്യാസം ഉള്ളു എന്ന് കാണാവുന്നതാണ്,. പഞ്ചായത്തിലെ സ്ക്കൂളുകളിൽ പഠിക്കുന്ന മൊത്തം 5593 കുട്ടികളിൽ 3039 ആൺകുട്ടികളും 2554 പെൺകുട്ടികളും ആണ്. പെൺകുട്ടികളുടെ എണ്ണം മൊത്തം വിദ്യാർത്ഥികളുടെ 45.66% മാത്രമേ വരുന്നുള്ളു. ഇതിൽ പഠനം നിർത്തി പ്പോകുന്നവരുടെ കണക്കു പരിശോധിക്കുമ്പോൾ പെൺകുട്ടികളുടെ എണ്ണം വളരെ കുറവാണെന്നു കാണാം. രോഗ നിലവാരം സംബന്ധിച്ച സ്ത്രീകളുടെ പുരുഷന്മാരുടെയും പ്രത്യേകം കണക്കുകൾ ഇല്ലെങ്കിലും ആരോഗ്യകാര്യത്തിൽസ്ത്രീകളുടെനിലപൊതുവെ മോശമാണ്. പഞ്ചായത്തിലെ ജനനനിരക്ക് 9.5 ണ് ഇത് കേരളത്തിലെ മൊത്തം നിരക്കിനേക്കാൾ വളരെ കുറവാണ്.

മുൻകാലങ്ങളെ അപേക്ഷിച്ച് തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കൂടിയിട്ടുണ്ട്. പഞ്ചായത്തിലെ വൻകടിവ്യവസായശാലകളിൽ തൊഴിൽ എടുക്കുന്ന ഉദ്യോഗസ്ഥരുടെ എണ്ണം വളരെ കുറവാണ് ഇവരിൽ ഭൂരിഭാഗവും ഈ പഞ്ചായത്ത് അതിർത്തിയിൽ പെട്ടവരല്ല. എന്നാൽ കൺസ്ട്രക്ഷൻ മേഖലയിൽ മൊത്തം തൊഴിലാളികളുടെ ഏതാണ്ട് 25 % സ്ത്രീതൊഴിലാളികളാണ്. ഭൂരിഭാഗം വരുന്ന സ്ത്രീകൾ ഇന്നും ഗാർഹിക ജോലിയിലോ കാർഷിക മേഖലയിലോ. ഏർപ്പെട്ടിരിക്കുന്നവരാണ്. കാർഷിക മേഖലയിൽ കൃഷിപ്പണിക്കും വിളവെടുപ്പിനും ആവശ്യമായ സ്ത്രീ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നതിന് നല്ലൊരുഭാഗം കൃഷിതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ പണിയില്ലാതെ ഇരിക്കുന്ന അവസ്ഥ ഉണ്ട്. കൊയ്ത് മെതി എന്നിവയിലുള്ള ശരീര അദ്ധ്വാനകൂടുതലും കുറഞ്ഞവരുമാനവും സേവനവ്യവസ്ഥകളും വ്യവസായ സ്ഥാപനങ്ങളിലെ നിർമ്മാണമേഖലയുമായി താരതമ്യപ്പെടുത്തുമ്പോൾ മോശമായതാവം മേൽപ്പറഞ്ഞ സ്ത്രീതൊഴിലാളികൾ കാർഷിക മേഖലയിൽ നിന്നും വിട്ടുനിൽക്കുവാൻ കാരണം. നിർമ്മാണതൊഴിൽ മേഖലയിൽ സ്ഥിരമായ ജോലിയില്ല എന്നത് ഒരുവസ്തുതയാണ്.

സാധാരണ ഒരു പുരുഷതൊഴിലാളിക്ക് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വിവിധ ജോലികൾക്ക് 100 മുതൽ 150 രൂപ് വരെ കൂലി ലഭിക്കുമ്പോൾ സ്ത്രീതൊഴിലാളികൾക്ക് 60 രൂപ മുതൽ 100 രൂപ വരെ കൂലി ലഭിക്കുന്നു. സ്ത്രീ തൊഴിലാളികളുടെ കൂലി ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നതു തന്നെ പുരുഷതൊഴിലാളിയേക്കാൾ കുറവായതിനാൽ ഇതൊരു വിവേചനമാണേ എന്നു സംശയമുണ്ട്. തൊഴിൽ മേഖലയിൽ ജോലിയുടെ സ്വഭാവമനുസരിച്ച് വിവേചന മല്ലാതെ ലിംഗപരമായ വിവേചനം ഇല്ല.

പരമ്പരാഗത മേഖലകളിൽ ജോലി ചെയ്തിരുന്ന സ്ത്രീ തൊഴിലാളികൾ ആരും തന്നെ ഇന്ന് ആമേഖലയിൽ ജോലി ചെയ്യുന്നില്ല. പരമ്പരാഗത വ്യവസായങ്ങൾ തന്നെ പഞ്ചായത്തിൽ ഇല്ലാതായിട്ടുണ്ട്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം കുടുംബജോലി ഇന്ന് വലിയ ഒരു ബാദ്ധ്യതന്നെയാണ് കൂട്ടുകുടുംബ വ്യവസ്ഥിതി ഇല്ലാതാവുകയും വീട്ടിലെ പാചകം കുട്ടികളുടെ പരിചരണം എന്നിവ ഇന്നും ഏതാണ്ട് സ്ത്രികളുടെ മാത്രം പണിയാണ്. ഈ സാഹചര്യത്തിൽ നല്ലൊരുഭാഗം സ്ത്രീകൾ മറ്റു ജോലികളിൽ നിന്ന് വിട്ടുനില്ക്കുന്ന അവസ്ഥയുമുണ്ട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 23 അംഗൻവാടികളോടുചേർന്ന് മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നു. ഇതിൽ പലതിൻെറയും പ്രവർത്തനം നാമമാത്രമാണ്. സമൂഹത്തിലെ നല്ലൊരുവിഭാഗം ആളുകളും ബാലവാടികളുടെ സേവനം ഉപയോഗപ്പെടുത്തത്തതുകൊണ്ട് ഈ ബാലവാടികളുമായി ബന്ധപ്പെടുന്ന വനിതകളുടെ എണ്ണവും വളരെ കുറവാണ്. ഒരോ ബാലവാടികയും കേന്ദ്രമാക്കി ശക്തമായ മഹിളാസമാജപ്രവർത്തനങ്ങൾ ഉണ്ടായാൽ മഹിളാക്ഷേമ രംഗത്ത് വളരെയേറെ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കും. ഗർഭിണികളുടേയും മുലയൂട്ടുന്ന അമ്മമാരുടെയും എണ്ണം ഈ ബാലവാടികളിൽ 147 ഉം 174 ഉം ആണ്.

പഞ്ചായത്തിൽ മൊത്തം രണ്ടു ഡി.ഡബ്ല്യിയു. സി. ആർ. എ. യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഒരു യൂണിറ്റിൽ 10 അംഗങ്ങളും ഒരു യൂണിറ്റിൽ 8 അംഗങ്ങളും ഉണ്ട്. ഈ രണ്ടുയൂണിറ്റുകളും നല്ല രീതിയിൽ ഇന്നു പ്രവർത്തിച്ചുവരുന്നു. വനിതാവ്യവസാസംരംഭകർക്ക് തീരെ ഇല്ലെന്നുതന്നെ പറയാം. ചുരുക്കം ചില ചെറുകിട യൂണിറ്റുകൾ വനിതകളുടെ പേരിൽ രജിസ്ട്രഷൻ ഉണ്ടെങ്കിലും അവരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് പുരുഷന്മാരാണ് കൂടുതൽ വനിതകളെ വ്യവസായ രംഗത്തേക്ക് കൊണ്ടുവരേണ്ടത് വളരെ ആവശ്യമാണ്.

വിവിധ സാമൂഹ്യ രാഷ്ട്രീയ സംഘടനകളിൽ ചുരുങ്ങിതോതിൽ വനിതകൾ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും പഞ്ചായത്തിൽ വനിതകൾ നേതൃത്വം കൊടുക്കുന്ന സംഘടനകൾ ഇല്ലെന്നു തന്നെ പറയാം. രാഷ്ട്രീയ പാർട്ടികളുടെ മഹിളാ സംഘടനകൾ മാത്രമാണ് ഇതിനപവാദം. വനിതകൾ പൊതുരംഗത്ത് വരുന്നതിന് വിവർശന രൂപേണകാണുന്നു. പൊതുമനസ്ഥിതിയും പുരുഷന്മാർ തങ്ങളുടെ സ്ത്രീകളെ പൊതുപ്രവർത്തനത്തിന് വിടുന്നതിന് വിമുഖത കാണിക്കുന്നതുമാണ്. സ്ത്രീകളുടെ പ്രാതിനിധ്യം പൊതുപ്രവർത്തനരംഗത്ത് കുറയുന്നതിന് കാരണം. ജനപ്രാതിനിധ്യത്തിൽ സ്ത്രീകൾക്ക് പുതതായി ഉണ്ടായ സംവരണവ്യവസ്ഥകളും പൊതു പ്രവർത്തന രംഗത്തേക്ക് കൂടുതൽ സ്ത്രീകൾ വരുന്നതിന് സഹായകമായിട്ടുണ്ട്.

ബാലവാടി യോടുനുബന്ധിച്ചല്ലാതെ സ്വതന്ത്ര്യമായ മറ്റു മഹിളാ സമാജങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. നിയമവിരുദ്ധമാണെങ്കിലും പലപേരുകളിലും സ്ത്രീധന സമ്പ്രദായം ഇന്നും നില്നില്കുന്നുണ്ട്. വ്യാപകമല്ലെങ്കിലും സ്ത്രീധനത്തിൻെറ പേരിൽ സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. സ്ത്രീധന സമ്പ്രദായത്തിനെതിരെ സ്ത്രീകളുടെ ശക്തമായ എതിർപ്പും പൊതുജനാഭിപ്രായവും

ഒന്നുകൊണ്ടു മാത്രമേ ഈ വിപത്തിനെനേരിടാനാവൂ. സ്ത്രീകളോടു അക്രമ സംഭവങ്ങളൊന്നും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല.

## പ്രശ്നങ്ങൾ

1. മഹിളാ സമാജങ്ങളുടെ കാര്യക്ഷമ മായ പ്രവർത്തനം ഇല്ലായ്മ.

2. വനിതകളുടെ ഗർഹിക ജോലികൾക്കു പുറമെ ചെയ്യുവാൻ സാധിക്കുന്ന ചെറുകിട വ്യാവസായ യൂണിറ്റുകളുടെ അഭാവം.

3. പൊതുരംഗത്ത് പ്രവർത്തിക്കുന്നതിന് സ്ത്രീകൾക്കുള്ള സ്വാതന്ത്ര്യമില്ലായ്മയും സ്ത്രീകൾക്ക് ഈ രംഗത്തോടുള്ള വിരസതയും.

4. സ്ത്രീധന സമ്പ്രദായം നിലനില്ക്കുന്നതുമൂലം പാവപ്പെട്ട മാതാപിതാകൾക്ക് പെൺമക്കളെ വിവാഹം കഴിപ്പിച്ചയ്ക്കുവാനുള്ള ബുദ്ധിമുട്ട്.

5. സ്ത്രീവിദ്യാഭ്യാസത്തിന് വേണ്ടത്ര പ്രാധാന്യം കൊടുക്കായ്മ.

6. സ്ത്രീകളിൽ പോഷകാഹാരക്കുറവും രോഗങ്ങളും കൂടുതലായികണ്ടുവരുന്നു.

7. ഗൃഹനാഥന്മാരുടെ മദ്യാപനം മൂലം കുടുംബപോറ്റുവാനുള്ള ചുമതല സ്ത്രീകളിൽ എത്തുന്നു.

## പരിഹാരമാർഗ്ഗങ്ങൾ

1. ബാലവാടി കളോടു ചേർന്നുള്ള മഹിളാസമാജങ്ങൾ പുനസംഘടിപ്പിച്ച് അതിൻെറ പരിധിയിൽ വരുന്ന മുഴുവൻ സ്ത്രീകളുടെയും ആരോഗ്യസംസ്ക്കാരിക പ്രവർത്തനങ്ങളുടെ വേദിയാക്കി മാറ്റും. ഇതിനാവശ്യമായി നേതൃത്വം പഞ്ചായത്തുനല്കും.

2. സ്ത്രീകൾക്ക് മാത്രമായി ചെയ്യാവുന്ന ചെറുകിട വ്യാവസായ യൂണിറ്റുകൾക്ക് ആവശ്യമായ പ്രോത്സാഹനവും പരിശീലനവും ധനസഹായവും ലഭ്യമാക്കും

3. സാമൂഹ്യരാഷ്ട്രീയ സംഘടനകൾ സ്ത്രീകളുടെ പൊതു പ്രവർത്തനപങ്കാളിത്തത്തിന് ആവശ്യമായ പ്രചരണവും സ്ഥാനവും പ്രോത്സഹനവും നല്കണം,.

4. പൊതുരംഗത്തെ സ്ത്രീകളുടെ പങ്കിനെ സംബന്ധിച്ച് അവശ്യമായ ബോധവൽക്കരണം നടത്തുക

5. സ്ത്രിനധസമ്പ്രദായത്തിനെതിനെ ആവശ്യമായ ബോധവൽക്കണം സംഘടിപ്പിക്കുക.

6. സ്ത്രീ വിദ്യാഭ്യാസത്തിന് കൂടുതൽ പ്രോത്സനവും ബോധവൽക്കരണംവും നടത്തും.

7. അംഗവൻ വാടിവഴിയുള്ള ഇന്നത്തെ പോഷകാഹാരരീതി കൂടുതൽ വിപുലീകരിച്ച് സമഗ്രമായ പോഷകാവാരപദ്ധതി നടപ്പിലാക്കുക.

മദ്യാപനത്തിനെതിരെ ശക്തമായ ബോധവത്കരണം നടത്തുകയും സമ്പൂർണ്ണമദ്യനിരോധനം നടപ്പിലാക്കുന്നതിന് ശ്രമിക്കുകയും ചെയ്യുക.

9 വനിതകൾക്കുവേണ്ടിയുള്ള സഹകരണ സംഘം രൂപീകരിക്കുക

# വിഭവ സമാഹരണം

എറണാകുളം ജില്ലയിലെ സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന പഞ്ചായത്താണ് വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത്. കൊച്ചിൻ റിഫൈനറീസ്, എഫ്.എ.സി.റ്റി(സി.ഡി.), ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ്, കൊച്ചിൻ റിഫൈനറിസ്, ബാമർ ലോറി, സ്റ്റെറിലിംഗ് ഗ്യാസ്, കാർബൺ ആൻറ് കെമിക്കൽസ്, ബ്രഹ്മപുരം തെർമൽ പവർ പ്ലാൻറ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം എന്നീ വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിൻെറ കെട്ടിട നികുതിയിലും തൊഴിൽ നികുതിയിലും വമ്പിച്ച വർദ്ധനവ് വരുത്തുകയും പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് കാരണമാകുകയും ചെയ്യുന്നു. പഞ്ചായത്ത് ഏറ്റെടുക്കേണ്ട വിവിധ മേഖലകളിലെ വികസനത്തിൻെറ പട്ടികകൾ പരിശോധിച്ചാൽ ഗവൺമെൻറ് 9-ാം പദ്ധതിയിൽ പഞ്ചായത്തിനെ ഏൽപ്പിക്കുന്ന ഫണ്ടുമാത്രംകൊണ്ട് പൂർത്തീകരിക്കാവുന്നതല്ല. പഞ്ചായത്തിൻെറ ധനസ്ഥിതി കൂട്ടിയും പഞ്ചായത്തിൽ ലഭ്യമായ മറ്റ് വിഭവങ്ങൾ സ്വരൂപിച്ച് ജനങ്ങളുടെ കൂട്ടായ പരിശ്രമങ്ങളും കൊണ്ട് മാത്രമേ നമ്മുടെ ലക്ഷ്യം നേടാനാകൂ.

1986-87ൽ പഞ്ചായത്തിൻെറ മൊത്തം വരുമാനം 18,30.751/- രൂപ ആയിരുന്നെങ്കിൽ 1995-96 ആയത് 90,07,549/- രൂപയായി വർദ്ധിച്ചു. 8,31,360/- രൂപ കെട്ടിടനികുതി ഉണ്ടായിരുന്നത് 32,54,705/- രൂപയായും 5,31,172/- രൂപയുണ്ടായിരുന്ന തൊഴിൽ നികുതി 32,04,163/- രൂപയായും വർദ്ധിച്ചു. 58,912/-രൂപയുണ്ടായിരുന്ന വാടകയിനത്തിലുള്ള വരുമാനം 1,41,619/- രൂപയായും 7369/- രൂപയുണ്ടായിരുന്ന ലൈസൻസ് ഫീസ് 9344/- രൂപയായും വർദ്ധിച്ചു. മേൽപറഞ്ഞ ഇനങ്ങളിലല്ലാതെ മറ്റ് മേഖലകളിൽ കാര്യമായ വരുമാനവർദ്ധനവും ഉണ്ടായിട്ടില്ല. ഈ കാലഘട്ടത്തിൽ ഗവൺമെൻറിൽനിന്നും ഉപാധിരഹിത ഫണ്ടിനത്തിൽ പഞ്ചായത്തിന് വർഷംതോറും കിട്ടിവരുന്ന ഗ്രാൻറ് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരനുഗ്രഹമാണ്. 75% വസ്തു കൈമാറ്റ ഡ്യൂട്ടിയിലും ഈ വർഷങ്ങളിൽ കാര്യമായ വർദ്ധനവ് ഉണ്ടായി. മാർക്കറ്റ്, സിനിമ എന്നിവയിൽ നിന്നുള്ള വരുമാനം കുറിഞ്ഞിരിക്കുന്നു. ഗവൺമെൻറ് ഗ്രാൻറിനത്തിൽ പഞ്ചായത്തിൻറ വരുമാനത്തിൽ ക്രമാനുസൃതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കടമിനം സംബന്ധിച്ച് കണക്കിൽ ഡെപ്പോസിറ്റിനത്തിൽ ഭീമമായ വർദ്ധനവ് കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായിട്ടുണ്ട്. കടമിനം സംബന്ധിച്ച മറ്റിനങ്ങളിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(പട്ടിക 1,2,3 കാണുക)

കഴിഞ്ഞ ഒമ്പത് വർഷങ്ങളിലെ പഞ്ചായത്തിൻെറ വരുമാനം കാണിക്കുന്ന വിശദമായ സ്റ്റേറ്റ്മെൻറും 1995-96-ലെ സ്റ്റേറ്റ്മെൻറ് പ്രത്യേകം ചേർക്കുന്നുണ്ട്. വരുമാനം ഇനം തിരിച്ച് പരിശോധിക്കുമ്പോൾ തൊഴിൽകരം ഇനത്തിൽ 1995-96ൽ കമ്പനികളിൽനിന്നും 20,50,044/- രൂപയും മറ്റ് സ്ഥാപനങ്ങളിൽനിന്ന് 3,17,906/- രൂപയും ആണെന്ന് കാണുന്നു. 1995-96 വർഷത്തിൽ തൊഴിൽക്കരം ഇനത്തിൽ കാണിച്ചിരിക്കുന്ന ബാക്കി വരവ് മുൻവർഷങ്ങളിലെ കുടിശ്ശിക പിരിച്ചെടുത്തതാണ്. കമ്പനികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും യഥാർത്ഥ വരുമാനത്തിൻെറ അടിസ്ഥാനത്തിൽ നികുതി പിരിച്ചെടുക്കുന്നുണ്ടെങ്കിലും മറ്റ് മേഖലകളിൽ പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ തൊഴിൽക്കരവും പിരിച്ചെടുക്കുവാൻ സാധിക്കുന്നുണ്ടോ എന്ന് സംശയമാണ്. തൊഴിലുടമ തൊഴിൽകരം പിരിച്ചെടുക്കണമെന്ന നിയമം വരുന്നതുവരെ നികുതി പൂർണ്ണമായും പിരിച്ചെടുക്കുവാൻ സാധിക്കാതെ വരുകയും ആയത് നികുതി കുടിശ്ശിക വർദ്ധിക്കുന്നതിന് കാരണമാകുകയും ചെയ്തു. ഭീമമായ ഒരു തുക യഥാർത്ഥമായ കണക്കുകളുടെ അഭാവത്തിൽ ഇന്നും പിരിഞ്ഞുകിട്ടുവാനുണ്ട്. പഞ്ചായത്തിന് അനുവദനീയമായ സ്റ്റാഫിനെക്കൊണ്ട് നടപടികൾ പൂർത്തികരിച്ച് നികുതിയീടാക്കുന്നതിന് സാധിക്കാതെ വരുന്നു. ഉദ്യോഗസ്ഥരും കമ്പനിത്തൊഴിലാളികളും ഒഴിച്ചുള്ള തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ട ആളുകളെ നികുതി ചുമത്തുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുള്ളതിൻെറ പ്രധാനകാരണം മേൽപറഞ്ഞ പരിമിതിയാണ്.

കെട്ടിടനികുതിയിനത്തിൽ 1995-96ൽ 32,75,730/- രൂപയും ഡിമാൻറ് ഉണ്ടായിരുന്നതിൽ കമ്പനികളുടേത് മാത്രം 29,97,503/- രൂപയും മറ്റ് കെട്ടിടങ്ങളുടേത് 2,78,277/- രൂപയുമാണ്. ഈയിനത്തിലും കമ്പനികൾക്ക് പുറത്തുള്ള കെട്ടിടനികുതി ഡിമാൻറ് തീരെ കുറവാണെന്ന് കാണുന്നു. മുൻകാലങ്ങളിൽ നിശ്ചയിക്കപ്പെട്ട കെട്ടിടനികുതി വളരെ കുറവായിരുന്നത് കാരണം കാലാകാലങ്ങളിലുണ്ടാകുന്ന വർദ്ധനവ് വളരെ പരിമിതമാണ്. കെട്ടിടനികുതി ചുമത്തുന്നതിന് കുറ്റമറ്റ ഒരു അടിസ്ഥാനം ഇല്ലായെന്നുള്ളത് കെടിടനികുതി നിശ്ചയിക്കുന്നതിൽ പലപ്പോഴും തെറ്റ് പറ്റുന്നതായി ബോദ്ധ്യപ്പെടും. ഇന്നത്തെ കെട്ടിടനികുതി അസ്സസ്മെൻറ് സംബന്ധിച്ച നിയമങ്ങളിൽ മാറ്റം വരുത്തി ഓരോ കെട്ടിടത്തിൻേറയും മേൽക്കൂരയുടേയും ഫ്ലോറിംഗിൻേറയും സ്വഭാവം അനുസരിച്ച് ചതുരശ്രമീറ്ററിന് വാർഷികവാടക കണക്കാക്കുന്ന രീതിയിൽ നിയമം ഭേദഗതി ചെയ്യണം. ഇത് സ്റ്റേറ്റിൻെറ എല്ലാ ഭാഗത്തും നികുതി നിശ്ചയിക്കുന്നതിൽ ഒരു ഏകീകൃതഘടന ഉണ്ടാക്കും. ഇത് വലിയ

വീടുകൾ പണിയുന്നവർക്ക് വലിയ നികുതി കൊടുക്കേണ്ടി വരും എന്നു വരുമ്പോൾ ഇന്ന് കാണുന്ന കെട്ടിടഭ്രമം അവസാനിപ്പിക്കുന്നതിനും സാധിക്കും. തൊഴിൽ നികുതിയിലും, കെട്ടിടനികുതിയിലും മേൽപറഞ്ഞ ന്യൂനതകൾ പരിഹരിച്ച് നികുതി അസ്സസ്മെൻറിൽ വർദ്ധനവ് ഉണ്ടാക്കാം. പഞ്ചായത്തിൽ വ്യവസായശാലകളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ പഞ്ചായത്തിൽ ഇന്ന് ലഭിയ്ക്കുന്ന ലൈസൻസ് ഫീസ് വളരെ കുറവാണ്. പഞ്ചായത്തിൻറ നിലവിലുണ്ടായിരുന്ന "ഡി.ആൻറ്.ഒ" ബൈലായിൽ പരമാവധി ചുമാത്താമായിരുന്ന ഫീസ് വളരെക്കുറവായിരുന്നതാണ് ഇതിന് കാരണം. പുതിയ "ഡി.ആൻറ്.ഒ" നിയമങ്ങൾ വന്നത് മൂലം വരുന്ന സാമ്പത്തിക വർഷം മുതൽ ഈയിനത്തിൽ വലിയൊരു വർദ്ധനവ് പ്രതീക്ഷിയ്ക്കുന്നു.

(പട്ടിക 4-ഉം 5-ഉം കാണുക)

ഉപാധിരഹിത ഫണ്ടിനത്തിൽ **1990-91** മുതൽ പഞ്ചായത്തിൽ കിട്ടിയ വിഹിതം താഴെ ചേർക്കുന്നു.

| വർഷം | ജനറൽ | പ്രത്യേകഘടക (SC/ST) | ആകെ |
|---|---|---|---|
| 1990-91 | 100000 | 50000 | 150000 |
| 1991-92 | 100000 | 57000 | 157000 |
| 1992-93 | 111100 | 56900 | 168000 |
| 1993-94 | 105000 | 68280 | 173280 |
| 1994-95 | 160000 | 12500 | 285000 |
| 1995-96 | 144000 | 175000 | 329000 |

അവലംബം: പഞ്ചായത്ത് ഗ്രാൻറ് രജിസ്റ്റർ)

1994-95-ലെ ഉപാധിരഹിത ഫണ്ട് ജനറലും പ്രത്യേക ഘടകപദ്ധിയും കൂട്ടി 3,000/- രൂപ പ്രകാരം എസ്റ്റിമേറ്റ് വന്ന 100 കക്കൂസുകൾ നിർമ്മിക്കുകയായിരുന്നു. ഇതിന് മൊത്തം മൂന്ന് ലക്ഷത്തോളം രൂപ ചിലവ് വന്നു. ഈ പദ്ധതി നല്ല വിജയമായിരുന്നു. 1995-96-ലെ ഫണ്ട് ജനറൽ സെക്ടറിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായും പട്ടികജാതി/പട്ടിവർഗ്ഗ വിഭാത്തിന്റേത് 15000/- രൂപ എസ്റ്റിമേറ്റിൽ 12 വീടുകൾ നിർമ്മിച്ച് നൽകുകയുമാണ്. വീട് നിർമ്മാണത്തിന് അധികമായി വരുന്ന തുക ഗുണഭോക്താവ് സ്വയം വഹിക്കുന്നു. ഈ പദ്ധതികൾ നടന്നുവരുന്നു.

ജവഹർ റോസ്ഗാർ യോജന പദ്ധതിയിൽ പഞ്ചായത്തിന് 1989-90 മുതൽ ലഭിച്ച ഫണ്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | ജനറൽ | പ്രത്യേകഘടക പദ്ധതി | ഒട്ടാകെ |
|---|---|---|---|
| 1989-90 | 339505 | 59895 | 399400 |
| 1990-91 | 239505 | 78315 | 417820 |
| 1991-92 | 486965 | 85935 | 572900 |
| 1992-93 | 445400 | 78600 | 524400 |
| 1993-94 | 430215 | 124335 | 554550 |
| 1994-95 | 429985 | 122115 | 552100 |
| 1995-96 | 369160 | 107178 | 476338 |

പഞ്ചായത്തിന് വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുന്നതിനുള്ള കിലോമീറ്റർ റോഡും വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ലഭിക്കുന്നതിന് അർഹതയുള്ള കിലോമീറ്റർ റോഡും ഉണ്ട്. വി.ആർ.എം. ഗ്രാന്റിനത്തിൽ 1995-96 ൽ 18120/- രൂപയും വി.ടി.സി. യിനത്തിൽ 2,20,795/- രൂപയും ചെറുകിട ജലസേചന പണികളുടെ സംരക്ഷണത്തിന് 15150/- രൂപയും ലഭിച്ചു. പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതിന് ശേഷം ഗവൺമെന്റിൽനിന്ന് താഴെ പറയുന്ന തുകകൾ വിവിധ ആവശ്യങ്ങൾക്ക് നാളിതുവരെ ലഭിച്ചിട്ടുണ്ട്.

| വർഷം | ഡിപ്പാർട്ടുമെൻറ് | അനുവദിച്ച തുക | എന്ത് ആവശ്യത്തിന് |
|---|---|---|---|
| 15-11-95 മുതൽ 25-11-95 വരെ | കൃഷി | 91402 | കിണർ കുഴിക്കാൻ സ്പ്രേയർ വാങ്ങാൻ, ഉല്പന്ന ഇൻഡസ്ട്രീസ് |
| | മൃഗസംരക്ഷണം | 10600 | ഗോരക്ഷക ക്യാമ്പ്, വാടക, പേപ്പട്ടി വിഷമരുന്ന് |
| | ഡയറി ഡവലപ്പ്മെൻറ് | 9400 | ക്ഷീരോല്പന്ന പ്രദർശന ക്ലാസ് മുതലായവ |
| | ആയുർവേദം Dist.Dev.Office. | 24320 | മെഷിനറിയും മെറ്റീരിയൽസും |
| | സാമൂഹ്യക്ഷേമം | 25000 | കമ്മ്യൂണിറ്റി കിച്ചൻ |
| | പെൻഷൻ | 27300 | വിവിധ പെൻഷൻ |

നിലവിലുള്ള നിബന്ധന അനുസരിച്ച് പഞ്ചായത്തിന് എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറിന് അർഹതയില്ല. പഞ്ചായത്തിന് ലഭിയ്ക്കുന്ന വസ്തു കൈമാറ്റ നികുതി 1987-88 മുതൽ പരിശോധിച്ചാൽ രജിസ്ട്രേഷൻ ഫീസ് വർദ്ധനവിൻേറയും ഭൂമിയുടെ വിലയിലുണ്ടായ വർദ്ധനയുടേയും അടിസ്ഥാനത്തിൽ ഒരു വർദ്ധനവ് ഇല്ലായെന്ന് മനസ്സിലാക്കാം. ഓരോ ആധാരം രജിസ്റ്റർ ചെയ്യപ്പെടുമ്പോഴും അതിൻെറ ഫീസായും സ്റ്റാമ്പിൻെറ വിലയായും ഗവൺമെൻറിൽ പോകുന്ന പണത്തിൻെറ സിംഹഭാഗവും നമ്മുടെ പഞ്ചായത്തിൻെറ വികസനത്തിന് തിരിച്ചു കിട്ടുന്നതാണ് എന്ന ബോധം ജനങ്ങളിൽ ഉണ്ടാക്കണം. ആധാരങ്ങൾ നടത്തുമ്പോൾ വില കുറച്ച് കാണിക്കുന്നതിനെതിരെ ജനകീയ സമിതികൾതന്നെ പ്രവർത്തനം ആരംഭിക്കണം.

(പട്ടിക 6 കാണുക)

പഞ്ചായത്തിൻെറ 1995-96 വർഷത്തെ ചിലവിൻെറ പട്ടികയും 1987-88 മുതൽ 1995-96 വരെയുള്ള ചിലവിൻെറ പട്ടികയും പ്രത്യേകം പ്രത്യേകം ഇതൊടൊപ്പം ചേർത്തിട്ടുണ്ട്. (Appendix II & III) . 1988-89ൽ പഞ്ചായത്തിൻെറ മൊത്തം ചിലവ് 17,64,677/- രൂപയായിരുന്നെങ്കിൽ 1995-96ൽ ആയത് 77,29,176/- രൂപയായി വർദ്ധിച്ചു. (87-88ലെ ചിലവ് പൊതുസ്വഭാവത്തെ കാണിക്കുന്നില്ല). വരുമാനത്തിൽ പഞ്ചായത്തിന് ഈ കാലയളവിൽ ഏതാണ്ട് അഞ്ചിരട്ടി വർദ്ധനവ് ഉണ്ടായപ്പോൾ ചിലവിലും ഏതാണ്ട് അതേ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിൻെറ ചിലവുകൾ പരിശോധിക്കുമ്പോൾ രണ്ടിനങ്ങളിലാണ് പ്രധാന വർദ്ധനവ് എന്നു കാണുന്നു.

1987-88-ൽ പഞ്ചായത്തിൻെറ എസ്റ്റാബ്ലിഷ്മെൻറ് ചാർജ് 3,22,444/- രൂപ (17.6%) ആയിരുന്നെങ്കിൽ 1995-96-ൽ 10,37,623/- രൂപയായി വർദ്ധിച്ചു. വർദ്ധനവ് മൂന്നിരട്ടിയിൽ കൂടുതൽ ഉണ്ടായി. വരവിൻെ വർദ്ധനവ് അനുസരിച്ചുള്ള വർദ്ധനവ് എസ്റ്റാബ്ലിഷ്മെൻറ് ചിലവിൽ വന്നിട്ടില്ല. പൊതു മരാമത്ത് പണിക്ക് 88-89-ൽ 7,71,590/- രൂപയായിരുന്നു ചിലവഴിച്ചതെങ്കിൽ 1995-96 ൽ ആയത് 46,28,327/- രൂപയായി ഉയർന്നു - ഏതാണ്ട് അഞ്ചിരട്ടി വർദ്ധനവ് തെരുവുവിളക്കുകൾ കത്തിക്കുന്നതിനം 87-88 ൽ 82,314/- രൂപ ചിലവഴിച്ചപ്പോൾ 1995-96 ആയപ്പോൾ 1,43,061/- രൂപയായി വർദ്ധിച്ചു. വാട്ടർ ചാർജ് യഥാർത്ഥ ഡിമാൻറ് അനുസരിച്ച് അടയ്ക്കാതിരുന്നതിനാൽ യഥാർഥ കണക്ക് പ്രതിഫലിക്കുന്നില്ല. പഞ്ചായത്ത് ഇപ്പോൾ പ്രതിവർഷം ഈയിനത്തിൽ 2,62,500/- രൂപ വാട്ടർ ചാർജായിമാത്രം അടയ്ക്കുന്നുണ്ട്.

(പട്ടിക 7 കാണുക)

മേൽപറഞ്ഞ മേഖലകളിലല്ലാതെ മറ്റ് ഇനങ്ങളിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് ശരാശരി വർദ്ധനവുകൾ മാത്രമാണ്. എസ്റ്റാബ്ലിഷ്മെൻറിൽ വന്ന ചിലവിൻെറ വർദ്ധനവിന് കാരണം കഴിഞ്ഞ 10 വർഷംകൊണ്ട് ജീവനക്കാരുടെ വേതന വർദ്ധനവിൽ വന്ന മാറ്റം കൊണ്ടാണ്. നിലവിലുള്ള സ്റ്റാഫ് പഞ്ചായത്തിൻെറ ജോലിഭാരവുമായി താരതമ്യം ചെയ്യുമ്പോൾ തികച്ചും അപര്യാപ്തമാണ്. എന്നിരുന്നാലും സ്റ്റാഫിൻെറ വർദ്ധനവ് ഇല്ലാതെതന്നെ മുന്നോട്ടു പോയാൽ മാത്രമേ എസ്റ്റാബ്ലിഷ്മെൻറ് ചാർജ് ഈയിനത്തിൽ നിലനിർത്താനാകൂ. പൊതു മരാമത്ത് ജോലികൾക്ക് കഴിഞ്ഞ പത്ത് വർഷക്കാലം മുടക്കിയ തുകയിൽ ഭൂരിഭാഗവും റോഡുകളുടെ വികസനത്തിനാണ് ഉപയോഗിച്ചത്. ഈ കാലയളവിൽ പഞ്ചായത്തിൻെറ തനതായ വരുമാനം വർദ്ധിപ്പിയ്ക്കുന്നതിന് പുത്തൻകുരിശിൽ

സാംസ്ക്കാരിക നിലയത്തോടനുബന്ധിച്ചും കരിമുകളിൽ മിനി സ്റ്റേഡിയത്തിനോട് ചേർന്നും പണിത ഷോപ്പിംഗ് കോംപ്ലക്സുകൾ ആണ്. ഇപ്പോൾ പണിതുവരുന്ന പുത്തൻകുരിശ് മാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ലക്സ് പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മറ്റൊരു പദ്ധതിയാണ്. ജെ.ആർ.വൈ, ഉപാധിരഹിത ഫണ്ട് എന്നീ പദ്ധതികളിലെ ജോലികൾ ഒഴികെ എല്ലാംതന്നെ കരാർ വ്യവസ്ഥയിലാണ് ചെയ്യിച്ചിട്ടുള്ളത്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ജെ.ആർ.വൈ ജോലികളിൽ നോമിനി വ്യവസ്ഥയിൽ ചെയ്തിട്ടുള്ളത് എണ്ണം ചെറിയ ജോലികൾ മാത്രമാണ്. ഇതിന് രൂപ മാത്രമേ ചിലവായിട്ടുള്ളൂ. ജെ.ആർ.വൈ. പദ്ധതിയിൽപോലും ഗുണഭോക്താക്കൾ നോമിനിയെ തെരഞ്ഞെടുത്താൽ ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രമേ പലപ്പോഴും നോമിനിയെ രംഗത്ത് കാണാറുള്ളൂ. നോമിനിയുടെ പേരിൽ ഏതെങ്കിലും കരാറുകാരൻ ജോലി ചെയ്യിക്കുന്ന രീതി പലപ്പോഴും കാണുന്നുണ്ട്. നോമിനി വ്യവസ്ഥയിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പൊതുജന പങ്കാളിത്തം ഇല്ലാതെ പോകുന്നതാണ് ഇതിന് പ്രധാന കാരണം. പൊതുജന വിഹിതമില്ലാതെ ഗവഃ നിരക്കുകൾ അനുസരിച്ച് സ്പെസിഫിക്കേഷൻ അനുസരിച്ച് ജോലി ചെയ്തു തീർക്കുക ദുഷ്ക്കരമായിരിക്കേ ഇത്തരം പണികളുടെ ഗുണനിലവാരം മോശമാകുന്നതിൽ അത്ഭുതമില്ല. പൊതുജനപങ്കാളിത്തം യഥാർത്ഥ അർത്ഥത്തിൽ ഉണ്ടായാൽ മാത്രമേ ഇതിന് പരിഹാരമാകൂ.

പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നു എങ്കിലും പൊതുമരാമത്ത് നിയമങ്ങൾ നാളിതുവരെ ഉണ്ടായിട്ടില്ല. പണികൾക്ക് ഉയർന്ന ശതമാനം രേഖപ്പെടുത്തുന്ന കോൺട്രാക്ടർമാർ ഉയർന്ന ശതമാനത്തിനുള്ള അനുവാദം വാങ്ങുന്നതിന് വേണ്ട ചിലവ് കൂടി കണക്കിലെടുത്താണ്. പഞ്ചായത്തുകളുടെ ജോലിയെ സംബന്ധിച്ചിടത്തോളം തദ്ദേശനിരക്കുകളും ജോലിയുടെ സ്വഭാവവും വ്യക്തമായി അറിയാവുന്ന ജനപ്രതിനിധികൾക്ക് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരാതെ എത്ര ശതമാനം വരെ ജോലികൾ കൂട്ടിക്കൊടുക്കാമെന്ന് ധാരണയുള്ളവരായിരിക്കണം. ആയതുകൊണ്ട് പൊതുമരാമത്ത് പണികൾക്ക് ടെണ്ടർ ഉറപ്പിക്കാനുള്ള അവകാശം പൂർണ്ണമായും പഞ്ചായത്ത് കമ്മറ്റികൾക്ക് നൽകണം. മത്സര ടെണ്ടറുകളുടെ എണ്ണം കൂടുവാനും ഇന്നത്തേക്കാൾ കുറഞ്ഞ നിരക്കിൽ ജോലികൾ ചെയ്യിപ്പിക്കുവാനും പഞ്ചായത്തുകളിലെ ജോലിഭാരം കുറയ്ക്കുന്നതിനും ഇത് സഹായിക്കും.

ഇതുപോലെ സാങ്കേതിക വിഭാഗത്തിൽപ്പെടുന്ന ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് മുതലായ ജോലികൾ പഞ്ചായത്തിന് നേരിട്ട് ചെയ്യിക്കാവുന്നതാണ്. ബന്ധപ്പെട്ടവരെ ക്കൊണ്ട് എസ്റ്റിമേറ്റ് ഉണ്ടാക്കിച്ച് ടെണ്ടർ വിളിച്ച് ടെണ്ടർ അംഗീകാരം വാങ്ങി പണി

നടക്കുമ്പോൾ ഈയിനത്തിൽ യഥാർത്ഥത്തിൽ ചിലവാകേണ്ട തുകയുടെ ഇരട്ടിയിൽ കൂടുതൽ ചിലവ് വരുകയും പഞ്ചായത്ത് ഒരു മാസംകൊണ്ട് ചെയ്യിക്കാവുന്ന കാര്യം ഒരു വർഷം കഴിഞ്ഞാലും നടത്തിക്കിട്ടുവാൻ സാധിക്കാതെ വരുകയും ചെയ്യുന്നു.

മെഷർമെൻറ് രേഖപ്പെടുത്തുവാൻ പറ്റാത്ത പല ജോലികളും പഞ്ചായത്ത് ചെയ്യിക്കേണ്ടതായി വരുന്നുണ്ട്. ശുചീകരണ പ്രവർത്തന രംഗത്തും പായൽ വാരുന്നതതും തോട് വൃത്തിയാക്കുന്നതും മറ്റും ഇതിന് ഉദാഹരണമാണ്. അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കേണ്ട പണികൾക്കും ക്വട്ടേഷനോ, ടെണ്ടറോ വിളിക്കുന്നത് തികച്ചും അപ്രായോഗികമാണ്. പഞ്ചായത്ത് കമ്മറ്റി ഏകകണ്ഠമായി അത്തരം ജോലികൾ നിശ്ചിത തുകയ്ക്ക് ചെയ്യിക്കുവാൻ തീരുമാനിച്ചാൽ അതൊരിക്കലും പഞ്ചായത്തിൻെറ താത്പര്യങ്ങൾക്ക് വിരുദ്ധമാകില്ല. ഇന്നത്തെ വ്യവസ്ഥകൾ അനുസരിച്ച് മസ്റ്റർറോൾ മൂലം ജോലി ചെയ്യിക്കാമെന്നു വച്ചാൽ 5 ആളുടെ ജോലിയ്ക്ക് 10 ആളുടെ മസ്റ്റർറോൾ ഉണ്ടാക്കണം. കമ്മറ്റി അറിഞ്ഞുകൊണ്ട് തന്നെ കളവ് ചെയ്യുന്നു. മറ്റ് നടപടികൾ ആണെങ്കിൽ 50 രൂപ മുദ്രപ്പത്രത്തിൽ കരാർ മുതലായ നിബന്ധനകൾ പാലിച്ചുകൊണ്ട് ചെയ്യുവാൻ ഇത്തരം ചെറിയ പണികൾക്ക് ആളെ കിട്ടാനുമില്ല. പഞ്ചായത്ത് കമ്മറ്റികൾക്ക് ഇത്തരം ജോലികൾ നടത്തുന്നതിന് ഏതു മാർഗ്ഗം വേണമെന്ന് ഏകകണ്ഠമായി നിശ്ചയിക്കുന്നതിന് അധികാരം ലഭിക്കണം.

പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുന്നതിന് കരിമുകളിൽ മാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ്, കുഴിക്കാട് ഷോപ്പിംഗ് കോപ്ലക്സിൻെറ രണ്ടാംനിലയുടെ പണി എന്നിവ അയിന്തിര പ്രാധാന്യത്തോടെ നടപ്പാക്കുന്നതാണ്. പഞ്ചായത്ത്, റൂറൽ ഡവലപ്പ്മെൻറ് ബോർഡിൻെറ സഹായത്തോടെ കുഴിക്കാട് ഷോപ്പിംഗ് കോപ്ലക്സ് മാത്രമേ പണിതിട്ടുള്ളൂ. 1984-ൽ പൂർത്തീകരിച്ച ഈ കെട്ടിടത്തിൻെറ ലോൺ തുക സമയപരിധിയക്ക് വളരെ മുമ്പ് തന്നെ അടച്ചുതീർത്തു. പഞ്ചായത്തിന് ഇന്ന് തിരിച്ച് അടയ്ക്കേണ്ട ലോണുകൾ ഒന്നുമില്ല.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 1995-96 ൽ കൊടുത്ത 1,40,77,000/- രൂപയിൽ 31,65,000/- രൂപ S.S.I. യൂണിറ്റുകൾക്കും 21,79,000/- രൂപ കാർഷികാവശ്യങ്ങൾക്കും 1,44,03,000/- രൂപാ പേഴ്സണൽ ലോണുമാണ്. മൊത്തം ലോണിൻെറ 35% സമൂഹത്തിലെ താഴ്ന്ന വരുമാനക്കാർക്ക് കൊടുക്കുന്നതിനായിട്ടാണ് ബാങ്കിൻെറ കണക്ക്. IRDP ലോണിൻെറ 52% മാത്രമേ തിരിച്ചടയ്ക്കൽ നടക്കുന്നുള്ളു.

(പട്ടിക 8 കാണുക)

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, വടവുകോട് ബ്രാഞ്ചിൽനിന്ന് കൊടുക്കുന്ന ലോണുകളിൽ പ്രധാനമായി കാർഷിക ആവശ്യങ്ങൾക്കും, ചെറുകിട വ്യവസായത്തിനും കച്ചവടത്തിനുമാണ് ചിലവഴിക്കുന്നത്. 1995-96 ൽ ഈ ബാങ്കിൽ 67% ആണ് റിക്കവറി നിരക്ക്. ഫെഡറൽ ബാങ്ക്, കരിമുകൾ 1995-96 ൽ 19,89,000/- രൂപ കൃഷിവായ്പയായും 2,90,000/- രൂപ IRDP/SEENY ഇനത്തിലും അനുവദിച്ചിട്ടുണ്ട്. ഇവിടെ 95/96 ൽ 82% റിക്കവറി നിരക്ക് കാണിച്ചിരിക്കുന്നു. യൂണിയൻ ബാങ്ക്, പുത്തൻ കുരിശ് പ്രധാനമായും കൃഷി, സ്വയം തൊഴിൽ കണ്ടെത്തൽ, ചെറുകിട വ്യാപാരങ്ങൾ, ദാരിദ്രനിർമ്മാർജ്ജന പരിപാടികൾ എന്നിവയ്ക്കാണ് ലോൺ നൽകിയിട്ടുള്ളത്. 40% മാത്രമേ റിക്കവറി നടന്നിട്ടുള്ളു.

വടവുകോട് ഫാർമേഴ്സ് കോ ഓപ്പറേറ്റീവ് ബാങ്ക് കൃഷി, വ്യവസായം, വീട് നന്നാക്കൽ, കൃഷിഭവൻ മുഖാന്തിരമുള്ള പദ്ധതിക്ക് ലോൺ, ഹയർ പർച്ചേസ് ലോൺ എന്നീ ഇനങ്ങളിലാണ് പ്രധാനമായും ലോൺ അനുവദിച്ചിട്ടുള്ളത്. ഐ.ആർ.ഡി.പി. ലോണിൻെറ റിക്കവറി നിരക്ക് 1996 ൽ വെറും 16.22% മാത്രമാണ്.

ബാങ്കുകളിലേയും, സഹകരണ ബാങ്കിലേയും നിക്ഷേപങ്ങൾ കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് ഇരട്ടിയോ മൂന്നിരട്ടിയോ ആയി വർദ്ധിച്ചിട്ടുണ്ട്. സമാനമായ വർദ്ധനവ് വായ്പ കൊടുക്കുന്നതിലും ഉണ്ടായിട്ടുണ്ട്. ബാങ്ക് വായ്പകൾ പലപ്പോഴും സാധാരണക്കാർക്ക് അപ്രാപ്യമായിരിക്കും. ഐ.ആർ.ഡി.പി. പോലുള്ള പദ്ധതികൾക്ക് നൽകുന്ന ലോണുകളാണ് താരതമ്യേന എളുപ്പത്തിൽ ലഭ്യമാകുന്നത്. പക്ഷെ IRDP ലോണുകളുടെ 25-30% മാത്രമേ യഥാർത്ഥ ഉദ്ദേശലക്ഷ്യം കൈവരിക്കുന്നുള്ളു എന്ന് ബാങ്ക് ഉദ്യോഗസ്ഥന്മാരുമായി നടത്തിയ ചർച്ചയിൽ വ്യക്തമായി. വളരെയധികം കേസുകൾ റവന്യൂ റിക്കവറിയിലാണ് ഇത്തരം ലോണുകൾ അവസാനിക്കുന്നത് എന്ന് മനസ്സിലാക്കുന്നു.

മേൽപറഞ്ഞ ബാങ്കുകൾ കൂടാതെ പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. ഈ ബാങ്കുകളിൽ 36% മുതൽ 60% വരെ പലിശ ഈടാക്കി പണം കൊടുക്കുന്ന രീതിയാണുള്ളത്. ഇവയുടെ പ്രവർത്തനത്തിൽ ഏർപ്പെടുന്നവരിൽ ഭൂരിഭാഗവും ഇടത്തരം കച്ചവടക്കാരും കോൺട്രാക്റ്റർമാരും പുതിയ വ്യവസായ സംരഭകരുമാണ്. സ്വർണ്ണപണയത്തിന്മേൽ സാധാരണക്കാരും 36% പലിശയ്ക്ക് ഈ സ്വകാര്യപണമിടപാടുകാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

ഇരുന്നൂറിൽ താഴെ വരുന്ന വിദേശ മലയാളികളാണ് പഞ്ചായത്തിൽ ഉള്ളത്.

പഞ്ചായത്തിൽ മുടക്കുമുതൽ നടത്തുവാൻ പറ്റിയ ഈ വിഭാഗക്കാർ പഞ്ചായത്തിൽ ഇല്ലെന്ന് പറയാം. ഇവരുടെ വരുമാനം പഞ്ചായത്ത് തലത്തിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടില്ല.

ഗ്രാമസഭകളിലെ ചർച്ചയിൽ വ്യക്തമാക്കിയ ഒരു കാര്യം വിഭവസമാഹരണ ത്തിനും മനുഷ്യസമ്പത്ത് പ്രയോജനപ്പെടുത്താമെന്നാണ് 1960കൾക്ക് ശേഷം പഞ്ചായത്തിൽ സന്നദ്ധപ്രവർത്തനം കൊണ്ട് എടുത്തുപറയത്തക്ക നേട്ടം ഒന്നുമുണ്ടായിട്ടില്ലെങ്കിലും ജനങ്ങളുടെ കൂട്ടായ്മയും പ്രവർത്തനവും ഭാവി വികസനത്തിന് ഉപയോഗിക്കേണ്ടി ഇരിക്കുന്നു.

## പ്രശ്നങ്ങൾ

1. ലൈസൻസ് ഫീസ്, കെട്ടിടനികുതി, തൊഴിൽ നികുതി എന്നിവയിൽ നിന്നുള്ള പൂർണ്ണമായ വരുമാനം ചുമത്തപ്പെടുകയോ ഈടാക്കുകയോ ചെയ്യുന്നില്ല.

2. പഞ്ചായത്തിലെ ജോലിഭാരത്തിന് അനുസരിച്ചുള്ള സ്റ്റാഫ് ഇല്ല.

3. പഞ്ചായത്ത്രാജ് പ്രകാരമുള്ള അധികാരകൈമാറ്റത്തിൽ അന്തഃസത്ത ഉൾകൊള്ളത്ത വിധത്തിൽ പൊതുമരാമത്ത് പണിസംബന്ധിച്ച നിയമ ങ്ങളിൽ മാറ്റം വന്നിട്ടില്ല.

4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ കൊടുക്കുന്നതിനുള്ള നിബന്ധനകൾ പലതും സാധാരണക്കാർക്ക് പാലിക്കുവാൻ പറ്റുന്നതല്ല.

5. വിവിധ പദ്ധതികൾക്ക് നൽകുന്ന ലോണുകൾ പദ്ധതികളുടെ പരാജയങ്ങളെ തുടർന്ന് തിരിച്ചടയ്ക്കാതെ വരുന്ന പ്രവണത ധനകാര്യ സ്ഥാപനങ്ങളെ നിബന്ധനകൾ കൂടാതെ കർക്കശമാക്കുവാൻ പ്രേരിപ്പിക്കുന്നു.

6. ദാരിദ്ര നിർമ്മാർജ്ജന പരിപാടികളുടെയും വ്യവസായ പ്രോത്സാഹനത്തി ന്റേയും പേരിൽ ഏറ്റെടുക്കുന്ന വായ്പകൾ പലതും ലക്ഷ്യപ്രാപ്തിക്കായി ഉപയോഗിക്കുന്നില്ല.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൻെറ ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ സ്റ്റാഫിനെ നിയമിച്ചും നിയമഭേദഗതികൾ വരുത്തിയും നികുതി പിരിവ് കുറ്റമറ്റതും പൂർണ്ണവുമാക്കുക.

2. മറ്റെല്ലാ തലങ്ങളിലും നികുതികളും ഫീസുകളും അതാത് അധികാരികൾക്ക് നേരിട്ട് അടയ്ക്കുന്ന സംവിധാനമാണുള്ളത്. പഞ്ചായത്തിലേയും കെട്ടിടനികുതു ഉൾപ്പെടെയുള്ള നികുതികളും ഫീസുകളും പഞ്ചായത്താഫീസിൽ നേരിട്ട് അടയ്ക്കുന്നത് നിയമം മൂലം കർശനമാക്കുക.

3. വിനോദനികുതിയ്ക്ക് തീയേറ്ററിൻെറ സീറ്റിംങ്ങ് കപ്പാസിറ്റി അനുസരിച്ചും സ്ഥലഭേദം അനുസരിച്ചും സ്ലാബ് നിശ്ചയിക്കുക.

4. പഞ്ചായത്തിന് ലാഭകരമെന്ന് തോന്നുന്ന വിധത്തിൽ മരാമത്ത് പണികൾ നടത്തുന്നതിന് സാധിക്കുമാറ് പൊതുമരാമത്ത് പണികൾ സംബന്ധിച്ച നിയമങ്ങളിൽ മാറ്റം വരുത്തുക.

5. ആരോഗ്യ പ്രവർത്തനങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുക.

6. ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ജനകീയ മേൽനോട്ടം സാദ്ധ്യമാക്കുക.

7. ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടി നൽകുന്ന പണം ദുർവിനിയോഗം ചെയ്യുന്നത് കർശനമായി തടയുകയും ശിക്ഷാർഹമാക്കുകയും ചെയ്യുക.

8. പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യവസായ സ്ഥാപനങ്ങളും തങ്ങളുടെ ലാഭത്തിൻെറ ഒരു വിഹിതം പഞ്ചായത്തിലെ ക്ഷേമപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് പഞ്ചായത്തിന് നൽകുക.

ഗ്രാമസഭകളിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉണ്ടായി.

## വാർഡ് 1

1. കായികമായി സഹായിക്കുവാൻ വാർഡിൽ നിന്ന് സംഭാവന ചെയ്യുവാൻ സാധിക്കും.
2. വണ്ടിപ്പേട്ട പിരിവ്, കംഫർട്ട് സ്റ്റേഷൻ പിരിവ് ഇവ വഴി കൂടുതൽ വരുമാനം ഉണ്ടാക്കണം.
3. ബാങ്ക് വായ്പ, സന്നദ്ധ സംഘടനകളുടെ സഹായം മുതലായ സ്വീകരിക്കാം.

## വാർഡ് 2

1. ക്ഷീരോല്പന്ന സഹകരണസംഘം കുഴിക്കാട് ഷോപ്പിംഗ് കോംപ്ലക്സിൽ ആരംഭിക്കണം.

## വാർഡ് 3

വിഭവ സമാഹരണത്തിന് ഫാക്ടറികളിൽ നിന്നും സഹായം ആവശ്യപ്പെടണം.

## വാർഡ് 4

1. സഹകരണ ബാങ്കുകൾ, പൊതുമേഖലാ ബാങ്കുകൾ ചിട്ടി സ്ഥാപനങ്ങൾ എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സഹായം ലഭ്യമാക്കണം.
2. മൂലേത്തൊളി എന്ന നീരുറവ പ്രയോജനപ്പെടുത്തണം.
3. ഫാക്ട് കോംമ്പൗണ്ടിലുള്ള കരിങ്കല്ല് നിക്ഷേപം ഉപയോഗപ്പെടുത്തണം.

## വാർഡ് 5

1. ഭൂപ്രകൃതി വിഭവങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തണം.
2. സന്നദ്ധപ്രവർത്തനം കൊണ്ട് കുളങ്ങളും കിണറുകളും വൃത്തിയാക്കുകയും ഒരു കുളം കൂടി നിർമ്മിക്കുകയും വേണം.

3. റോഡുകൾ, കലുങ്കുകൾ എന്നിവയുടെ പണികളും ശുചീകരണ പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നടപ്പാക്കണം.

4. പഞ്ചായത്തിലെ എല്ലാ വികസന പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നടപ്പാക്കണം.

## വാർഡ് 6

1. മണ്ണാർ കുഴിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തനക്ഷമമാക്കണം.

2. പീച്ചിങ്ങാച്ചിറ വികസിപ്പിച്ച് കൂടുതൽ കപ്പാസിറ്റിയുള്ള പമ്പ് സ്ഥാപിച്ച് ജലലഭ്യത ഉറപ്പാക്കുക.

3. മനുഷ്യ വിഭവം ഉപയോഗപ്രദമാക്കുക.

4. ധനകാര്യ സ്ഥാപനങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുക.

## വാർഡ് 7

1. സന്നദ്ധ പ്രവർത്തനം വഴിയും പ്രദേശിക ധനസമാഹരണ മൂലവും വിഭവങ്ങൾ കണ്ടെത്താം.

2. കരാറുകാറും ഉദ്യോഗസ്ഥന്മാരും കൂടി ചേർന്ന് പൊതുമരാമത്ത് പണികളിൽ കാണിക്കുന്ന അഴിമതി അവസാനിയ്പ്പിക്കുന്നതിന് ജനകീയ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് മരാമത്ത് പണികൾ ചെയ്യണം.

3. കിണറുകളും കുളങ്ങളും വർഷത്തിൽ ഒരിക്കൽ ഗുണഭോക്താക്കൾ നന്നാക്കണം.

4. വഴിവിളക്കുകൾക്ക് മീറ്റർ റീഡിംഗ് സമ്പ്രദായം ഏർപ്പെടുത്തണം.

5. പുറമ്പോക്ക് ഭൂമി ഏറ്റെടുത്ത് വീട് നിർമ്മിച്ചുകൊടുക്കുകയും ചെറുകിട വ്യവസായ എസ്റ്റേറ്റ് തുടങ്ങുകയും ചെയ്യുക.

## വാർഡ് 8

1. റിസോർസ് മാപ്പ് തയ്യാറാക്കണം

2. മൊതാൽ ചിറയും ഊപ്പിള്ളി ചിറയും നന്നാക്കി ജലം ലഭ്യമാക്കണം.

3. മരാമത്ത് പണികൾക്ക് കോൺട്രാക്റ്റ് കൊടുക്കാതെ പ്രാദേശിക ഉപഭോക്തക്കളുടെ സമിതി വഴി ചെയ്യണം.

4. ഒരു നിശ്ചിത വിസ്താരത്തിൽ കൂടുതൽ വലിപ്പമുള്ള വീടുകൾക്ക് പ്രത്യേക ഫീസ് ഈടാക്കണം.

5. പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

6. വരൾച്ചയുള്ള പ്രദേശങ്ങളിൽ മഴക്കാലത്ത് ചെറിയ കുഴികൾ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകുക.

7. വാർഡുതലത്തിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ വരവ് ചെലവ് കണക്ക് ഓർഗനൈസേഷൻ ഓഡിറ്റിനും സോഷ്യൽ ഓഡിറ്റിനും സംവിധാനം ഉണ്ടാക്കുക.

## വാർഡ് 9

1. ജനകീയ പങ്കാളിത്തം വഴി വിഭവസമാഹരണം നടത്തുക.

2. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വിഭവസമാഹരണം നടത്തുക.

## വാർഡ് 10

1. ക്ഷീരോല്പാദക സഹകരണസംഘം സ്ഥാപിക്കണം.

2. കുറ്റയിൽ ഖാദിവ്യവസായ യൂണിറ്റിൻെറ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന കെട്ടിടത്തിൽ വനിതാ സഹകരണസംഘം തുടങ്ങുക.

3. റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റി രൂപീകരിക്കുക.

4. വടവുകോട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിൻെറ ശാഖ കാണിനാട് തുടങ്ങണം.

5. കാർഷിക സഹകരണ സംഘം തുടങ്ങണം

6. ഒരു മാർക്കറ്റ് സ്ഥാപിക്കണം.

# വടവുകോട് പുത്തൻകുരിശ് പഞ്ചായത്ത്
## പൊതുസ്ഥാപനങ്ങൾ

1. വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്
2. പോസ്റ്റോഫീസ് പുത്തൻകുരിശ്
3. മൃഗാശുപത്രി, പുത്തൻകുരിശ്
4. കെ.എസ്. ഇ.ബി. സെക്ഷൻ ആഫീസ്, പുത്തൻകുരിശ്
5. വില്ലേജ് ഓഫീസ്, പുത്തൻകുരിശ്
6. എം.ജി.എം. സ്കൂൾ, പുത്തൻകുരിശ്
7. ഗവ. ആയുർവ്വേദ ഡിസ്പൻസറി, പുത്തൻകുരിശ്
8. ഗവ. സർവ്വൻറ്സ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി, പുത്തൻകുരിശ്
9. സബ് രജിസ്റ്റർ ഓഫീസ്, പുത്തൻകുരിശ്
10. വടവുകോട് ഫാർമേഴ്സ് സൊസൈറ്റി, പുത്തൻകുരിശ്
11. എ.ഇ. ഓഫീസ്, പുത്തൻകുരിശ്
12. പി.ഡബ്ല്യു. ഡി. സെക്ഷൻ ഓഫീസ്, പുത്തൻകുരിശ്
13. താലൂക്ക് സർവേ ഓഫീസ്, പുത്തൻകുരിശ്
14. ഗവ. യു.പി. എസ്സ്, പുത്തൻകുരിശ്
15. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്
16. വി.ഇ. ഓഫീസ്, പുത്തൻകുരിശ്
17. ടെലഫോൺ എക്സ്ചേഞ്ച്, പുത്തൻകുരിശ്
18. റബ്ബർ ബോർഡ്, പുത്തൻകുരിശ്
19. ജെ. ബി. എസ്സ് വരിക്കോലി.
20. പി.എച്ച്. സെൻറർ, വടവുകോട്
21. കൃഷിഭവൻ, പുത്തൻകുരിശ്
22. സബ് പോസ്റ്റാഫീസ്, വടവുകോട്
24. എസ്സ്.ബി.ടി. വടവുകോട്

25. ഗവ. എൽ.പി.എസ്സ്. വടവുകോട്

26. ആർ. എം.എച്ച്.എസ്സ്, വടവുകോട്

27. ആർ.എം.റ്റി.റ്റി. ഐ. വടവുകോട്

28. ഐ.സി.ഡി. എസ്സ്, പുത്തൻകുരിശ്

29. ഫാർമേഴ്സ് കോ.ഓപ്പറേറ്റീവ് ബാങ്ക്, വടവുകോട്

30. ഗവ.ജെ. ബി. എസ്സ്, കൂറ്റ.

31. പോസ്റ്റോഫീസ്, കാണിനാട്.

32. പോലീസ് സ്റ്റേഷൻ, കരിമുകൾ

33. ഫെഡറൽ ബാങ്ക്, കരിമുകൾ

34. കാർബൺ ആൻറ് കെമിക്കൽസ്, കരിമുകൾ

35. ഫാർമേഴ്സ് ബാങ്ക്, കരിമുകൾ

36. ഗവ. എൽ.പി. എസ്സ്., ബ്രഹ്മപുരം

37. ഗവ. യു.പി.എസ്സ്, ബ്രഹ്മപുരം

38. കൊച്ചിൻ കട്ലാസ്, ബ്രഹ്മപുരം

39. സബ് പോസ്റ്റാഫീസ്, ബ്രഹ്മപുരം

40. ബി.ജി.പി.പി., ബ്രഹ്മപുരം

41. ഡബ്ളിയൂ.ബി.പി. ബ്രഹ്മപുരം

42. എഫ്, ഏ.സിറ്റി, (കൊച്ചിൻ ഡിവിഷൻ) അമ്പലമേട്

43. എഫ്.ഏ.സി.റ്റി. (സി.ഡി.) സൊസൈറ്റി, അമ്പലമേട്.

44. അമ്പലമേട് പോസ്റ്റാഫീസ്.

45. എസ്സ്.ബി.ടി. അമ്പലമേട്

46. പോസ്റ്റാഫീസ് (സബ്) വരിക്കോലി

47. എഫ്. ഏ.സി.റ്റി. ഹൈസ്ക്കൂൾ, അമ്പലമേട്.

48. എസ്സ്.ബി.ഐ. അമ്പലമേട്

49. എൻജിനിയേഴ്സ് ഇന്ത്യാ ലിമിറ്റഡ്, അമ്പലമുകൾ

50. ഫാക്ട് എംപ്ലോയീസ് കൺസ്യൂമർ സ്റ്റോർ, അമ്പലമേട്

51. ഗവ. എച്ച്.എസ്.കുഴിക്കാട്

52. കൊച്ചിൻ, റിഫൈനറിസ് ബാമർ ലാറി ലിമിറ്റഡ്, അമ്പലമുകൾ

53. അമാസ്, ഹോസ്പിറ്റൽ, അമ്പലമുകൾ

54. ഫാക്ട (സി.ഡി) ഹോസ്പിറ്റൽ, അമ്പലമുകൾ.

55. പോസ്റ്റാഫീസ്, അമ്പലമുകൾ.

56. ടെലഫോൺ എക്സ്ചേഞ്ച്, അമ്പലമുകൾ.

57. ബിറ്റുമിനക്സ് കൊച്ചിൻ പ്രൈ. ലിമിറ്റഡ്., അമ്പലമുകൾ.

58. എച്ച്.ഒ.സി., അമ്പലമുകൾ.

59. സ്റ്റെറിലിങ്ങ് ഗ്യാസസ് ലിമിറ്റഡ്, അമ്പലമുകൾ.

60. എച്ച്.പി.സി. ലിമിറ്റഡ്, അമ്പലമുകൾ.

61. ബി.പി.സി. ലിമിറ്റഡ്, അമ്പലമുകൾ.

62. ഐ.ഒ.സി. അമ്പലമുകൾ

63. കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡ്, അമ്പലമുകൾ

64. കൊച്ചിൻ റിഫൈനറീസ് എംപ്ലോയീസ് യൂണിയൻ, അമ്പലമുകൾ

65. ഗവ. യു.പി. എസ്സ്, പുറ്റുമാനൂർ

66. ഇ.ബി.എൽ. ആശുപത്രി, വരിക്കോലി.

67. ജീവൻ സെൻറർ, പുറ്റുമാനൂർ.

68. മാവേലി സ്റ്റോർ, പുത്തൻകുരിശ്

69. പഞ്ചായത്ത് ലൈബ്രറി, പുത്തൻകുരിശ്

70. ആർ.ഐ. ഓഫീസ്, പുത്തൻകുരിശ്

71. സക്കാ പ്രഥമൻ ട്രെയിനിംഗ് കോളേജ്, വരിക്കോലി

72. അംഗൻ വാടി (23 എണ്ണം)

73. ലിസ്യം നഗർ ഐ.റ്റി.സി. പുത്തൻകുരിശ്

അവലംബം: ലിസ്റ്റ് ഓഫ് ഇൻസ്റ്റിറ്റൂഷൻസ്.

## വരവ്-ചിലവ് ബാക്കി പത്രം

| Period | Opening Balance | Receipts | Expenditure | Closing Balance |
|---|---|---|---|---|
| 1993 - 94 | 4070098 - 91 | 5401203 - 82 | 7329997 - 68 | 2141305 - 05 |
| 1994 - 95 | 2141305 - 05 | 8492043 - 49 | 6191266 - 40 | 4442082 - 14 |
| 1995 - 96 | 4442082 - 14 | 9007548 - 84 | 7729175 - 60 | 5720455 - 38 |

(അവലംബം: പഞ്ചായത്ത് വാർഷിക സാമ്പത്തിക സ്ഥിതി വിവരകണക്ക്)

## വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | ധനാഭ്യർത്ഥന | പിരച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 4148593.00 | 3282248.00 | 866345.00 |
| സർവ്വീസ് ചാർജ്ജ് | -- | -- | -- |
| തൊഴിൽനികുതി | 3769057.22 | 3202675.39 | 566380.83 |
| വാഹന നികുതി | -- | -- | -- |
| വിനോദ നികുതി | 15610.00 | 15610.00 | -- |
| അഡി. വിനോദനികുതി | 9290.00 | 9290.00 | -- |
| പ്രദർശനനികുതി | 2188.00 | 2188.00 | |
| പ്രദർശനനികുതിയിന്മേലുള്ള സർചാർജ്ജ് | 541.00 | 541.00 | -- |
| ചന്തവരവ് | 10349.00 | 10349.00 | |
| ലാൻറ് സെസ്സ് | -- | -- | -- |
| ലൈസൻസ് ഫീസ് | 9886.00 | 9886.00 | -- |
| കെട്ടിടനികുതി സർചാർജ്ജ് | -- | -- | -- |
| വസ്തു കൈമാറ്റ നികുതി 75% | 255789.00 | 255789.00 | -- |
| വസ്തു കൈമാറ്റ നികുതി 25% | -- | -- | -- |
| സംഭാവന | 5000.00 | 5000.00 | |
| ഡെപ്പോസിറ്റ് | 1004855.00 | 1004855.00 | |
| മറ്റുള്ളവ | 415666.90 | 415666.90 | |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 245300.40 | 245300.40 | |
| ആകെ | 9892125.52 | 8459399.69 | 1432725.83 |

അവലംബം: പഞ്ചായത്ത് രജിസ്റ്റർ ഓഫ് റസീപ്റ്റ്സ് 1995-96

# വടവുകോട് പുത്തൻകുരിശു ഗ്രാമപഞ്ചായത്ത്

## ഗ്രന്ഥശാലകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഗ്രന്ഥശാലയുടെ പേര് | സ്ഥാപന വർഷം | അംഗ ങ്ങൾ | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിദിന വിതരണം | മറ്റുപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1. | ഗ്രാമീണവായനശാല ബ്രഹ്മപുരം | 1954 | 789 | 6176 | B | 20-30 | ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ, കലാകായിക മത്സരങ്ങൾ |
| 2. | വള്ളത്തോൾ സ്മാരക വായനശാല, പുറ്റുമാനൂർ | 1955 | 880 | 5,000 | B | 20 | എവർറോളിംഗ് ട്രോഫി ടൂർണമെന്റ് പോഷക സംഘടന. വീടുവീടാന്തരം പുസ്തകവിതരണം സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങൾ. |
| 3. | ഗ്രാമീണവായനശാല വടവുകോട് | 1951 | 730 | 7370 | B | 72 | നഴ്സറി, ശിശുവിഭാഗം, സാക്ഷരതാപ്രവർത്തനം, ആരോഗ്യപ്രവർത്തനം |
| 4. | പഞ്ചായത്തു ലൈബ്രറി പുത്തൻകുരിശ് | 1979 | 1079 | 10955 | C | 150 | |

# വിദ്യാഭ്യാസം

## പട്ടിക - 2
## വിദ്യാലയസൗകര്യങ്ങൾ

| ക്രമ. നം. | സ്ക്കൂളിൻെറ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലാബോറട്ടറി | ലൈബ്രറിപുസ്തകങ്ങളുടെഎണ്ണം | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | G.U.P.S. പുത്തൻകുരിശ് | 1 ഏക്കർ 21 സെൻറ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | G.U.P.S. പുറ്റുമാനൂർ | .62 ഹെക്ടർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3. | U.P.S. ബ്രഹ്മപുരം | 1ഏ. 50സെൻറ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. | J.B.S. ബ്രഹ്മപുരം | 84 സെൻറ് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 5. | J.B.S. കുറ്റ | 69 സെൻറ് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 6. | G.L.P.S. വടവുകോട് | 1ഏ. 28 സെൻറ് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 7. | J.B.S. വരിക്കോലി | 60സെ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 8. | H.S. അമ്പലമേട് | കമ്പനി വക സ്ഥലം ഫാക്ട് സിഡി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 9. | M.G.M.H.S പുത്തൻകുരിശ് | 1ഏ. 50 സെ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 10. | V.H.S. H.S. അമ്പലമുകൾ | 5.6ഏ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 11. | R.M.H.S. വടവുകോട് | 7ഏ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 12. | C.R.L. സ്കൂൾ അമ്പലമുകൾ | 10ഏ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

# കുട്ടികളെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ

## പട്ടിക 2

| സ്റ്റാൻ ഡേർഡ് | കുട്ടികളുടെ എണ്ണം | | | തോറ്റുപഠിക്കുന്ന കുട്ടികൾ | | | പഠനം നിർത്തിയവർ | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| I | 15 | 17 | 32 | - | - | - | - | - | - |
| II | 20 | 18 | 38 | 5 | 5 | 10 | - | - | - |
| III | 18 | 32 | 50 | 4 | 3 | 7 | 1 | - | 1 |
| IV | 7 | 9 | 16 | 3 | 1 | 4 | - | - | - |
| V | 46 | 35 | 81 | 10 | 6 | 16 | 3 | 1 | 4 |
| VI | 33 | 34 | 67 | 7 | 3 | 10 | 4 | 3 | 7 |
| VII | 72 | 44 | 116 | 24 | 20 | 44 | 1 | - | 1 |
| VIII | 96 | 76 | 172 | 28 | 14 | 42 | 9 | 5 | 14 |
| IX | 73 | 93 | 172 | 14 | 13 | 27 | 11 | 6 | 17 |
| X | 66 | 69 | 135 | - | 1 | 1 | - | - | - |
| ആകെ | 452 | 427 | 879 | 95 | 66 | 161 | 29 | 15 | 44 |

അവലംബം : സ്ക്കൂൾ റിക്കാർഡുകൾ

## -- വ്യവസായത്തിൻെറ പട്ടിക --

## വ്യവസായ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| Sl. No. | Name of the Company | Capital | Annual Turnover | Employment | | Raw Materials used Company | products of the per year | Current Consumed year | Water used per |
|---|---|---|---|---|---|---|---|---|---|
| | | | | Direct | Indirect | | | | |
| 1. | Cochin Refineries Limited Ambalamugal | 75 cross | 3383.56 crores (95-96 | 1556 | 600 (approx.) | Crude Oil 7.5 Million Tones | LPG, Naptha, Motor spirit superior kerosene Avation Turbine Fuel Speed Diesel, etc. | 209,000,000 KMH | 7,234300 $M^3$ |
| 2. | FACT (Cochin Division) Ambalamedu | 212 crores | 525 crores | 2561 | 600 (Approx.) | Rock Phosphate-153800 MT Sulpher - 101630 MT Naptha - 123000 MT LSHS - 60250 MT Furnose Oil 39470 MT Anemia - 135000 MT Phosphoric Acid 67000 MT | Urea Complex Feethzor NP 20:20 (DAP 18:46) | 79130 MWH (Own Generator) 120590 MWA | 14455020 M KSEB) |
| 3. | Carbon And Chemicals Ltd. Karimugal | 1304 Lakhs (1974) | 4538.75 lakhs (1995-96) | 55 | 300 (Approx.) | Carbon Black Feeds Oil (1995-96) | Various Greeds of Carbon Black | 8860630 KW (95-96) | |
| 4. | Hindustan Organic Chemicals Ltd. Ambalamugal | Share Capital 3342 Lakhs Capital employees | 25516 lakhs | 460 | 200 (Approx.) | LPG. 18417 MT Benzene - 31747 MT Nitrogen - 559860 23238 lakhs Caustic soda 898 Sulphuric Acid 417 | Phenol Acetore | 32658084 units | 927631 units |
| 5. | Sterling Gases Ltd. Ambalamugal | 22.62 lakhs (1985) | 76 lakhs | 46 | 10 (Approx.) | Air | Nitrogen Oxygen Medical Oxygen | 1600,000 KWH | 1800 $M^3$ |
| 6. | Cochin Refineries Balmer Lawries Ltd. Ambalamugal | 45 Crores (Project Cost) 1993) | 8.46 Crores (1995-96) | 74 | 20 | L.P.G. 3672 MT/year | Polycrobene terms Cable Jelly | | 52000 KL |
| 7. | Brahmapuram Diesel Power Diesel Power Plant, Brahmapuram | 281 Crores (1993-starting) | | 100 | 1200 | L.S.H.S. HSD Oil (126000T) (12600 T) Lab Oil and Water (11T) | Electricity Capacity 535 MV | 30 MV/year | 3150 $M^3$/year |

## VADAVUCODU PUTHECRUZ GRAMA PANCHAYAT

## STATEMENT OF EXPENDITURE FROM 1987 - 88 TO 95 - 96

പട്ടിക 3

| Sl. No. | Name of Tax | 1987 - 88 | 1988 - 89 | 1989 - 90 | 1990 - 91 | 1991 - 92 | 1992 - 93 | 1993 - 94 | 1994 - 95 | 1995 - 96 |
|---|---|---|---|---|---|---|---|---|---|---|
| 1. | Estt. Charge | 322444 | 347023 | 437809 | 475546 | 489866 | 576111 85 | 737226 00 | 798561 25 | 1037623 00 |
| 2. | Off. Contingencies | 63242 95 | 35969 40 | 50481 00 | 51755 00 | 91794 55 | 60692 45 | 10591 33 | 112134 90 | 88760 80 |
| 3. | P.W. | 104464 00 | 771590 00 | 941752 00 | 1431588 00 | 2407074 00<br>26991 00 | 1533758 00<br>158521 00 | 3642917 00<br>118806 47 | 3292201 00<br>302529<br>126645 00 | 4331126 00<br>297201 00 |
| 4. | Contributors to Libraries | 6291 05 | 8988 40 | 38234 00 | 181577 15 | 22052 65 | 44602 73 | 56391 00 | 32185 50 | 35718 40 |
| 5. | Water charges | 5885 15 | 68541 50 | - | - | - | - | 66501 | 155630 00 | 185830 00 |
| 6. | Public Health | - | 10066 00 | 7838 00 | 14755 00 | 8490 00 | 3430 00 | 6255 00 | 9435 00 | 10985 00 |
| 7. | Sanitation Charges | - | - | - | - | - | 374995 00 | 50227 00 | 2369 | 2397 00 |
| 8. | Destruction of dogs | 2920 00 | 4047 00 | 2500 00 | 2605 00 | 3000 00 | 3000 00 | 5000 00 | - | 4998 00 |
| 9. | Fair and Festivals | - | 4450 00 | 6124 00 | 6984 00 | 4447 00 | 4366 00 | - | 3200 00 | 8982 60 |
| 10. | Ambulance | - | - | - | - | 97054 00 | - | - | - | 276268 00 |
| 11. | Street lights | 82314 10 | 82243 80 | 109366 80 | 534043 80 | 115384 50 | 199839 50 | 147176 00 | 1143255 00 | 143061 00 |
| 12. | Social welfare | 740 00 | 15680 00 | 70155 00 | 19200 00<br>150286 00 | 9791 00 | 14300 00 | - | 20719 00 | 18600 00 |
| 13. | Jeep | 3004 45 | 14131 95 | 26445 00 | 12774 00 | 18837 00 | 115263 70 | 23541 35 | 25386 00 | 25962 80 |
| 14. | Cash (refind) Deposits | 52683 00 | 240507 80 | 258807 00 | 314456 00 | 694381 00 | 812715 00 | 1395994 00 | 851216 00 | 1026144 |
| 15. | Govt. Press contributing | 72967 00 | 19517 00 | 21227 00 | 23708 00 | 38820 00 | 67212 00 | 167789 00 | 272661 00 | 157211 |
| 16. | Others | 75902 85 | 141920 85 | 317237 50 | 701699 00 | 156479 00 | 57866 65 | 820583 00 | 43138 00 | 79107 00 |
| | Total | 79285 55 | 1764676 70 | 2288066 30 | 3917976 95 | 4194461 70 | 396683 88 | 732999768 | 619166 40 | 7729175 60 |

അവലംബം : പഞ്ചായത്ത് രേഖകൾ

## VADAVUCODU PUTHECRUZ GRAMA PANCHAYAT

## INCOME STATEMENT FOR THE PERIOD FROM 1987 - 88 TO 95 - 96

പട്ടിക 3

| Sl. No. | Name of Tax | 1987 - 88 | 1988 - 89 | 1989 - 90 | 1990 - 91 | 1991 - 92 | 1992 - 93 | 1993 - 94 | 1994 - 95 | 1995 - 96 |
|---|---|---|---|---|---|---|---|---|---|---|
| 1. | Build Tax | 831360 24 | 1623451 50 | 1592476 10 | 1714969 25 | 1393418 05 | 1705467 50 | 14866200 | 5191776 10 | 3254705 15 |
| 2. | Water Tax | 7397 25 | 12735 00 | 10310 00 | 8605 00 | 9199 00 | 775 00 | - | - | - |
| 3. | PRO. Tax | 531172 75 | 528438 00 | 440791 75 | 964123 43 | 557922 44 | 1825415 58 | 1479692 00 | 1579653 00 | 3204163 39 |
| 4. | Duty | 137982 00 | 95820 00 | 109562 00 | 108230 00 | 87012 00 | 179144 00 | 42817 00 | 181132 00 | 255789 00 |
| 5. | Ent. Tax | 35370 00 | 32756 00 | 24946 00 | 23902 93 | 11778 00 | 14689 00 | 16419 75 | 19689 75 | 27629 00 |
| 6. | Rent | 58912 35 | 65468 50 | 68398 50 | 113494 00 | 85656 21 | 106604 00 | 124409 00 | 114225 00 | 141619 00 |
| 7. | Market | 129554 00 | 12980 00 | 13500 00 | 9770 00 | 9924 00 | 7142 00 | 14010 00 | 11629 00 | 10891 00 |
| 8. | Liccence Fee | 7369 50 | 4925 50 | 6373 50 | 6297 00 | 6939 00 | 7904 00 | 6013 00 | 9309 00 | 9344 00 |
| 9. | Cinema | 1680 00 | 1134 00 | 1218 00 | 1090 00 | 518 00 | 669 00 | 547 00 | 542 00 | 544 00 |
| 10. | Govt. Grant | 94822 00 | 66623 00 | 78430 00 | 263994 00 | 317327 00 | 410045 00 | 399739 00 | 545437 00 | 651959 00 |
| 11. | Interest | 74222 95 | 103332 80 | 161053 10 | 231223 38 | 210731 89 | 143665 97 | 248490 60 | 91266 90 | 276497 60 |
| 12. | Deposit | 9545 00 | 294680 10 | 392781 00 | 433580 00 | 513775 00 | 775060 00 | 1535147 00 | 704050 00 | 1012155 00 |
| 13. | Govt. Dues | 215 77 | 5388 35 | 10866 10 | 2542 50 | 1178 50 | 1823 70 | 2678 00 | 2314 75 | 6273 15 |
| 14. | Other Items | 8458 47 | 18679 25 | 26979 10 | 41010 67 | 29269 93 | 38975 90 | 44621 47 | 41018 99 | 155979 555 |
| | **Total** | **1830751 28** | **2866412 00** | **2937685 15** | **3922832 16** | **3234649 02** | **5217380 65** | **5401203 82** | **8492043 49** | **9007548 84** |

അവലംബം : പഞ്ചായത്ത് രേഖകൾ

# ലേലവരുമാനം സംബന്ധിച്ച വിവരങ്ങൾ

## പട്ടിക 4

| ചന്ത | സ്റ്റാൾ | ചവറ് | പട്ടമരങ്ങൾ | ഫല വൃക്ഷ ങ്ങൾ | ഷോപ്പിംഗ് കോംപ്ലക്സ് കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 8025 | 4750 | 310 | - | 400 | 1,34,587 | - | 1,48,072 |

അവലംബം : 1995-96 - ലെ രജിസ്റ്റർ

# പഞ്ചായത്തിലെ ലൈസൻസുകൾ സംബന്ധിച്ച വിവരങ്ങൾ

## പട്ടിക 5

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | | | | | ആകെ ഫീസ് |
|---|---|---|---|---|---|---|
| | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 3 | 7 | 14 | 6 | 30 | 1550 00 |
| 2 | 2 | 5 | 21 | | 28 | 1210 00 |
| 3 | | | 13 | | 13 | 235 00 |
| 4 | 1 | 1 | | | 2 | 915 00 |
| 5 | 1 | | 3 | 6 | 10 | 420 00 |
| 6 | 2 | 5 | 16 | 18 | 41 | 1480 00 |
| 7 | | | 10 | | 10 | 105 00 |
| 8 | | | 8 | 3 | 11 | 350 00 |
| 9 | 2 | 6 | 16 | 10 | 34 | 1300·00 |
| 10 | | 1 | 14 | | 15 | 400 00 |
| 11 | 4 | 1 | 6 | | 11 | 1020 00 |
| ആകെ | 15 | 26 | 121 | 43 | 205 | 8985 00 |

അവലംബം : 1995-96 - ലെ ലൈസൻസ് രജിസ്റ്റർ - വടവു പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

# പഞ്ചായത്തിൻെറ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ

## പട്ടിക 6

| ക്രമ നമ്പർ | സ്ഥല/വിവരം | കെട്ടിടങ്ങളെ സംബന്ധിച്ച വിവരം | പ്രതിവർഷവരുമാനം |
|---|---|---|---|
| 1 | പുത്തൻകുരിശ് ഓഫീസ് കെട്ടിടം | മുകളിൽ ഓഫീസ്, താഴെ 2 പീടികമുറി, ടെലഫോൺ എക്സ്ചേഞ്ച് | 50028 |
| 2 | പുത്തൻകുരിശ് ഷോപ്പിംഗ് കോംപ്ലക്സ് | മുകളി സാംസ്കാരികനിലയം, താഴെ രണ്ട് പീടികമുറി | 14304 |
| 3 | പുത്തൻകുരിശ് ഷോപ്പിംഗ് കോംപ്ലക്സ് | മുകളിൽ വി.ഇ.ഒ. ഓഫീസ്, ബാലവാടി | 23196 |
| 4 | കരിമുകൾ മിനിസ്റ്റേഡിയം | മുകളിൽ സ്റ്റേഡിയം, താഴെ രണ്ടു മുറികൾ | 9900 |
| 5 | കുഴിക്കാട് ഷോപ്പിംഗ് കോംപ്ലക്സ് | 6 മുറികൾ | 33216 |
| 6 | കാണിനാട് വെയിറ്റിംഗ്ഷെഡ് കം റൂം | വെയിറ്റിംഗ് ഷെഡിനോടനുബന്ധിച്ച് പി.ഒ. പ്രവർത്തിക്കുന്നു | 600 |
| 7 | വടവുകോട് കാളചന്ത | (ഫലവൃക്ഷങ്ങളിൽനിന്ന് ആദായം എടുക്കൽ മാത്രം) | 300 |
| 8 | പുത്തൻകുരിശ് മത്സ്യമാർക്കറ്റ് | (ഫീസ് വിരിക്കുന്നതിന് ലേലം ചെയ്യുന്നു) സ്റ്റാളുകൾ | 3125 |
| 9 | പുത്തൻകുരിശ് അറവുശാല | ലേലം ചയ്തു. (സ്ളോട്ടർഹൗസ്) | 4750 |
| 10 | പുത്തൻകുരിശ് സന്യമാർക്കറ്റ് | ഈ കോമ്പൗണ്ടിൽ ആയുർവേദ ആശുപത്രി വർത്തിക്കുന്നു ബാലവാടികെട്ടിടം നിർദ്ധരണം നടക്കുന്നു. ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൻെറ നിർമ്മാണ് നടക്കുന്നു. മാർക്കറ്റ് സ്റ്റാൾ | 4850 |
| 11 | കരിമുകൾ മാർക്കറ്റ് കോമ്പൗണ്ട് | 70 സെൻറ് സ്ഥലം | - |
| 12 | പുറ്റുമാനൂർ കമ്യൂണിറ്റി ഹാൾ | പഞ്ചായത്ത് ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചു പണിത കെട്ടിടം | - |
| 13 | കാണിനാട് സ്റ്റേഡിയം | സ്റ്റേഡിയവും ഗ്രൗണ്ടും | - |
| 14 | പുത്തൻകുരിശിൻെറ പഞ്ചായത്ത് വക സ്ഥലം | പുത്തൻകുരിശിൽ പഞ്ചായത്തിന് 2.5 ഏക്കർ സ്ഥലം | - |

# ധനകാര്യസ്ഥാപനങ്ങളിലെ നിക്ഷേപങ്ങളും വായ്പകളും

## പട്ടിക 8

| ക്രമ. നം. | സ്ഥാപനത്തിൻെറ പേര് | ഡെപ്പോസിറ്റ് | | | | | ലോൺ | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 91-92 | 92-93 | 93-94 | 94-95 | 95-96 | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 1 | State Bank of India Ambalamedu | 47897 | 59028 | 80102 | 75169 | 11459 | 45629 | 66791 | 55353 | 41886 | 48204 |
| 2. | Sttate Bank of Travancore | 21600 | 26618 | 33851 | 45267 | 51150 | 7279 | 8374 | 11830 | 20450 | 18791 |
| 3. | Federal Bank Karimugal | 20120 | 32208 | 42000 | 52500 | 64500 | 18667 | 17588 | 15210 | 21310 | 27579 |
| 4. | Union Bank Puthencruz | - | - | 49100 | 58087 | 59600 | - | - | 10413 | 11764 | 14826 |
| 5. | S.B.T. Ambalamedu | | | | | | | | | | |
| 6. | Farmers Co-Op. Bank Vadavucodu | 27091 | 28546 | 36160 | 47158 | 59305 | 14885 | 16218 | 18279 | 23366 | 32810 |
| 7 | Kolenchery Housing Co-op. Society Ltd. | | | | | | | 245 | 160 | | |

അവലംബം : 1995-96 - ലെ ലൈസൻസ് രജിസ്റ്റർ - വടവു പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

# സമഗ്ര ഗ്രാമ വികസനം

സമഗ്ര ഗ്രാമ വികസനം നമ്മുടെ ലക്ഷ്യം
ഗ്രാമ വികസനത്തിന് വിഭവം ആവശ്യം
വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല

**ഗ്രാമവികസനത്തിന്റെ ചാലക ശക്തി
പഞ്ചായത്തുകളുടെ സമ്പത്താണ്**

---

വിഭവ സമാഹരണത്തിന്
പഞ്ചായത്തുകളുമായി സഹകരിക്കുക.

---

പഞ്ചായത്തുകൾക്ക് നൽകേണ്ട
വിവിധയിനം നികുതികൾ, ഫീസുകൾ
തുടങ്ങിയവ യഥാസമയം നൽകുക.

---

അതുവഴി ഗ്രാമ വികസനത്തിൽ പങ്കാളിയാവുക.

---

# അധികാരം ജനങ്ങളിലേക്ക്

## ഒൻപതാം പദ്ധതി ജനകീയ പദ്ധതി

- ഒൻപതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്.
- ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട്.
- ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം.
- ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്.
- ജനപ്രതിനിധികളും വിദഗ്ദ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു.
- വികസന സെമിനാറുകൾ, ചർച്ചകൾ.
- വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ ടാസ്ക് ഫോഴ്സുകൾ.
- ഉന്നത തല മാർഗ്ഗനിർദ്ദേശക സമിതി.

DESIGNING & LAYOUT : SECOND TONE, PUTHENCRUZ, PH : 730339. PULARI OFFSET PRINTERS, KARINGACHIRA. PH: 0484-779249